2010 - 2011

# MNEMONICS

## to remember...

**UNION CHRISTIAN COLLEGE, ALUVA**

NAVATHI YEAR MAGAZINE 2010-2011

MNEMONICS


Orange
BEAUTY COLLECTIONS
U.C. College Junction, Aluva
Bank Junction, Aluva
Ph : 9846369001, 9946939001
Imitation Jewellery, Cosmetics,
Gift Articles, Gold covering Ornaments
Toys, Leather Bags etc...


Mobile Point
MOBILE SALES & SERVICING
U.C.College, Aluva
Ph : 9895597205, 9847303094
Computer Servicing, Accessories,
Memory Card Programming, Duty Paid Items

മൂല്യച്യുതി സംഭവിച്ച ഈ ലോകത്തിൽ
സമൂഹവും സംസ്കാരവും
വിൽപനച്ചരക്കായിക്കൊണ്ടിരിക്കുന്ന
ഈ കാലഘട്ടത്തിൽ
നമ്മുടെ നിശ്ശബ്ദതയ്ക്ക് നിറക്കൂട്ടിലൂടെ
ആയുസ്സു മാത്രം നൽകിക്കൊണ്ട്
പ്രിയ സുഹൃത്തേ,
വരൂ.... നമുക്ക് സംസാരിച്ചു തുടങ്ങാം....

# Navathi Year
# Magazine 2010 - 2011



## UNION CHRISTIAN COLLEGE, ALUVA

## Editorial Board

| | |
|---|---|
| **Chief Editor** | : Dr. T. Thomas Philip |
| **Staff Advisors** | : Mr. Saju Mathew<br>Ms. Rekha Nair |
| **Student Editor** | : Johnson Devassy |
| **Staff Editors** | : Ms.Asha Baby Mathews<br>Ms. Radhika R.S. |
| **Special Thanks** | : Dr. Muse Mary George |
| **Sub Editors** | : Mohammed Labeeb<br>Shinto Babu<br>Saraswathi K. |
| **Committee Members** | : Paul Davis<br>Nikhil M.S.<br>Eljo Joseph T.<br>Jasmine V.A.<br>Nivin Milton<br>Richard Simon K.<br>Edwin Daniel<br>Rajalakshmi P.R.<br>Dibin Thomas<br>Dijo K.J.<br>Akhil Anand E.<br>Bibinraj P.B. |
| **Layout** | : Rajesh Kumar |
| **Designing & Printing** | : National Offset,<br>Vallam, Perumbavoor |


## Statement of Ownership

**Statement of Ownership and Other Particulars**

| | |
|---|---|
| Place of Publication | : Aluva |
| Periodicity of Publication | : Annually |
| Printer's Name | : Dr. T. Thomas Philip |
| Nationality | : Indian |
| Address | : Principal, U.C. College, Aluva. |
| Publisher's Name | : -do- |
| Editor's Name | : Johnson Devassy |
| Nationality | : Indian |
| Address | : Editor, U.C. College, Aluva |
| Printed at | : National Offset, Vallam,<br>Perumbavoor |

I, Thomas Philip hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Principal

# എഡിറ്റോറിയൽ

പ്രിയ സുഹൃത്തേ,
നാം കൈകോർത്ത് നടന്ന ഈ മൺപാതകൾ,
നമ്മുടെ കാലുകൾക്ക് ജീവിതത്തെ നേരിടാനുള്ള
ഗതിവേഗം നൽകിയ ഈ പടവുകൾ,
ഒരിക്കലും തനിക്കുവേണ്ടി പൂക്കാതെ മറ്റുള്ളവർക്കായി
ഇലപൊഴിച്ച മഹാഗണിമുത്തശ്ശിമാർ,
ഇവയെല്ലാം നാളെ നമ്മുടെ ഓർമ്മകളാണ്.
ഈ ഓർമ്മകളെ ഞാൻ ചേർത്തുവയ്ക്കുകയാണ്.
പറഞ്ഞതൊക്കെ നുണയല്ലെന്നു തോന്നുമ്പോൾ
ഒരിക്കലെങ്കിലും ഓർക്കുവാൻ വേണ്ടി.
പരിമിതമായ അവകാശങ്ങളും
അധികാരങ്ങളുമാണ് നമുക്കുള്ളത്.
ഈ പരിധി നമ്മുടെ ചിന്തകളെ ബാധിക്കാതിരിക്കട്ടെ.
നീ നീയായും ഞാൻ ഞാനായും വേർപെടുമ്പോൾ
കഴിഞ്ഞുപോയ നല്ലകാലത്തെ ഓർമ്മപ്പെടുത്താൻ
ഈ താളുകൾക്കാവട്ടെ. അക്ഷരങ്ങൾ ഓർമ്മയാവുകയും
എഴുത്ത് അന്യമാവുകയും സാഹിതീയത കുറ്റമാവുകയും
ചെയ്യുന്ന ലോകത്തിന് ഇതൊരു ഓർമ്മപ്പെടുത്തലാണ്.
ചില പിൻനടത്തങ്ങളുടെ ആവശ്യകത ഈ താളുകൾ
നിങ്ങളെ ഓർമ്മപ്പെടുത്തുന്നുണ്ട്.
ജനാധിപത്യം ഹിംസിക്കപ്പെടുകയും,
സ്വേച്ഛാധിപത്യപ്രവണതകൾ വാഴ്ത്തപ്പെടുകയും
ചെയ്തപ്പോൾ വിപ്ലവാത്മകമായി പ്രതികരിച്ച
ഒരു ജനതയെ, അവരുടെ ആത്മബോധത്തെ
സംവഹിക്കുന്നു ഈ കൂട്ടിച്ചേർക്കലുകൾ.
മതിൽക്കെട്ടുകളും കോട്ടവാതിലുകളും കടന്ന്
ഒരു സ്ഥലപരിസ്ഥിതിയെ നിർണ്ണയിച്ച ക്യാംപസ്
സംസ്കാരത്തിന്റെ ഈ ഓർമ്മപ്പാട്ടുകൾ
നിങ്ങൾക്കുള്ളതാണ്. "വിസ്മൃതിയെന്ന പാപത്തെ
പ്രതിരോധിക്കാൻ ചില അക്ഷരക്കൂദാശകൾ..."

ജോൺസൺ ദേവസ്സി
എഡിറ്റർ

# Principal's Message



Dear Friends,

I've been thinking about two classes of realities – mysteries and certainties. We are surrounded by these in our daily lives. As for example, the universe is a mystery, birth is a mystery, death is a mystery, life itself is a mystery, personality is a mystery, infinity is a mystery – to name a few. An important aspect of higher learning is the attempt to unravel mysteries using the scientific method, although at times one realizes that not all mysteries or aspects of mysteries are amenable to the scientific temper. Higher learning also addresses and tries to fathom certainties – for example, how exactly gravity works, or gene regulation occurs.

Whether we are exploring mysteries or certainties, an efficient strategy to achieve success is to have frames of references. Let me illustrate: There are no hard and fast rules about jigsaw puzzles. All of us can have our own system. But when we have, say, one of those 500 piece beauties, the most efficient way to arrive at the solution is to begin with the edges of the picture. It only makes sense. You start with the pieces that have the straight sides. Fitting them together completes the frame of the picture, and after that, it usually comes together without a lot of hair-pulling or exclamations of annoyance.

Once the frame is in place, you're encouraged to tackle the harder pieces. Before you latch the edges together, it's an impossible jumble of colors, curves, and irreconcilable fragments. Just a pile of stuff. No one piece seems to make any sense. But after you get the boundaries staked out, everything seems to have context. You know in your heart that it's all going to come together.

"O boy, only 338 little jigsaw guys to go"

The work is slow and hard, but as you fill in the picture, you begin to see the complete scene take shape – a lake, a beautiful countryside scenery, an air plane. The key is to keep going back to the completed edge of the picture. That always seems to give you a frame of reference as to what the whole scene should look like. And before long the puzzle is finished!

I believe that working on a jigsaw puzzle isn't all that different from working on our own lives or on our collective life in the College. If we get the frame of reference right – the most important and crucial part – we have a reference point. The mission statement of our College outlines the pieces that form that frame of reference – words like "intellectually competent", "morally upright", "spiritually inspired", "patriotic", "service of the country".

The work is no easy "piece of cake". But we are certain that we will complete the "puzzle" correctly.

My congratulations to the Editorial Board, and all those who worked earnestly together to bring out this College Magazine.

Best regards, and happy reading!

*Dr. T. Thomas Philip*
**PRINCIPAL**




# സമർപ്പണം

**മയിൽപ്പീലിയും വളപ്പൊട്ടും നിഷേധിക്കപ്പെട്ട,**
**വിശപ്പിന്റെ അക്ഷരങ്ങൾ മാത്രമറിയുന്ന ബാല്യങ്ങൾക്ക്.....**

# For Mnemonics



## കവിത


വെയിലും മഴയും ചേർന്നൊരു റിയാലിറ്റി ഷോ 16
Canticle of Love 16
വിദൂരസന്ധ്യ 25
ഗൃഹാതുരത 25
Tsunami 31
Silence 31
ഹംസഗാനം 39
പരീക്ഷ 40
സെബോളിൻ 40
അനന്തരം 47
അന്തർമുഖത്വം 47
ദുശ്ശകുനം 49
पहला प्यार 55
गुलाबी समीर 55
ഓർമ്മയിലെൻ യൂസി 63
എന്റെ സുഹൃത്തിന് 70
ഊഹക്കച്ചവടം 70
ചങ്ങാത്തം 73
नई आँखें 78
एक और दिन जिंदगी से 78
കൊടിമരങ്ങൾ 84
जीवन की परीक्षाएँ 91
തിടുക്കവും ഒടുക്കവും 92




## ലേഖനം


വസന്തം വിരിയിച്ച അഗ്നിശലഭം 13
ജോലി പൂർത്തിയായാൽ 17
മനുഷ്യൻ, ഹാ! എത്ര സുന്ദരമായ പദം 28
ദയാബായി എന്ന പച്ചപ്പ് 32
പെൺജീവിതത്തിന്റെ എഴുത്തും രാഷ്ട്രീയവും 44
മാസ്മരികതയുടെ കാണാപ്പുറങ്ങളിലേക്ക് 64
Beware of Cyber Friendship 69
മലയാളഭാഷയും മലയാളിയും 71




## കഥ


അക്തർ 24
ദൈവത്തിന്റെ മതം 41
പുതിയ ലോകം 48
ഒരിന്ത്യൻ ആടിന്റെ കഠിനാനുഭവങ്ങൾ 50
കുപ്പി 63
വിലയുള്ള കടലാസ് തുണ്ടുകൾ 72
ചെന്നായ 77



## സംഭാഷണം


ബാലേട്ടനുമായി ഇത്തിരിനേരം 19
യൂസി ഇന്നലെ ഇന്ന് 33




## ആത്മകഥ


ഇനിയൊരു ജന്മം തരൂ 26
വി.എം.എച്ച്. കഥപറയുമ്പോൾ 60




## യാത്ര


ആരും രേഖപ്പെടുത്താത്ത ചരിത്രം 35
ചേന്ദമംഗലം സിനഗോഗ് 37




## ഇടങ്ങൾ


യൂസിയൻ കാൽപ്പാടുകൾ - ചാപ്പൽ 61
കിണറ്റിൻ കരയിൽ ഇത്തിരിനേരം 76




## പഠനം


യൂസി കോളേജ് : ചരിത്രനിർമ്മിതികൾ 74
ജീവിതയാഥാർത്ഥ്യങ്ങളുടെ വിഷപ്പച്ച 81
Signature Analysis 86




## കുറിപ്പുകൾ


അവസാനത്തെ സോഷ്യലിസ്റ്റ് 24
Password 42
ഒന്നു ചോദിച്ചോട്ടെ? 80




## ഓർമ്മക്കുറിപ്പ്


ക്യാംപസ് : കൊഴിയുന്ന വസന്തം 56
ഓർമ്മകളുടെ മഴപ്പെയ്ത്തുകൾ 93




## നിരൂപണം


ആടുജീവിതം 58
ചുങ്കക്കാരും വേശ്യകളും പിന്നെ മലയാളസിനിമയും 66
Harry Potter 79




## Reports


Principal's Report 103
College Union Report 109
NSS Report 114
NCC Report 119
Media Club Report 122
Sports Report 123




# EDITORIAL BOARD

## STAFF ADVISORS


Mr. Saju Mathew


Ms. Rekha Nair

## EDITOR


Johnson Devassy

## SUB EDITORS


Mohammed Labeeb P.K.


Shinto Babu


Saraswathi K.

## COMMITTEE MEMBERS


Paul Davis


Rajalakshmi P.R.


Edwin Daniel


Dijo K.J.


Dibin Thomas


Bibin Raj P.B.


Richard Simon K.


Nikhil M.S.


Nivin Milton


Jasmine V.A.


Eljo Joseph T.


Akhil Anand E.



ഇനി മഴയാണ്....
നമ്മുടെ ആശയങ്ങളും
ആഗ്രഹങ്ങളും സ്വപ്നങ്ങളും
പ്രതിഷേധങ്ങളും
കഥകളായും കവിതകളായും
ക്യാംപസിൽ പെയ്തിറങ്ങുന്നു....
ഈ അക്ഷരങ്ങളുടെ മഴയത്തെങ്കിലും
നിങ്ങൾ കുടപിടിക്കാതിരുന്നെങ്കിൽ.......

# 1925-ൽ യൂസി കോളേജ് സന്ദർശിച്ചപ്പോൾ ഗാന്ധിജി നടത്തിയ പ്രസംഗം

**ഈ** കോളേജ് സന്ദർശിക്കാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട് . പട്ടണങ്ങളിലെ ബഹളങ്ങളിൽ നിന്നും, ആൾത്തിരക്കിൽ നിന്നും വിദൂരമായ ഈ ഒഴിഞ്ഞ കോണിൽ ഈ കലാശാല സ്ഥാപിക്കുന്നതിന് ഭാരവാഹികളെ പ്രേരിപ്പിച്ച മനോവൃത്തിയെ ഞാൻ സർവ്വാത്മനാ അഭിനന്ദിക്കുന്നു. മഹാകവി രവീന്ദ്രനാഥടാഗൂറിന്റെ സന്ദർശനം ഈ കോളേജിലെ വിദ്യാർത്ഥികൾക്ക് കവിതയിലുള്ള താൽപ്പര്യം വർദ്ധിപ്പിച്ചുകാണുമെന്നാണ് എന്റെ വിചാരം. ജീവിതത്തിന്റെ കവിത സ്ഥിതി ചെയ്യുന്നത് അദ്ധ്വാനത്തിലാണ്. അദ്ധ്വാനം അഭിമാനക്ഷയമാണെന്നുള്ള ധാരണ കേവലം മിഥ്യയാണ്. നിത്യവൃത്തിക്ക് ന്യായമായ ഏതു ജോലി ചെയ്യുന്നതിലും യാതൊരു അഭിമാനഭംഗവും ഉണ്ടാകാനില്ല. ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരുപോലെയുള്ള സംസ്കരണം നൽകുകയാണ് യഥാർത്ഥമായ വിദ്യാഭ്യാസത്തിന്റെയും പരിഷ്കാരത്തിന്റെയും ലക്ഷ്യം. ഇന്നത്തെ പാശ്ചാത്യ വിദ്യാഭ്യാസരീതി ഇതിന് അശേഷം സഹായകമാണെന്നു ഞാൻ കരുതുന്നില്ല. മാനസികമായ പരിശീലനം നിത്യവൃത്തിനേടുന്നതിനും ധനസമ്പാദനത്തിനും വേണ്ടി മാത്രം വിനിയോഗിക്കുകയാണെങ്കിൽ അത് വിദ്യാഭ്യാസത്തെ വ്യഭിചരിപ്പിക്കുന്നതിനു തുല്യമാണ്. അക്ഷരാഭ്യാസമല്ല, സ്വഭാവരൂപീകരണത്തിൽ സർവ്വപ്രധാനം. ശാരീരികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പണം കായികാദ്ധ്വാനം കൊണ്ടുതന്നെ സമ്പാദിക്കണം. ധനസമ്പാദനത്തിനു വേണ്ടി മാത്രം വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തുന്നത് അതിന്റെ ഉദ്ദേശ്യശുദ്ധിയെ തന്നെ ഇല്ലാതാക്കും. ഹിമവൽസേതുപര്യന്തമുള്ള അനവധിലക്ഷം സഹോദരന്മാർ ദാരിദ്ര്യസാഗരത്തിൽ മുഴുകി വലയുകയാണ്. അവരെ അതിൽ നിന്ന് ഉദ്ധരിക്കേണ്ടത് വിദ്യാർത്ഥികളുടെ കടമയാണ്. ഇൻഡ്യയിൽ ഇന്നു ജീവിച്ചിരിക്കുന്ന ഏറ്റവും വലിയ ശാസ്ത്രജ്ഞനാണ് പി.സി.റോയ്. അദ്ദേഹം ഇൻഡ്യയെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് ശാസ്ത്രത്തെ ഉപയോഗിക്കുന്നതിന് പരിശ്രമിച്ചു നോക്കി. അതുകൊണ്ട് വലിയ ഫലമൊന്നും അദ്ദേഹം കണ്ടില്ല. ഇന്നിപ്പോൾ എന്റെ അഭ്യർത്ഥന അനുസരിച്ച് ചർക്കയുടെയും ഖദറിന്റെയും പ്രചരണത്തിൽ അദ്ദേഹം മുഴുകിയിരിക്കുകയാണ്. അത് അദ്ദേഹത്തിന് പരിപൂർണ്ണസംതൃപ്തി നൽകുന്നുണ്ടെന്ന് അദ്ദേഹം തന്നെ എന്നോട് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ കോളേജിലെ വിദ്യാർത്ഥികളോട് എനിക്കുള്ള ഒരേ ഒരു അഭ്യർത്ഥന അവർ ഖദർ ധരിക്കണം എന്നാണ്. ഖദറിലും ചർക്കയിലുമാണ് ഭാരതഭൂമിയുടെ സാമ്പത്തിക മുക്തി സ്ഥിതി ചെയ്യുന്നത് എന്ന് എനിക്ക് പരിപൂർണ്ണമായ ബോധമുണ്ട്.

(കടപ്പാട്: 'ഗാന്ധിജിയും കേരളവും' - കെ.രാമചന്ദ്രൻ നായർ)



Delighted
with the
ideal
education
M K Gandhi
18 3/25

# വസന്തം വിരിയിച്ച അഗ്നിശലഭം



അക്ഷരങ്ങളിലൂടെ വസന്തം സൃഷ്ടിച്ച്
അനേക ഹൃദയങ്ങളിൽ കുടിയേറിപ്പാർത്ത
പത്മവിഭൂഷൻ ഒ.എൻ.വി. കുറുപ്പിന്

**അഭിനന്ദനങ്ങൾ !**

**മ**നോഹരമായതെന്തും മലയാളിയ്ക്ക് പ്രിയപ്പെട്ടതായിരുന്നു. അതുകൊണ്ടാവണം പുസ്തകത്താളുകൾക്കിടയിൽ മാനം കാണാതൊളിച്ചുവച്ച മയിൽപ്പീലിത്തുണ്ടുകൾക്കും മേടമാസത്തിലെ കണിക്കൊന്നപ്പൂവുകൾക്കുമൊപ്പം ഒഎൻവി കവിതകളും ആ മനസുകളിൽ സ്ഥാനം പിടിച്ചത്. അതുകൊണ്ടുതന്നെയാവണം ഓരോ പുതുപുലരികളിലും നാം ഒ.എൻ.വി.യുടെ വരികൾക്കായി കാതോർത്തത്.

തന്റെ കവിതകളിൽ ആതിരനിലാവിന്റെ ചന്തവും കൈതപ്പൂവിന്റെ സുഗന്ധവും ധനുമാസരാവിന്റെ കുളിരും നിറച്ച് സഹൃദയനുമുൻപിൽ കാഴ്ചവെച്ച ആ മഹാനായ കവി 2007-ലെ ജ്ഞാനപീഠ പുരസ്കാരത്തിലൂടെ ഭാരതജനതയുടെ മുഴുവൻ ആദരമേറ്റുവാങ്ങിയപ്പോൾ പുളകമണിഞ്ഞത് ഓരോ മലയാളിയുടേയും മനസ്സാണ്. അത്രമേൽ മലയാളത്തിന് സ്വന്തമായിക്കഴിഞ്ഞിരുന്നു അദ്ദേഹം.

ഒ.എൻ.വി. എന്നും മലയാളികളോടൊപ്പമുണ്ടായിരുന്നു. തന്റെ അർത്ഥപൂർണ്ണമായ കവിതകളുമായി, ഭാവസാന്ദ്രമായ ഗാനങ്ങളുമായി അദ്ദേഹം എന്നും നമ്മോടൊപ്പം നടന്നു. വാക്കും മനസ്സും ഒന്നിച്ചു ചേരുന്നിടത്ത് കവിതയെ തുറന്നുവച്ച് ജീവിതവും കവിതയും ഒന്നാക്കിത്തീർത്തു ഒ.എൻ.വി. പ്രണയവും ദുഃഖവും ഗൃഹാതുരതയുമെല്ലാം ഒ.എൻ.വി. കവിതകളിൽ അത്രമേൽ ആർദ്രഗംഭീരങ്ങളായിത്തീരുന്നതിനു പിന്നിലെ കാരണവും മറ്റൊന്നായിരിയ്ക്കില്ല.

ആയുർവേദവൈദ്യരും മുനിസിപ്പൽ കൗൺസിലറും ഗാന്ധിയനുമായിരുന്ന ഒ.എൻ.കൃഷ്ണകുറുപ്പിന്റെ മകൻ ഒ.എൻ.വേലുക്കുറുപ്പിന്റെ കാവ്യജീവിതം ആരംഭിയ്ക്കുന്നത് 1946-ൽ എഴുതിയ 'മുന്നോട്ട്' എന്ന



കവിതയിലൂടെയായിരുന്നു. ആദ്യകവിതയ്ക്കു ലഭിച്ച അഭിനന്ദനങ്ങൾ അദ്ദേഹത്തിലെ കവിഭാവനയ്ക്കുള്ള പ്രോത്സാഹനങ്ങളായി. സംഗീതവും കാൽപ്പനികതയും നിറഞ്ഞ തരളസുന്ദരങ്ങളായ കവിതകൾ ആ തൂലികത്തുമ്പിൽ നിന്ന് വീണ്ടും വീണ്ടും പിറന്നുവീണു. ആദ്യകാലകവിതകളിൽ ചങ്ങമ്പുഴയുടെ മാറ്റൊലി കണ്ടെത്തിയ നിരൂപകർക്ക് മുൻപിൽ തന്റെ വേരും വളർച്ചയും മറ്റൊരു വഴിയ്ക്കാണെന്ന് തെളിയിക്കാൻ പോന്നവയായിരുന്നു അദ്ദേഹത്തിന്റെ പിന്നീടുള്ള കവിതകൾ.

ഏകാന്തതയുടെ അമാവാസിയിൽ കൈവന്ന ഒരുതുള്ളി വെളിച്ചമായിരുന്നു ഒ.എൻ.വിയ്ക്ക് സ്വന്തം കവിതകൾ. ചിലപ്പോഴൊക്കെ ജീവിതത്തോടുള്ള തന്റെ പ്രതികരണമായും അദ്ദേഹം കവിതകളെക്കണ്ടു. ജീവിതത്തിന്റെ ഗന്ധവും ഹൃദയത്തുടിപ്പുകളുടെ താളവും ആ കവിതകൾക്ക് പകർന്നുകിട്ടിയത് അദ്ദേഹത്തിന്റെ ഈ കാഴ്ചപ്പാടുകളിലൂടെയാകണം. മയിൽപ്പീലി, ഉപ്പ്, അക്ഷരം, കറുത്തപക്ഷിയുടെ പാട്ട്, ഒരുതുള്ളിവെളിച്ചം, മൃഗയ, അഗ്നിശലഭങ്ങൾ, ശാർങ്ഗകപ്പക്ഷികൾ, ഉജ്ജയിനി, തോന്ന്യാക്ഷരങ്ങൾ, ഭൂമിയ്ക്കൊരു ചരമഗീതം... അങ്ങനെ എത്രയെത്ര കവിതകളിലൂടെയാണ് ആ കവി തന്റെ കൈയിലെ ഒരു തുള്ളി വെളിച്ചം മലയാളികൾക്കായി പകർന്നു നൽകിയത്. 'വെറുതെ' എന്ന വാക്കിന്റെ ആഴങ്ങളറിഞ്ഞ് അതിനെ പ്രണയിച്ച ഒ.എൻ.വി. തന്റെ 'മോഹം' എന്ന കവിതയിലൂടെ ആ ആഴങ്ങളിൽ മുങ്ങി നിവരാൻ ആസ്വാദകനേയും പ്രേരിപ്പിച്ചു.

കാൽപ്പനികത തുളുമ്പിനിൽക്കുന്നവയായിരുന്നു ഒ.എൻ.വി. കവിതകളിലേറെയും. ആക്രമിയ്ക്കപ്പെടുന്ന പ്രകൃതിയുടെ രോദനങ്ങളും മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരാശിയെക്കുറിച്ചുള്ള ഉത്കണ്ഠകളും പങ്കുവയ്ക്കുന്നതോടൊപ്പം തന്നെ പേരറിയാത്ത പെൺകിടാവിന്റെ സ്വപ്നങ്ങളും ദുഃഖങ്ങളും, ഉണ്ണിക്കെന്നും പ്രിയപ്പെട്ടതായിരുന്ന കുഞ്ഞേടത്തിയുടെ ഓർമ്മകളും, "ഉപ്പുചേർത്താലേ രുചിയുള്ളൂ" എന്ന മുത്തശ്ശിയുടെ ഉപദേശവും അദ്ദേഹം ആസ്വാദകന് പകുത്തുനൽകി. അങ്ങനെയങ്ങനെ കുഞ്ഞേടത്തിയും പേരറിയാത്ത പെൺകിടാവും മുത്തശ്ശിയുമെല്ലാം നമുക്കും ആരെല്ലാമൊക്കെയോ ആയിത്തീർന്നു. കവിത ചൊല്ലിക്കേൾക്കാനുള്ളതാണെന്ന സങ്കൽപ്പം മാറിമറിഞ്ഞിട്ടും ഒ.എൻ.വി. കവിതകളിൽ തുളുമ്പിനിന്ന സംഗീതം അവരെ നമ്മുടെ പ്രിയപ്പെട്ടവരാക്കി.

കവിതയോടൊപ്പം നാടകഗാനരചന തുടങ്ങിയതും വിദ്യാഭ്യാസകാലഘട്ടത്തിൽ തന്നെയായിരുന്നു. പിന്നീട് പ്രശസ്ത സംഗീത



സംവിധായകനായിത്തീർന്ന ജി.ദേവരാജനായിരുന്നു നാടകഗാനരചനാലോകത്തേയ്ക്കുള്ള വാതിൽ ഒ.എൻ.വിക്കു മുന്നിൽ തുറന്നുകൊടുത്തത്. കവിതകളിലെന്നപോലെ ഈ ഗാനങ്ങളിലും ഒരഗ്നി കെടാതെ സൂക്ഷിച്ചു ഒ.എൻ.വി. അങ്ങനെ അദ്ദേഹം മലയാള നാടകലോകത്തിന് സമ്മാനിച്ചത് പൊന്നരിവാളമ്പിളിയില് കണ്ണെറിയുന്നോളെ... ഉൾപ്പെടെയുള്ള ഇരുപത്തിമൂന്ന് ഗാനങ്ങളായിരുന്നു.

കവിതകളിൽ നിന്ന് നാടകഗാനങ്ങളിലേയ്ക്ക് പകർന്നുകിട്ടിയ ആ ഭാഷാസൗന്ദര്യം പിന്നീട് ആവാഹിക്കപ്പെട്ടത് മലയാള ചലച്ചിത്രഗാനങ്ങളിലൂടെയായിരുന്നു. 1955-ൽ പുറത്തുവന്ന 'കാലം മാറുന്നു' എന്ന ചിത്രത്തിലെ 'ആ മലർപൊയ്കയിലാടിക്കളിയ്ക്കുന്നൊരോമനത്താമരപ്പൂവേ...' എന്ന ഗാനത്തോടെയായിരുന്നു തുടക്കം. പിന്നീടങ്ങോട്ട് മലയാളികൾ ഹൃദയത്തിലേറ്റു വാങ്ങിയ എത്രയെത്ര ഗാനങ്ങൾ! ഇന്നും അനസ്യൂതം തുടരുന്നു ആ ഗാനധാര.



കവി, ഗാനരചയിതാവ് എന്നിവയോടൊപ്പം തന്നെ അദ്ധ്യാപകനായും വാഗ്മിയായും തിളങ്ങിയ വ്യക്തിത്വമാണ് ഒ.എൻ.വി.യുടേത്. കേരളത്തിലെ ഏറ്റവും മികച്ച പ്രഭാഷകനായി അംഗീകരിയ്ക്കപ്പെടുന്ന ഡോ.സുകുമാർ അഴീക്കോട് തന്റെ സമകാലികരിൽ ഇഷ്ടപ്പെടുന്നത് ഒ.എൻ.വി.യുടെ പ്രസംഗമാണെന്ന് പറയുമ്പോളറിയാം ഒരു പ്രാസംഗികനെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രതിഭ കാവ്യഭാഷയുടെ ഒഴുക്കുകൊണ്ടു മാത്രമല്ല അംഗീകരിക്കപ്പെടുന്നത്. മനസ്സിലുള്ള അഭിപ്രായങ്ങൾ മുഖമോ കൊടിയുടെ നിറമോ നോക്കാതെ തുറന്നു പറയുന്നതുകൊണ്ടുകൂടിയാണ്. ഇതേ നിഷ്കർഷയാണല്ലോ കവിതകളുടേയും പിന്നീട് ഗദ്യകൃതികളുടേയും രചനാവേളകളിലും അദ്ദേഹം പാലിച്ചത്.

മലയാളത്തേയും കവിതയേയും എന്ന പോലെ പ്രകൃതിയേയും ഒരുപാട് സ്നേഹിക്കുന്ന ഒരാളാണ് ഒ.എൻ.വി. പ്രകൃതിയുടെ ആത്മാവ് തൊട്ടറിഞ്ഞതുകൊണ്ടാവണം, തികഞ്ഞ ഒരു മനുഷ്യസ്നേഹിയായിരിയ്ക്കേതന്നെ പ്രകൃതിയോടുള്ള മനുഷ്യന്റെ ക്രൂരതകൾക്കെതിരെ പലപ്പോഴും അദ്ദേഹത്തിന്റെ ശബ്ദമുയർന്നത്. സൈലന്റ്‌വാലി സമരത്തിന്റെ മുൻപന്തിയിൽ സുഗതകുമാരി ടീച്ചറോടൊപ്പം നമ്മുടെ പ്രിയപ്പെട്ട ഒ.എൻ.വി.യേയും നാം കണ്ടതിനും കാരണം വേറെയാവില്ല. ഇതിനു തുടർച്ചയാണല്ലോ "ഭൂമിയ്ക്കൊരു ചരമഗീതം" എന്ന കവിതയുടെ പിറവിയും.

അംഗീകാരങ്ങൾ ഒരിയ്ക്കലും പ്രതിഭയുടെ അളവുകോലല്ല, മറിച്ച് പ്രതിഭയെ അലങ്കരിക്കുന്ന പൊൻതൂവലുകളാണ്. ഒ.എൻ.വിയുടെ മകുടത്തിൽ വേണ്ടുവോളമുണ്ട് അവ. കേന്ദ്ര-കേരളസാഹിത്യ അക്കാദമി അവാർഡുകൾ, കേന്ദ്ര-കേരള ചലച്ചിത്ര ഗാനപുരസ്കാരങ്ങൾ എന്നിവയുൾപ്പെടെ പത്മശ്രീ വരെയുള്ള അംഗീകാരങ്ങൾ ഇതിന് തെളിവാണ്. ഇപ്പോഴിതാ ജ്ഞാനപീഠപുരസ്ക്കാരവും. ജി.ശങ്കരക്കുറുപ്പിന് ശേഷം നാൽപ്പത്തിരണ്ട് വർഷങ്ങൾ കഴിഞ്ഞ് മലയാളകവിത അംഗീകരിയ്ക്കപ്പെടുന്നു! എം.ടിയ്ക്കു ശേഷം പതിനേഴ് വർഷങ്ങൾക്കിപ്പുറം മലയാളഭാഷ അംഗീകരിയ്ക്കപ്പെടുന്നു! ഏതൊരു മലയാളിയുടെ മനസ്സിലാണ് ഈ നിമിഷം സന്തോഷത്തിന്റെ മഴവില്ല് വിരിയിക്കാത്തത്!

"ഒ.എൻ.വി.യുടേത് മലയാളകവിതയുടെ നേതൃസ്വരം. അദ്ദേഹം പിൻപറ്റുന്നത് കാളിദാസനിലൂടെയും പിന്നീടു ടാഗോറിലൂടെയും പ്രസരിച്ച ഭാരതീയതയുടെ പ്രകാശം" പുരസ്കാരം പ്രഖ്യാപിച്ചുകൊണ്ടുള്ള ജ്ഞാനപീഠ പുരസ്കാര നിർണ്ണയ സമിതിയുടെ വാക്കുകളാണിവ. അതെ, ആ കവിതകളിൽ ഭാരതത്തിന്റെ സാംസ്കാരിക പൈതൃകമുണ്ട്, ഭൂതകാലമുണ്ട്, വർത്തമാനമുണ്ട്, ഭാവികാലത്തെയോർത്തുള്ള ഉത്കണ്ഠകളും ജാഗ്രതയുമുണ്ട്. ഭാരതീയതയുടെ ആ പ്രകാശവുമായി ഒ.എൻ.വി. ഉണർന്നു തന്നെയിരിക്കുന്നു, പടികടന്നെത്തുന്ന പുത്തൻ ആശയങ്ങൾക്കായി.

**Parvathy S.Nair**
II BSc. Physics

# വെയിലും മഴയും ചേർന്നൊരു റിയാലിറ്റി ഷോ

മഴ പെയ്യുന്ന വെയിലിലെവിടെയോ
കുറുക്കന്റെ കല്യാണമേളങ്ങളുണ്ടായിരുന്നു പണ്ട്
ജൂണെന്നാൽ തുള്ളിക്കൊരുകുടമെന്നും
മാർച്ചെന്നാൽ മദ്ധ്യവേനലവധിയെന്നുമായിരുന്നു അന്ന്
തുലാം പത്ത് കഴിഞ്ഞിട്ടും
തോരാൻ മടിക്കുന്ന മഴയും
അമ്നേഷ്യ ബാധിച്ച കണിക്കൊന്നയും
തൊലിപ്പുറത്ത് വട്ടം വരക്കുന്ന
കറുത്ത വെയിലുകളും ചേർന്ന്
ഒരു മതിൽ പണിതിട്ടുണ്ട് ഇന്ന്
തകർക്കപ്പെട്ട കല്ലുകൾക്കു മീതെക്കൂടെ
ചരിത്രം കണ്ടുപരിചയിച്ചിട്ടുള്ള
ഒരു തിരിച്ചുപോക്കുണ്ടാകണമെന്നില്ല;
ഈ മതിലിന് മരണമില്ല
ക്യോട്ടോയിലും കോപ്പൻഹേഗനിലും
കളം വെട്ടിക്കളിച്ചൊടുവിൽ,
കൂട്ടിയും കുറച്ചും ഗുണിച്ചും ഹരിച്ചും
പിന്നെയും പറയുന്നു,
കൊച്ചിയെ കടൽ വിഴുങ്ങും!!
കടലോളം എസ് എം എസ്സിനും
കുന്നോളം പെർഫോമൻസ് റൗണ്ടുകൾക്കും
കറ തീർന്ന വിധികർത്താക്കൾക്കുമപ്പുറം
കളങ്ങൾക്കപ്പുറത്തേക്കു നീണ്ടു പോയ ഒരു യഥാർത്ഥ ഷോ
ഇങ്ങനെ പോയാൽ മനുഷ്യാ
എലിമിനേഷനു ശേഷം പുറത്തേക്കിറങ്ങാൻ
ഒരിഞ്ചു മണ്ണുകൂടി കാണില്ല
പ്രളയം! സർവത്ര പ്രളയം!



**Merin Joy**
III BA Economics

# Canticle of Love



I dream of gardens in the desert sand,
I dream of love as time runs
through my hands,
I dream of fire...
These dreams are tied to a
horse that will never tire
And in the flames, her shadows
dance in the shape of a
man's desire.

**Nikhil S.**
I BA History

# ജോലി പൂർത്തിയായാൽ



ഒരിക്കലും ഒടുങ്ങാത്ത ആർത്തിയാണ് നമ്മുടെ ശാപം. അന്നത്തിന്റെ കാര്യത്തിലായാലും സമ്പത്തിന്റെ കാര്യത്തിലായാലും പ്രശസ്തിയുടെ കാര്യത്തിലായാലും അധികാരത്തിന്റെ കാര്യത്തിലായാലും അവസാനിക്കാത്ത ആർത്തിയുടെ ചുഴിയിൽ കറങ്ങിത്തിരിയുകയാണ് മനുഷ്യബോധം. കാലാകാലങ്ങളായി പൂർവ്വികരിലൂടെ നാം ആർജ്ജിച്ചതധികവും "വേണം വേണം ഇനിയും വേണം" എന്ന ദർശനമാണ്. "മതി ഇത്രയും മതി" എന്നു പറയുവാൻ നമുക്കാവുന്നേയില്ല. എന്നാൽ ജീവിതത്തിന്റെ എല്ലാ മനോഹാരിതയും അന്തർലീനമായിരിക്കുന്നത് അവശ്യം വേണ്ടതു മാത്രം സ്വീകരിക്കുന്നിടത്താണ്. ആ രഹസ്യം അറിയാവുന്നതുകൊണ്ടാണ് നടരാജഗുരു ശിഷ്യനായ നിത്യനോടു പറയുന്നത്; "നിത്യാ ഗുരുകുലത്തിൽ ആവശ്യത്തിൽ കൂടുതലായി ഒന്നും ഉണ്ടാവരുത്".

ലാളിത്യത്തിന്റെയും എളിമയുടെയും പാഠങ്ങൾ ചൊല്ലികൊടുക്കേണ്ട സ്ഥാപനങ്ങൾ കണ്ടാൽ മൾട്ടിനാഷണൽ കമ്പനികളാണെന്നേ തോന്നു. സ്വർണ്ണം പൂശിയ അമ്പലങ്ങളും ആകാശത്തെ തോൽപിക്കാനെന്നോണം തലയുയർത്തി അഹങ്കരിക്കുന്ന പള്ളികളും മസ്ജിദുകളും പിന്നെ നമ്മുടെ ഗുരുദൈവങ്ങളുടെ പഞ്ചനക്ഷത്ര ആസ്ഥാനങ്ങളും ഒക്കെ കാണുമ്പോൾ ആർത്തിയുടെ ഏറ്റവും വലിയ കൂത്തരങ്ങായി മാറിയിരിക്കുന്നു നമ്മുടെ മതങ്ങളും ആത്മീയതയും എന്നു പറയാതെ തന്നെ അറിയാനാവും. എല്ലാവർക്കും എപ്പോഴും നിർഭയമായി കടന്നുചെല്ലാൻ കഴിയേണ്ട ഇത്തരം ഇടങ്ങൾ നിഗൂഢതയുടേയും ഭയാനകതയുടേയും വിഭാഗീയതയുടേയും ഈറ്റില്ലങ്ങളായി മാറിയിരിക്കുന്നു.

പഴയ കൊട്ടാരത്തിന്റെയും സിംഹാസനസ്ഥനായിരിക്കുന്ന രാജാവിന്റെയും ഭയഭക്തിയോടെ വണങ്ങി നിൽക്കുന്ന പ്രജകളുടെയും പുതിയ പതിപ്പുകൾ മാത്രമാണ് ഇന്നത്തെ ആശ്രമങ്ങളും സിംഹാസനത്തിൽ വാഴുന്ന ഗുരുക്കന്മാരും വിനീത ശിഷ്യരായ ഭക്തരും. പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കിയിരിക്കുന്നു. ആശ്രമവാടിയും ലളിത ജീവിതവുമെല്ലാം എങ്ങോ പോയ് മറഞ്ഞിരിക്കുന്നു. പഴയപോലെ കാട്ടിൽ ഓലപ്പുരയിൽ മരവുരിയുമുടുത്ത് മെതിയടിയുമിട്ട് കഴിയണമെന്നല്ല പറയുന്നത്. അവർക്കുണ്ടായിരുന്ന കാരുണ്യവും ലാളിത്യവും അല്പമെങ്കിലും അനുഭവിക്കാനാവും എന്ന സത്യമാണ് ലാവോത്സു തന്റെ " താവോ തേ ചിങ്" എന്ന കൃതിയിൽ പറയുന്നത്.

**ആവശ്യത്തേക്കാൾ കുറച്ചെടുക്കുന്നതാണ് വക്കോളം നിറയ്ക്കുന്നതിനേക്കാൾ നല്ലത്.**

വക്കോളം നിറച്ച ഒരു കപ്പ് ചായ കുടിക്കാൻ ശ്രമിക്കുമ്പോൾ നമ്മൾ ഏറെ പ്രയാസം അനുഭവിച്ചിട്ടുണ്ടാവു. മുക്കാൽകപ്പു നിറച്ച ചായ അനായാസത്തോടെ കുടിച്ചിട്ടുമുണ്ട്. സമാധാനജീവിതത്തിന്റെ രഹസ്യം എത്ര ലളിതമായ ഉദാഹരണത്തിലൂടെയാണ് വെളിപ്പെടുന്നത്. വിശപ്പ് പൂർണ്ണമായും അടങ്ങുന്നതിനു മുമ്പേ നിറുത്തുക, കാൽ വയർഒഴിച്ചിടുക എന്നൊക്കെ പഴമക്കാർ പറഞ്ഞ കാര്യവും ഇതുതന്നെ.

ആവശ്യത്തിനുള്ളതു മതി എന്നു പറയുമ്പോൾ എല്ലാം ആവശ്യമാക്കിമാറ്റിയ ഒരു ലോകത്താണ് നാം ജീവിക്കുന്നതെന്ന് അറിയേണ്ടതുണ്ട്. അറുതിയില്ലാത്ത ആവശ്യങ്ങളാണ് നമുക്ക്. എല്ലാ അനാവശ്യങ്ങളേയും ജീവിതത്തിന്റെ അത്യാവശ്യഘടകങ്ങളാക്കി മാറ്റുന്ന വിദ്യ പരസ്യക്കമ്പനിക്കാർ ഏറ്റെടുത്തു വിജയിപ്പിച്ചു കഴിഞ്ഞു. ശരീരത്തിന്റെ ആരോഗ്യം നിലനിർത്താനുതകുന്ന ഭക്ഷണം മതി, ശീതോഷ്ണങ്ങളിൽ നിന്നു രക്ഷ നേടാനുള്ള പാർപ്പിടം മതി, വൃത്തിയുള്ള കുറച്ചു

വസ്ത്രം മതി എന്നൊക്കെ പറഞ്ഞാൽ അതു വിഡ്ഢിത്തമായെണ്ണുന്ന ഒരു കാലമാണിത്. ആഡംബരത്തിന്റെയും ധൂർത്തിന്റെയും ലോകങ്ങളിൽ ശാന്തി തേടുന്നവർ കൂടിക്കൂടിവരുന്നു. അതുകൊണ്ടുതന്നെ സ്വാസ്ഥ്യമെന്നത് ഒരു കിട്ടാക്കനിയായി മാറിയിരിക്കുന്നു. തിരക്കിൽ നിന്ന് തിരക്കിലേക്ക് പായുന്ന മനുഷ്യൻ ആരുടെയെങ്കിലും അനുഗ്രഹത്തിലൂടെ സമാധാനം ലഭിക്കുമെന്നു കരുതി കുറച്ചു സമയമുണ്ടാക്കി സിദ്ധന്മാരെ സമീപിക്കുന്നു. അവർ നിറഞ്ഞ പുഞ്ചിരിയോടെ അനുഗ്രഹം നൽകുന്നു. വ്യവഹാരികളായ നാം നാട്ടുനടപ്പനുസരിച്ച് കൂലിയായി ആയിരവും ലക്ഷവും കോടികളും പ്രതിഫലമായി നൽകുന്നു. അവരത് നിറഞ്ഞ സന്തോഷത്തോടെ പോക്കറ്റിലാക്കുന്നു. വീണ്ടും കഥ തുടരുന്നു. എന്നാൽ സമാധാനം മാത്രം വരുന്നില്ല. അനുഗ്രഹം മാത്രമെ ലഭിക്കുന്നുള്ളു. അങ്ങനെയങ്ങനെ ഒരു പ്രതീക്ഷയ്ക്കും വകയില്ലാതെ ഒരു സമൂഹം രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ആർത്തിയുള്ള മനുഷ്യർ, അവരേക്കാൾ ആർത്തിയുള്ള ഗുരുക്കന്മാർ.

ഒരു മരത്തിന്റെ ഏറ്റവും അടുത്തു വന്നു നിന്നാൽ മരത്തെ പൂർണ്ണമായും നമുക്ക് കാണാനാവില്ല. ഒത്തിരി അകലെ മാറി നിന്നാൽ അവ്യക്തമായേ കാണാനാവൂ. എന്നാൽ ഒരു നിശ്ചിത ദൂരത്തിൽ നിൽക്കുമ്പോൾ മരത്തെ അതിന്റെ എല്ലാ പൂർണ്ണതയോടെയും നമുക്കു ദർശിക്കാനും അനുഭവിക്കാനുമാകും. ജീവിതത്തെ നിരർത്ഥകമായും അർത്ഥവത്തായും കാണുന്ന രണ്ടറ്റങ്ങളിൽ നിന്നും നിവർത്തിച്ച് ഒരു മധ്യനിലയെ സ്വീകരിക്കുകയാണെങ്കിൽ ജീവിതത്തെ അതിന്റെ എല്ലാ ഭാവഹാവാദികളോടെയും പരാതിയില്ലാതെ അനുഭവിക്കാൻ നമുക്കാവും. ആധാനം സമയമായിരിക്കുന്ന അവസ്ഥയായ സമാധാനം അപ്പോഴാണ് നാം അനുഭവിക്കുക. അതുകൊണ്ടാണ് പറയുന്നത്; ''കൂടുതൽ മൂർച്ചകൂട്ടിയാൽ കത്തിയുടെ വായ്ത്തല ഇല്ലാതാവുകയേയുള്ളൂ" എന്ന്.

ലാവോത്സു തന്റെ പുസ്തകത്തിൽ പറയുന്നു "ജോലി പൂർത്തിയായാൽ പിൻവാങ്ങുക. അതാണ് ശരിയായ വഴി."

നാം ഇന്ന് അനുഭവിക്കുന്ന പലതും എന്നോ ജീവിച്ച ചില മനുഷ്യർ ചെയ്തുപോയ കർമ്മങ്ങളുടെ ഫലങ്ങളാണ്. എനിക്കനുഭവിക്കാൻ വേണ്ടി മാത്രമേ ഞാൻ പ്രവർത്തിക്കൂ എന്ന മനോഭാവത്തിൽ അവർ ജീവിച്ചിരുന്നെങ്കിൽ ഒന്നും അനുഭവിക്കാനില്ലാതെ നാം കഷ്ടപ്പെട്ടുപോയേനെ. ഹൃദയവിശാലതയുടെ പ്രതിഫലനം മാത്രമായിരുന്നു ആ കർമ്മങ്ങൾ. ഒന്നിനും വേണ്ടിയായിരുന്നില്ല അവരതു ചെയ്തത്. ആ സ്വാഭാവിക കർമ്മത്തിൽത്തന്നെ അവർ സന്തുഷ്ടരായിരുന്നു. അല്ലാതെ അതിന്റെ ഫലത്തിലല്ല അവർ ആനന്ദം അന്വേഷിച്ചത്. ഇന്നിൽ പൂർണ്ണമായി ജീവിക്കുമ്പോൾ മാത്രമാണ് ആനന്ദമെന്ന് അവർക്കറിയാമായിരുന്നു. ഭാവി എന്നത് ഇന്നിൽ നിറഞ്ഞിരിക്കുന്നതാണെന്നും അവർ ദർശിച്ചിരുന്നു. ഇന്നലെ, ഇന്ന്, നാളെ എന്നിങ്ങനെ കാലത്തെ വെട്ടിമുറിക്കാതെ ഈ നിമിഷത്തിന്റെ പൂർണ്ണതയിൽ നിറഞ്ഞിരുന്നാൽ മാത്രമെ ജീവിതത്തെ അതിന്റെ എല്ലാ സൗന്ദര്യത്തോടും ആസ്വദിക്കാനാവൂ എന്നവർക്കറിയാമായിരുന്നു. അതാണ് ശരിയായ വഴി.

ഇനി നാം പ്രകൃതിയിലേക്കു നോക്കുക. വഴിയരികിൽ തണൽ വിരിച്ച് നിൽക്കുന്ന മാവിൽ നിന്നും മധുരം നിറഞ്ഞ മാങ്ങകൾ എത്ര തലമുറകളായാണ് നാം അനുഭവിക്കുന്നത്. ആ മാവ് തന്റെ സ്വാഭാവികതയിൽ വളരുന്നു എന്നല്ലാതെ വഴിയാത്രക്കാരന് തണൽ നല്കണമെന്നോ സഹജീവികൾക്ക് വിശപ്പടക്കാൻ അന്നം നൽകണമെന്നോ ഒന്നും ഇച്ഛിക്കുന്നേയില്ല. താനായി നിലനിൽക്കുക എന്നതിൽ മാത്രമെ അതു ശ്രദ്ധാലുവായിരിക്കുന്നുള്ളൂ. സൂര്യൻ സർവ്വജീവജാലങ്ങൾക്കും ഊർജ്ജം പകരുന്നതും ജലം നനവു നൽകുന്നതും പൂക്കൾ പുഞ്ചിരി സമ്മാനിക്കുന്നതും എല്ലാം അങ്ങനെതന്നെയാണ്. അതുകൊണ്ടാണ് അറിഞ്ഞവർ എന്നും പറഞ്ഞുകൊണ്ടേയിരിക്കുന്നത്: "പ്രകൃതിയിലേക്കു നോക്കുക, അവർ നമ്മോടു പറയുന്ന മർമ്മരങ്ങൾക്ക് കാതോർക്കുക. പിന്നെ എങ്ങനെ ജീവിക്കണം എന്നന്വേഷിച്ച് നാം ഉഴറി നടക്കുകയില്ല". ആ അറിവ് തന്നെയാണ് നാം ഉൾക്കൊള്ളാൻ തയ്യാറാവേണ്ടതും:

**"ജോലി പൂർത്തിയായാൽ പിൻവാങ്ങുക**

**അതാണ് ശരിയായ വഴി"**

**Saraswathy K.**
I BA Economics



നേർത്താഴയുള്ള ഒരു ദിവസം
എറണാകുളം നഗരത്തിന്റെ ചെറിയൊരുചരിവിൽ
ഓരൂപൻ എന്ന ചലച്ചിത്രത്തിന്റെ തിരക്കുകളിൽനിന്നൊഴിഞ്ഞ്
ബാലചന്ദ്രൻ സാർ... ബാലേട്ടൻ....
കവി, അധ്യാപകൻ, നാടകസിനിമാരംഗങ്ങളിലെ അതുല്യ പ്രതിഭ...
സിനിമാലോകത്തിന്റെ തിരക്കുകൾക്കിടയിൽ
ബാലേട്ടനോടൊപ്പം ഇത്തിരിനേരം......



**ചോദ്യം : വിദ്യാർത്ഥി എന്ന നിലയിലും അദ്ധ്യാപകൻ എന്ന നിലയിലും ക്യാംപസ് അനുഭവങ്ങളെ എങ്ങനെ വിലയിരുത്തുന്നു.?**

**ബാലേട്ടൻ:** കോളേജുകൾ ഗ്രാമപ്രദേശത്തേക്കും വ്യാപിക്കുന്ന കാലഘട്ടത്തിലായിരുന്നു ഞാൻ കോളേജിലെത്തുന്നത്, ശാസ്താംകോട്ട ദേവസ്വംബോർഡ് കോളേജിൽ. വീടിന്റേയും സ്കൂളിന്റേയും നിയന്ത്രണത്തിന്റെ ശ്വാസംമുട്ടലിൽ നിന്ന് രക്ഷപ്പെടാനുള്ള വേദിയായിരുന്നു പ്രീഡിഗ്രി കലാലയങ്ങൾ. പാടാനും അനുകരിക്കാനും എന്നു വേണ്ട എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം കിട്ടിയിരുന്ന മേഖലയായിരുന്നു അന്നത്തെ എന്റെ കലാലയ അന്തരീക്ഷം. എന്നാൽ അദ്ധ്യാപകൻ എന്ന നിലയിൽ കോളേജിലെത്തിയപ്പോൾ ക്യാംപസിനകത്തുള്ള ഡിപ്പാർട്ടുമെന്റുകളിൽ പഠനത്തെ കുറച്ചുകൂടി ഗൗരവമായി എടുക്കുന്ന അന്തരീക്ഷമായിട്ടാണ് അനുഭവപ്പെട്ടത്. ആദ്യബാച്ചിൽ അവിടെ എം.ഫിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടുതന്നെ എന്നേക്കാൾ മുതിർന്ന അദ്ധ്യാപകരെന്നു വിളിക്കാവുന്ന വിദ്യാർത്ഥികളെയാണ് പഠിപ്പിക്കേണ്ടിവന്നത്. എന്നെ ഒരു ജ്യേഷ്ഠസഹോദരനായിട്ടാണ് അവർ കണ്ടിരുന്നത്. അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്നുള്ള നാടക കളികൾ അവിടത്തെ മുഖ്യവിഷയമായിരുന്നു. ആ നാടക കളികൾ ഞാൻ വ്യാപരിച്ചുകൊണ്ടിരുന്ന കലാലയ അന്തരീക്ഷത്തെ പുരിപ്പിക്കാനും നാടകീയമാക്കുവാനും സഹായിച്ചിട്ടുണ്ട്.

**?സ്കൂൾ ഓഫ് ഡ്രാമയിലെ അനുഭവങ്ങൾ വിശദീകരിക്കാമോ?**

കേരളത്തിൽ ആദ്യമായിട്ടായിരുന്നു നാടകം പഠിക്കുന്നതിനു മാത്രമായി ഒരു സ്ഥാപനം ആരംഭിക്കുന്നത്. അതിന് കാരണക്കാരൻ ജി.ശങ്കരപ്പിള്ളയായിരുന്നു. നാടകതൽപരരായ അന്നത്തെ വിദ്യാർത്ഥികൾക്ക് ഇത് വലിയ അനുഗ്രഹമായിരുന്നു. ഞാൻ M.Aയും B.Ed. ഉം കഴിഞ്ഞിട്ടാണ് സ്കൂൾ ഓഫ് ഡ്രാമയിൽ എത്തുന്നത്. അതുകൊണ്ടുതന്നെ അവിടുത്തെ വിദ്യാർത്ഥികളിൽ ഏറ്റവും മുതർന്നവനായിരുന്നു ഞാൻ. ബാലേട്ടൻ എന്നാണ് അവിടെ പലരും വിളിച്ചിരുന്നത്. നാടകത്തോടുള്ള ആവേശവും അറിയാനുള്ള വ്യഗ്രതയും കൊണ്ടാണ് ജോലിയന്വേഷിച്ചു പോകേണ്ട സമയമായിട്ടും സ്കൂൾ ഓഫ് ഡ്രാമയിൽ ചേർന്നത്. ഇന്ന് നാടകത്തിന്റെയും സിനിമയുടെയും മേഖലയിൽ ഒരു പ്രത്യേക ലാവണ്യപരതപരത്തിക്കൊണ്ടിരിക്കുന്ന ഒട്ടനേകം പേരെ സംഭാവന ചെയ്തിട്ടുണ്ട് സ്കൂൾ ഓഫ് ഡ്രാമ. ഇന്ന് ഞാൻ ഞാനായി നിലനിൽക്കുന്നുണ്ടെങ്കിൽ, അതിന് കാരണം സ്കൂൾ ഓഫ് ഡ്രാമ തന്നെയാണ്.

**? ജി.ശങ്കരപ്പിള്ള സാറുമായി ഒരു ഗുരു-ശിഷ്യബന്ധം എന്നതിലപ്പുറത്തേക്ക് ഒരു സ്നേഹബന്ധമായിരുന്നു എന്നു കേൾക്കുന്നു. ഓർമ്മകളിലെങ്ങനെയാണ് കാണുന്നത് ?**

ഓരോ മനുഷ്യനും അവൻ തിരിഞ്ഞുനോക്കുന്ന അവസരത്തിൽ ചില ജംഗ്ഷനുകളിൽ എങ്ങോട്ട് പോകണമെന്നറിയാതെ നിന്ന സന്ദർഭമുണ്ടാകും. അവിടെയൊക്കെ ഈ വഴി പോകൂ എന്ന പറഞ്ഞ് തിരിച്ചുവിടാൻ ഒരാൾ ഉണ്ടാകും. എന്റെ കാര്യത്തിൽ എന്റെ ആദ്യകാലത്ത് ചില കഴിവുകൾ എന്നിലുണ്ടായിരിക്കുകയും ഞാൻ ഒരു അഭിനേതാവാണോ നാടകക്കാരനാണോ എഴുത്തുകാരനാണോ എന്ന് എനിക്ക് അന്ന് തിരിച്ചറിയാൻ പറ്റാതെ വന്ന അവസരത്തിൽ എന്റെ മുന്നിലേക്ക് വന്നുചേർന്ന മഹദ്‌വ്യക്തിത്വമായിരുന്നു ശങ്കരപ്പിള്ള സാർ. അദ്ദേഹത്തെ കണ്ടുമുട്ടുന്നതിലൂടെയാണ് നാടകത്തിലേക്ക് ഞാൻ തിരിയുന്നത്. ഇന്നത്തെ ഞാൻ എന്നു പറയുന്നതിലേക്ക് എന്നെ തിരിച്ചുവിട്ടത് അദ്ദേഹത്തിന്റെ സമഗ്രമായ വ്യക്തിത്വമായിരുന്നു.

**? നാടകപ്രവർത്തനത്തിന്റെ ഭാഗമായി കേരളം മുഴുവൻ സഞ്ചരിച്ച ഒരു കാലമുണ്ടായിരുന്നല്ലോ ആ കാലഘട്ടത്തെ എങ്ങനെ നോക്കിക്കാണുന്നു?**

നാടകപ്രവർത്തനത്തിന്റെ ഭാഗമായി ഏതാണ്ട് കേരളം മുഴുവൻ സഞ്ചരിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. നമ്മുടെ സംസ്കൃതിയുടെ ധാരയെ തൊട്ടറിയാൻ ആ യാത്രകൾ എന്നെ സഹായിച്ചിട്ടുണ്ട്. ആ കാലഘട്ടത്തെ (70-80കൾ) നവോത്ഥാനത്തിന്റെ കാലഘട്ടമായിട്ടാണ് ഞാൻ നോക്കിക്കാണുന്നത്. നാടകപ്രവർത്തകർ അവരുടെ ഊർജ്ജത്തെ രാപ്പകൽ നാടകത്തിനു വേണ്ടി സമർപ്പിക്കുന്ന കാഴ്ച അന്ന് സർവ്വസാധാരണമായിരുന്നു. അവർക്ക് നമ്മോടുണ്ടായ സ്നേഹം വ്യക്തിപരമായിരുന്നില്ല, മറിച്ച് നാടകം പോലുള്ള മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തിയോടുള്ള കൂറും സ്നേഹവുമായിരുന്നു. നാടകപ്രസ്ഥാനത്തെ നിസ്വാർത്ഥമായ ഒരു യജ്ഞമായിട്ടാണ് അന്നത്തെ നാടകപ്രവർത്തകർ നോക്കിക്കണ്ടത്. ഒരുദാഹരണം പറയാം. ശാസ്താംകോട്ട കോളേജിൽ അവതരിപ്പിക്കുന്നതിനായി ഞാൻ 'മകുടി' എന്ന നാടകം എഴുതുകയുണ്ടായി. പ്രിന്റ് മീഡിയ വികസിച്ചിട്ടുപോലുമില്ലാത്ത ആ കാലഘട്ടത്തിൽ ആ നാടകത്തിന്റെ തിരക്കഥ കേരളത്തിൽ അങ്ങോളമിങ്ങോളം പ്രചരിക്കുകയുണ്ടായി എന്ന് കേരളം ഉടനീളം സഞ്ചരിച്ചപ്പോൾ

എനിക്കു മനസിലാക്കാൻ സാധിച്ചു. എന്റെ നാടകത്തിന്റെ മഹിമയല്ല, മറിച്ച് അന്നത്തെ ചെറുപ്പക്കാർക്ക് നാടകത്തോടുണ്ടായിരുന്ന തീക്ഷ്ണമായ അഭിനിവേശമായിരുന്നു ആ കാലഘട്ടത്തിൽ എനിക്ക് കാണാൻ കഴിഞ്ഞത്.

**? ക്യാംപസിൽ നിന്ന് ഇന്ന് നാടകവേദികൾ വിടപറഞ്ഞു കൊണ്ടിരിക്കുകയാണല്ലോ. ക്യാംപസ് നാടകവേദി സജീവമായിരുന്ന കാലഘട്ടത്തെയും ഇന്നത്തെ കാലഘട്ടത്തെയും ഒന്നു വിശദീകരിക്കാമോ?**

ക്യാംപസ് നാടകവേദിക്കുവേണ്ടി ക്യാംപസ് നാടകക്കളക്ഷനുകൾ തന്നെ ഇറങ്ങിയ കാലഘട്ടമുണ്ടായിരുന്നു. ഇതു വെളിപ്പെടുത്തുന്നത്, ബാക്കി എല്ലാ മുദ്രാവാക്യങ്ങളുടെയും സമരങ്ങളുടെയും പശ്ചാത്തലത്തിലും ഇതിനോട് തത്പരരായ ഒരുകൂട്ടം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു എന്നുള്ളതാണ്. വളരെ ചടുലവും സംഘർഷഭരിതവുമായ കലാലയ അന്തരീക്ഷമുണ്ടെങ്കിൽ അവിടെയൊക്കെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകും. എപ്പോഴാണോ മനുഷ്യൻ പൊതുതാത്പര്യങ്ങളിൽ നിന്നെല്ലാം മാറി അവൻ അവനെ മാത്രം ചിന്തിക്കുന്നത് അപ്പോഴെല്ലാം ബാനറുകളില്ലാതാകും, ചുവരെഴുത്തുകളില്ലാതാകും, മനുഷ്യനില്ലാതാകും, നാടകമില്ലാതാകും. നാടകത്തിന് മാത്രമായി സജീവമായി നിൽക്കാൻ സാധിക്കുകയില്ല. ബാക്കി ഇതരഘടകങ്ങൾ ഒക്കെക്കൂടി സമൂഹത്തെ മുഴുവൻ ഉൾകൊള്ളുന്ന ഒന്നായി നിൽക്കുകയും വ്യക്തിതാത്പര്യങ്ങൾക്കുമപ്പുറം സാമൂഹ്യനീതിക്കും ധർമ്മത്തിനും വേണ്ടി പൊരുതുകയും ചെയ്യുമ്പോഴാണ് നാടകത്തിനും കവിതയ്ക്കും നിലനിൽപ്പുള്ളു. ഇപ്പോൾ നടക്കുന്നത് വ്യക്തിഗത ചാമ്പ്യൻഷിപ്പുകളും വ്യക്തിഗതമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതും മാത്രമായ സ്വാർത്ഥതയോടെ മാത്രം കാര്യങ്ങളെ സമീപിക്കുന്ന പരിപാടികളാണ്. അങ്ങനെയുള്ളിടത്ത് നാടകം വളരില്ല. എന്തെന്നാൽ അവന് നാടകം ഒരു വേസ്റ്റാണ്. അവന് സമൂഹത്തോട് സ്നേഹമോ കടപ്പാടോ ഇല്ല ഇന്ന് കലാലയങ്ങളിൽ നാടകങ്ങൾ ചുമ്മാ ഫാഷനുവേണ്ടി ചെയ്യുന്നതേയുള്ളു. അല്ലാതെ തീക്ഷ്ണമായ അഭിനിവേശത്തിന്റേയോ മാനവികതയുടെയോ പുറത്തോ ചെയ്യുന്നതെയല്ല. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായതും സമയം കുറച്ച് നഷ്ടപ്പെടുന്നതുമായ ഷോർട്ട് ഫിലിംസിനോടാണ് ഇന്നത്തെ വിദ്യാർത്ഥികൾക്ക് താത്പര്യം.

**? സാറിന്റെ കാഴ്ചപ്പാടിൽ മലയാളനാടകവേദിയുടെ ഭാവി എന്തായിരിക്കും?**

ഭാവിയെക്കുറിച്ചു പ്രവചിക്കുവാൻ എനിക്കു സാധിക്കുകയില്ല. ഇപ്പോൾ എന്താണോ അതാണ് എന്നെ സംബന്ധിച്ചിടത്തോളം പ്രധാനം. ഇന്നത്തെ പ്രവണത വച്ചുകൊണ്ട് നാടകം ഇല്ലാതായിപ്പോകുമെന്നോ ഇതിനേക്കാൾ ഗംഭീരമാകുമെന്നോ ഒക്കെ പറയുന്നതിൽ വലിയ കാര്യമില്ല. ഇപ്പോൾ നാടകരംഗത്ത് നടന്നുകൊണ്ടിരിക്കുന്ന ശ്രമങ്ങൾ നല്ലതാണ്. ആധുനിക സാങ്കേതികവിദ്യയുടെ വികാസത്തെ തള്ളിപ്പറയുന്നതിനു പകരം അതിനേയും കൂടി ഉപയോഗിച്ചുകൊണ്ട് അതിന്റെ സാധ്യതകളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് നാടകത്തിന്റെ പുതിയ രൂപത്തെ കണ്ടെത്താനുള്ള ശ്രമങ്ങൾ പുതിയ ചെറുപ്പക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്നത് കാണുമ്പോൾ ചെറിയൊരു സംതൃപ്തിയുണ്ട്. പക്ഷേ നാളെയിത് എന്താകും എന്നുള്ളത് എനിക്ക് പറയാൻ പറ്റാത്തതാണ്.

**? പ്രൊഫഷണൽ നാടകങ്ങൾ, അമച്വർ നാടകങ്ങൾ എന്നീ തരംതിരിവുകൾ നാടകപ്രസ്ഥാനത്തിന് ഗുണകരമാണോ?**

ഗുണം ചെയ്യുമോ ഇല്ലയോ എന്നതിനേക്കാൾ ഒന്നിൽ നിന്ന് മറ്റൊന്നിനെ തിരിച്ചറിയാൻ ഒരു പേരോ നമ്പറോ മനുഷ്യൻ ഉപയോഗിക്കുന്നതേയുള്ളു. അതിൽ ഏതാണോ ഗുണപരവും നല്ലതുമായി ചെയ്യാൻ സാധിക്കുന്നത് അത് നല്ലതാണ്. വാക്കുകളിൽ നിന്ന് അർത്ഥങ്ങൾ മാറിപ്പോകും. പ്രൊഫഷണൽ എന്നു പറഞ്ഞാൽ ഒരു തൊഴിലാണ്. ഒരുവൻ നൂറ് ശതമാനം ആത്മാർത്ഥതയോടെയും പ്രഗത്ഭതയോടെയും കൂടുതൽ equipped ആയി ആ തൊഴിൽ ചെയ്ത് ജീവിക്കുന്നതിനെയാണ് പ്രൊഫഷണൽ എന്നു പറയുന്നത്. നമ്മുടെ നാട്ടിൽ പ്രൊഫഷണൽ എന്നു പറഞ്ഞാൽ ചുമ്മാതെ യാതൊരുവിധ ആത്മാർത്ഥതയും കൂടാതെ കാശിനുവേണ്ടി എന്തെങ്കിലും കാട്ടിക്കൂട്ടുക എന്നാണ്. ഇതിനെ പ്രൊഫഷണൽ എന്നു വിളിക്കാൻ പറ്റില്ല. അത് കപടമാണ്. അങ്ങനെ ഒരു കൂട്ടം നാടകപ്രവർത്തകർ ജീവിക്കാൻവേണ്ടി ചെയ്യുന്ന പ്രവൃത്തിയെ കാണാൻ പോകണോ എന്ന് നമ്മൾ തീരുമാനിക്കണം. അവർക്ക് വേറെന്തെങ്കിലും ജോലി ചെയ്യാൻ പറ്റുമെങ്കിൽ അത് ചെയ്യട്ടെ എന്നേ ഞാൻ പറയൂ. ഇനി അതല്ല എനിക്കൊരു ഉപജീവനം വേണം അതേസമയം എനിക്കാ തൊഴിലിനോട് നൂറുശതമാനം ആത്മാർത്ഥത പുലർത്തുകയും വേണം എന്നുള്ളവർക്ക് അത്തരത്തിലുള്ള നാടകങ്ങൾ ചെയ്യാൻ അവസരമൊരുക്കണം. ഇതല്ല, എന്റെ ജീവിതം തന്നെ ബലിയർപ്പിച്ചുകൊണ്ട് ചില പരീക്ഷണങ്ങൾ ഒക്കെ നടത്തി മുന്നോട്ട് പോവുകയാണ് എന്ന് തീരുമാനിക്കുന്നവർക്ക് അമച്വർ നാടകവേദിയിലേക്ക് പോകാവുന്നതാണ്. ഇന്നതേ ആകാവൂ എന്ന് ശഠിച്ചിട്ട് കാര്യമില്ല. ഞാൻ തീരുമാനിക്കണം ഞാൻ എന്താകണമെന്നുള്ളത്. ഇതാണെന്റെ രീതി.

**? സ്കൂൾ ഓഫ് ലറ്റേഴ്സിൽ സഹപ്രവർത്തകനും നാടകത്തിലും സിനിമയിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള നരേന്ദ്രപ്രസാദിന്റെ സംഭാവനകളെ എങ്ങനെ നോക്കി കാണുന്നു?**

നാടകക്കാരനാകുന്നതിനു മുൻപുതന്നെ വൈവിധ്യമാർന്ന തലങ്ങളിലൂടെ പ്രവചനാതീതമായ രീതിയിൽ കടന്നുപോയ വ്യക്തിയായിരുന്നു അദ്ദേഹം. കവിതയോട് അപാരമായ താത്പര്യമുള്ള മനുഷ്യൻ. അദ്ദേഹം പിന്നെ നിരൂപകനാകുന്നു. അതിൽ കൂടുതൽ ശ്രമിച്ചത് കവിതകളെ





നിരൂപണം ചെയ്യാനായിരുന്നു. അതിഗംഭീരമായ ക്ലാസ്സെടുക്കുന്ന അദ്ധ്യാപകൻ, ഇംഗ്ലീഷ് സാഹിത്യത്തിൽ അഗാധമായ പാണ്ഡിത്യം. അതിനുശേഷം അദ്ദേഹം നാടകസംവിധാനം ചെയ്തു. പിന്നീട് നാടകഅഭിനേതാവായി തുടർന്ന് സിനിമയിലെത്തി. അനന്തമായ കഴിവുകൾ ഉള്ള വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ പല സാധ്യതകളും പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇനി ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം ഒരു പെയിന്റർ ആകുമായിരുന്നു. ചുരുക്കത്തിൽ പോയ മേഖലകളിലെല്ലാം സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ് അദ്ദേഹം.

**? 'മധ്യവേനൽ പ്രണയരാവ്' എന്ന നാടകം ഒരു പ്രതിനാടക (Anti-Play) സ്വഭാവമുള്ളതാണോ?**

ചില കാര്യങ്ങൾ സമൂഹം ഒരു പ്രത്യേക അവസ്ഥയിൽ നിൽക്കുമ്പോൾ നമുക്ക് നേരിട്ട് അതിനെ ചാട്ടവാറുകൊണ്ട് അടിക്കാൻ അല്ലെങ്കിൽ നമ്പ്യാരുടേയും വി.കെ.എന്നിന്റെയും പോലെ നർമ്മത്തിന്റെയും ആക്ഷേപഹാസ്യത്തിന്റെയും പോലെ പറയാൻ സാധിക്കുകയില്ല. ഇവിടെ ഞാൻ ചെയ്തതെന്തെന്നുവച്ചാൽ പ്രണയം പോലൊരു വിഷയത്തെ എടുത്തിട്ട് സമൂഹത്തെയും നാടകത്തെയും ഞാൻ എന്നെയും വിശകലനം ചെയ്യുകയും മാറ്റിനിർത്തി കാണാൻ ശ്രമിക്കുകയുമായിരുന്നു. നമ്മൾ ജീവിച്ച ഒരു ജീവിതം മാറി നിന്ന് നോക്കുമ്പോൾ നമുക്കത് ഒരു തമാശയാണ്. അത്തരത്തിൽ ഒരു ലാഘവബുദ്ധിയോടെ ഗൗരവമുള്ള വിഷയത്തെ സമീപിക്കാനാണ് ഞാൻ ശ്രമിച്ചത്. ആ ലാഘവഭാവം ആണ് ഇതിനെ പ്രതിനാടക സ്വഭാവമുള്ളതാക്കുന്നതെന്ന് നമുക്ക് തോന്നുന്നത്.

ശരിക്ക് പല കാര്യങ്ങളെയും നിരർത്ഥകത ബോധ്യപ്പെടുത്തിക്കൊടുത്തിട്ടാണ് അതിന്റെ സാർത്ഥകതയെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്. ഞാൻ ചെയ്തതെന്തെന്നുവച്ചാൽ നമ്മുടെ മുമ്പിലുള്ള ഒരു കാര്യത്തെ മിമിക്രി ചെയ്തു. അവിടെ വച്ചുതന്നെ അതിന്റെ ടെക്സ്റ്റ് ഉണ്ടാക്കി ആ ടെക്സ്റ്റിനെ അവിടെ വച്ചുതന്നെ പൊളിക്കുന്നു. അങ്ങനെ നിർമ്മാണവും അപനിർമ്മാണവും ഒരേസമയം നടത്തിക്കൊണ്ടാണ് ഞാൻ പറയാത്തതായ കാര്യങ്ങളിലേയ്ക്കും പ്രേക്ഷകനെ കൊണ്ടുപോകുന്നത്. അതിന് അവർക്ക് വലിയ ശ്രമം വേണ്ട. അത് അവനിൽ തന്നെ കുടികൊള്ളുന്ന അനായാസതയ്ക്കകത്തുകൂടി സഞ്ചരിക്കുക എന്നുള്ളതാണ്. ആ easiness-നകത്തുകൂടി ഒരു കാര്യം ഉൾക്കൊണ്ടാൽ മാത്രമെ അയാൾക്ക് അത് മനസ്സിൽ പതിയൂ. ഇതിൽ ഞാൻ ചെയ്തതെന്തെന്നുവച്ചാൽ എന്നെപ്പോലുള്ള ബഹുശതം ആൾക്കാരുടെ easiness-നകത്തുകൂടി ഈ വക കാര്യങ്ങളെ നിർമ്മിച്ചും പൊളിച്ചും കടന്നുപോകുന്ന ഒരു methodology ആണ് ഞാൻ സ്വീകരിച്ചത്. അതാണ് ഈ നാടകത്തെ anti-play ആക്കുന്നതെന്ന് തോന്നുന്നത്. അങ്ങനെ പറയുന്നതു കൊണ്ട് കുഴപ്പമൊന്നുമില്ല. ഈ നാടകത്തെ വേറെ പലതും ആണെന്ന് പറയാൻ സാധ്യതയൊക്കെയുണ്ട്.

**? സംസ്ഥാന അവാർഡ് കിട്ടിയ തിരക്കഥയാണല്ലോ 'പുനരധിവാസം'. പിന്നെ എന്തുകൊണ്ടാണ് തിരക്കഥാരചനരംഗത്ത് സജീവമാകാതിരുന്നത്?**

നമ്മൾ നാളെ എന്തുചെയ്യുമെന്ന് പറയാൻ നമുക്ക് സാധിക്കുകയില്ല. ആ സമയത്ത് അത് ചെയ്യാൻ പറ്റിയത് ഒരു യോഗമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. യോഗം എന്നു പറഞ്ഞാൽ അത് നമ്മുടെ, മാത്രം കഴിവുകൊണ്ട് നടക്കുന്ന കാര്യമല്ല. അങ്ങനെയാണെങ്കിൽ എല്ലാം ഞാൻ വിചാരിക്കുന്നതുപോലെ നടക്കണമായിരുന്നു. ഞാനത്ര വലിയ മിടുക്കനൊന്നുമല്ല. പലർക്കും ഉള്ളപോലെ കുറച്ച് കഴിവുകൾ എനിക്കുണ്ട്. അതിനെ ജ്വലിപ്പിക്കാവുന്ന മറ്റു ഘടകങ്ങൾ വരണം. അത് എല്ലാവർക്കും എപ്പോഴും കിട്ടിയെന്നുവരില്ല. അതിനെയാണ് ഞാൻ യോഗം എന്ന സംയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്. എന്റെ മിടുക്ക് അങ്ങനെയൊരു യോഗമില്ലായ്കയാൽ അത് പുകയുന്നതേയുള്ളൂ ജ്വലിക്കുന്നില്ല. അത് എനിക്ക് തന്നെ സ്വയം തോന്നുമ്പോൾ ഞാൻ ചില മേഖലകളിൽ നിന്ന് പിൻവാങ്ങുകയും, വേണ്ട എന്ന് തീരുമാനിക്കുകയും ചെയ്യും. നാടകം പോലെ സിനിമപോലെ ഒട്ടേറെ ആൾക്കാരുടെ കൂട്ടായ്മ ആവശ്യമുള്ള മേഖലകളിൽ ഈ യോഗമാണ് പ്രധാനം. ചിലർക്ക് ഈ യോഗം അനുകൂലമായിരിക്കും ചിലർക്ക് അനുകൂലമായിരിക്കുകയുമില്ല.

**? 'പുനരധിവാസം' എന്ന തിരക്കഥയ്ക്ക് ഒരു ആത്മീയപരിസരമുണ്ട്. വാസ്തവത്തിൽ തിരക്കഥാകൃത്തിന്റെ ആത്മീയതയാണോ അതിൽ വ്യവഹരിക്കപ്പെടുന്നത്?**

ഞാൻ പൊതുവെ ആത്മീയത ഉള്ള വ്യക്തിയാണ്. എന്റെ Anti-Play യെ ഞാൻ കാണുന്നത് ഒരുപാട് വിസ്മയങ്ങളിലൂടെയാണ്. എന്റെ നിസ്സഹായതകളിലൂടെ, മനുഷ്യൻ എന്ന മഹത്വത്തിൽ ഞാനല്ല എന്ന അർത്ഥത്തിലുള്ള ഒരു ഭാവത്തിലൂടെ, എന്റെ ആഭ്യന്തരപ്രകൃതിയും ബാഹ്യപ്രകൃതിയും വീക്ഷിക്കുന്ന ഒരാളെന്ന നിലയിൽ, ഇങ്ങനെയാണ് ഞാൻ Spirituality യെ കാണുന്നത്. അതിന്റെ ഒരുപാട് ഘടകങ്ങൾ എന്റെ രചനകളിൽ ഉണ്ടായെന്നു വരാം. കാരണം അതെന്റെ ഉൾക്കാമ്പിന്റെ അംശമാണ്. നിലവിലിരിക്കുന്ന ഏതെങ്കിലും ക്ഷേത്രങ്ങളുമായോ, സ്ഥാപനങ്ങളുമായോ എന്റെ Spirituality ക്ക് ബന്ധമില്ല. ഹിമാലയത്തിന്റെ മടക്കുകളിൽക്കൂടി നടക്കുമ്പോൾ നമുക്കു കിട്ടുന്ന ഒരു നിസ്സാരതയുണ്ട്. നമ്മൾ ഒന്നും അല്ല. നമ്മുടെ നിയന്ത്രണത്തിലല്ല. എങ്ങനെയൊക്കെയോ ഇങ്ങനെ കടന്നുപോകുന്നു. ഓർമ്മകൾ പോലും ഭാരമായിത്തീരുന്ന ആ മുഹൂർത്തത്തിൽ നമുക്ക് തോന്നും നാം ഒന്നും അല്ലെന്ന്. അതിൽ വ്യസനിക്കേണ്ട കാര്യമൊന്നുമില്ല. ഗീതയിലും മറ്റെല്ലാ ഗ്രന്ഥങ്ങളിലും പറയുന്ന കാര്യങ്ങളൊക്കെ നമ്മുടെ തലയിലാണ് വന്ന് പതിക്കുക. ഈ ഹിമാലയത്തിന്റെ മടക്കുകളിലൂടെ നടക്കുമ്പോൾ അത് എനിക്ക് അനുഭവ

പ്പെട്ടിട്ടുണ്ട്. പിന്നെ, ഒരാൾ മറ്റൊരാളെ സഹായിക്കുന്നതു കൊണ്ടാണ് ഞാൻ രക്ഷപ്പെട്ടതെന്ന് അഹങ്കരിക്കാൻ നമുക്ക് പറ്റത്തില്ല. ആരും ആരെയും പരസ്പരം സഹായിക്കു ന്നൊന്നുമില്ല. ഇതെല്ലാം അങ്ങനെ നടക്കേണ്ട ചില കാര്യങ്ങൾ മാത്രം. നിങ്ങൾ അതിൽ എത്രത്തോളം പെട്ടിരിക്കുകയും ആ പെട്ടിരിക്കുന്ന സന്ദർഭത്തിൽ തന്നെ മാറി നിൽക്കാൻ പറ്റുകയും ചെയ്യുന്നുവോ, നിങ്ങൾക്കൊരു സ്വസ്ഥതയും ശാന്തതയും ലഭിക്കും. ഈ സ്വസ്ഥതയിലും ശാന്തതയിലും പിടിച്ചു നിൽക്കുന്നതാണെന്റെ ആത്മീയത.......

**? സാങ്കേതികവിദ്യയുടെ കടന്നുകയറ്റം നാടകത്തിന്റെ ജൈവികതയെ നഷ്ടപ്പെടുത്തുമോ?**

അത് തീരുമാനിക്കുന്നത് നാടകം ചെയ്യുന്നവരാണ്. നടനാണ് നാടകത്തിന്റെ ആണിക്കല്ലെന്ന് വിശ്വസിക്കുന്ന കൂട്ടത്തിലാണ് ഞാൻ. അതിസാങ്കേതികവിദ്യ പ്രദർശിപ്പിക്കുന്ന നാടകത്തിലും ആ നാടകം എന്നിൽ വന്ന് തറയ്ക്കുന്നതും നടന്റെ സാന്നിധ്യവും അവനിൽ നിന്ന് പ്രവഹിക്കുന്ന ഊർജ്ജവുമാണ്. അതിലേക്ക് പ്രചോദനം നൽകുന്ന ഒന്നുമാത്രമായിട്ടാണ് സാങ്കേതികവിദ്യയെ ഞാൻ കാണുന്നത്. അതിസാങ്കേതിക വിദ്യയിൽപെട്ടതിനോടൊന്നും പൊരുത്ത പ്പെടാൻ ഇതുവരെ എനിക്ക് സാധിച്ചിട്ടില്ല.

**? നാടകപഠനത്തിന്റെ സാധ്യതകൾ എന്തെല്ലാമാണ്?**

സ്കൂൾതലം തൊട്ടുതന്നെ എല്ലാവരും മാതൃഭാഷ പഠിക്കുന്നതുപോലെ തന്നെ നാടകത്തിന്റെ ടെക്സ്റ്റ് കൂടെ പഠിക്കണം. അത് അവനെ നാടകക്കാരനാക്കാനല്ല മറിച്ച് അവരുടെ മാനസികവും ശാരീരികവും ശബ്ദപരവുമായ കഴിവുകളെ പുറത്തേക്ക് കൊണ്ടുവരുന്നതിന്, മനുഷ്യനെന്ന അർത്ഥത്തിൽ പുറമെ കാണുന്ന അസ്തിത്വത്തെ തിരിച്ചറി യുന്നതിന്, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ കാര്യങ്ങളിൽ അങ്ങനെ ആയിരം കൂട്ടം കാര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന ഒന്നാണ് നാടകഭാഷ. അതുകൊണ്ട് അത് കുട്ടിക്കാലത്തുതന്നെ പഠിക്കണം. നല്ല ജീവിതം കരുപ്പിടിപ്പിക്കുവാനും സമർത്ഥന്മാരാകുന്നതിനും അത് നല്ല താണ്.

**? മലയാള നാടകവേദി സാധാരണക്കാരായ പ്രേക്ഷകനിൽ നിന്ന് അകന്നുപോവുകയാണ്. എന്നതിനോട് സാറിന്റെ കാഴ്ച പ്പാടെന്താണ്?**

ഉന്നതമായ കലകളും മധ്യരൂപത്തിൽപ്പെടുന്ന കലകളും വളരെ താഴ്ന്നതരത്തിൽപ്പെടുന്ന കലാരൂപങ്ങളും ഉണ്ട്. അതിനെ എല്ലാംകൂടി ഒറ്റക്കെടുത്ത് പറയാൻ പറ്റില്ല. എല്ലാ കാലഘട്ടങ്ങളിലും എവിടെയും മനുഷ്യരെല്ലാവരും ഒരു കൂട്ടമായി നിൽക്കുകയായിരിക്കും. അതിനകത്തുതന്നെ ഭൗതീകതലങ്ങൾ, വൈകാരികതലങ്ങൾ എന്നിവയുമായി പൊരുത്തപ്പെട്ട് ഉയർന്നുയർന്നു പോകുന്നവരുമുണ്ട്. അത്ര പോകാത്തവരുമുണ്ട്. താഴ്ന്നതരത്തിൽപ്പെടുന്ന കലാരൂപവും താഴ്ന്നരീതിയിലുള്ള ആസ്വാദനവും ഒരു സമൂഹത്തിന്റെ കുറ്റമല്ല. അത് വേണം. പക്ഷേ, അതിൽ നിന്ന് കുറച്ച് പേർ അതിലും ഉയർന്നതട്ടിലേക്കു വന്നേക്കാം. അത് തുടർന്നു കൊണ്ടേയിരിക്കും. അതുകൊണ്ട് മുകളിൽ നിൽക്കുന്ന കലാരൂപത്തെ താഴെനിൽക്കുന്ന കലാരൂപം ആക്ഷേപി ക്കുന്നതിൽ കാര്യമില്ല. കാരണം ഇന്നല്ലെങ്കിൽ നാളെ അവർ അവിടെ വരും. എനിക്കു മനസ്സിലാക്കാൻ പറ്റാത്തതുകൊണ്ട് അത് മോശം എന്നു പറയുന്നത് തെറ്റാണ്. മറിച്ച് അതിനെ നിരന്തരമായി സമീപിക്കുകയും ഇത്തരത്തിലാവുകയുമാണ് ചെയ്യേണ്ടത്. നമ്മൾ എത്ര താത്പര്യം എടുക്കുന്നോ അതിനനുസരിച്ച് അതിന്റെ തട്ടുകൾ മാറിമാറി വരും. ഇത് ജനങ്ങളിൽ നിന്ന് അകലുന്നു എന്നു ഞാൻ കരുതുന്നില്ല. മറിച്ച് ജനങ്ങൾ അടുക്കാൻ ശ്രമിക്കുന്നില്ല എന്നതാണ് വാസ്തവം.

**? പി.കുഞ്ഞിരാമൻനായരെക്കുറിച്ച് താങ്കൾ ഒരുക്കുന്ന സിനിമയാണല്ലോ 'മേഘരൂപൻ'. മലയാള സാഹിത്യത്തിൽ ഏറ്റവും കൂടുതൽ കവിതകൾക്ക് വിഷയമായിട്ടുള്ള കവിയാണ് പി.കുഞ്ഞിരാമൻനായർ. അദ്ദേഹത്തെപ്പറ്റി ഇത്തരത്തിലുള്ള സിനിമ എടുക്കുന്നതിനുള്ള പ്രചോദനം?**

മലയാളത്തിൽ ഒരു കവിയെക്കുറിച്ച് ഒട്ടനേകം കവികൾ കവിതയെഴുതിയിട്ടുള്ള ഏക വ്യക്തി കുഞ്ഞി രാമൻനായരാണ്. സ്ത്രീജനങ്ങളുമായി അദ്ദേഹത്തി നുണ്ടായിരുന്ന സമ്പർക്കങ്ങൾ മാത്രമല്ല, അതിനപ്പുറത്തേക്ക് അദ്ദേഹത്തിലുള്ള എന്തൊക്കെയോ അടരുകളാണ് പല കവികളെ ക്കൊണ്ടും കവിത എഴുതിച്ചത്. പി.കുഞ്ഞിരാമൻനായർ എന്നെപ്പോലെ തന്നെ പലർക്കും കൃത്യമായി വ്യവഹരിക്കാൻ പറ്റാത്ത ഒരു വിഷയമായിട്ടാണ് അനുഭവപ്പെട്ടത്. വ്യക്തി തന്നെ ഒരു വിഷയമാവുക. ആ വിഷയത്തെ ആഖ്യാനാത്മകതയോടെ അവതരിപ്പിക്കാൻ കഴിയുന്ന മാധ്യമം സിനിമയാണെന്ന് എനിക്ക് തോന്നുന്നു. അദ്ദേഹത്തിന്റെ ജീവിതം ആവിഷ്ക രിച്ചുകൊണ്ട് കാശുണ്ടാക്കുകയല്ല എന്റെ ലക്ഷ്യം. അതിന്റെ യൊക്കെയപ്പുറത്തുള്ള അദ്ദേഹത്തിന്റെ വ്യക്തിത്വം ആണ് എന്നെ പ്രചോദിപ്പിക്കുന്നത്. ഒരു ജീവചരിത്രപരമായ സിനിമയല്ല എന്റെ ഉദ്ദേശ്യം. അതുകൊണ്ട് എന്റെ കഥാപാത്രത്തിന്റെ പേര് പി.കുഞ്ഞിരാമൻനായർ എന്ന കഥാപാത്രമായിട്ടാണ് സങ്കൽപിച്ചിരിക്കുന്നത്. പി.കുഞ്ഞിരാമൻ നായരെ എനിക്ക് മുകളിലേക്ക് പറക്കാനുള്ള പ്രതലമാക്കണം. അദ്ദേഹത്തിലേക്ക് കൂടുതൽ അടുക്കണമെങ്കിൽ എനിക്ക് സ്വാതന്ത്ര്യം വേണം. അതിനാലാണ് ഞാൻ അദ്ദേഹത്തെ നിരാകരിക്കുന്നത്. അദ്ദേഹത്തെ പുറംപരപ്പിൽ (പേര്, അച്ഛനമ്മ മാർ, കാലം, സ്ഥലരാശി തുടങ്ങിയവയെ) നിരാകരിച്ചുകൊണ്ടു മാത്രമെ അദ്ദേഹത്തിലേക്ക് കൂടുതൽ അടുക്കാൻ സാധിക്കൂ. ആ യാത്രയാണ് ഞാൻ ഈ സിനിമയിലൂടെ ശ്രമിക്കുന്നത്.



അതിനെക്കുറിച്ച് വ്യക്തമായ ബോധം എനിക്കുണ്ട്.

**7 സംഗീത നാടകഅക്കാദമി പോലുള്ള സ്ഥാപനങ്ങൾ നമ്മുടെ നാടകപ്രസ്ഥാനങ്ങൾക്ക് എന്തെങ്കിലും വിധത്തിലുള്ള പ്രയോജനങ്ങൾ ഉണ്ടാക്കുന്നുണ്ടോ?**

സംഗീത നാടകഅക്കാദമി പോലുള്ള സ്ഥാപനങ്ങളുടെ പിന്നിൽ ഭരണതലങ്ങളുണ്ട്. സങ്കുചിതമായ മനുഷ്യരുടെ ഇടപെടലുമുണ്ട്. കാലാകാലങ്ങളിൽ അതിന്റെ തലപ്പത്ത് എത്തുന്നവരെ തീരുമാനിക്കുന്നത് ഇവിടുത്തെ കക്ഷി-രാഷ്ട്രീയക്കാരാണ്. ഇവിടുത്തെ പ്രതിഭകളെ കണ്ടെത്തുന്നതിനു പിന്നിലും അവാർഡുകൾ നൽകുന്നതിനു പിന്നിലും വ്യക്തിപരമായ സ്വാധീനങ്ങളുണ്ട്. അല്ലാതെ പണ്ടത്തെപ്പോലെ സത്യം, ധർമ്മം, നീതി മുതലായ അളവുകോലില്ല ഇത്രത്തോളം നടക്കുന്നുണ്ടല്ലോ എന്നു കരുതി ആശ്വസിക്കുന്നതാണ് നല്ലത്.

സംഗീത നാടക അക്കാദമി വന്നതിനുശേഷം ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ചത് ജി.ശങ്കരപ്പിള്ളയായിരുന്നു. നാടകം 'ലൈവാ'യി അത് നടക്കുന്നിടത്തു പോയി കണ്ടാൽ മാത്രമേ നാടകം കണ്ടു എന്ന് പറയാൻ സാധിക്കുകയുള്ളൂ. പണ്ടുകാലത്ത് അതിനുള്ള സാധ്യതകൾ ഉണ്ടായിരുന്നില്ല. അക്കാലത്ത് ഇന്ത്യയിൽ ഉണ്ടായ ബൃഹത്തായ നാടകം പോലും കേരളജനത കണ്ടിരുന്നില്ല. നാടകം കണ്ടാൽ മാത്രമെ നാടകം വളരുകയുള്ളൂ. അങ്ങനെയുള്ള പരിതസ്ഥിതിയിലാണ് ജി.ശങ്കരപ്പിള്ള സംഗീത നാടക അക്കാദമിയുടെ ചെയർമാനാകുന്നത്. സ്കൂൾ ഓഫ് ഡ്രാമയും, കളരിപ്രസ്ഥാനവും നാടകത്തിനായി ചെയ്തതിന്റെ ഇരട്ടിയാണ് ജി.ശങ്കരപ്പിള്ള ചെയർമാനായിരുന്നപ്പോൾ ആദ്യത്തെ 'നാഷണൽ ഡ്രാമ ഫെസ്റ്റ്' ചെയ്തത്. നമ്മുടെ നാട്ടുകാർക്ക് നാടകത്തെ കൂടുതൽ അടുത്തറിയാൻ അത് സഹായിച്ചു. മലയാളിഭാവുകത്വത്തെ സ്ഫോടനാത്മകമായ രീതിയിൽ മാറ്റിമറിച്ച ഒന്നായിരുന്നു അത്. അത് നാടകവേദിയിൽ ഉണ്ടാക്കിയത്ര വികാസവും സ്വാധീനവും വളരെയധികമാണ്.

**7 ക്യാംപസ് വിദ്യാർത്ഥികളോടും ഇന്നത്തെ തലമുറയോടും സാറിനെന്താണ് പറയാനുള്ളത്?**

അവനവന്റെ പ്രകൃതി എന്താണെന്നും അവനവൻ ജീവിക്കുന്ന ബാഹ്യപ്രകൃതിയെന്താണെന്നും തിരിച്ചറിയാനുള്ള വിദ്യാഭ്യാസം അവർ നേടണം. ഇപ്പോൾ അവർ നിൽക്കുന്നത് ശരിയായ വഴിയിലല്ല. അത് അവരുടെ കുറ്റം കൊണ്ടല്ല. സ്വാതന്ത്ര്യാനന്തരത്തിന്റെ കണ്ണികളെന്നു നാം പറയുന്ന വ്യക്തികൾ ഉണ്ടാക്കിവെച്ച, നല്ലതെന്ന് അവർ വിചാരിച്ചുകൊണ്ട് ചെയ്ത തെറ്റുകളുടെ ഫലം അനുഭവിച്ചുകൊണ്ടാണ് ഇന്നത്തെ സമൂഹം നിൽക്കുന്നത്. ആ തിരിച്ചറിവ് അവർക്ക് വന്നില്ല എങ്കിൽ അത് മനുഷ്യരാശിക്ക് പറ്റുന്ന അബദ്ധമാകും. അതുകൊണ്ട് അവർ തിരിച്ചറിയണം അവനവനിലുള്ള രുചി തിരിച്ചറിയുന്ന വിധത്തിൽ അവന്റെ അഭിരുചി തിരിച്ചറിയാൻ അവന് സാധിക്കണം. Tamarind എന്നു പറഞ്ഞിട്ട് പുളിരസം വായിൽ വരാത്ത ഒരു തലമുറയാണ് ഇന്നത്തേത്. അത് വളരെ കഷ്ടമാണ്. (പുളി എന്നു പറഞ്ഞാൽ എന്റെ അപ്പനപ്പൂപ്പന്മാരിൽ ആ 'പ്രകൃതി' യുടെ വിച്ഛേദ എനിക്കു വരാത്തതുകൊണ്ടാണ് എന്റെ വായിൽ വെള്ളം വരാത്തത്)

എനിക്കു പുതിയ തലമുറയോട് പറയാനുള്ളത് ഇതാണ്. പിന്നാക്കം പോവുക. നിങ്ങൾ പ്രകൃതിയിലേക്ക് ഇറങ്ങിച്ചെല്ലണം. ആധുനിക വിദ്യാഭ്യാസത്തെ സംശയത്തോടെ വീക്ഷിക്കണം. അതുകൊണ്ട് നിങ്ങൾ പ്രാചീനരാകണം.

**തയ്യാറാക്കിയത് - മിഥുൻ മുരളി, എൽജോ ജോസഫ് ടി.**








# അക്തർ

അതായത് ഞാൻ അല്ല അവൻ പറയുന്നത്.... മണിക്കൂർ ഒന്നായി ഒരു വരിയിൽ കടിച്ചുതൂങ്ങി സംസാരിക്കാൻ തുടങ്ങിയിട്ട്. വിധി അല്ലാതെ എന്തു പറയാൻ!!!

"ഇതിനു വല്ല പാസഞ്ചറിനും തല വെച്ചൂടെ?"

"പണ്ടാരം എന്ത് ശല്യമാ ഇത്?"

കമന്റുകൾ പ്രവഹിക്കുകയാണ്. ഒരുത്തൻ മാത്രം സമാധാനമായി ടീച്ചർക്കു ചെവി കൊടുക്കുന്നു. മറ്റുള്ളവർ ഉറക്കത്തിലാണ്.

"ഉറങ്ങാൻ കഴിയുന്നവർ ഭാഗ്യവാന്മാർ"

നമുക്ക് ടീച്ചറിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ആ വിദ്വാനിലേക്ക് വരാം.

"മച്ചാ, നീയെങ്ങനാടാ ശ്രദ്ധിക്കുന്നേ?"

"അതോ നമ്മൾ എത്ര ടെസ്റ്റ് മാച്ചുകൾ കാണുന്നു. അക്തർ അങ്ങേയറ്റത്തുനിന്നും ഓടി വരുന്നു. എറിയുന്നു. ദ്രാവിഡ് ലീവ് ചെയ്യുന്നു. പിന്നെയും അക്തർ അങ്ങേയറ്റത്തേക്ക്. നമ്മൾ അതു കാണുന്നു. പിന്നാ ഇ്." ഞാൻ അവനെ നമിച്ചു. വീണ്ടും ഉറക്കത്തിലേയ്ക്ക് നീങ്ങി.

"അക്തർ ആരാണാവോ?"

**Adeep Husain**
II BA English

# അവസാനത്തെ സോഷ്യലിസ്റ്റ്



ഭൂമിയിലെ അവസാനത്തെ സോഷ്യലിസ്റ്റ് രണ്ടായിരം വർഷം
മുമ്പ് മൃതിയടഞ്ഞു. ഒപ്പം സോഷ്യലിസവും.
ഗതികിട്ടാത്ത പരേതാത്മാവിനെപ്പോലെ ഉത്തരാധുനിക
കാലത്തും അത് മനുഷ്യരെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.
സോഷ്യലിസത്തിന്റെ നാനാവശങ്ങൾ വേണ്ടവിധം
മനസ്സിലാക്കാനുള്ള ധൈഷണിക സിദ്ധിയില്ലാത്ത ഒരു
ഫ്യൂഡൽ മണക്കൂസാണ് ഞാനെന്ന് നിങ്ങൾ
പ്രത്യയശാസ്ത്രവാദികൾക്ക് തർക്കിക്കാം.
അതിനു മുമ്പ് ഒരു നിമിഷം
ഭ്രാന്തെടുത്ത നായയ്ക്ക് നരകം
ഭ്രാന്തെടുത്ത എനിക്ക് ഷോക്ക്
ഭ്രാന്തെടുത്ത ഐൻസ്റ്റീന് നൊബേൽ
ഇനി പറയൂ സോഷ്യലിസം എന്ന് വരും?

**Divya Unni**
II BA English



# വിദൂരസന്ധ്യ

നിന്റെ കണ്ണുകളിൽ ദൂരെ
എരിഞ്ഞുതീരുന്ന സൂര്യനെ ഞാൻ
നോക്കിനിന്നു.
ഇനിയൊരിക്കലും
പുനർജ്ജനി ലഭിക്കാത്ത ഈ സന്ധ്യയിൽ
പേരിട്ടുവിളിക്കാനാവാത്ത ഏതൊക്കെയോ
അനുഭൂതികൾ സമ്മാനിച്ച് നീ മടങ്ങി
ഓർമ്മകളെ ഒരു പഴയചെപ്പിൽ
ഒളിപ്പിച്ച്, പുതിയൊരു പകലിനു
നേരെ നീ യാത്രയായി
മറയുന്ന സൂര്യനും ഇരുളുന്ന
വഴികൾക്കുമിടയിൽ ഞാൻ
നിഴലിനൊപ്പം നടന്നു!!!

**Naja**
I B.Sc Botany

# ഗൃഹാതുരത



ഇരുട്ടുമുറിയുടെ തുരുത്തിലെൻ
തനിച്ചിരിപ്പുകൾ നീളുന്നു
കൊട്ടിയടഞ്ഞ ജനാലകളിൽ
കറുത്തവാവു കനക്കുന്നു
കത്തിയെരിഞ്ഞ നിലാച്ചന്തം
കനലായ് നീറിപ്പുകയുന്നു
പുറത്തെയിരുളിൻ പിളർന്ന വായ്
ഉള്ളിലെയഗ്നി കെടുത്തുന്നു
ഇവിടെയിരുട്ടിൻ തടവറയിൽ
വെളിച്ചമെന്തെന്നറിയുന്നു
മൃതരുടെ ലോകത്തൊരു പാവം
ഗൃഹാതുരമായ് മിഴി വാർക്കുന്നു.

**Riya Joy**
I MA English

## ക്യാംപസിൽ നിന്നും അന്യമാകുന്ന പ്രണയലേഖനം പറയുന്നു

# ഇനി ഒരു ജന്മം തരൂ...!



എന്നെ ഇന്ന് ആർക്കും ഇഷ്ടമല്ല. എന്റെ കാര്യം പറയുമ്പോൾ എല്ലാവരും പുച്ഛത്തോടെ എന്നെ പരിഹസിക്കുന്നു. ഞാനൊരു തെറ്റും ചെയ്തിട്ടില്ല. എന്നിട്ടും എന്നെ എന്തിനാണിങ്ങനെ പരിഹസിക്കുന്നത്? എന്റെ കാലം കഴിഞ്ഞുവെന്ന് നിങ്ങൾ പറയുന്നു. അതെന്റെ തെറ്റല്ല. ചൈനയിൽ നിന്നും മൊബൈൽ എന്ന ഒരു വിദ്വാനെ എനിക്ക് പകരം വച്ചില്ലേ? അവനെന്നേക്കാൾ ഒരുപാട് കഴിവുകളുണ്ട്. അവനെപ്പോൾ വേണമെങ്കിലും സംസാരിക്കാം. എത്ര സന്ദേശം വേണമെങ്കിലും ഏതു സമയത്തും കൈമാറാം. അവനിന്നു നിങ്ങളുടെ ശരീരത്തിലെ ഒരവയവമായി മാറി. പക്ഷേ നിങ്ങൾ ഒന്നോർക്കണം. ഹൃദയമിടിപ്പിനോടു ചേർത്തു നിങ്ങളെന്നെ പുസ്തകത്താളിൽ നെഞ്ചോടുചേർത്തു പിടിച്ച ഒരു കാലമുണ്ടായിരുന്നു. അന്ന് എന്നെ ലൈബ്രറിയിലെ പുസ്തക ത്താളിൽ ഒളിപ്പിച്ചു വച്ചു. സിസിയിലെയും ബി.ബി.സി.യിലെയും തണൽമരങ്ങൾക്കും മഹാഗണിക്കും ഇടയിലെനിക്ക് ഇടം നൽകി. കോളേജിലെ വിപ്ലവം ജനിയ്ക്കുന്ന ചില രാഷ്ട്രീയക്കാർ മുദ്രാവാക്യം വിളിയ്ക്കാൻ ചുരുട്ടിപ്പിടിച്ച കൈകളിൽ എന്നെ ഒതുക്കി നിർത്തി. ആരും കാണാതെ എറിഞ്ഞുകൊടുത്തിരുന്നു. കാന്റീനിൽ നിന്നും ചൂടുള്ള പരിപ്പുവടയ്ക്കുമുകളിൽ എന്നെ പൊതിഞ്ഞുകൊടുത്തിരുന്നു. ചിലർ നഷ്ടബോധത്തിന്റെ വേദനയിൽ എന്നെ തീയിട്ടു കത്തിച്ചു. പക്ഷേ ഞാനിതെല്ലാം സഹിച്ചു. കാരണം നിങ്ങളെന്നെ ജീവനെക്കാളുപരി സ്നേഹിച്ചിരുന്നു. നിങ്ങളുടെ അക്ഷരങ്ങൾ എന്നെ സൃഷ്ടിക്കുമ്പോൾ അതിന് സ്വന്തം ജീവനേക്കാൾ വില നിങ്ങൾ നൽകിയിരുന്നു. അതിന്റെ ആഴത്തിനും ഓളത്തിനും മുമ്പിൽ കടലുപോലും വഴിമാറുമായിരുന്നു. ജീവന്റെ വില നൽകി ഓർമ്മകൾക്കായ് പലരും എന്നെ നിധിപോലെ കാത്തു സൂക്ഷിക്കുന്നു.

ആ എൺപതു കാലഘട്ടങ്ങളിൽ എന്നിൽ ചാലിച്ചെഴുതിയ വാക്കുകൾക്ക് ഒടുവിൽ അടിവരയിട്ടെഴുതിയിരുന്നു നിങ്ങൾ ഒരു കാര്യം: "ജീവിക്കുവാനാണെങ്കിൽ ഒരുമിച്ച് മരിക്കുവാനാണെങ്കിലും ഒരുമിച്ച്". അതിനുമപ്പുറം ചില ഇളം മനസ്സുകൾ "ഇനിയും ജന്മാന്തരങ്ങൾ കാത്തിരിക്കും" എന്ന് അടിവരയിട്ട് എഴുതിയപ്പോൾ ഞാൻ നിങ്ങൾക്ക് മുന്നിൽ തലകുനിച്ചു നിന്നുപോയി. നിങ്ങൾ കാട്ടുന്ന സ്നേഹം, ആ സ്നേഹം എന്നിലൂടെ കൈമാറുമ്പോൾ ഒരിയ്ക്കലും നിങ്ങളെന്നെ ക്യാംപസിൽ നിന്ന് പുറത്താക്കില്ല എന്ന് സ്വപ്നം കണ്ടു.

പക്ഷേ, രണ്ടായിരം പിറന്നതോടെ എന്റെ വംശനാശം തുടങ്ങി. എന്നെ സൃഷ്ടിക്കാൻ പരസ്പരം സ്നേഹിച്ച പുസ്തകങ്ങളെയും തൂലികയേയും നിങ്ങൾ പരസ്പരം അകറ്റി നിർത്തി. പകരം നിങ്ങളുടെ കൈവിരലുകൾ കീപാഡുമായി പ്രണയിച്ചു. അന്നെന്നിൽ ചേർത്തുവച്ച മയിൽപ്പീലിയും മഞ്ചാടിക്കുരുവും റോസാപ്പൂവിതളുകളും എന്നോടൊപ്പം ക്യാംപസിൽ നിന്നും

പുറന്തള്ളപ്പെട്ടു. നിങ്ങളിവിടെ മറന്നത് മറ്റൊന്നാണ്. ഒരു കാലത്ത് നിങ്ങളുടെ പ്രണയത്തിന് ആഴം കൂട്ടുവാൻ മാനം കാണാത്ത മയിൽപ്പീലിയും, കൈവെള്ളയിൽ തെന്നിക്കളിയ്ക്കുന്ന മഞ്ചാടിയും, ചുണ്ടോടുചേർത്ത് മുത്തം കൊടുക്കുവാൻ ചെമ്പനീർപ്പൂവും ഉണ്ടായിരുന്നുള്ളു.... പക്ഷേ, അതെല്ലാം നിങ്ങൾ മറന്നു. ഇന്ന് പ്രണയിക്കുവാൻ നിങ്ങൾക്കെല്ലാമുണ്ട് - മൊബൈൽ, എസ്എംഎസ്, ഇന്റർനെറ്റ്... ഈ സൃഷ്ടിയെല്ലാം ക്യാംപസിലെ പ്രണയത്തിന് വളരെയധികം വേഗത നൽകി... അതിനേക്കാൾ വളരെയധികം വേദനയും. നിങ്ങളിത് തിരിച്ചറിഞ്ഞിട്ടും കണ്ടില്ല എന്ന് നടിക്കുന്നു. എന്നിട്ടും എവിടെയോ ഉപേക്ഷിക്കപ്പെട്ട എന്നെ തിരിച്ചുവിളിക്കാതെ കൂട്ടമായി നിന്നും പരിഹസിക്കുന്നു. **നിങ്ങളോർക്കുക ഈ പുരോഗമനകാലഘട്ടത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ നിങ്ങളെ ചതിച്ചിട്ടേയുള്ളൂ. നിങ്ങൾ രഹസ്യം എന്ന് വിചാരിക്കുന്നത് നിങ്ങൾക്കു മാത്രം രഹസ്യമായിരിക്കും. പക്ഷേ, ലോകത്തിനു മുമ്പിലത് പരസ്യമായിരിക്കും!** അത് നിങ്ങൾ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലേ? അതോ എന്നെ തിരിച്ചുവിളിക്കാനുള്ള മടിയിൽ അറിയാത്തതായി നടിയ്ക്കുന്നതോ? എനിക്കൊരു ഭൂതകാലമുണ്ടായിരുന്നു. അന്ന് നിങ്ങളുടെ കണ്ണുനീർത്തുള്ളിയുടെ ഉപ്പ് എന്നിൽ പടരുമ്പോൾ ഉരുട്ടിയെഴുതിയ അക്ഷരത്തിനും നനവിന്റെ വിള്ളൽ വീഴുമ്പോഴും എന്റെ മനസ്സ് പിടച്ചിരുന്നു. നിങ്ങളുടെ ചോരകൊണ്ട് നിങ്ങൾ ചാലിച്ച് എന്നിലെഴുതിയ അക്ഷരങ്ങൾ, എന്റെ കണ്ണിൽ നിന്നും ചോരത്തുള്ളികൾ പൊഴിച്ചിരുന്നു. പക്ഷേ നിങ്ങളുടെ പ്രണയത്തിനു മുന്നിൽ ഇവയെല്ലാം ഞാൻ അടക്കി നിർത്തി. എന്നെ ഏൽപ്പിച്ച ജോലികൾ ഭംഗിയായി ഞാൻ ചെയ്തു തീർത്തു. ഒരിയ്ക്കലെങ്കിലും എന്റെ വേദനയെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിരുന്നോ...? ഉണ്ട് എന്ന് പറയാൻ നിങ്ങൾക്കൊരിക്കലും ആവില്ല. അപ്പോഴെല്ലാം നിങ്ങളുടെ സന്തോഷത്തിലും ദുഃഖത്തിലും സംഗീതാത്മകമായ വരികളിലൂടെ ഞാൻ നിങ്ങൾക്കൊപ്പം കഴിഞ്ഞു.

ഇന്നും എന്നെ മറക്കാത്ത ചിലർ ക്യാംപസിലുണ്ട്. അവർ കോളേജിന്റെ ചക്കമരത്തിനും ബി.ബി.സിയ്ക്കും സി.സിയ്ക്കും ഇടയിൽ എന്നെ നെഞ്ചോടുചേർത്ത് പുസ്തകത്തിനിടയിൽ നിധിപോലെ കാത്തുസൂക്ഷിച്ച് ആരെയോ കാത്തു നിൽക്കുന്നുണ്ട്. ഒരു കയ്യിൽ കൊടിയും മറുകയ്യിൽ എന്നെയും ഒതുക്കിപ്പിടിച്ച് മുദ്രാവാക്യം വിളിയ്ക്കുന്ന നേതാവ് ആരെയോ നോക്കുന്നുണ്ട്. ആരൊക്കെയോ എന്നെ പ്രതീക്ഷിച്ച് ഇന്നും കോളേജിൽ വരുന്നുണ്ട്. അവരതാരോടും പറയുന്നില്ല. കാരണം ചക്കമരത്തിനിടയിലും പുൽത്തകിടിയ്ക്കു മുകളിലും വിഎംഎച്ചിന് പുറകിൽ നിന്നും ഒരുകൂട്ടം കയ്യടിച്ച് കൂകിവിളിയ്ക്കുമെന്ന ഭയപ്പാടിലായിരിയ്ക്കും... എങ്കിലും ഇപ്പോഴും എന്റെ ഭൂതകാലത്തിന്റെ പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിച്ച് എന്നെ വീണ്ടും ക്യാംപസിലേയ്ക്ക് കൊണ്ടുവരുമെന്ന പ്രതീക്ഷ എന്റെ ഉള്ളിലുണ്ട്. വീണ്ടും ലൈബ്രറിയുടെ ഇടയിലും മഹാഗണിയ്ക്കിടയിലും പുസ്തകത്താളുകൾക്കിടയിലും ഒരുവട്ടം കൂടി എനിക്കിരിക്കണം. അവരുടെ ഒരുപാട് സ്വപ്നങ്ങൾ പൂവണിയിക്കണം. അവരുടെ തലമുറയിലൂടെ ഒരിക്കലും അസ്തമിക്കാതെ എനിക്കു ജീവിക്കണം. എന്നെ നിങ്ങൾ വീണ്ടും തിരിച്ചു കൊണ്ടുവരില്ലേ? അതോ ക്യാംപസിന്റെ പലയിടങ്ങളിലും നിങ്ങളെന്നെ അഗ്നിയ്ക്കിരയാക്കിയതുപോലെ ഒരുപിടി ചാരമായി മാറ്റുമോ?

ഇല്ല, ഒരിക്കലും നിങ്ങൾക്കെന്നെ നശിപ്പിക്കാനാകില്ല. നിങ്ങളുടെയെല്ലാം ഉള്ളിൽ പ്രണയം ജനിക്കുമ്പോൾ മനസ്സിന്റെ ഒരു കോണിൽ ഞാനും ജനിക്കും. ആർക്കും പിരിക്കാനാവാത്തൊരു ബന്ധം നമുക്കിടയിലുള്ളവിധം, ആ കാലം വരെ ഞാൻ നിങ്ങളിൽ നിന്നും മായില്ല. നിങ്ങളുടെ സ്വപ്നം പൂവണിയിക്കാൻ എന്നെ നിങ്ങൾ തിരിച്ചുകൊണ്ടുവരില്ലേ?

**Bibinraj P. B.**
II BA Malayalam

# മനുഷ്യൻ,
## ഹാ! എത്ര സുന്ദരമായ പദം

**ലോക**ഗതിയെ നിർണ്ണായകമായി സ്വാധീനിച്ച നിരവധി മഹാരഥന്മാരെ മാനവചരിത്രം സൃഷ്ടിച്ചിട്ടുണ്ട്. കാലത്തെയും കഥാകൃത്തിനെയും അതിശയിച്ച് നിസ്തുലപ്രഭപടർത്തി വിരാജിക്കുന്ന നിരവധി കഥാപാത്രങ്ങൾക്ക് ലോകസാഹിത്യവും ജന്മം നൽകിയിട്ടുണ്ട്. ചരിത്രവ്യക്തിത്വങ്ങൾക്കൊപ്പംതന്നെ ജീവനോടെയിരിക്കുന്ന അതുല്യകഥാപാത്രങ്ങൾ! ആ ശ്രേണിയിൽപ്പെടുന്ന കഥാപാത്രമാണ് പീലിയേഗാനിലോവ്ന. ഈ പേര് അറിയില്ലാത്തവരും മാക്സിം ഗോർക്കിയുടെ 'അമ്മ'യെ അറിയാതെ വരില്ല. അത്രമേൽ സ്വന്തം പേരിനെ മറികടന്നിരിക്കുന്ന 'അമ്മ'യ്ക്ക് ജീവൻ കൊടുത്ത വിശ്വസാഹിത്യകാരൻ മാക്സിം ഗോർക്കിയുടെ 75-ാം ചരമവാർഷികമാണ് 2011.

"ആ പുസ്തകമെഴുതി ഒരു കൊടുങ്കാറ്റഴിച്ചു വിട്ട കൊച്ചുവനിത നിങ്ങളാണല്ലേ ?"' അങ്കിൾ ടോംസ് ക്യാബിൻ എന്ന വിഖ്യാത കൃതിയുടെ കർത്താവ് ഹാരിയറ്റ് ബിക്കർസ്റ്റോവിനെ നേരിൽ കണ്ടപ്പോൾ എബ്രഹാം ലിങ്കൺ അതിശയം കൂറി. അടിമത്തത്തിനെതിരെ അമേരിക്കയിൽ താൻ നയിച്ച ഐതിഹാസിക പോരാട്ടത്തിൽ പ്രസ്തുത കൃതി ചെലുത്തിയ നിർണ്ണായകമായ സ്വാധീനത്തെയാണ് ആ ചോദ്യത്തിലൂടെ അദ്ദേഹം സൂചിപ്പിച്ചത്. അരനൂറ്റാണ്ടിനുശേഷം പുതിയൊരു ലോകക്രമത്തിന്റെതന്നെ സ്രഷ്ടാവായ അതികായനായ ഒരു നേതാവ് മഹാനായ ലെനിൻ മറ്റൊരു കൃതിയെക്കുറിച്ച്, മാക്സിം ഗോർക്കിയുടെ 'അമ്മ'യെക്കുറിച്ച് ഇപ്രകാരം അഭിപ്രായപ്പെട്ടു. "അവശ്യം വേണ്ടിയിരുന്ന ഒരു പുസ്തകമാണിത്. തികച്ചും സമയോചിതമായ ഒരു പുസ്തകം." ചരിത്രത്തിന്റെ ആ പ്രത്യേക ദശാസന്ധിയിൽ ഇങ്ങനെയൊരു പുസ്തകം അനിവാര്യമായിരുന്നു! അതായത് ചരിത്രത്തിന്റെ ചില സന്ദിഗ്ദ്ധഘട്ടങ്ങളിൽ പിറവിയെടുക്കുന്ന ചില കൃതികൾ മഹാരഥന്മാരെപ്പോലെതന്നെ ചരിത്രത്തിന്റെ വഴിത്തിരിവുകൾക്ക് കാരണമാകാറുണ്ട്. ചരിത്രത്തിന്റെ സൃഷ്ടികൾതന്നെയെങ്കിലും അവ ചരിത്രം സൃഷ്ടിക്കും. അത്തരമൊരു നിയോഗമാണ് 'അമ്മ' യ്ക്കും നിർവ്വഹിക്കാനുണ്ടായിരുന്നത്.

വിപ്ലവത്തിനു തൊട്ടുമുമ്പുള്ള റഷ്യയുടെ സാമൂഹ്യ രാഷ്ട്രീയ പരിതസ്ഥിതികളും ജനങ്ങളുടെ ജീവിതവുമാണ് ഈ കൃതിയിൽ നാം പരിചയപ്പെടുന്നത്. അതായത് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം. തൊഴിലാളികളുടെ ജീവിതാവസ്ഥയും മാനസിക വ്യാപാരങ്ങളും അസാമാന്യ പാടവത്തോടെ പരിശോധിക്കുകയും അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു ഈ കൃതിയിൽ. നോവലിന്റെ തുടക്കത്തിൽ ഗോർക്കി പരിചയപ്പെടുത്തുന്നത്, അഴുക്കുപുരണ്ട മുഖവും വിശന്നു തിളങ്ങുന്ന പല്ലുകളും യന്ത്രഎണ്ണയുടെ ഒട്ടുന്ന ഗന്ധം പേറുന്ന ദേഹവുമുള്ള, ഫാക്ടറിയെയും യന്ത്രങ്ങളെയും മേസ്തിരിയെയും കുറിച്ച് മാത്രം സംസാരിക്കുന്ന (അവരുടെ ജോലിയുമായി ബന്ധമില്ലാത്ത ഒന്നിനെക്കുറിച്ചും അവർ ചിന്തിക്കുകയോ സംസാരിക്കുകയോ ചെയ്തിരുന്നില്ല.) തൊഴിലാളികളെയാണ്. തുടർന്നുള്ള നിരീക്ഷണവും ശ്രദ്ധിക്കുക. കാരണമെന്തെന്നറിയാത്ത ഏതോ ഒരു വിമ്മിഷ്ടം അവരുടെ ചങ്കിൽ പുറത്തേയ്ക്കുള്ള പഴുതില്ലാതെ വീർപ്പുമുട്ടിക്കിടന്നു... പൈശാചികതയോടെ ചീറിയടുത്ത് വികാരശമനം വരുത്താനുള്ള ഏറ്റവും ചെറിയ സന്ദർഭംപോലും അവർ പാഴാക്കിയില്ല... വിദ്വേഷത്തിന്റേതായ ഒരു അന്തർബോധമാണ് അവരുടെ മാനുഷികബന്ധങ്ങളിൽ മുന്നിട്ടു നിന്നിരുന്നത്. പിതൃസ്വത്തായി അവർക്ക് കിട്ടിയത് ഈ ആത്മീയവൈകല്യമൊന്നുമാത്രമാണ്. ഗോർക്കി ഇപ്രകാരമെല്ലാം വർണ്ണിക്കുമ്പോൾ, തൊഴിലാളികളുടെ ജീവിതസാഹചര്യം, അതവരിൽ



സൃഷ്ടിച്ചിരിക്കുന്ന സ്വഭാവസവിശേഷതകൾ, അവരിൽ ഊറിക്കൂടിയിരിക്കുന്ന പക, വെറുപ്പ്, വിദ്വേഷം, ഇതിനൊക്കെ കാരണമറിയായ്കയാൽ പരസ്പരമോ തങ്ങളോടുതന്നെയോ കണക്കുതീർക്കുന്ന രീതി... ഇങ്ങനെ തൊഴിലാളികളിലേയ്ക്ക്, അവരുടെ ആത്മാവിലേയ്ക്ക് ഇറങ്ങിച്ചെന്നുകൊണ്ട് ആധുനിക പണിയാളരുടെ ജീവിതത്തെക്കുറിച്ചും മാനസിക വ്യാപാരങ്ങളെക്കുറിച്ചുമുള്ള അങ്ങേയറ്റം സത്യസന്ധവും വസ്തുതാപരവുമായ ഒരു പ്രതിപാദനമാണ് നമുക്ക് അനുഭവിക്കാനാവുക. പട്ടിണി ആളുകളെ നിഴൽപോലെ പിന്തുടരുകയാണ്.. അത് അവരുടെ ആത്മാവിനെ വിഴുങ്ങുന്നു... അവർ ജീവിക്കുകയല്ല ഒടുങ്ങാത്ത പഞ്ഞത്തിൽ ദ്രവിച്ചു പോകുകയാണ്.... ഗോർക്കി റീബനിലൂടെ അവതരിപ്പിക്കുന്ന ഈ ചിത്രം അന്നു മാത്രമല്ല ഇന്നും ശരിതന്നെയാണ്.




തൊഴിലാളികൾക്കിടയിലേയ്ക്ക് കടന്നു വരുന്ന പ്രത്യാശയുടെ പുതിയ വെളിച്ചത്തെ അവിശ്വാസത്തോടെയാണ് അവർ വീക്ഷിച്ചു തുടങ്ങുന്നത്. എന്നാൽ കഥാന്ത്യത്തിൽ നാം കാണുന്നത് വിപ്ലവത്തിലേക്ക് നടന്നുനീങ്ങുന്ന തൊഴിലാളികളെയാണ്. ക്രമാനുഗതമായ ഈ വളർച്ചയാണ് നോവലിന്റെ ഇതിവൃത്തമെന്ന് സാമാന്യമായി പറയാമെങ്കിലും ആ പ്രസ്താവന കൃതിയുടെ അന്തസത്തയെ പൂർണ്ണമായും ഉൾക്കൊള്ളാൻ പര്യാപ്തമല്ല. ജീവിതത്തിന് പുതിയ അർത്ഥവും ലക്ഷ്യബോധവും കൈവരുമ്പോൾ ഒരുവനിലുണ്ടാകുന്ന ആന്തരിക പരിവർത്തനമാണ് കൃതിയുടെ ജീവചൈതന്യം. നിരക്ഷരരും അനഭിമതരുമായ തൊഴിലാളികളുടെ ഇടയിലേയ്ക്ക് കടന്നുവരുന്ന സത്യത്തിന്റെ പുതു വെളിച്ചം അവരുടെ ആത്മാവിനെ തൊട്ടുണർത്തുന്നു. അതിലൂടെ വ്യക്തിക്ക് കൈവരുന്നത് പുനർജ്ജന്മമാണ്. യഥാർത്ഥത്തിൽ മനുഷ്യസ്നേഹപരമായ എല്ലാവികാരങ്ങളും കെട്ടഴിച്ചുവിടപ്പെട്ടിരിക്കുകയാണിവിടെ. സഹൃദയനായ ഏതൊരുവായനക്കാരനെയും ഗോർക്കി ആ വഴികളിലൂടെ നയിക്കുകയും സ്വയം പരിവർത്തനത്തിന് വിധേയനാക്കുകയും ചെയ്യും.

അതിന്റെ ഉത്തമദൃഷ്ടാന്തങ്ങളാണ് പാവേലും മാതാവ് പീലിയേഗാ നിലോവ്നയും. പാവേൽ ഈ ഉടച്ചുവാർക്കൽ പ്രക്രിയയിലൂടെ കടന്നുപോകുന്ന തൊഴിലാളികളുടെ പ്രതിനിധി. നിലോവ്നയാകട്ടെ, നവജീവിതത്തെ ഇറുകെപ്പുണരാൻ വെമ്പുന്ന സ്ത്രീജീവിതങ്ങളുടെയും പ്രതിനിധി. പാവേൽ വാസ്ളോവും ജീവിച്ചുതുടങ്ങിയത് അക്കാലത്തെ എല്ലാ ചെറുപ്പക്കാരെയും പോലെ തന്നെയാണ്. (അക്കാലത്തെ ചെറുപ്പക്കാർ മദ്യപിക്കുകയും തല്ലുകൂടുകയും ചെയ്തിരുന്നു.) എന്നാൽ യന്ത്രസമാനമായ ആ ജീവിതത്തിൽ നിന്നും പാവേൽ ക്രമേണ അകലുന്നു. അക്കാലത്ത് തൊഴിലാളികളുടെയിടയിൽ ശക്തിയാർജ്ജിച്ചുകൊണ്ടിരുന്ന വിപ്ലവപ്രസ്ഥാനവുമായി പാവേൽ അടുക്കുന്നു. ജീവിതത്തിന് കുറച്ചൊരു അടുക്കും ചിട്ടയും കൈവന്നിരിക്കുന്നു. അമ്മയോടുള്ള സമീപനവും പെരുമാറ്റവും മൃദുവായതുപോലെ വായിക്കുകയും പഠിക്കുകയും ചെയ്യുന്നു. മകൻ പിതാവിനെപ്പോലെയോ മറ്റ് ചെറുപ്പക്കാരെയോ പോലെയല്ലയെന്നത് അമ്മയെ ആശ്വസിപ്പിക്കുമ്പോഴും മകനിലെ പരിവർത്തനങ്ങൾ അമ്മയെ ആശയക്കുഴപ്പത്തിലാക്കുകയും ഒട്ടൊരളവിൽ ഭയപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ക്രമേണ പാവേൽ തന്റെ ചിന്തകൾ അമ്മയുമായി പങ്കുവയ്ക്കുന്നു. മകനിലെ മാറ്റങ്ങളെ ആദരവോടെ നോക്കിക്കാണുകയും ഒപ്പം ഹൃദയം അവർക്കായി സമർപ്പിക്കുകയും ചെയ്യുന്നു. തൊഴിലാളികളെ ബോധവൽക്കരിക്കുകയും സംഘടിപ്പിക്കുകയും അവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുകയും ചെയ്യുമ്പോൾത്തന്നെ സ്വന്തം പരിമിതികളോടും പാവേൽ സമരം ചെയ്യുകയാണ്. സാമൂഹ്യനിർമ്മാണ പ്രക്രിയയിൽ ബോധപൂർവ്വം ഇടപെടുന്നവർ തങ്ങളെത്തന്നെ പുനർനിർമ്മാണ പ്രക്രിയയ്ക്ക് സമർപ്പിക്കേണ്ടിയിരിക്കുന്നു. അങ്ങനെ പുതുജീവൻ നേടുന്ന ആത്മാവിന്റെ കരുത്തിന്റെ പ്രതീകങ്ങളാണ് പാവേലടക്കമുള്ള കഥാപാത്രങ്ങൾ.

ഈ പരിവർത്തനത്തിന്റെ ദശകൾ അമ്മയിലും നമുക്ക് കാണാനാകും. വയസ്സ് നാൽപത് കഴിഞ്ഞതേയുള്ളു. പക്ഷേ എന്നേ വൃദ്ധയായിപ്പോയി നിലോവ്ന. ബാല്യവും യൗവ്വനവും പാവേലിന്റെ അച്ഛനോടൊപ്പമുള്ള ജീവിതവും അമ്മ മറക്കാനാഗ്രഹിക്കുന്ന കാലയളവാണ്. അഥവാ അതിൽ ഓർമ്മിക്കുവാനൊന്നുമില്ല. പുതിയൊരു ജീവിതത്തിന്റെ വാതായനം തുറന്നു കിട്ടിയപ്പോഴാണ് ഇതുവരെ സഹിച്ചുതീർത്ത് ജീവിതത്തെ നിരർത്ഥകമാക്കിക്കളഞ്ഞുവെന്ന് അമ്മയ്ക്ക് മനസ്സി

ലായത്. നാൽപതുവർഷത്തെ ജീവിതം ഇതളിതളായി തന്റെ മുന്നിൽ നിവർത്തിവച്ചപ്പോൾ മകനോട് അവാച്യമായൊരു നന്ദിയാണ് അമ്മയ്ക്ക് തോന്നിയത്. മറന്നുകിടന്നിരുന്നതും മറക്കാനാഗ്രഹിച്ചിരുന്നതുമായ അവ്യക്തചിന്തകളെയും അസംതൃപ്തിയെയും മകന്റെ വാക്കുകൾ തട്ടിയുണർത്തിയപ്പോൾ, വിവാഹം കഴിച്ചന്നു മുതൽ മാനസികമായും ശാരീരികമായും തന്നെ വേദനിപ്പിച്ച ഭർത്താവിനോടുപോലും അമ്മയ്ക്ക് തോന്നിയത് വൈരാഗ്യമല്ല, സഹതാപമാണ്. അതുവരെ അമ്മയെ ഭരിച്ചിരുന്ന വികാരം ഭയമായിരുന്നു. മകനിലൂടെ തുറന്നുകിട്ടിയ ജാലകത്തിലൂടെ കടന്നുവന്ന പുതിയ ആശയങ്ങളെയും അമ്മ വീക്ഷിച്ചു തുടങ്ങിയത് ഭയപ്പാടോടെ തന്നെയായിരുന്നു. എന്നാൽ ഉള്ളിന്റെയുള്ളിൽ അഭിലഷിച്ചിരുന്നതെന്തോ അത് മകന്റെ കൂട്ടുകാരിലൂടെ തൊട്ടറിയാൻ സാധിച്ചപ്പോൾ ഭയത്തെ അമ്മ ക്രമേണ കീഴ്പ്പെടുത്തുകയാണ്. നാൽപത് വയസ്സിനുശേഷം അമ്മയ്ക്കും ലഭിച്ചത് ഒരു പുനർജന്മമാണ്. കാര്യബോധം കൊണ്ട് ഭയത്തെ പൂർണ്ണമായും കീഴടക്കുന്ന അമ്മയെയാണ് കഥാന്ത്യത്തിൽ നാം കാണുന്നത്.

മകനോടുള്ള വികാരവായ്പാണ് അമ്മയെ മകന്റെ പാതയിലേയ്ക്ക് തിരിച്ചുവിടുന്നതെങ്കിലും പാവേലിന്റേതു മാത്രമായിരുന്ന അമ്മ വളരെപ്പെട്ടെന്നു തന്നെ ഹൊഹോലിന്റെയും സാഷയുടെയും നതാഷയുടെയുമൊക്കെ അമ്മയാവുകയാണ്. പാവേലിനോട് അമ്മയുടെ ഹൃദയം എത്രകണ്ട് കരുണാർദ്രമായിരുന്നോ അത്രയ്ക്ക് അത് മറ്റെല്ലാവർക്കും വേണ്ടി തുടിച്ചു. നനഞ്ഞൊലിച്ചു കയറിവരുന്ന സഖാക്കൾക്ക് ചായയുണ്ടാക്കിക്കൊടുക്കുക, കാലുറകളും കമ്പിളി വസ്ത്രങ്ങളും തുന്നിക്കൊടുക്കുക തുടങ്ങിയവയെല്ലാം സഹജഭാവത്തോടെ അമ്മ ചെയ്തുതുടങ്ങുന്നു. അമ്മയുടെ ഹൃദയം അവരുടെ നന്മയ്ക്കായി പ്രാർത്ഥിച്ചു. ഒരിക്കൽ ഹൊഹോൽ വികാരവായ്പോടെ അത് തുറന്നു സമ്മതിക്കുന്നുമുണ്ട്, 'ഒരു പക്ഷേ നിങ്ങളായിരിക്കും എന്റെ പെറ്റമ്മ...' ഇവിടെ മാതൃത്വത്തിന്റെ ഉദാത്തമായ, ഉയർന്ന ഒരു സങ്കൽപ്പമാണ് ഗോർക്കി അവതരിപ്പിക്കുന്നത്.

ശ്രദ്ധേയമായ മറ്റൊരു സംഗതി തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് ഗോർക്കി നടത്തുന്ന അത്രതന്നെ സൂക്ഷ്മമായ നിരീക്ഷണമാണ് അമ്മയിലൂടെ സ്ത്രീകളുടെ ജീവിതത്തെക്കുറിച്ചും നടത്തുന്നത് എന്നതാണ്. അമ്മയുടെ പൂർവ്വകാല ജീവിതം അക്കാലത്തെ മാത്രമല്ല ഇക്കാലത്തെയും സ്ത്രീകളുടെ ജീവിതത്തിന്റെ നേർസാക്ഷ്യമാണ്. ജീവിതം മുഴുവൻ ഭയന്നും അപമാനങ്ങൾ സഹിച്ചും വല്ലപ്രകാരേണയും അവർ ജീവിച്ചു തീർക്കുകയാണ്. ജീവിതത്തിന് അർത്ഥവും ലക്ഷ്യവും കൈവന്നു കഴിഞ്ഞപ്പോൾ അമ്മ പുതിയ കണ്ണോടെ ലോകത്തെ വീക്ഷിച്ചുതുടങ്ങി. എന്നോ മറന്ന അക്ഷരങ്ങൾ ഓർമ്മയിൽന്ന് പെറുക്കിയെടുക്കാൻ ശ്രമിച്ചു. നമുക്കിപ്പോൾ ജീവിതത്തിന്റെ രുചി കുറച്ചൊന്നറിയാൻ കഴിഞ്ഞു. യഥാർത്ഥ മനുഷ്യജീവിതത്തിന്റെ രുചി.. അമ്മയുടെ അന്തരംഗം തരളിതമായി. ആളുകളോട് സംസാരിക്കുവാനും അവരുടെ പരാതികളും കഥകളും കേൾക്കാനും അമ്മ ഇഷ്ടപ്പെട്ടു. തൊഴിലാളികളുടെയിടങ്ങളന്വേഷിച്ചുള്ള യാത്രകൾ അമ്മയ്ക്ക് ഏറെ സന്തോഷം നൽകി. ഇവിടെയെല്ലാം അസ്വസ്ഥവും വ്യാകുലവുമായ മനുഷ്യജീവിതത്തിന്റെ വിസ്തൃതദൃശ്യം അമ്മ കണ്ടു. ലോകത്ത് സകലതും സമൃദ്ധമാണ്. ആ സമൃദ്ധിയുടെ നടുവിൽ സാധാരണ ജനങ്ങൾ അർദ്ധപട്ടിണിയിലും കൊടിയ ദാരിദ്ര്യത്തിലും ഇഴഞ്ഞുനീങ്ങുന്നു. ദൈവത്തിനു വേണ്ടാത്ത പൊന്നും വെള്ളിയും പട്ടണത്തിലെ പള്ളികളിൽ കുമിഞ്ഞുകിടക്കുമ്പോൾ പടിക്കൽ പിച്ചക്കാശിനു കൈനീട്ടി ഭിക്ഷക്കാർ വിറച്ചുനിൽക്കുന്നു. സമ്പന്നമായ പള്ളികൾ... കസവുടയാടകൾ... ആശ്വാസത്തിനുവേണ്ടി ക്രിസ്തുവിനെത്തേടിവന്ന പാവങ്ങളെക്കണ്ട് കസവുടയാടകൾ വെറുപ്പോടെയുലഞ്ഞു. പണക്കാരെക്കാൾ ക്രിസ്തുവിനെ ആവശ്യമുള്ള പാവങ്ങളോട് കാട്ടുന്ന അധിക്ഷേപമായി അമ്മ അതിനെകണ്ടു... ദൈവത്തിന്റെ കാര്യത്തിലും അവർ നമ്മെ പറ്റിച്ചു. റീബന്റെ വാക്കുകൾ അമ്മയിൽ തേട്ടിത്തേട്ടി വന്നു..

"ആളുകൾ പരസ്പരം മതിമറന്നു സ്നേഹിക്കുന്ന ഒരു കാലം വരുമെന്ന് എനിക്കറിയാം... ഓരോരുത്തരും മറ്റുള്ളവർക്ക് ഒരു നക്ഷത്രം പോലെയായിരിക്കും. സ്വാതന്ത്ര്യം മഹനീയരാക്കിത്തീർത്ത മനുഷ്യർ ഭൂമിയിൽ യഥേഷ്ടം വിഹരിക്കും. മനുഷ്യന്റെ രൂപത്തിനു തന്നെ ഔന്നത്യം സംഭവിക്കും. അങ്ങേയറ്റത്തെ ഹൃദയവിശാലതയോടെ ലോകത്തെ ഉൾക്കൊള്ളാനും സ്നേഹിക്കാനും കഴിയുന്നവരായിരിക്കും ഏറ്റവും മികച്ചവരായി പരിഗണിക്കപ്പെടുക..."

പീലിയേഗാ നിലോവ്നയുടെ ഹൃദയാന്തരംഗത്തുനിന്ന് ഒഴുകിവരുന്ന ഈ വാക്കുകൾമതി, മനുഷ്യരാശിയുടെ ആകെ പ്രത്യാശയുടെ, സ്നേഹവായ്പിന്റെ, മാതൃത്വത്തിന്റെ തന്നെ ഉദാത്ത പ്രതീകമായി അവരെ ചിരപ്രതിഷ്ഠയാക്കാൻ. 'മനുഷ്യൻ, ഹാ! എത്ര സുന്ദരമായ പദം' - മാക്സിം ഗോർക്കിയുടെ വിശ്വപ്രസിദ്ധമായ ഈ ആത്മഗതം ശ്രവിച്ചിട്ടില്ലാത്തവരാരുമുണ്ടാകില്ല, കാലത്തിന്റെ കാലടിശബ്ദത്തിനു കാതോർത്തവരുടെ കൂട്ടത്തിൽ. അമ്മയിലൂടെ പ്രകാശിതമാകുന്നത്, ഉജ്ജ്വലകാന്തിയോടെ പ്രസരിക്കുന്നത്, യഥാർത്ഥ വിപ്ലവകാരിയുടെ ഈ ജീവിതാഭിവാഞ്ഛയാണ്, മനുഷ്യനെ അവന് അർഹമായ സുന്ദരവും ശ്രേഷ്ഠവുമായ ആ ഒരു പദവിയിലവരോധിക്കുന്ന സമൂഹസൃഷ്ടിക്കായുള്ള അഭിവാഞ്ഛ.

**Sreekanth V.**
I BA English



# TSUNAMI

That night, the whole place was dark-
the blast which shook the earth
they don't forsee. It will be the doomsday.
He cracked the world and cameout,
a monster with a ghostly smile.
Stood appearing vague,
with malicious glee swallowing the world.
In a movement he rose and touched the sky
he bounced upon them with ravenous greed
People closed their eyes in terror
darkness set in with tumult....
When the eyes opened with rays of light
havoc was wreaked, he took everything.
The eyes, searched for a sign of light,
but everything was dead, world became a grave yard
the houses tombs; flowers, tears;
there was nothing left, every thing was gone
to the womb of the mother, the sea,
to give birth to a new world
where there is no catastrophe.

**Reshma M.R.**
III BA English





# SILENCE

Listening to the language of my soul,
The same silence that has often
Accompanied me in my solitude,
That has seldom left me free.

Behind the dark shelves of the library,
isn't it that the familiar silence that prevails?
Whenever, that is to mean always, it had been
with me, silent sincere companions - the books.

As I stand on my knees, then,
resting on the cold, white marble
opening my heart wide to my lord
yes, silence! Yet the church walls heard it.

The greatest of the sad silence exists here
The graveyard, the land of the dead
The gone ones rest in peace here-
I can't wait to join them.

**Aiona Liz**
I BA Psychology

# ദയാബായി എന്ന പച്ചപ്പ്

മധ്യപ്രദേശിലെ ആദിവാസികളായ ഗോണ്ടുകളുടെ ഇടയിൽ ജീവിച്ച് ജീവിതം തന്നെ അവർക്കു വേണ്ടിയുള്ള പോരാട്ടമാക്കി മാറ്റിയ മേഴ്സി മാത്യു എന്ന ദയാബായി കോട്ടയം ജില്ലയിലെ പാലായ്ക്കടുത്തുള്ള പൂവരണിയിലാണ് ജനിച്ചത്. ഗ്രാമങ്ങളെ നഗരമാക്കി മാറ്റാനും ആദിവാസികളെ ആധുനിക സംസ്കാരത്തിനിരയാക്കാൻ ശ്രമിക്കുന്നവരും അവാർഡുകൾക്കുവേണ്ടി മാത്രം സാമൂഹ്യപ്രവർത്തക വേഷം കെട്ടുന്നവരും നിറഞ്ഞ ഈ ലോകത്ത് ദയാബായി പ്രസക്തമായി തീരുന്നത് അവരുടെ വേറിട്ട കാഴ്ച്ചപ്പാടുകൾ കൊണ്ടു തന്നെയാണ്.

തിൻസൈ എന്ന ഗോത്രവർഗ്ഗ ഗ്രാമത്തിലും ചിന്ദ് വാഡയിലെ തന്നെ ബറൂൾ എന്ന മറ്റൊരു ഗ്രാമത്തിലും ദയാബായി ചെയ്ത സേവനങ്ങൾ നിരവധിയാണ്. ബംഗ്ലാദേശ് യുദ്ധത്തോടനുബന്ധിച്ച സന്നദ്ധ സേവനത്തിനു തയ്യാറായും ആന്ധ്രാപ്രദേശിൽ കൊടുങ്കാറ്റിലും പേമാരിയിലും നാശനഷ്ടമുണ്ടായതിനെ തുടർന്ന് അവിടെപ്പോയി റിലീഫ് വർക്ക് ചെയ്തും ഹരിയാനയിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായും പ്രവർത്തിച്ച ദയാബായി 1980-ലാണ് എം. എസ്.ഡബ്ല്യുവിന്റെ പ്രൊജക്റ്റ് വർക്കിന്റെ ഭാഗമായി ചിന്ദ്വാഡാ ജില്ലയിലെ സുർളാഘാപ്പ എന്ന ഗോത്രവർഗ്ഗ ഗ്രാമത്തിൽ എത്തിച്ചേർന്നത്. അവിടെ ഉള്ള നിരക്ഷരരായ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ തിരിച്ചറിഞ്ഞ ദയാബായി അവരെ അടിച്ചമർത്തുന്ന പോലീസ് ഉദ്യോഗസ്ഥരെയും രാഷ്ട്രീയക്കാരെയും ചോദ്യം ചെയ്തു.

1981-ലാണ് ദയാബായി തിൻസൈ എന്ന ഗോത്രവർഗ്ഗ ഗ്രാമത്തിലെത്തിച്ചേർന്നത്. തുടർന്ന് 1981 മുതൽ 1995 വരെ തിൻസൈയിലെ ഗോണ്ടുകളോടൊപ്പം അവരിൽ ഒരാളായി ജീവിച്ചു. അവരുടെ അവകാശങ്ങളും അഭിമാനവും സംരക്ഷിക്കുന്നതിനു വേണ്ടി പോരാടി. ബി.എസ്.സി., എം.എസ്.ഡബ്ല്യു., എൽ.എൽ.ബി. ബിരുദങ്ങൾ നേടിയ അവർ തന്റെ വിദ്യാസമ്പന്നത ജനങ്ങൾക്കു വേണ്ടിയും, കൃഷിക്കായും നീക്കിവച്ചു. കുടുംബസ്വത്തിൽ നിന്നു കിട്ടിയ പണം ചിന്ദ്വാഡയിലെ ബറൂൾ ഗ്രാമത്തിൽ ഭൂമി വാങ്ങി അവിടെ പച്ചപ്പിന്റെ ലോകം തീർക്കാനും വിനിയോഗിച്ചു.(ദയാഭായി ആത്മകഥയായ 'പച്ചവിരലിൽ' തന്റെ ജൈവകൃഷി രീതികളെ കുറിച്ചു വിവരിക്കുന്നുണ്ട്.) ഇതുപോലെ പോലീസ് അധികാരികളുടേയും ഭരണകർത്താക്കളുടേയും ക്രൂരതകളിൽ നിന്നും മാരകരോഗങ്ങളിൽ നിന്നും മോചിതരാവാതെ അടിമത്വം അനുഭവിച്ചുകൊണ്ടിരുന്ന ജനസമൂഹത്തിന്റെ മനസ്സിലും പച്ചപ്പിന്റെ പാഠങ്ങൾ നൽകി അവരെ ബോധവാന്മാരാക്കി വിദ്യാഭ്യാസമുള്ളവരാക്കിത്തീർത്തു. അതോടൊപ്പം ആധുനിക കപടലോകത്തേക്കിറങ്ങിപ്പോകാതെ പ്രകൃതിയുടെ ഭാഗമായിത്തീരാൻ അവരെ പ്രേരിപ്പിച്ചു.



ദയാബായിക്ക് 2001-ലാണ് സാമൂഹ്യ പ്രവർത്തനത്തിനുള്ള ദേശീയ അവാർഡ് ലഭിക്കുന്നത്. തുടർന്ന് ധാരാളം പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

ഒരു സ്ത്രീക്ക് ഒറ്റയ്ക്ക് ഇറങ്ങിത്തിരിക്കാൻ കഴിയാത്ത പാതയിലൂടെയായിരുന്നു ദയാബായിയുടെ യാത്ര. ലോകത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ഒരു സ്ത്രീക്ക് സമൂഹം കൽപ്പിച്ച മുൻവിധികൾ തട്ടിത്തെറിപ്പിച്ച് ദയാബായി തന്റെ യാത്ര തുടരുന്നു. അവർക്കു പിന്നിൽ പച്ചപ്പിന്റെ വലിയ ലോകവും.

**Divya P.S.**
II MA Malayalam

# യൂ.സി. ഇന്നലെ ഇന്ന്

## മതിൽക്കെട്ടുകൾക്കപ്പുറത്തെ യൂ.സിയെ കണ്ടെത്താൻ മാഗസിൻ കമ്മിറ്റി നടത്തിയ യാത്രയിൽ നിന്ന്....

**1921** -ലെ കച്ചേരിക്കുന്ന്. 64 വിദ്യാർത്ഥികളും നാല് അദ്ധ്യാപകരും ചേർന്ന് തുടങ്ങിയ ചുവരുകൾക്കുള്ളിൽ ഒതുങ്ങാത്ത കലാലയം. യൂണിയൻ ക്രിസ്ത്യൻ കോളേജ്; കച്ചേരിക്കുന്നിന്റെ പുണ്യം. 'കാട്' എന്ന സങ്കൽപത്തിൽ നിന്ന് 'നാട്' എന്ന സ്വപ്നത്തിലേക്കുള്ള പാതയിൽ കരുത്തു നൽകിയ കച്ചേരിമാളിക. അദ്ധ്യാപകരെ കാണുമ്പോൾ ബീഡി മുണ്ടിൽ ഒതുക്കിയ വിദ്യാർത്ഥികൾ കടന്നുപോയ കാലങ്ങൾ... യൂസിയൻ ഹോസ്റ്റലുകൾക്ക് 'അന്നദാതാക്കളായി' നിലനിന്നിരുന്ന കടകൾ ഇപ്പോഴും അതിൽ മുടക്കം വരുത്തിയിട്ടില്ല എന്നത് പഴമയുടെ മാറ്റുകൂട്ടുന്ന ഒന്നുതന്നെയാണ്. പഴമയുടെ നന്മകൾക്ക് റീത്തുവച്ചുകൊണ്ട് ഇടിച്ചു കയറിയ പുതിയ തലമുറ യൂസിയെ പാടെ മറച്ചു. 'എന്റെടെ മച്ചു' എന്ന് അദ്ധ്യാപകരെ വിളിക്കാൻ മാത്രമുള്ള 'അടുപ്പം' ഇതിനുള്ളിൽ രൂപപ്പെട്ടു എന്നതാണ് സത്യം. അദ്ധ്യാപകരോട് ബഹുമാനത്തിലലിഞ്ഞ ഭയം ഇന്ന് യൂസി പരിസരത്തിന് പുറത്താണ്. പക്ഷേ, യൂസിയുടെ പക്ഷികൾ ഇപ്പോൾ ദേശാടനത്തിനെങ്കിലും ഇവിടെ വരുന്നു. അവരുടെ സൗഹൃദം പുതുക്കുന്നു. ഇപ്പോഴുള്ള സൗഹൃദം നല്ലതാണ്. എന്നാൽ മൂന്ന് വർഷത്തിലുപരി അത് കൊണ്ടുപോകാൻ പ്രാപ്തി അവയ്ക്കില്ല.

യൂസിയുടെ പടി ചവിട്ടാത്തവരായിട്ട് ഇന്ന് ഇവിടെ ആരെയും കണ്ടെത്താൻ സാധിക്കില്ല. പഠനത്തിന്റെ ഭാഗമായോ ജോലിയുടെ ഭാഗമായോ യൂസിയ്ക്ക് എല്ലാവരും സ്വന്തമാണ്. മനുഷ്യനെ മനുഷ്യനാക്കാൻ പ്രവർത്തനക്ഷമതയുള്ളവനാക്കാൻ, ധാർമ്മിക ബോധമുള്ളവനാക്കാൻ യൂസി ധാരാളം പ്രവർത്തിച്ചിട്ടുണ്ട്. അതാണ് ഈ നാടിന്റെ പുരോഗമനത്തിനു കാരണം. ഇനിയും യൂസി പുരോഗമിക്കണം. പുതിയ കോഴ്സുകളിലൂടെ പ്രീഡിഗ്രിയുടെ ഇഫക്ട് വീണ്ടെടുക്കാൻ വെൺമയുള്ള നന്മയുള്ള യൂസിയുടെ പുത്തൻ കുറിമാനങ്ങളാകാൻ വിദ്യാർത്ഥികളിലൂടെ യൂസി ഇനിയും പുരോഗമിക്കണം.



### മുഹമ്മദ് കെ.

മുഹമ്മദ് കെ, 25 വർഷമായി യൂസിയുടെ വാതിൽപ്പടിയിൽ ഓട്ടോയുമായുണ്ട്. "കാടായി കിടന്നിരുന്ന സ്ഥലം മാറി അവിടെ കോളേജുയർന്നു വന്നപ്പോൾ വന്ന മാറ്റം അത്ഭുതാവഹമായിരുന്നു.. ഒരു വിദ്യാലയം എന്ന പരിധിയ്ക്കപ്പുറത്തേക്ക് വിദ്യാർത്ഥികളിൽ സംസ്കാരത്തിന്റെയും അച്ചടക്കത്തിന്റെയും വിത്തുകൾ പാകാൻ യൂസിയ്ക്കു കഴിഞ്ഞു. രാഷ്ട്രീയമതിലുകൾ തകർക്കപ്പെടണം. സൗഹൃദത്തിന്റെ പൂച്ചെണ്ടുകൾ എന്നും കൈമാറണം. കാലത്തിനനുസരിച്ച് മാറി. വിഭവങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തി, പുരോഗതിയെ പുൽകണം നീ യൂസീ...."

### പി. വി. ജോസഫ്

യൂസിയ്ക്കടുത്ത് ഇരുപത്തിമൂന്ന് വർഷമായി സ്റ്റേഷനറിക്കട നടത്തുന്നു. "ആദ്യകാല അദ്ധ്യാപകരോടുണ്ടായിരുന്ന അടുപ്പം പിന്നീടെത്തി യവരോടില്ല. പണ്ടത്തെ 'തല്ലിപ്പൊളി' പിള്ളേരിൽ നിന്ന് ഇന്ന് യൂസിയിലെ കുട്ടികൾ മാറിയിട്ടുണ്ട്. അക്രമരാഷ്ട്രീയത്തെ പടിക്കു പുറത്തുനിർത്തണം. കുട്ടികളെക്കൊണ്ടും കോഴ്സുകൾ കൊണ്ടും ഇന്നത്തെ യൂസി സമ്പന്നമാണ്. എന്നിരുന്നാലും ഇന്നത്തെ ആവശ്യങ്ങൾക്ക് ഉപകരിക്കുന്ന നൂതനമായ കോഴ്സുകൾ കൂടി വരണം"

**തോമസ് പെട്ട**

പൈതൃകമായി ലഭിച്ച പച്ചക്കറിക്കട കഴിഞ്ഞ 60 വർഷമായി യൂസിക്കടുത്ത് നടത്തിവരുന്നു. 'സാമ്പത്തികമായി പിന്നോക്കം നിന്ന ഈ സ്ഥലം ഇന്ന് ഒരു വലിയ ജംഗ്ഷനാക്കി മാറ്റിയത് കച്ചേരി കുന്നിലെ തന്റെ മക്കൾ പഠിച്ച കോളേജായിരുന്നു.



കോളേജിലെ പണ്ടത്തെ പരിശുദ്ധമായ അന്തരീക്ഷവും അദ്ധ്യാപക വിദ്യാർത്ഥി ബന്ധവും ഇന്ന് കൈമോശം വന്നു പോയിരിക്കുന്നു. ചലനാത്മകമായിരുന്ന കോളേജിൽ നിന്ന് പ്രീഡിഗ്രി വേർപെടുത്തിയപ്പോൾ വീട്ടിലെ അംഗങ്ങൾ കുറഞ്ഞതുപോലെ തോന്നി. ജീവിത കാലംമുഴുവൻ നിലനിൽക്കുന്ന സമ്പത്തായിരിക്കും യൂസിയൻ സൗഹൃദം. ഇന്നത്തെ പ്രതിസന്ധിയുടെ ആഴക്കടലിൽ നിന്ന് പ്രതാപകാലത്തെ അനുസ്മരിപ്പിച്ച് യൂസി ഉയിർത്തെഴുന്നേൽക്കണം.

**രാജേന്ദ്രൻ**

യൂസിക്കടുത്ത് കഴിഞ്ഞ ഒരു ദശകമായി മെഡിക്കൽ ഷോപ്പ് നടത്തുന്നു. പണ്ടത്തെ യൂസി ഒരു ഹരമായിരുന്നു. അതിനൊരു ഉത്സവച്ഛായ ഉണ്ടായിരുന്നു. ഇന്ന് എന്തിനോ വേണ്ടി പരക്കം പായുന്ന വിദ്യാർത്ഥികളെയാണ് അവിടെ കാണാനുള്ളത്. പക്ഷേ, സൗഹൃദങ്ങളുടെ വിളനിലമായ യൂസിയുടെ സൗഹൃദങ്ങൾക്ക് ഇന്നും മങ്ങലേറ്റിട്ടില്ല. അതിനൊരുദാഹരണമാണ് ബൈക്കിനു പുറകിൽ ആണും പെണ്ണും കൂടി ഇരുന്ന് പോകുന്ന കാഴ്ചകൾ. പുതിയ ബിൽഡിങ്ങുകൾ കോളേജിന്റെ മുഖച്ഛായ തന്നെ മാറ്റിമറിച്ചു. വിദ്യാർത്ഥികൾ കോളേജുമായി യാതൊരുവിധ ആത്മബന്ധമില്ലാതെ പെരുമാറുന്നതു കാണുമ്പോൾ അവർ അവിടെ പഠിച്ചിരുന്നവരാണോ എന്ന് സംശയം തോന്നിപ്പോകുന്നു.

**അബ്ദുൾ ജലീൽ**

യൂസിയുടെ തിരുമുറ്റത്തു 20 വർഷമായി യൂണിയൻ തൊഴിലാളിയുടെയും പഴക്കച്ചവടക്കാരന്റെയും വേഷങ്ങൾ ഒന്നിച്ചുചെയ്യുന്നു. സംസ്കാരമുള്ളവരുടെ വേലിയേറ്റം യൂസിയെ കൂടുതൽ പ്രൗഢമാക്കുന്നു. പണ്ടത്തെയത്ര കലാപ്രവർത്തനങ്ങൾ ഇന്ന് നടക്കുന്നില്ല. സൗഹൃദ



ങ്ങളെ ഒരു ആജീവനാന്ത ബിരുദമായി സൂക്ഷിക്കുന്ന യൂസിയൻ ജനതയ്ക്ക് രാഷ്ട്രീയം ഒരു അധികപ്പറ്റാണ്. അതിനെ തഴയണം. വിവരവിസ്ഫോടനത്തിന്റെ ഈ കാലത്ത് വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട കൂടുതൽ സൗകര്യങ്ങൾ കലാലയത്തിൽ വരണം.

**ആസിഫ് അലി**

കാൽനൂറ്റാണ്ടായി യൂസിക്കരികിൽ പുത്തൻ രുചികളെ ചേർത്തുപിടിച്ചുകൊണ്ട് ഒരു ചെറിയ ബേക്കറിയുമായി ആസിഫ് അലിയുണ്ട്. ഇന്നും കടയിലെ പ്രധാന ഗുണഭോക്താക്കൾ യൂസിയുടെ



മക്കളാണ്. രാഷ്ട്രീയം കുറച്ച് വേണം. അത് യൂസിയുടെ പുരോഗതിയെ ഹനിക്കുന്ന രീതിയിലാകരുതെന്നു മാത്രം.

*"ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരേപോലെയുള്ള സംസ്ക്കാരണം നൽകുകയാണ് യഥാർത്ഥമായ വിദ്യാഭ്യാസത്തിന്റെയും പരിഷ്കാരത്തിന്റെയും ലക്ഷ്യം."* - ഗാന്ധിജി

**2010-2011 കോളേജ് മാഗസിനുവേണ്ടി മാഗസിൻ കമ്മിറ്റി നടത്തിയ സർവേ.**

# ആരും രേഖപ്പെടുത്താത്ത ചരിത്രം

**താ**ഴെ ചേർത്തിരിക്കുന്നതെല്ലാം നിങ്ങളുമായിട്ട് എത്രമാത്രം സംവദിക്കുമെന്നത് വ്യക്തമല്ല, പ്രശ്നവുമല്ല. ഇവരിലൊന്നുപോലും സാങ്കൽപിക കഥാപാത്രങ്ങളല്ല മറിച്ച് ജീവിക്കുന്നവരാണ്. മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആയി നിങ്ങൾക്ക് തോന്നുന്ന (തോന്നേണ്ട) സാദൃശ്യം അനിവാര്യമാണ്.

ഇവരിലോരോരുത്തരെക്കുറിച്ചും പേജുകളോളം എഴുതാനുണ്ട്. വിലകുറഞ്ഞ നമ്മുടെ ഭാഷയുടെ ഉപയോഗം വേണ്ടിവരും എന്നതിനാൽ അതിനു മുതിരുന്നില്ല. നിങ്ങൾക്ക് എങ്ങനെ വേണമെങ്കിലും ഇതിനെ വായിച്ചെടുക്കാം, എങ്കിലും അതൊന്നും കമ്പോളസംസ്കാരത്തിന്റെ കറുത്ത വശങ്ങളെന്ന നിലയിലോ ജീവിതത്തിന്റെ മനോഹര വൈവിധ്യമെന്ന നിലയിലോ ഉള്ള പരമ്പരാഗതവും കപടവുമായ രീതിയിലാവരുത്.

നമ്മുടെ നിർജ്ജീവമായ വാക്കുകൾ പോകാത്തത്ര ആഴത്തിൽ ഇവരെല്ലാം നമ്മുടെ ഹൃദയത്തെ സ്പർശിക്കട്ടെ....

**കുഞ്ഞുമുഹമ്മദ്-**

യു.സി.കോളേജിനു മുൻപിലെ ഒരു കൊച്ചു പെട്ടിക്കടക്കാരൻ. ഭാര്യയും രണ്ടു മക്കളുമടങ്ങുന്ന കുടുംബം. കാലിന് സ്വാധീനക്കുറവാണ്. ഇരുപത്തിരണ്ട് വർഷങ്ങൾക്ക് മുൻപ് കോളേജിന്റെ എൻ. എസ്. എസ്. യൂണിറ്റ് ഒരു ടെലിഫോൺ ബൂത്ത് ഇട്ടു കൊടുത്തു. വരുമാനക്കുറവുമൂലം ഇപ്പോൾ അതു പെട്ടിക്കടയാക്കി. പുലർച്ചെ എട്ടുമണി മുതൽ രാത്രി ഇരുട്ടും വരെ ആ കുടുസ്സുമുറിയിൽ അയാൾ ജീവിതത്തോട് മല്ലിടുന്നു.... വേദനയിലും പുഞ്ചിരിക്കുന്നു.... ജീവിക്കുന്നു.... മൂന്നുചാൺ വയറിനുവേണ്ടി....



"അവന്റെ നോട്ടത്തിൽ
ദുഃഖമുക്തമായ ഒരു ഹൃദയത്തിന്റെ
ഊഷ്മള വിശ്വാസമുണ്ടായിരുന്നു....
കൊടും വേദനയിലും
തകർന്ന മുറിവുകൾക്കിടയിലും
അവന്റെ പുഞ്ചിരിയിൽ
പ്രതീക്ഷയെന്ന വിഡ്ഢിത്തം
എങ്കിലും നിറങ്ങൾ തിളങ്ങിനിന്നു
എല്ലാം നഷ്ടപ്പെട്ടിട്ടില്ല.
അവന്റെ ദുഃഖങ്ങളെക്കാളുന്നതമായി-
വന്യമൃഗങ്ങൾ ഉണർന്നു
കൺമിഴിക്കുന്ന പുലരിയേക്കാൾ-
വിശുദ്ധമായി,
ഒരാരവം, മുഴങ്ങുന്നു
തടവറകൾ തല്ലിപൊളിക്കുന്ന നൂറു-
ജനതകളുടെ ആരവം....."



**കുഞ്ഞപ്പൻ-**

എറണാകുളം ജില്ലയിലെ വാളകത്താണ് വീട്. മൂന്നര വയസിൽ രോഗം വന്ന് കാഴ്ച നഷ്ടപ്പെട്ടതാണ്. ഭാര്യ ഓമന. ഭാര്യയ്ക്കും കാഴ്ചയില്ല. രണ്ടു മക്കളുണ്ട്. ലോട്ടറി വിൽപ്പനയാണ് ഏക ഉപജീവനമാർഗ്ഗം. ദിവസത്തിൽ 50 ടിക്കറ്റ് വിറ്റാൽ 500 രൂപ ലഭിക്കും. ചില ദിവസങ്ങളിൽ പത്തോ ഇരുപതോ ടിക്കറ്റ് വിറ്റാലായി. സഹതപിച്ച് ടിക്കറ്റെടുക്കുന്നവർ മുതൽ അന്ധന്റെ കയ്യിൽനിന്ന് ടിക്കറ്റെടുത്താൽ സമ്മാനം കിട്ടില്ലെന്ന് കരുതുന്നവർ വരെയുണ്ട്.

"പിന്നെ ശവങ്ങളുണ്ട്
പാദങ്ങൾക്കുപകരം വഴുവഴുപ്പാർന്ന
മൺ പലകകളുളളവ
അസ്ഥികളിൽ മരണമുണ്ട്, വിശുദ്ധമായ
ഒരു ശബ്ദം പോലെ
ഭൂമിയിലാണ്ടു പോയ ഹൃദയങ്ങൾക്കും
ഇനിയും കുഴിച്ചുമൂടപ്പെടാത്ത കുഞ്ഞുങ്ങളുടെ
വിളർത്ത കുഞ്ഞിത്താളുകൾക്കും
കുറുകെ പാഞ്ഞുപോകുന്ന പ്രവാഹങ്ങൾ
നിരാലംബമായ വികാരങ്ങളിലും
ഏകാന്തമായ ചുംബനങ്ങളിലും
ഒട്ടേറെ ശവ സംസ്കാരങ്ങൾ നടക്കുന്നു
ശിരസ്സിൽ വെള്ളം വീഴുന്നു
വളരുന്ന മുടികൾക്കിടയിലെ കാലം പോലെ
വീഴുന്ന വെള്ളം..............."

**കണ്ണപ്പൻ**

65 വയസ്സ്. സ്കിന്നർ ഹോസ്റ്റലിൽ 20 വർഷമായിട്ട് അടുക്കളപ്പണിയാണ്. നന്നേ മെലിഞ്ഞിട്ടാണ്. ആരെയും ആകർഷിക്കുന്ന പെരുമാറ്റം. സ്കിന്നറിന്റെ ഇരുളാർന്ന ഇടനാഴി



യിൽ "കണ്ണൂസ്" ഇന്നും ജീവിക്കുന്നു.... ഓരോ മഴയത്തും ചേക്കേറാൻ വരുന്ന കുഞ്ഞാറ്റ കിളികളേയും കാത്ത്...... പുത്തൻ പ്രതീക്ഷകളോടെ....

"അവനും മനുഷ്യനായിരുന്നു.
പൈതൃകമായ് ഒന്നുമില്ലാത്തവൻ
കന്നുകാലികളും, കുലചിഹ്നവുമില്ലാത്തവൻ
അവൻ മറ്റുള്ളവരിൽ നിന്ന് ഉയർന്നു നിന്നില്ല.
അവൻ തന്നെയായ മറ്റുള്ളവരിൽ നിന്ന്
മുകളിൽ നിന്ന് നോക്കുന്നവർക്ക്
അവൻ കളിമണ്ണുപോലെ
കരി പുരണ്ടവനായിരുന്നു
അവൻ വന്നെത്തിയത് ആരുമറിഞ്ഞില്ല.
അവൻ പൊയ്പോയതും
അറിഞ്ഞില്ല കാരണം
അവന് ഒരു കാലത്തും ശ്മശാനവും
ശവകുടീരവുമുണ്ടായിരുന്നില്ല."

**ഉപസംഹാരം:**

നമുക്കറിയാവുന്നതെത്ര തുച്ഛം
നാം ഭാവിക്കുന്നതോ എത്രയധികം
ചോദ്യം ചോദിച്ചു വരുമ്പോഴേക്കും
നാം മരിച്ചു പോകുന്നു
അത്ര പതുക്കെയാണ് നാം
പഠിക്കുന്നത്
അതിലും നല്ലത് വാവുബലി ദിവസം
പരേതരുടെ നഗരത്തെയോർത്ത്
അഹങ്കരിക്കുന്നതാണ്

സാക്ഷാത്കാരം:
**സ്വാതി, ടാനിയ, വിദ്യ**
സൈക്കോളജി ഡിപ്പാർട്ട്മെന്റ്

# ചേന്ദമംഗലം സിനഗോഗ്:
## പുനർജ്ജനിക്കുന്ന ചരിത്രം



ശലോമോൻ രാജാവിന്റെ കാലം മുതൽ തന്നെ മലബാറിന്റെ പല ഭാഗങ്ങളിലായി യഹൂദർ വസിച്ചിരുന്നു എന്ന് പറയപ്പെടുന്നു. ഈ വിശ്വാസത്തിന് സമാന്തരമായി, രണ്ടാമത്തെ യരുശലേം ദേവാലയം നശിപ്പിച്ചതിനു ശേഷം എ.ഡി.ഒന്നാം നൂറ്റാണ്ടിലാണ് അവർ കേരളത്തിലെത്തിയതെന്ന് മറ്റൊരു വാദവും നിലനിൽക്കുന്നു. ക്രിസ്തുമത പ്രചരണാർത്ഥം കേരളത്തിലെത്തിയ തോമാശ്ലീഹ മലബാർ, ക്രാങ്കന്നൂർ പ്രദേശത്തെ യഹൂദന്മാരുടെ ആതിഥ്യം സ്വീകരിച്ചതായി പ്രാദേശിക ചരിത്രരേഖകളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് എ.ഡി.ഒന്നാം നൂറ്റാണ്ടിനുമപ്പുറത്തേക്ക് നീളുന്ന യഹൂദപാരമ്പര്യത്തിന്റെ തെളിവാണ്. 16-ാം നൂറ്റാണ്ടിലെ പോർച്ചുഗീസ്, മൂർ അധിനിവേശത്തോടെ ക്രാങ്കന്നൂരിൽ നിന്നും പലായനം ചെയ്തവരാണ് കൊച്ചിയിൽ കുടിയേറിപ്പാർത്ത യഹൂദന്മാർ. അവർ മട്ടാഞ്ചേരി, മാള, പറവൂർ, ചേന്ദമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ സിനഗോഗുകൾ പണിയുകയും അതിനു സമീപം കൂട്ടമായി താമസിക്കുകയും ചെയ്തു. പതിമൂന്നാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനുമിടയിൽ നിർമ്മിക്കപ്പെട്ട സിനഗോഗുകൾ ഒന്നും ഇന്ന് നിലനിൽക്കുന്നില്ല. പതിനാറാം നൂറ്റാണ്ടിനും ഇരുപതാം നൂറ്റാണ്ടിനുമിടയിൽ ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട മുപ്പത്തിനാലു സിനഗോഗുകളിൽ ഏറ്റവും പഴക്കം ചെന്നവ കേരളത്തിലാണുള്ളത്. 1269 എന്ന വർഷം രേഖപ്പെടുത്തിയിട്ടുള്ള 'Sara, bat Israel'(സാറ, ഇസ്രയേലിന്റെ മകൾ) എന്ന ശ്മശാനസ്തംഭം ഭാരതത്തിൽ നിന്നു കണ്ടെടുത്തതിൽ വച്ച് ഏറ്റവും പഴക്കം ചെന്ന ഹീബ്രുരേഖയാണ്. നൂറ്റാണ്ടുകളായി വിസ്മൃതിയിലാണ്ടുകിടന്ന ചേന്ദമംഗലം എന്ന ഗ്രാമത്തിന് രാജ്യാന്തര പ്രശസ്തി നൽകികൊണ്ടാണ് ഈ സ്മാരകശില വെളിച്ചം കണ്ടത്.



കേട്ടറിഞ്ഞ കാലം മുതൽ മനസ്സിൽ നിരന്തരം നിർമ്മിച്ചുകൊണ്ടിരുന്ന ചിത്രത്തിൽ നിന്നും തികച്ചും വ്യത്യസ്തമായി, കേരളത്തിന്റെ സാധാരണത്വം വെളിവാക്കുന്ന വാസ്തുവിദ്യയാണ് ചേന്ദമംഗലം സിനഗോഗിന്റേത്. പൊലിമയല്ല, പാരമ്പര്യത്തിന്റെ പ്രൗഢിയാണ് ഈ സ്ഥലത്തെ ആകർഷണീയമാക്കുന്നതെന്ന് നിസ്സംശയം പറയാം. അൾത്താരയ്ക്ക് സമാനമായ ബീമയിലാവും സന്ദർശകരുടെ കണ്ണുകൾ ആദ്യം ഉടക്കുക. കൊത്തുപണിയുടെ അപൂർവ്വ ചാരുത ദർശിക്കാനാവുന്ന ഈ ഉയർന്നതട്ടിൽ നിന്നാണ് പ്രധാന പുരോഹിതൻ ആരാധനയ്ക്ക് നേതൃത്വം നൽകിയിരുന്നത്. പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെടുന്നതോടൊപ്പം യഹൂദരുടെ വിശുദ്ധ ഗ്രന്ഥമായ തോറ വായിക്കുന്നതിനും ഈ പീഠം തന്നെയാണ് ഉപയോഗിച്ചിരുന്നത്. തടിയിൽ കടഞ്ഞെടുത്ത അഴികളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഈ ചട്ടക്കൂടിന്റെ ദൃശ്യവിസ്മയം വാക്കുകളാൽ വർണ്ണിക്കുക വിഷമകരമാണ്. സിനഗോഗിനുള്ളിൽ പ്രവേശിക്കാൻ സ്ത്രീകൾക്ക് അനുവാദമുണ്ടായിരുന്നില്ല. ബീമയ്ക്ക് അഭിമുഖമായുള്ള ബാൽക്കണിയിൽ ഇരുന്നാണ് അവർ ആരാധനയിൽ പങ്കുചേർന്നിരുന്നത്. യഹൂദസമൂഹത്തിൽ സ്ത്രീയ്ക്ക് സ്വാതന്ത്ര്യം പൂർണമായും നിഷേധിക്കപ്പെട്ടിരുന്നു. അവരെ അടിച്ചമർത്തിയ ആ ജനതയുടെ വീക്ഷണങ്ങൾ ബാൽക്കണിയുടെ ചിത്രവേലയ്ക്കൊപ്പം അവിടവിടെയായി ആലേഖനം ചെയ്തി ട്ടുണ്ടെന്ന് തോന്നി.

"എന്നെ ഒരു നായയോ സ്ത്രീയോ ആയി
സൃഷ്ടിക്കാത്തതിനാൽ ഞാൻ നിനക്ക് നന്ദി
കരേറ്റുന്നു" എന്ന പ്രശസ്തമായ യഹൂദപ്രാർത്ഥന
ഓർമ്മയുടെ മണ്ഡലത്തിൽ മാറ്റൊലി കൊണ്ടു.

പ്രവേശനകവാടത്തിനു മുകളിൽ കണ്ട ചിത്രങ്ങളിൽ യഹൂദസംസ്കാരത്തിന്റെ ചിഹ്നമായ

ഏഴുകാൽ വിളക്കിന്റെ ചിത്രം ആലേഖനം ചെയ്തിരിക്കുന്നു. ജൈവനിറങ്ങൾ മാത്രം ഉപയോഗിച്ച് വരച്ചിരുന്ന ഈ ചിത്രങ്ങൾ ഇന്ന് കൃത്രിമ നിറത്തിന്റെ ആഡംബരത്തിൽ മുങ്ങി നിൽക്കുകയാണ്.



മട്ടാഞ്ചേരിയിലേതുപോലെ മാർബിളിൽ കൊത്തിയെടുത്ത ഹീബ്രു ലിഖിതങ്ങൾ ഒന്നും തന്നെ ചേന്ദമംഗലം സിനഗോഗിൽ കാണാൻ കഴിയില്ല. തിരിയിട്ട് തെളിയിക്കാവുന്ന തൂക്കുവിളക്കുകൾ, ചെമ്പു തകിടുകളിൽ ആലേഖനം ചെയ്ത ഹീബ്രു ലിഖിതങ്ങൾ, ഹീബ്രു പുസ്തകങ്ങൾ, തോറ, ഹീബ്രൂ-ഇംഗ്ലീഷ്- മലയാളം നിഘണ്ടു തുടങ്ങിയവ സിനഗോഗിനുള്ളിലെ അലമാരകളിൽ സൂക്ഷിച്ചിരിക്കുന്നു.

ദശകങ്ങൾ നീണ്ടുനിന്ന അവഗണനയുടെ പ്രതിഫലനമാണ് ഇവിടെ നിറഞ്ഞുനിൽക്കുന്നത്. രക്ഷാധികാരികളുടെ അവഗണനയും നിരന്തരമായ ചൂഷണവും ഈ സിനഗോഗിനെ വേട്ടയാടിയിരുന്നതായി ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാക്കാം. ബീമയിലെ കൊത്തുപണികളുടെ സ്ഥാനത്ത് സ്വർണ്ണഫലകങ്ങളായിരുന്നു പണ്ട് ആലേഖനം ചെയ്തിരുന്നതെന്ന് പറഞ്ഞത് അതിശയോക്തിയാണെന്ന് തോന്നും വിധം കെട്ടിലും മട്ടിലും ഈ ദേവാലയം മാറ്റമേറ്റുവാങ്ങിക്കഴിഞ്ഞിരിക്കുന്നു. അമേരിക്കയിൽ നിന്നുള്ള ഒരു സംഘമൊഴിച്ചാൽ സിനഗോഗ് ഏതാണ്ട് പൂർണ്ണമായും വിജനമായിരുന്നു.

Monoetheism പിൻതുടർന്നിരുന്ന കേരളത്തിലെ യഹൂദർ ഇതര മതസംസ്കാരങ്ങളെ സമഭാവത്തോടെയാണ് വീക്ഷിച്ചിരുന്നത്. സിനഗോഗിലെ കാഹളനാദവും, ബാങ്കുവിളിയും, ക്ഷേത്രത്തിലെ ശംഖിന്റെ മുഴക്കവും ഒരേ സമയത്ത് ഉയർന്നുകേട്ടിരുന്നു എന്ന് പറഞ്ഞപ്പോൾ ഗൈഡിന്റെ വാക്കുകളിലും ആവേശം നിറഞ്ഞു. യഹൂദരുടെയും, അവരുമായി നിരന്തരം സമ്പർക്കം പുലർത്തിയിരുന്ന ഇതരസമൂഹങ്ങളുടെയും ഇടയിൽ ധാരാളം വാമൊഴിപ്പാട്ടുകൾ പ്രചരിച്ചിരുന്നു. ഇവയിൽനിന്നു ലഭിച്ച രേഖകൾ ചരിത്രഗവേഷണമേഖലയ്ക്ക് തുറന്നുകൊടുത്തത് ഒരു സങ്കരസംസ്കാരത്തിലേക്കുള്ള തായ്‌വഴികളാണ്.

യരുശലേമിനു പുറത്തേതെങ്കിലും ദേശത്ത് വച്ച് മരിച്ചാൽ തങ്ങൾക്ക് സ്വർഗ്ഗം നഷ്ടമാകുമെന്ന വിശ്വാസം യഹൂദർക്കിടയിൽ ഇന്നും നിലനിൽക്കുന്നുണ്ട്. വാഗ്ദത്ത ഭൂമിയിലേക്ക് മടങ്ങുന്നത് സ്വപ്നം കണ്ടിരുന്ന ഇവർക്ക് ഹിറ്റ്ലറുടെ മരണം മരുഭൂമിയിലെ മന്നയായി. 1948-ൽ ഇസ്രയേൽ സ്വാതന്ത്ര്യം നേടിയതോടെ കേരളത്തിലെ യഹൂദന്മാർ കൂട്ടമായി അവിടെ കുടിയേറിപ്പാർക്കാൻ തുടങ്ങി. 20-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ചേന്ദമംഗലത്തെ യഹൂദ പരമ്പരയിലെ അവസാന കണ്ണികളും ഇസ്രയേലിലേക്ക് ചേക്കേറി.

ചേന്ദമംഗലം സിനഗോഗിന് സമീപം യഹൂദരുടെ തെരുവ് ഇല്ലെങ്കിലും അവർ താമസിച്ചിരുന്ന വീടുകൾ രൂപഭേദം വരുത്താതെ നിലനിർത്തിയിരിക്കുന്നതായി കാണാം. അഗ്രഹാരങ്ങളെ അനുസ്മരിപ്പിക്കുന്ന ഓടുമേഞ്ഞ വീടുകൾക്ക് ജനലുകൾ ഇല്ല എന്നതും ഒരു പ്രത്യേകതയാണ്. ചേന്ദമംഗലം പാലിയം ക്ഷേത്രത്തിനു സമീപത്തായി യഹൂദരുടെ ശ്മശാനം ഇന്നും നിലനിൽക്കുന്നു.



1954 മുതൽ 2004 വരെയുള്ള കാലഘട്ടത്തിൽ നീണ്ടുനിന്ന അവഗണന ചേന്ദമംഗലം സിനഗോഗിനെ നാശത്തിന്റെ വക്കിലെത്തിച്ചിരുന്നു. 2005-ൽ കേരളപുരാവസ്തു ഗവേഷണവകുപ്പ് ചേന്ദമംഗലം സിനഗോഗ് ഏറ്റെടുത്ത് പുനരുദ്ധാരണപ്രവർത്തനങ്ങൾ നടത്തി. 2008-ലെ ഇസ്രയേൽ സ്ഥാനപതിയുടെ സന്ദർശനത്തിനുശേഷം ഇവിടെ നിന്നും മടങ്ങിപ്പോയ യഹൂദകുടുംബാംഗങ്ങളുടെ ഒത്തുചേരലിനും ഈ സിനഗോഗ് വേദിയായി. ഇപ്പോൾ മുസരിസ് പൈതൃകപദ്ധതിയുടെ ഭാഗമായുള്ള വികസനപ്രവർത്തനങ്ങൾക്കായി കാതോർക്കുകയാണ് ഈ സ്മാരകശില.

**(കയ്യെഴുത്തു മാസികയ്ക്കുവേണ്ടി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് നടത്തിയ യാത്ര.)**

# ഹംസഗാനം

തൃപ്പാദരേണുക്കളുടലാർന്നതീ വിശ്വം
പാദധൂളിയായ് മാറുന്നിതൊക്കെയും
യവനിക താഴുവാൻ കാലമായി
നിന്നെ പ്രണമിച്ചരങ്ങൊഴിയട്ടെ ഞാൻ

ശോകബിന്ദുക്കൾ നിറഞ്ഞൊരെൻമനം
ആടിക്കാറുപോൽ വിങ്ങി നിൽക്കുന്നു,
കനത്ത മാരിയാൽ തെളിയുന്നു മാനം
മനം തെളിയുവാൻ പ്രണമിച്ചിടട്ടെ ഞാൻ

മൗന സാഗരഹൃദന്തം തേടുമീ
ലോലരാഗ വീചികളെല്ലാമേ
ഏകതാനമായ് പ്രവഹിച്ചിടുന്നു
താവക പദപങ്കജം തേടി

കൂടുതേടും പറവയെപ്പോലെ
വീടു തേടിയലയുന്ന ജീവൻ
നിത്യതയിലമർന്നിടട്ടെ
തവപദാംബുജം മുകർന്നിടട്ടെ

(മൊഴിമാറ്റം ഗീതാഞ്ജലിയിൽ നിന്നും)

**Ms. Mary Paulose**
Physics Dept.



# പരീക്ഷ



തുടങ്ങും മുമ്പ്,
മണിമുഴങ്ങുന്നതാർക്കുവേണ്ടി
എന്ന സ്ഥിരം-
ദാർശനിക കൗതുകം
പിന്നെ
ആധിച്ചൂടകറ്റാൻ
നെറുകയിൽ പതിനഞ്ചുതുള്ളി
കൂൾ ഓഫ് ക്രൈം
പുറത്തെ ഉച്ചക്കാറ്റും
നെഞ്ചിലെ ഉഷ്ണക്കാറ്റും
ഡസ്കിൽ കലപില കൂട്ടുമ്പോൾ
അറിയാത്തതെല്ലാം ഉപന്യസിക്കൽ
അറിയുന്നതേപ്പറ്റി-
മൗനം വിദ്വാനു ഭൂഷണം
വരികൾക്കിടയിലൂടെ വായിച്ച്
വരതെറ്റാതെയെഴുതി
പ്രതികൾ, നമ്പർ ക്രമത്തിൽ
തൂക്കുകയറിലേക്ക്
റിസൽട്ട്, A+ഓ, Z-ഓ ആവട്ടെ
ഗ്രേഡിംഗിൽ ലിംഗനിർണ്ണയം
ശിക്ഷാർഹം.

**Ashitha A.V.**
II[nd] BSc Physics

# സെബോളിൻ!



ഒരു മഞ്ഞുകാലത്ത്
നീ എന്നോടൊരു
ചുംബനം ചോദിച്ചു...
എന്നാൽ ഞാൻ അതിൽ നിന്നും
പിൻതിരിഞ്ഞു
മഞ്ഞുകാലത്ത് വരണ്ട എന്റെ
ചുണ്ടുകൾ....
നിന്നെ അസ്വസ്ഥനാക്കുമെന്ന് ഞാൻ ഭയപ്പെട്ടു.
വിപണിയിൽ സെബോളിൻ ലഭ്യമാണെന്ന
കാര്യം എനിക്കറിയില്ലായിരുന്നു

**Shalini Vijay**
III BA Malayalam

# ദൈവത്തിന്റെ മതം

മാവായി ഒരു പ്രേതമാണോ ആത്മാവാണോ എന്ന് ആർക്കുമറിയില്ല; അവനും,മനുഷ്യനായി ജീവിച്ചതിന്റെ നേരിയ ഓർമ്മ ഇപ്പോഴുമുണ്ട്. ശരീരമില്ലാത്തവനായി പിറന്നുവീണതിന്റെ അന്നു മുതൽ മാവായിക്ക് ഒരു ഭാരമില്ലായ്മ അനുഭവപ്പെട്ടു തുടങ്ങിയിരുന്നു. തുണി ഉടുക്കാത്തവരാരും തന്റെ കൂട്ടത്തിലില്ലാതിരുന്നിട്ടും ഇടയ്ക്കിടെ മാവായി ലജ്ജിച്ച് തന്നെത്തന്നെ ശൂന്യതയിൽ ഒളിപ്പിക്കാൻ ശ്രമിച്ചു. ഇതറിഞ്ഞ സ്രഷ്ടാവ് ദൈവം മാവായിക്ക് അവന്റെ മനുഷ്യജന്മത്തെപ്പറ്റി പറഞ്ഞു കൊടുത്തു. "എനിക്ക് മനുഷ്യനായിത്തന്നെ ജീവിയ്ക്കണം ടായീ. ഇവിടവുമായി അഡ്ജസ്റ്റ് ചെയ്യാൻ തീരെ പറ്റുന്നില്ല."

ഒടുവിൽ സ്രഷ്ടാവ് കനിഞ്ഞു. മനുഷ്യക്കുപ്പായം സ്വീകരിക്കുന്ന ചടങ്ങിനു തൊട്ടുമുൻപ് മാവായി രണ്ടും കൽപിച്ച് സ്രഷ്ടാവായ ദൈവത്തിന്റെ കസേരയുടെ പിന്നിലെത്തി ശബ്ദം താഴ്ത്തി ചോദിച്ചു.

"അവിടെ ആരോടൊപ്പമാവും ഞാൻ താമസിക്കുക? അവരൊക്കെ എന്റെ ആരാണ്?" "നീ ആരോടൊപ്പമാവും താമസിക്കുക" എന്ന് എനിക്ക് പറയാൻ കഴിയില്ല. എന്നാലും അയാൾ നിനക്ക് ജന്മം തന്ന ടായിയാണ്. എന്നെപ്പോലെ, എനിക്ക് നൽകുന്ന ഈ ബഹുമാനം മുഴുവനും അയാൾക്കും നൽകുക."

ഉത്തരത്തിൽ പൂർണ്ണതൃപ്തനായില്ലെങ്കിൽ പോലും മാവായി മനുഷ്യക്കുപ്പായം സ്വീകരിച്ച് ഭൂമിയിലെത്തി. തെരുവുകളിലൂടെ ടായിയെത്തേടി മാവായി അലഞ്ഞ് നടന്നു. ഒരാഴ്ചയും രണ്ടു ദിവസവും കഴിഞ്ഞിട്ടും ടായി എന്ന ഒരാളെപ്പോലും കണ്ടെത്താനായില്ല. ഒടുവിൽ ചന്തക്കവലയിൽ നിന്ന് ടായീ ടായീ എന്ന് ഉറക്കെ കരയാനാരംഭിച്ച മാവായിയെ കുറേ കുട്ടികൾ ചേർന്ന് അവനറിയാത്ത ഏതോ ഒരിടത്തേക്ക് തള്ളിക്കൊണ്ടുപോയി. കണ്ണുനിറഞ്ഞ് കാഴ്ച മങ്ങിയിട്ടുണ്ടായിരുന്നെങ്കിലും വഴിയോരത്തിരുന്ന് കച്ചവടം ചെയ്യുന്നവരുടെ മുഖങ്ങളെല്ലാം അവന് കാണാമായിരുന്നു. ഇടയ്ക്കൊരിടത്ത് വച്ച് കുട്ടികൾ തമ്മിൽ വാക്കേറ്റമായി.

"എടാ റ്റൈ എന്നാണു പറയുന്നത്. കേട്ടാൽ തന്നെ മനസ്സിലാവില്ലേ?"

"പോടാ മരമണ്ടാ. ഏതോ തൈയുടെ കാര്യമാണ് പറയുന്നത്. ആ തെങ്ങുംതൈ വിൽക്കുന്ന ആളുടെ മോനാണിതെന്നാണ് തോന്നുന്നത്."

ഒടുവിൽ മാവായിയെ ഉന്തിത്തള്ളി രണ്ടു വഴിക്കച്ചവടക്കാരുടെ ഇടയിൽ കൊണ്ടുനിർത്തിയിട്ട് കുട്ടികൾ അപ്രത്യക്ഷരായി, എങ്ങോട്ടോ ഓടിപ്പോയി.

"എന്താ വേണ്ടത്?"

രണ്ടു പേരും ഒരേ സ്വരത്തിൽ ചോദിച്ചു.

"ടറ്റ് റ്റ് ത്തായീ"

വിതുമ്പിക്കൊണ്ട് മാവായി പറഞ്ഞൊപ്പിച്ചു. അവരുടെ പിന്നിൽ നിരനിരയായി ഇരുന്ന വർണ്ണശബളമായ റ്റൈകളും തെങ്ങയ്ക്കുള്ളിൽ നിന്നു തല നീട്ടിയ നാമ്പുകളും തുറിച്ചു നോക്കി. കച്ചവടക്കാരുടെ മുഖത്തെ അത്ഭുതം കണ്ട് മാവായി തന്റെ കഥ മുഴുവൻ അവരോട് വിവരിച്ചു.

ചോറുവാങ്ങിക്കൊടുത്ത റ്റൈ വിൽപനക്കാരനേയും കഥകൾ പറഞ്ഞുകൊടുത്ത തെങ്ങിൻ തൈ വിൽപനക്കാരനേയും മാവായിക്ക് ഒരുപോലെ ഇഷ്ടമായി. "നിനക്ക് ഞങ്ങളിൽ ആരെയാണോ ബോധിച്ചത് അയാളുടെ കൂടെ നീ പോന്നോളൂ. ഒരു മകനായി നിന്നെ നോക്കിക്കൊള്ളാം." അപ്പോഴും രണ്ടുപേർക്കും ഒരേ സ്വരം.

"ഇതിലാരാവും ടായി?" രണ്ടു പേരെയും ടായി എന്ന് വിളിയ്ക്കാൻ മാവായി തീരുമാനിച്ചു. തെങ്ങും തൈയുടെ മീതെ വെള്ളം തളിയ്ക്കുന്നതിനിടെ കച്ചവടക്കാരൻ പറഞ്ഞു. "ഞാൻ നിന്റെ ബാപ്പയാണ്." റ്റൈ വാങ്ങാൻ വന്ന ആളിന്റെ കഴുത്തിനു ചുറ്റും കുടുക്കു മുറുക്കി ഭംഗി ആസ്വദിക്കുന്നതിനിടെ അയാൾ പറഞ്ഞു.

"മകനേ, നിന്റെ അച്ഛനാണു ഞാൻ." ഏതോ പള്ളിയിൽ നിന്നും ബാങ്കുവിളിയും ഏതോ ഒരു ക്ഷേത്രത്തിൽ നിന്നും സരസ്വതീകീർത്തനവും ഒരേ താളത്തിൽ പശ്ചാത്തലസംഗീതം ഉണർത്തിച്ചുകൊണ്ടിരുന്നു. തിരക്കൊഴിഞ്ഞപ്പോൾ മാവായി ചോദിച്ചു.

"ടായി എന്ന ആളാണെന്റെ അച്ഛൻ. ആ പേരുള്ള ആരെയെങ്കിലും അറിയാമോ?"

"ടായിയോ? അങ്ങനെ ഒരാൾ ഈ നാട്ടിലെങ്ങുമില്ല."

"ടായി എന്നാൽ നമ്മളെ സൃഷ്ടിക്കുന്നവൻ. ജീവൻ തരുന്നവൻ അങ്ങനെ ആരുമില്ലേ?" മാവായിയുടെ മുഖത്ത് വേദനയുടെ ജീർണ്ണത.

"ജന്മം തരുന്ന ആൾ.... അത് അച്ഛനാണ്. ഞാൻ അച്ഛനോ? ജന്മം തരുന്നവൻ ബാപ്പയാണ്."

"അച്ഛൻ... ബാപ്പ... അച്ഛൻ... ബാപ്പ..."

അവരുടെ വാഗ്വാദത്തിൽ നിന്നും രക്ഷപ്പെട്ട മാവായി മനുഷ്യക്കുപ്പായം ഊരിയെറിഞ്ഞു. മനുഷ്യരുടെ ലോകത്തിന് സമാന്തരമായ ആത്മാക്കളുടെ ലോകത്തേക്ക് ആഴ്ചകൾക്ക് ശേഷം അവൻ തിരിച്ചെത്തി. ദ്വാരകവാടത്തിൽ വച്ചുതന്നെ സ്രഷ്ടാവായ ദൈവത്തെ കണ്ട് അവൻ സംശയിച്ച് ചോദിച്ചു.

എനിക്ക് ജന്മം തന്നത് അങ്ങല്ലേ?"

"അതെ.... മകനേ"

"അപ്പോൾ അങ്ങെന്റെ അച്ഛനാണോ അതോ ബാപ്പയോ?'

**Susan Joseph**
III BA English

# PASSWORD
## നുറുങ്ങുകവിതകൾ



### വാനപ്രസ്ഥം

അസ്ഥി തൻ ചാരം പൊതിഞ്ഞുകെട്ടി
ഹൃദയഞരമ്പിൽ കുറുകെ വെട്ടി
പ്രണയം ദുഷിപ്പിച്ച രക്തമൂറ്റി
ഒരു തലച്ചോറും ശരീരവുമായ്
പോയിടേണം മോക്ഷ തീർത്ഥയാത്ര

**Abhijith**
I BSc. Physics



### മുറിവ്

നിന്റെ കവിളിൽ തലോടിയ
കണ്ണുനീർ തുള്ളികൾ
ഇന്നലെ എന്റെ നെഞ്ചിൽ
നിറഞ്ഞ വേദനകളായിരുന്നുവോ?

**Tonson P.J.**
II BA Malayalam



"I am living in the city of
sleeping hearts
Looking for someone to give
my love
I am living in the city of
broken dreams
I'm waiting for some one to save me"

**Dinu Dharmajan**
III BA Economics



### മൺവഴി

മഴയത്ത് ചെളിയും
വെയിലത്ത് പൊടിയും...
എന്നും...
ഓരോ കുറ്റങ്ങളായിരുന്നു
നിനക്കെന്നോട്....
എങ്കിലും ഞാൻ കാത്തുകി
ടക്കും
നീവരുവോളം...
സ്നേഹത്തോടെ
മൺവഴി

**Bettrant Paul**
II MA English

### കൂടൊഴിഞ്ഞമുറി

ബാക്കിയായവ....
കരികൊണ്ടെഴുതിയ കടക്കണക്കുകൾ
കുറമണം,
ജീവൻവേർപെട്ട പല്ലിമുട്ടതോട്,
രാത്രിയിൽ ബാക്കി ചില-
അടക്കംപറച്ചിലുകളും

**Sindhu C. R.**
III BA Malayalam



## ചോക്കോബാർ

എന്നെക്കാൾ കൂടുതൽ അവൾക്കിഷ്ടം
ചോക്കോബാറുകളായിരുന്നു....
ഒടുവിൽ കാലിയായ
ഈറ്റക്കോലുകളോടൊപ്പം
അവൾ എന്നേയും........

**Ajesh P.A.**
III Botany

## കുമ്പസാരം

അന്ധികൾ പൂക്കാതിരുന്നെങ്കിൽ,
നോവുകയില്ലായിരുന്നു,
നീ നോവിച്ചുവെങ്കിലും
നിന്നെ ഞാനന്നു
കാണാതിരുന്നെങ്കിൽ
അറിയുകയില്ലായിരുന്നു
കയ്പ്പാണ് പ്രണയമെന്ന്

**Rahma**
I BSc. Physics

## എന്താ വീണത്

ചില പൂക്കൾ അവളുടെ മേൽ വീണു
ചില പൂക്കൾ എന്റെ മേലും
'അവൾ മണിയറയിലും
ഞാൻ കല്ലറയിലും'

**Sanif**
II BA Malayalam



## സമയം



വാച്ചിന്റെ സൂചി മുന്നോട്ട്
ചലിക്കുമ്പോൾ
ഞാനറിയുന്നു എന്റെ ആയുസ്സ്
പിന്നോട്ട് ചലിക്കുന്നു
എന്റെ ആയുസ്സ് പിന്നോട്ട്
നീങ്ങുമ്പോൾ
ഞാനറിയുന്നു എന്റെ ജീവിതം
മുന്നോട്ട് നീങ്ങുന്നു.

**Syamkrisnnan S.**
II B.Sc CM&E



## തനിയെ

മഴയുണ്ടായിരുന്നില്ല....
വെയിലും!
പിന്നെ എന്തിനവൾ
കുടയും ചൂടി
എന്നിൽ നിന്ന്
നടന്നകന്നു....

**Vijesh P.C.**
I Bsc. CM & E

## (അ)ഹിംസ

അഞ്ചുലക്ഷം രൂപ കൊടുത്ത്
ഞാനതു സ്വന്തമാക്കി
ഗാന്ധിജി ഉപയോഗിച്ച മുട്ടുസൂചി
തികഞ്ഞ ഗാന്ധിയനായി
തെരുവിലേക്കിറങ്ങിയ ഞാൻ കണ്ടു
വയറൊട്ടിയ തെരുവുപിള്ളേർ
എനിക്കു നേരെ വിരൽത്തോക്കു
ചൂണ്ടുന്നു.



**Sreelakshmi V.R.**
II BA Malayalam



# പെൺജീവിതത്തിന്റെ എഴുത്തും രാഷ്ട്രീയവും

**ശ**ബ്ദം. അത് പുരുഷനാണ്. ശക്തി. അതും പുരുഷനാണ്. ബുദ്ധിയും കഴിവും. അതും പുരുഷന് സ്വന്തം. അപ്പോൾ സ്ത്രീ, പെണ്ണ് അവൾ ആരാണ്? ഇന്നും പൂർണ്ണമായ ഉത്തരം ശൂന്യതയിൽ പരതുന്നു. നിശബ്ദതയുടെ പെണ്ണത്തം; ഒരു വൃത്തികെട്ട രാഷ്ട്രീയത്തിന്റെ ഉച്ഛിഷ്ടമാണത്. ഇവിടെ ചില ധാരണകൾ ഉരുത്തിരിയുകയാണ്. എന്നാൽ ഈ ധാരണകൾ ഏതെങ്കിലും രാഷ്ട്രീയത്തിന്റെ കളികളിക്കുകയാണെങ്കിൽ ഇവിടെ എന്തോ ഒളിഞ്ഞു കിടക്കുന്നുണ്ട്. എന്തോ മറച്ചുവയ്ക്കപ്പെടുന്നുണ്ട്. അത് വളയിട്ട കൈകളുടെ അടക്കിപ്പിടിച്ച തേങ്ങലുകളല്ല; ഒതുക്കിപ്പിടിച്ച ദീർഘനിശ്വാസങ്ങളുമല്ല; ചില തിരിച്ചറിവുകളുടെ ശബ്ദമാണ്. ചില സ്വത്വപ്രഖ്യാപനങ്ങളുടെ ഇടിമുഴക്കങ്ങളും.

പെണ്ണെഴുത്തിന്റെ ആരംഭം പതിനേഴ്, പത്തൊൻപത് നൂറ്റാണ്ടുകളിൽ നിന്നാണെന്ന വിലയിരുത്തൽ തട്ടിമാറ്റപ്പെട്ടുകഴിഞ്ഞു. പുരാണ കാലഘട്ടത്തിലും സ്ത്രീകൾക്ക് ശബ്ദവും ക്രിയാത്മകതയും ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ അതൊരു തിരിച്ചറിവാണ്. ആ തിരിച്ചറിവിന്റെ തന്റേടമായി ബി.സി. 6-ാം നൂറ്റാണ്ടിൽ ഒരു സുന്ദരി, അവൾ സാഫോ. സാഫോ എന്ന പേരിന്റെ വാലു പോലെ വന്ന ഒരു പുതിയ വ്യത്യസ്തമാർന്ന പ്രണയദർശനമാണ് ലെസ്ബിയൻ ലവ്. വാക്കുകളും അതിന്റെ അർത്ഥങ്ങളും തെറ്റിദ്ധരിക്കപ്പെടുന്നത് പുതുമയല്ല. അത് പൈതൃക സമ്പത്താണ്. അതിന് ഉദാഹരണമാണ്, ലെസ്ബിയൻ എന്ന വാക്കിന്റെ അർത്ഥം. നാം ഇന്ത്യൻ എന്ന് ഉപയോഗിക്കാറുണ്ട്. അതിന്റെ അർത്ഥം ഇന്ത്യയിൽ താമസിക്കുന്നവർ എന്നല്ലേ വ്യാഖ്യാനിക്കപ്പെടുന്നത്. അതുപോലെയുള്ള ഒരുവാക്ക് തെറ്റിദ്ധരിക്കപ്പെട്ടത് മറ്റൊരു രീതിയിലാണ്. ലെസ്ബിയൻ എന്ന ദ്വീപിൽ താമസിക്കുന്നു എന്ന അർത്ഥം വരുന്ന 'ലെസ്ബിയൻ' എന്ന വാക്ക് ഇന്നറിയപ്പെടുന്നത് സ്വവർഗ്ഗരതിയുടെ പെൺ പരിപ്രേക്ഷ്യമായാണ്. അതുകൊണ്ടുതന്നെ ഈ പ്രകടനത്തിന് ആരംഭം കുറിച്ചുകൊണ്ട് ഒരു തിരിച്ചറിവ് പങ്കുവയ്ക്കപ്പെടുകയാണ്. ആധുനിക വാക്കുവെച്ച് സാഫോയെ അളക്കരുത്.

സാഫോയുടെ ഗീതശകലങ്ങളിൽ നിന്നും ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മറ്റു കവികളുടെ കൃതികളിലും ആ കാലഘട്ടത്തിൽ അവതരിപ്പിച്ചെന്ന് വിശ്വസിക്കപ്പെടുന്ന ചില നാടകങ്ങളിലും സാഫോ കഥാപാത്രമാകുന്നുണ്ടെങ്കിൽ അതിനു പിന്നിൽ ഒരു വൃത്തികെട്ട രാഷ്ട്രീയം കളിക്കുന്നുണ്ടാകണം.



"ലിംഗപരമായ മേധാവിത്വത്തിൻ കീഴിൽ സ്വന്തം ശരീരത്തിന്മേലുള്ള സ്വയം നിർണ്ണയാവകാശം പോലും എടുത്തുകളയപ്പെട്ടിട്ടുള്ള പെണ്ണിന്റെ ലോകത്തെക്കുറിച്ച് ഭയലേശമില്ലാതെ എഴുതുക എന്നതാണ് എന്റെ കർത്തവ്യം" എന്ന് ഈ കാലഘട്ടത്തിൽ സാറാ ജോസഫ് പറഞ്ഞു. ഇതിനും എത്രയോ മുമ്പ് ബി.സി.ആറാം നൂറ്റാണ്ടിൽ സാഫോ ഇത് പ്രാവർത്തികമാക്കി.



പതിനേഴോ, പത്തൊൻപതോ നൂറ്റാണ്ടുകളിലാണ് പെണ്ണെഴുത്ത് ഉണ്ടാകുന്നത് എന്ന് പറയുന്നവർക്ക് തിരിച്ചടിയാണ് സാഫോ എന്ന മഹാപ്രതിഭ.

സ്വവർഗ്ഗരതിയുടെ, കാമത്തിന്റെ മൂർത്ത രൂപമാണ് സാഫോ. സ്വയം തീരുമാനമെടുക്കാനുള്ള സ്ത്രീയുടെ ക്രിയാത്മകത, സ്ത്രീയുടെ ശബ്ദം, സ്ത്രീപക്ഷം, സ്ത്രീവിഷയം എന്നിവയുടെയെല്ലാം ധ്വനി ഇതിലടങ്ങിയിരിക്കുന്നു. "കവിതയിലെ ശബ്ദമല്ല എന്റെ ശബ്ദം" കവയത്രിയും കവിയും രണ്ടും രണ്ടാണ് എന്ന് സാഫോ ആഹ്വാനം ചെയ്യുന്നു. ഗീതങ്ങളിൽ നിന്നും വ്യത്യസ്തമാണ് അവരുടെ ശബ്ദമെന്ന് സമർത്ഥിക്കുന്നു.

എഴുത്തിന് വ്യക്തമായ രാഷ്ട്രീയം വേണമെന്നും അതു സ്ത്രീവിമോചനത്തിന്റേതായിരിക്കണമെന്നും സാഫോ വിശ്വസിക്കുന്നു. തീക്ഷ്ണമായ ചിന്തയിലൂടെ ഗീതങ്ങൾക്ക് വ്യക്തമായ അടിത്തറയിടാനും ലോകഫെമിനിസത്തിനൊരു സൈദ്ധാന്തികതലം സൃഷ്ടിക്കാനും സാഫോയ്ക്ക് കഴിഞ്ഞു. സ്വന്തം അഭിപ്രായം ധൈര്യമായ് പറയുകയാണ് സാഫോ. ഇന്നും, പലരും സ്വന്തം കുടുംബസമൂഹ അന്തസ്സ് ഉപേക്ഷിക്കാൻ തയ്യാറാകാതെ സാഹിത്യത്തിലൂടെയുള്ള മാറ്റങ്ങളെയും നേട്ടങ്ങളെയും തങ്ങൾക്കനുകൂലമായി ഉപയോഗിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഒന്നിനെയും ഒരു സ്ത്രീപക്ഷ സാഹിത്യപ്രസ്ഥാനമെന്ന് ചൂണ്ടിക്കാട്ടാൻ വയ്യ. എന്നാൽ സാഫോ, മീരാഭായ്, കമലാസുരയ്യ, സിൽവിയ പ്ലാത്ത്, ആർച്ചെസ്റ്റെൻ എന്നിവർ നമുക്ക് മാതൃകയാണ്. പുരുഷന്മാരെപ്പോലെ സ്ത്രീകളും പ്രണയകവിതകളെഴുതുന്നു. ഫെമിനിസം പല മുഖങ്ങളുള്ളതാണ്. ദളിത് ഫെമിനിസം, സമൂഹം, രാഷ്ട്രീയം, സംസ്കാരം എന്നിവയിലെ അക്രമത്തിനെതിരായും മാർക്സിയൻ ഫെമിനിസം, സാമ്പത്തിക സമത്വം, അധികാര സമത്വം എന്നിവയ്ക്കായി കടന്നുവന്ന ഉപരി വർഗ്ഗഫെമിനിസം ലൈംഗികസ്വാതന്ത്ര്യത്തിനായും ശബ്ദമുയർത്തി. സാഫോയെ ഉപരിവർഗ്ഗ ഫെമിനിസത്തിൽ ഉൾപ്പെടുത്താം.

ഫാഓൺ എന്ന കാമുകന് വേണ്ടി സാഫോ ല്യൂക്കോസ് എന്ന പാറക്കെട്ടിൽ നിന്നും ചാടി ആത്മഹത്യ ചെയ്തു എന്ന വാദം തികച്ചും തെറ്റാണ്. അവർ വാർദ്ധക്യം വരെ ജീവിച്ചിരുന്നു. മനസ്സിനിഷ്ടപ്പെട്ട പൂർണ്ണ പുരുഷനെ സ്വപ്നം കാണുന്നതുപേക്ഷിച്ച് സ്വാതന്ത്ര്യത്തിന്റെ മധു നുകർന്നവളാണ് സാഫോ. പുരുഷാധിപത്യ സമൂഹത്തിന്റെ അതിർത്തികളെ തകർത്ത് ഭാഷ പിരിച്ചെടുത്താൽ മാത്രമേ പെൺമൊഴിയുണ്ടാക്കാൻ കഴിയൂ. ഈ പുരുഷാധിപത്യ സമൂഹത്തിന്റെ പ്രണയത്തിനും അംഗീകാരത്തിനുമായി സ്ത്രീ കാത്തുനിൽക്കുന്നത് അവന്റെ നിയമങ്ങളെ അനുസരിക്കുന്ന മനോനിലയുടെ ലക്ഷണമാണ്.

"ഞങ്ങൾ ഒരുമിച്ച് ജീവിക്കുകയാണ്." എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഷീലയും ശ്രീനന്ദുവും പുറത്തുവന്നതിനുശേഷം കേരളത്തിൽ സ്ത്രീകൾ തമ്മിൽ പ്രണയിക്കുന്നതിനെപ്പറ്റി കൂടുതൽ സംവാദങ്ങളും സംവേദനങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. മയക്കുമരുന്നു കച്ചവടം, മോഷണം, സുഖലോലുപത്വം തുടങ്ങിയ മോശമായ സ്വഭാവങ്ങളെല്ലാം സ്വവർഗ്ഗപ്രണയവുമായി ബന്ധപ്പെടുത്തി കണ്ടുവന്നിരുന്നു. സാഫോയിൽ സുഖലോലുപത കാണാം. എന്നാൽ, ഇന്ന് സ്ത്രീ ലൈംഗികതയുടെ ആവിഷ്ക്കാരമായി സ്ത്രീ-സ്ത്രീ പ്രണയത്തെ അവതരിപ്പിച്ചിട്ടുണ്ട്. ഈ പ്രമേയത്തെ അടിസ്ഥാനപ്പെടുത്തി സാഹിത്യസൃഷ്ടികളും കൂടുതലായി







ഉണ്ടായിക്കൊണ്ടിരിക്കുന്നു. വളരെക്കാലമായി മനഃശാസ്ത്രത്തിന്റെയും മനോരോഗവിജ്ഞാനീയത്തിന്റെയും മണ്ഡലത്തിലാണ് സ്വവർഗ്ഗ പ്രണയത്തെപ്പറ്റിയുള്ള ചർച്ചകളും വ്യവഹാരങ്ങളും നടന്നുപോരുന്നത്. സ്ത്രീപുരുഷ പ്രണയത്തെ സാമാന്യവത്കരിക്കുകയും സ്വാഭാവികവത്കരിക്കുകയും ചെയ്തുകൊണ്ടുള്ള സാമൂഹികക്രമം നിലനിറുത്തുന്നതിന് ഈ ഉപാധി ശക്തമായി മാറി.

ആഗോളതലത്തിൽ ലെസ്ബിയൻ പ്രസ്ഥാനം സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ ശക്തമായ ഒരു ധാരയായിരുന്നിട്ടുണ്ടെങ്കിലും ഇത് പ്രത്യേകമായി നിലകൊള്ളുന്നു. പാർശ്വവത്കരിക്കപ്പെട്ടുകൊണ്ട് അപൂർവമായി സാഹിത്യത്തിലും സിനിമകളിലും മാത്രം ഈ വിഷയം പ്രത്യക്ഷപ്പെട്ടു.



രതിയെ സംബന്ധിച്ചും ഒരു പൊളിച്ചെഴുത്ത് ആവശ്യമായി വന്നു. യഥാസ്ഥിതികമായ ലൈംഗികകൽപനകളെ നിരാകരിക്കുന്നതു വഴി പുതിയവയും വിവിധങ്ങളായ കാമനകളും അനുഭൂതികളും ലൈംഗികതത്വങ്ങളും രൂപപ്പെടുന്നത് കാണണമെന്നും ചിന്തിക്കുന്നവരുണ്ട്.

സ്വവർഗ്ഗലൈംഗികതയും ഭിന്നവർഗ്ഗലൈംഗികതയും വ്യത്യസ്തത പുലർത്തിക്കൊണ്ട് സമാധാനപരമായി നിലനിൽക്കുന്നുവെന്നല്ല ഇതുവരെ പറഞ്ഞ കാര്യങ്ങൾ കൊണ്ടുദ്ദേശിച്ചത്. പലപ്പോഴും തീക്ഷ്ണമായ അടിച്ചമർത്തലിന്റേയും വേദനിക്കുന്ന അനുഭവങ്ങളുമായാണ് സാഫോയെ നമുക്ക് വായിക്കാൻ കഴിയുന്നത്.

സ്ത്രീ സ്വാതന്ത്ര്യത്തിന്റെ രണ്ട് കർത്തവ്യങ്ങൾ:- ഒന്ന് വിചാരത്തിലും, വ്യവഹാരത്തിലും ഇന്നു നിലനിൽക്കുന്ന പുരുഷമേധാവിത്വഘടനകളെ അപനിർമ്മിക്കുക. രണ്ട്, മുൻകാലങ്ങളിൽ ഒളിച്ചുവയ്ക്കപ്പെട്ടതോ അടിച്ചമർത്തപ്പെട്ടതോ അവഗണിക്കപ്പെട്ടതോ ആയ സ്ത്രൈണാനുഭവത്തെ പുനർനിർമ്മിക്കുക.

ഇതിഹാസങ്ങളിൽ ചിത്രീകരിക്കപ്പെടുന്ന സ്ത്രീബിംബങ്ങളെല്ലാം പുരുഷന്റെ അധികാര സംവിധാനത്തെ അംഗീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നു. എന്നാൽ ഓരോരോ പ്രദേശത്തെയും നാടൻകഥകൾ, പെൺദൈവങ്ങൾ എന്നിവ പുരുഷന്മാരുടെ അധികാരത്തെ ചോദ്യം ചെയ്യുന്നവയാണ്.

സ്ത്രീവാദം പൊതുവെ പെണ്ണിന്റെ അവകാശങ്ങൾക്കുവേണ്ടി മാത്രമുള്ള പോരാട്ടമാണെന്നാണ് ഉപരിവിപ്ലവമായി മനസ്സിലാക്കപ്പെടുന്നത്. അതുശരിയല്ല. കൃഷി, വിനോദസഞ്ചാരം, ജാതികളുടെ ഉന്മൂലനം, വർഗ്ഗസമരം, എന്നിവയെക്കുറിച്ചെല്ലാമുള്ള സംവാദങ്ങളിലൂടെ സമൂഹത്തിലെ അടിച്ചമർത്തലിനെതിരായി നടത്തുന്ന സമരമാണിത്.

**Anitha A.**
II BA Malayalam

# അനന്തരം

മണ്ണടരുകളെ
തുന്നിച്ചേർത്ത് ഒരു മഴ.......
പുനർജ്ജനിച്ച ഈയാംപാറ്റകളെപ്പോലെ
എന്റെ പ്രണയം
.സി.സി.യുടെ കൽപ്പടവുകളിൽ
ഇഴഞ്ഞിഴഞ്ഞ്.....
ഇടങ്ങൾ രേഖപ്പെടുത്തും മുന്നേ
ഇടവേള തീർന്നെന്നറിയിച്ച്
ഒരു മാർച്ച്
പേരറിയാ മരങ്ങളുടെ പൂക്കാലം
ബി.ബി.സി.യിലെ കൊള്ളിയാൻ
ആർക്കോ വേണ്ടിയുള്ള
മുന്നറിയിപ്പ്
പി.ജെ.1 ലെ
അടക്കം പറച്ചിലുകൾ....
പരിചിതരല്ലാത്ത കവികൾ....
പ്രത്യയശാസ്ത്രങ്ങൾ.....
ഞാനില്ലാതെ
കടന്നുപോയ ജാഥകൾ....
അതിരറിയാത്ത പ്രണയം....
ഇടനാഴിയിലൂടെ മാറ്റൊലികൊള്ളുന്ന
കവിതയായി....
കൂവിത്തകർത്ത വി.എം.എച്ചിൽ
തനിച്ചാകുന്നു....
ഇലപൊഴിച്ച് ഇലപൊഴിച്ച്
മഹാഗണികൾ
പടിയിറക്കത്തിനു
പാതയൊരുക്കുന്നു.....
നിർത്തട്ടെ...
പറഞ്ഞുതീർക്കാതെ
ഈ വാക്കുകളും
കാത്തു വയ്ക്കട്ടെ ഞാൻ
ഓർമകളുടെ അടരുകൾ
തുന്നിച്ചേർക്കുന്ന ഒരു
മഴ പെയ്ത്തിന്.

**Neethu Valsan**
III BA Malayalam



# അന്തർമുഖത്വം

പല്ലി ചിലച്ചു
കാക്ക കരഞ്ഞു
സിംഹം ഗർജ്ജിച്ചു
മനുഷ്യൻ മിണ്ടിയില്ല
ആമ സ്വയം ഉള്ളിലേക്കു വലിയുന്നതുപോലെ
അവൻ വലിഞ്ഞു അവനിലേക്കു തന്നെ
നിശബ്ദമായി മനം പിടഞ്ഞു
വ്യർത്ഥ വിചാരങ്ങൾ അസ്വസ്ഥമാക്കി
പ്രണയത്തിന്റെ ഗന്ധം
നാസാരന്ധ്രങ്ങൾക്ക് അന്യമായി
ജീവിതത്തിന്റെ ദുഃഖ സംഗീതം
കാതുകൾക്ക് ഇമ്പമായി
മിന്നിമായുന്ന മഴവില്ലിനേപ്പോൽ
ആനന്ദമുള്ളിൽ നിന്നും അകന്നുപോയി
ചിരിക്കാനറിയാത്ത മുഖം
കൂട്ടുകാർ വിധിയെഴുതി
മിഥ്യയായ സൗന്ദര്യബോധം
മനസിനെ വല്ലാതെ മഥിച്ചുകൊണ്ടിരുന്നു
മൃദുസ്പർശം നൽകി ഒന്നു
ചുംബിക്കുവാൻ ആരുമില്ലാതെ പോയി
പതിയെ കൈകളിൽ
അലസത വന്നുചേർന്നു
നിരീക്ഷണം വിനോദമായി മാറി
ചിലർ അവന്റെ ശ്രദ്ധയിൽപെട്ടു
അവർ തന്നേക്കാൾ
കേമന്മാരായിരുന്നു താനും
അവരുടെ കരുത്തിൽ
ആശ്ചര്യപ്പെടുകയും
ഗുണത്തിൽ നെടുവീർപ്പിടുകയും
സൗന്ദര്യത്തിൽ ലജ്ജിതനാവുകയും ചെയ്തു
പിന്നീട് നാവ് ചലിക്കാതെയായി
മൂങ്ങയുടേതുപോലെ രാത്രി മാത്രം
കണ്ണുകൾ തുറന്നു
പകലുകൾ ഇരുട്ടായി കഴിഞ്ഞിരുന്നു

**Arun kumar R**
III BA Psychology



# പുതിയ ലോകം

**ണിം!** ണിം! ണിം! കുഞ്ഞു ഇസ്മയിൽ കൗതുകത്തോടെ നോക്കി. പുതിയ സ്കൂളിന്റെ, അല്ല അവന്റെ ആദ്യത്തെ സ്കൂളിന്റെ വരാന്തയിൽ തൂക്കിയിട്ടിരിക്കുന്ന മണി അടിക്കുന്ന ശബ്ദം. 'L.K.G.-B' അതാണ് അവന്റെ ക്ലാസ്സ് എന്നു ബാപ്പ പറഞ്ഞു. എല്ലാം അവനു പുതിയതാണ്. പലതും അവൻ കേൾക്കാത്തതാണ്. അകത്തളങ്ങളിലെ ലാളനകളുടെയും ഉമ്മൂമ്മയുടെ പഴങ്കഥകളുടെയും ലോകത്തുനിന്ന് പുറത്തേയ്ക്ക്... ഇസ്മയിലിന്റേതു ഇനി പുതുമകളുടെ ലോകമാണ്. ഇതുവരെ കാണാത്തതും കേൾക്കാത്തതുമായി മുന്നിൽ വരുന്നതെല്ലാം ഉൾക്കൊള്ളുവാനുള്ള കൗതുകം ആ കുഞ്ഞുകണ്ണുകളിലെ പളുങ്കുമണികളിൽ മിന്നി.

ഒരു കുഞ്ഞുബെഞ്ചിന്റെ അരികിലായി അവനെ ഇരുത്തിയിട്ട് ബാപ്പ പുറത്തേയ്ക്കിറങ്ങിയപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു. ആ പളുങ്കുമണിയിലെ പനീർത്തുള്ളികൾ ഒറ്റപ്പെടലിന്റെ നൊമ്പരം അവനു പറഞ്ഞുകൊടുക്കുകയാവണം! നിറഞ്ഞ കണ്ണുകളിലൂടെ നോക്കിയപ്പോൾ തന്റെ അടുത്തു വന്നിരുന്ന കുട്ടിയ്ക്ക് അവൻ എന്നും കൂടെക്കിടത്തിയുറക്കുന്ന പാവക്കുട്ടിയുടെ മുഖമല്ലേ എന്നു തോന്നി. പക്ഷെ അവൻ ഇസ്മയിലിനെപ്പോലെയേ ആയിരുന്നില്ല. വെളുത്തുരുണ്ട അവന്റെ കഴുത്തിലെ കറുത്ത ചരടും ഏലസ്സും, നെറ്റിയിലെ ചന്ദനക്കുറിയും കണ്ടപ്പോൾ അവനു തന്നെക്കാൾ ചന്തമുണ്ടോ എന്ന് തോന്നി അവന്. പക്ഷെ അവനു തന്നെപ്പോലെ വെളുത്ത തൊപ്പിയില്ലല്ലോ! ഇസ്മയിലിനു അഭിമാനം തോന്നി. വീട്ടിൽ നിന്നു ഇറങ്ങുമ്പോൾ തൊപ്പിവച്ചു തന്ന ബാപ്പയ്ക്ക് ഒരു ചക്കരയുമ്മ കൊടുക്കണം. അവൻ ഉറപ്പിച്ചു...

മടിച്ചു മടിച്ചാണെങ്കിലും കുഞ്ഞു ഇസ്മയിൽ ചോദിച്ചു."എന്താ അവന്റെ പേര്?" എല്ലാവരോടും മിണ്ടണമെന്ന് ഇസ്മയിലിന്റെ ബാപ്പ പഠിപ്പിച്ചതുപോലെ, പേരു ചോദിച്ചാൽ പറയണമെന്ന് തന്റെ അച്ഛൻ പറഞ്ഞതോർത്തു, അവൻ പറഞ്ഞു. "ഹരി." കുഞ്ഞു ഇസ്മയിലിന്റെ കണ്ണുകൾ വിടർന്നു. ആ പേരും അവനു പുതിയതാണ്. വീട്ടിലും മദ്രസയിലും പിന്നെ ഉമ്മയുടെ വീട്ടിൽ പോകുമ്പോൾ അവിടെയും അവൻ കണ്ടിട്ടുള്ള കുട്ടികൾക്ക് ഇത്തരം പേരില്ലായിരുന്നു. കുഞ്ഞു ഹരി ഇസ്മയിലിനോടും ചോദിച്ചു. കുട്ടീടെ പേരെന്താ? "ഇസ്മയിൽ". ഹരിയുടെ കണ്ണുകളിലും അത്ഭുതം. തൊപ്പിയിട്ട ആ കുട്ടിയുടെ വേഷവും പേരും എല്ലാം അവനു പുതിയതായിരുന്നല്ലോ!

കൗതുകം നിറഞ്ഞ കണ്ണുകളോടെ, കളങ്കമില്ലാത്ത ശബ്ദത്തിൽ അവരൊത്തിരി കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. പള്ളിയിൽ ബാങ്കു വിളിക്കുന്നതും പെരുന്നാളിന് നിലാവു കണ്ടതും 'സുന്നത്ത്' കല്യാണത്തിന് ഇക്കാക്ക വാവിട്ടു കരഞ്ഞതും അങ്ങനെയങ്ങനെ മുഴുമിക്കാത്ത വാക്കുകളിൽ കൊഞ്ചലിന്റെ മധുരത്തോടെ ഇസ്മയിൽ പറഞ്ഞതെല്ലാം ഹരി കൗതുകത്തോടെ കേട്ടിരുന്നു. ഹരി കൊഞ്ചിമൊഴിഞ്ഞ അമ്പലക്കഥകളും ആനയും ഉത്സവവും പിന്നെ കാവിലെ സർപ്പപ്പാട്ടും... കുഞ്ഞു ഇസ്മയിലിന്റെ കണ്ണുകൾ വിടർന്നു! കൊഞ്ചി മൊഴിഞ്ഞതും കേട്ടതുമെല്ലാം അപൂർണ്ണവും പുതുമകളുടെ ലോകത്തിലെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരായി മാറിയിരുന്നു കുഞ്ഞു ഇസ്മയിലും ഹരിക്കുട്ടനും. വീണ്ടുമൊരു മണി മുഴക്കത്തിനു കുഞ്ഞിക്കൈകൾ ചേർത്തുപിടിച്ച് പുറത്തേയ്ക്കിറങ്ങിയ ആ കുഞ്ഞു കണ്ണുകൾക്ക് കാഴ്ചയായത് "ചോരക്കണ്ണുകളും ഉയർന്ന ശബ്ദവുമായി പിടിവലിയിടുന്ന അവരുടെ അച്ഛന്മാരെയാണ്" കുഞ്ഞിക്കൈകൾ ബലമായി വിടുവിച്ച് അവരുടെ അച്ഛന്മാർ നടന്നുനീങ്ങിയപ്പോൾ ഇസ്മയിൽ ഉറക്കെ കരഞ്ഞു "ബാപ്പ......" . ഹരിയും കരഞ്ഞുകൊണ്ടിരുന്നു 'അച്ഛാ....അച്ഛാ...' എന്ന്. അവിടെ കൂടി നിന്നവരുടെ ബഹളത്തിലും ആരവത്തിലും ആ ഏങ്ങലടികൾ മുങ്ങിപ്പോയി. ബാബറിയെന്നോ അയോദ്ധ്യയെന്നോ ആരവങ്ങളിൽ മുഴങ്ങിക്കേട്ട വാക്കുകൾ... അതും വളരെ പുതിയതായിരുന്നു കുഞ്ഞു ഇസ്മയിലിനും ഹരിക്കുട്ടനും.....

**Anusree**
I B.Sc Physics



# ദുശ്ശകുനം

കഴുത്തിൽ മിന്നുന്ന മെഴുകുകുരിശിനെ
സ്നേഹത്തോടെ ചുറ്റിപ്പിണയുന്ന
ചവണ്ട ചരടുമാത്രമായിരുന്നു സ്വന്തം
മെയ്യഴകിനെ ആഭരണമാക്കാൻ
കാക്കക്കറുപ്പും ഭയന്നു
വെളുക്കുവോളം പുകഞ്ഞമർന്ന്
ഒരു പോളയടയ്ക്കുമ്പോൾ
മിന്നിമായുന്ന പൊന്നിൻതിളക്കം മാത്രം
ഏക ആശ്വാസം
ചവിട്ടേറ്റ് ഞെട്ടിത്തെറിക്കുമ്പോൾ
കണ്ണിൽ നിന്നും മാഞ്ഞുതുടങ്ങുന്ന
കല്ല്യാണാഘോഷം
വെൺപുടവയിൽ കീറലുകൾ വന്നുവോ?
പിഞ്ഞിയ അറ്റത്ത് ചായക്കറ പറ്റിയോ?
കണ്ണുതിരുമ്മി എഴുന്നേൽക്കുമ്പോൾ
പുറത്തുവീഴുന്ന ഉഗ്രൻ
ചട്ടുകം
നിലത്തു വീഴുന്ന ഓരോ ഈർക്കിലിനും
തന്തയ്ക്കും തള്ളയ്ക്കും വിളി
വിഴുപ്പിന്റെ ഭാണ്ഡങ്ങൾ ഓരോന്നായി
കെട്ടഴിയുന്നു
സന്ധ്യയ്ക്ക്
കൊന്തയെത്തിക്കുമ്പോൾ
പിന്നിൽ, ചവണ്ട ചരടിൽ തെരുപ്പിടിച്ച്
കണ്ണീർ വാർക്കുമ്പോൾ പോലും
മുന്നിൽ നിന്നും പിറുപിറുപ്പുകളുയരും
ഒരിക്കൽ
ആജ്ഞയും അഹന്തയും
അണപൊട്ടിക്കൂർക്കം വലിക്കുമ്പോൾ
പിന്നാമ്പുറത്തെ മാവിൻ കൊമ്പുകൾ ഞരങ്ങി
കാറ്റിനു പോലും ശ്വാസം മുട്ടി
എരിവടങ്ങിയ മുളകിൻ തൈകൾക്കു മുകളിൽ
രണ്ടു പാദങ്ങൾ

**Sreelakshmi V.R.**
II BA Malayalam



# ഒരിന്ത്യൻ ആടിന്റെ കഠിനാനുഭവങ്ങൾ

**ആ**ട് മോഷ്ടിക്കപ്പെട്ടു. അത് തടവിലാക്കപ്പെട്ടു. തടവിലത് തലതാഴ്ത്തി നിന്നു. കള്ളന്റെ കൂട്ടിൽ പ്രതാപിയായ ആടിന് ശ്വാസം മുട്ടി. അതിന് സ്വാതന്ത്ര്യം വിശന്നു. അതിന്റെ ഞരമ്പുകൾ വലിഞ്ഞു മുറുകി. കഴുത്തിലെ കുരുക്ക് ഊരിപ്പോന്നു.

ആട് സ്വതന്ത്രയായി. അപ്പോൾ അർദ്ധരാത്രിയായിരുന്നു. സ്വാതന്ത്ര്യത്തിലും അതിന്റെ തല ഉയർന്നില്ല. അടിമത്തത്തിന്റെ ഓർമ്മയിൽ അത് തല കുനിച്ച് തന്നെ നടന്നു.

സ്വാതന്ത്ര്യത്തിന്റെ ആദ്യയാമം. ഇരുളിൽ ചത്ത പന്നിയുമായി ആരൊക്കെയോ വലത്തേക്കും ചത്ത പശുവുമായി ആരൊക്കെയോ ഇടത്തേക്കും പോകുന്നത് ആട് കണ്ടു. പോയവർ പിന്നെ തിരികെ വന്ന് തെരുവിൽ ചോര വീഴ്ത്തുന്നതും. ചോര കണ്ട ആടിന് തല കറങ്ങി.

പ്രഭാതമായി. പകലിന്റെ ചൂടിൽ ആട് തളർന്നു. അതിന്റെ കാലുകൾ ടാറിൽ താഴ്ന്നു പൊള്ളി. വഴിയുടെ ഇരുവശത്തും പാടങ്ങൾ ചത്തുമലച്ച് കിടന്നിരുന്നു. ആട് തീറ്റയും വെള്ളവും കൊതിച്ചു. വിശപ്പ് അശാന്തിയായി.

അപ്പോൾ ആട് പരസ്യം മണത്ത ഒരു പത്രക്കടലാസ് വഴിയിൽ നിന്ന് തിന്നുനോക്കി. അടിയന്തരമായി നടന്ന് വന്നിരുന്ന ഭരണത്തിന്റെ വിഷവാർത്തകൾ അതിന് ദഹിച്ചില്ല. അതിന് മനംപുരട്ടി.

വിശന്ന് അവശയായ ആട് കഠിനമായി പ്രലോഭിക്കപ്പെടുകയും കബളിപ്പിക്കപ്പെടുകയും ചെയ്തു. പെരുവഴിയിൽ അത് പീഡിപ്പിക്കപ്പെട്ടു. ആടിന്റെ തലയിലാരോ കമ്പുവച്ചുകെട്ടി. നാവെത്താദൂരത്ത് കണ്ട പുല്ലിനുവേണ്ടി വിശ്വാസിയായ ആട് മുമ്പോട്ടോടി. ആടിന് പുല്ലെത്തിയില്ല.

പിന്നെ രണ്ട് പുൽക്കെട്ടുകളുടെ മദ്ധ്യേ നിർത്തപ്പെട്ടു. അത് സന്ദേഹിയായി. അതിന് വിശന്നുകൊണ്ടേയിരുന്നു. പരിക്ഷീണയായ ആടിന്റെ ചെവിയിൽ ആരോ കടുകെറിഞ്ഞു. ചെണ്ടകൊട്ടി ആരോ വരുന്നതായി കരുതി ആട് പേടിച്ചോടി. ഒരേ കല്ലിൽ രണ്ട് തവണ തട്ടിവീഴരുതെന്ന് അതിനറിയാമായിരുന്നു. എന്നിട്ടും അത് ഒരേ കല്ലിൽ ഒരുപാട് തവണ തലതല്ലിവീണു. കഴിവുകേടിൽ അതിന്റെ



കണ്ണുനിറഞ്ഞു. ഏകാകിയായി ആട് വ്യസനിച്ചു.

അരികത്തുനിന്ന് അടുപ്പം കാണിച്ച അപരിചിതനായ സ്വജാതി അവളെ ഉദാരമായി പോറ്റിക്കൊള്ളാമെന്ന് പ്രിയം പറഞ്ഞു. ആട് കൃതാർത്ഥയായി. അത് കുനിഞ്ഞ് തലയാട്ടി നന്ദിയുള്ളവളായി. പക്ഷെ, അടുപ്പം നടിച്ചവൻ ആടിനെ കഴുത്തിൽ കടിച്ചുകുടഞ്ഞു. ചെന്നായയുടെ തോൽക്കുപ്പായം വഴുതി വീണു. ആടിനെ ചെന്നായ പോറ്റുമോ?

വെറുതെ കൊന്നുരസിക്കാൻ വെറുതെ നായാട്ടിനിറങ്ങിയ പുതിയ വേട്ടക്കാർ തമ്മിൽ പറഞ്ഞു....... വെടിവച്ചിട്ടേക്കാം. ആട് വന്നാൽ കൊള്ളട്ടെ. വെടിമുറിവുകളിലൊഴുകിയ ചോരയുടെ ചൂട് ആടിനെ ചുട്ടുപൊള്ളിച്ചു. പളുങ്കുകണ്ണ് പൊടിഞ്ഞൊഴുകി. പ്രതാപത്തിന്റെ കൊമ്പൊടിഞ്ഞു. പെരുവഴിയുടെ കഠിനാനുഭവങ്ങളത്രയും അതേറ്റുവാങ്ങി.

മഹിമയുടെ ഭൂതകാലം അതിന്റെ ഓർമ്മയിൽ മിന്നൽ വീശി. പച്ചപ്പുൽമേടുകളുടെ സമൃദ്ധമായ ഓർമ്മയിൽ അതിന്റെ നാക്കിളകി. ഇനി ഒരിക്കലും സ്വന്തം കൂട്ടിലെത്താൻ ആവില്ലെന്ന് പരാജിതയും അപമാനിതയുമായ ആടറിഞ്ഞു. ആ അറിവിന്റെ നിസ്സഹായതയിൽ അത് ഏതൊരു തടവിൽ നിന്നാണോ സ്വതന്ത്രയായത്, അതേ തടവിലേക്ക് കള്ളന്റെ ആലയിലേക്ക് തിരിച്ചുനടന്നു.

അപ്പോൾ വീണ്ടും രാത്രിയായി.

Arya J. Namboothiri
I BA English

# RETIREMENTS

## TEACHING STAFF



Dr. Varghese John
Former Principal (2005-2010)



Mr. Saje Thomas M
(Dept. of Zoology)



Dr. K.P.Unnikrishnan
(Dept. of Chemistry)



Ms. Mariyam Ramani Thomas
(Dept. of Mathematics)



Ms. Annie M Thomas
(Dept. of History)



Dr. K. K. Leelamma
(Dept. of Physics)



Ms. Philomina Mathew
(Dept. of Chemistry)



Ms. P. J. Aleyamma
(Dept. of Botany)

## NON TEACHING STAFF



Mr. Yam Prasad Subedi

Mr. T. C. Revi

Ms. Rita C.V

## Congratulations



VINEETHA GEORGE & REVATHY RETHEESH
(Members of Indian Softball Women's Team)

# Union Cabinet



**Basil P. Baby**
(Chairman)



**Meera G.M.**
(Vice Chairperson)



**Bettrant Paul**
(Gen. Secretary)



**Johnson Devassy**
(Magazine Editor)



**Akhil Shenoy**
(Arts Club Secretary)



**Vishnu Prasad P.S.**
(U.U.C)



**Sandeep V.Dinesh**
(U.U.C)



**Chanchana Jacob**
(Lady Rep.)



**Ammu George**
(Lady Rep.)



**Sreekanth Venugopal**
(1st DC Rep.)



**Shebin C.A.**
(2nd DC Rep.)



**Mansu K. Francis**
(3rd DC Rep.)



**Eldhose Paul**
(1st PG Rep.)



**Renjith S.**
(2nd PG Rep.)



**Shiju N. Shaju**
(General Captain)



**Eldhose N.J.**
(Debate Club Sec.)



**Sharan Krishnamohan**
(Canteen Secretary)



**Vivek Kumaran**
(SC / ST Secretary)



**Subin Raj K.B.**
(Planning Forum)



**Shinoob C.K.**
(Quiz Club Secretary)



**Arun S.**
(Cine Club Secretary)



**Lt. K.S. Narayanan**
(Union Staff Advisor)



**Mr. Eldho Varghese**
(Arts Club Staff Advisor)



**Mr. Saju Mathew**
(Magazine Staff Advisor)



## NEW APPOINTMENTS


Mr. Cijin K. Paul


Ms. Feneena S. Mohamed


Ms. Mily Mary Sleeba


Ms. Asha Baby Mathews


Ms. Nisha N.


Ms. Syna Susan Abraham


Dr.Ruby Elsa Jacob


Ms. R.S.Radhika


Mr. Jenish Paul


Ms. Afra M.K


Dr.Marykutty P.J.


Ms. Maya Menon


Dr. Vidya Ravindranathan


Dr. Libu K. Alexander


Ms. Rajalakshmi R.

## CONGRATULATIONS

'Dhyuthi' Arts Fest
**KALATHILAKAM**
Lakshmi Mohan





'Dhyuthi' Arts Fest
**KALAPRATHIBHA**
Adeep Hussain



'Varnam 2011' MG University Youth Fest
**KALATHILAKAM**
**NEENU RAJEEV**

# पहला प्यार

मुझे याद नहीं है
हमारी मुलाकात।
मुझे याद नहीं है
हमारी पहली बात।
मगर मैं कभी भूल नही सकती,
तुम्हारी पहली मुस्कुराहट
मेरे दिल के चोर
अब तुम कहाँ हो?
मेर दिल के अंदर या
मेरी आँखों में
अब समझी
मेरी सारी साँसों में तुम हो।
मेरी धड़कन में भी तुम हो।
दिल की कागजों पर
छिपी हुई पर समान
मैं तुम्हें कभी नहीं छोड़ूँगी।
हर रात मेरे सपनों में आते रहे, मेरे, मुन्ना
मैं हमेशा तुम्हारी हूँ।
सिर्फ तुम्हारी



Lima Mohan
II B.Sc Botany

# गुलाबी समीर



आह !.... खिली हुई गुलाबी
निस्पंद से देखा उसने
प्रियतम का आगमन
गिरि-नदियाँ पारकर-आया
और फेरते हुए उसे
एक प्रेम बाण-सा
चोरी आँखों से देखा
और छोटी-सी हंसी
गाल अधर में दिया वह.... एक
छोटा सुखी प्रेमोपहार
आँख बाँधी वह लज्जा से
समीर को देखती है वह
अपनी त्योरियाँ चढ़ाकर
मिलेगी कुछ उमस
एक दीवानेपन की उमस।



Rahul K.R.
II B.Sc. Chemistry



# ക്യാംപസ്
## കൊഴിയുന്ന വസന്തം

**ആ**ലുവായിലെ കുന്നിൻമുകളിൽ ഒരു കലാലയം പിറവി എടുത്തിട്ട് ഇന്ന് തൊണ്ണൂറ് വർഷം പിന്നിടുകയാണ്. തൊണ്ണൂറ് വർഷത്തെ പരിചയസമ്പത്തുകൊണ്ട് യൂസി ശക്തമാണ്. എങ്കിലും എവിടെയൊക്കെയോ ചില കുറവുകൾ ഉടലെടുക്കുന്നു. ഇത് ഈ കലാലയത്തിന്റെ വാർദ്ധക്യത്തിലെ അനാരോഗ്യമോ? അതോ, ബാലാരിഷ്ടതയോ? യൂസിയുടെ പേരും പ്രശസ്തിയും പല ഘടകങ്ങളെ ആശ്രയിച്ചുള്ളതാണ്. യൂസിയുടെ പൈതൃകം, സംസ്കാരം, പാഠ്യപാഠ്യേതര രംഗങ്ങളിലെ മികവ്, അദ്ധ്യാപക വിദ്യാർത്ഥി ബന്ധം എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടവ. ഈ സവിശേഷതകൾകൊണ്ട് യൂസി മറ്റ് കോളേജുകളെ അപേക്ഷിച്ച് എന്നും വേറിട്ടതാണ്. 1921 മുതൽ ലോകത്തിലെ ചെറുതും വലുതുമായ എല്ലാ ചരിത്രനിമിഷങ്ങൾക്കും സാക്ഷിയാണ് ഈ മഹത്കലാലയം. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കുകൊള്ളുകയും അക്ഷീണം പ്രയത്നിക്കുകയും ചെയ്തുവെന്നതാണ് അഭിമാനം പകരുന്ന ഘടകം.

കേരളത്തിലെ പല കോളേജുകളിലും രാഷ്ട്രീയം അതിരുകൾ ഭേദിച്ച് കൊല്ലും കൊലയ്ക്കും അക്രമത്തിനുമായി വഴി മാറിക്കൊടുത്തപ്പോൾ.... കേരളത്തിലെ കലാലയങ്ങളിൽ ചോര ചിന്തിയപ്പോൾ.. അവിടെയെല്ലാം യൂസി മാതൃക കാട്ടി... കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർത്ഥിരാഷ്ട്രീയത്തെപ്പറ്റിയും വിദ്യാഭ്യാസകച്ചവടത്തെപ്പറ്റിയും ഉള്ള ചർച്ചകളിൽ തീ പാറുമ്പോൾ, സാധാരണക്കാരൻ ചെന്നെത്തുന്നത്, **"അതിനൊക്കെ നമ്മുടെ യൂസി !!!"** ഓരോ യൂസിയനും അഭിമാനിക്കുവാനും അൽപം അഹങ്കരിക്കുവാനും കഴിയുന്ന വാക്കുകൾ. കഴിഞ്ഞ ഒൻപത് പതിറ്റാണ്ട് യൂസിക്ക് ലഭിച്ച വിലമതിക്കാനാവാത്ത സമ്പാദ്യമാണ് ഈ വാക്കുകൾ. ഏതു NAAC സർട്ടിഫിക്കറ്റിനെക്കാളും വിലയുള്ള അംഗീകാരം. അങ്ങനെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ യൂസി നിരവധി പ്രവർത്തകരെ സംഭാവന ചെയ്തു. ഇതിനോടകംതന്നെ യൂസി ഒന്നാംകിട കോളേജിന്റെ പ്രൗഢിയോടെ പ്രശോഭിക്കുകയും ചെയ്തിരുന്നു. കലയും സാഹിത്യവും പ്രണയവും വിരഹവും, സൗഹൃദവും സല്ലാപവും എല്ലാറ്റിനുമുപരി പ്രത്യയശാസ്ത്രങ്ങൾക്കപ്പുറം വ്യക്തിബന്ധങ്ങൾക്ക് പ്രാധാന്യം നൽകി സജീവമായിരുന്നു ഈ ക്യാംപസ്. ഇങ്ങനെ എല്ലാ തലങ്ങളിലും വസന്തം തീർക്കുന്ന ഒരു ക്യാംപസ് ഇനി ഉണ്ടാകുമോ...?

പ്രീഡിഗ്രിയുടെ സുവർണ്ണനിമിഷങ്ങൾ തല്ലിക്കെഴിച്ചതിനു ശേഷം ക്യാംപസിനെ ചലനാത്മകമാക്കിയിരുന്ന ഒരു തലമുറകൂടി ഇന്ന് പടിയിറങ്ങിയിരിക്കുന്നു. ക്യാംപസ് ഇനി നിർജ്ജീവമാകുവാൻ പോകുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. കാരണം ആർട്സ് കോളേജ് ഇനി മുതൽ സെമസ്റ്റർ കോളേജുകളാണ്. ഇനി അസൈൻമെന്റുകളുടേയും, സെമിനാറുകളുടേയും, പ്രൊജക്ടുകളുടേയും, വൈവാവോസിയുടേയും കാലം. പാഠപുസ്തകങ്ങളിൽ നിന്ന് ഒരുനിമിഷംപോലും മാറി നിൽക്കുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കില്ല. ഒരു തരത്തിൽ പറഞ്ഞാൽ തീരാത്ത പരീക്ഷണങ്ങളുടെ കാലം. ഈ പരീക്ഷണങ്ങൾക്കു വേണ്ടി തയ്യാറെടുക്കുവാൻ പോലും സമയമില്ല. പഠനത്തിന്റെ നിലവാരം ഉയർത്തുന്ന പുതിയ പരിഷ്കാരങ്ങൾ ഒരു കാലഘട്ടത്തിൽ ഫലഭൂയിഷ്ഠമായ കലാലയത്തെ ആവോളം ആസ്വദിച്ച ആ തലമുറ ഇന്ന് അധികാരസ്ഥാനങ്ങളിൽ എത്തപ്പെട്ടപ്പോൾ പിൻതലമുറയ്ക്ക് അവ നിഷേധിക്കുകയാണ്. അന്നു രാഷ്ട്രീയത്തെ അക്രമത്തിനു വേണ്ടി മാത്രം ഉപയോഗിച്ചപ്പോൾ അതിന്റെ തിക്തഫലം അനുഭവിക്കുവാൻ വിധിക്കപ്പെട്ടത് ഇന്നിന്റെ മക്കൾക്കാണ്.

ഇന്നിന്റെ കലാലയങ്ങളെ സെമസ്റ്റർവത്ക്കരിച്ച് വിദ്യാർത്ഥിസംഘടനകളുടെ ശബ്ദത്തേയും, ഇടങ്ങളേയും ഇല്ലായ്മ ചെയ്തുകൊണ്ട്, പ്രതികരണശേഷി ഇല്ലാത്ത, രാഷ്ട്രീയ ബോധമില്ലാത്ത ഒരു തലമുറയെ വളർത്തിയെടുക്കുമ്പോൾ നിങ്ങൾ ഉദ്ദേശിക്കുന്ന പരിഷ്കാരം എന്താണ്? സ്വതന്ത്ര ഭാരതം ലക്ഷ്യമാക്കി സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽ ആദ്യമായി രക്തസാക്ഷിത്വം വരിച്ചത് ഖുദിറാം ബോസ് എന്ന പതിനേഴുകാരനായ വിദ്യാർത്ഥിസുഹൃത്താണെന്ന ചരിത്രസത്യത്തെ അധികാരികൾ വിസ്മരിക്കരുത്. വെള്ളക്കാരന്റെ വേട്ടപ്പട്ടാളത്തിനു നേരെ ഭാരതാംബയുടെ ആത്മാഭിമാനം ഉയർത്തിപ്പിടിച്ച് സിംഹഗർജ്ജനമായി മാറിയ പ്രിയ ഭഗത്സിങ്ങും, ബ്രിട്ടീഷുകാരന്റെ ധാർഷ്ട്യത്തിനു നേരെ കാറിത്തുപ്പിയ നേതാജി സുഭാഷ്ചന്ദ്രബോസുമൊക്കെ ഇന്നും ചോര തിളക്കുന്നവന്റെ ഉള്ളിലെ നിറസാന്നിദ്ധ്യങ്ങളാണ്.

എന്തൊക്കെ പരിഷ്കാരങ്ങളായാലും ക്യാംപസ് ജീവിതത്തിലെ പല നല്ല നിമിഷങ്ങളും അന്യമാകുകയാണ്. ഒരു തരത്തിൽ ചിന്തിച്ചാൽ കോളേജ് യൂണിയനുകൾ പോലും പുതുതലമുറയ്ക്ക് ഇനിയൊരു ബാധ്യതയാണ്. പഠനത്തിന്റെ തിരക്ക് കഴിഞ്ഞിട്ട് നേരമില്ലാത്തവർക്ക് കലയിലും സാഹിത്യത്തിലുമൊക്കെ ശ്രദ്ധപതിപ്പിക്കാൻ ഇനി എവിടെയാണ് നേരം? ഇന്നലെവരെ സർവകലകളുടേയും ഉറവിടമായ ഒരു കലാലയം പുതുരൂപഭാവങ്ങൾ സ്വീകരിക്കുന്നത് കൂടി കാണേണ്ടിവരുന്നതിന് മുൻപ് ഞാൻ പടിയിറങ്ങുകയാണ്.

VMA വിജനമാകട്ടെ.... ക്യാംപസ് നിർജ്ജീവമാകട്ടെ... പരിഷ്കാരങ്ങൾ ഇനിയുമുണ്ടാകട്ടെ... കോടതിവിധികൾക്കും പരിഷ്കാരങ്ങൾക്കും പിന്നാലെ പാഞ്ഞ് ഒരു കാലത്ത് നിങ്ങൾ അനുഭവിച്ച സുഖമുള്ള ആ ക്യാംപസ് നിമിഷങ്ങൾ നിങ്ങൾ ഞങ്ങൾക്ക് നിഷേധിക്കുമ്പോൾ ഒരു ചോദ്യത്തിനും കൂടി ഉത്തരം തരണം. നാളത്തെ തലമുറയോട് ഞങ്ങൾ കാട്ടേണ്ടത് ഏത് മാതൃകയാണ്? അവസാനമായി, ഓർമ്മകൾ അയവിറക്കുവാൻ നിങ്ങൾ ക്യാംപസിൽ ഒത്തുകൂടുമ്പോൾ ഇനി പറയരുത് **'ഞങ്ങൾ പഠിച്ചിരുന്ന സമയത്തെ ക്യാംപസ് ആയിരുന്നു ക്യംപസ്'** എന്ന്, സഹിക്കില്ല.....

**Libu Jacob Varghese**
II MA English



# ആടുജീവിതം
## ഒരു ആസ്വാദനക്കുറിപ്പ്




മലയാള സാഹിത്യത്തിൽ അത്രയധികം ശ്രദ്ധിക്കപ്പെടാതിരുന്ന ഒരു സാഹിത്യകാരനായിരുന്നു 'ബെന്യാമിൻ'. എന്നാൽ ഒരൊറ്റ പുസ്തകം കൊണ്ടു തന്നെ ഇന്ന് സാഹിത്യലോകം അദ്ദേഹത്തെ തിരിച്ചറിഞ്ഞു. അതാണ് കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ 'ആടുജീവിതം'. 2008-ൽ ഇതിന്റെ ആദ്യപതിപ്പ് പ്രസിദ്ധീകരിക്കപ്പെടുമ്പോൾ 2010 ആയപ്പോഴേക്കും അതിന്റെ പതിന്നാലു പതിപ്പുകൾ വന്നുകഴിഞ്ഞു.



'ഇരുണ്ട വനസ്ഥലികൾ' എന്ന അദ്ദേഹത്തിന്റെ ആദ്യ പുസ്തകം ഞാൻ വായിക്കുമ്പോൾ വലിയ പ്രതീക്ഷകൾ ഒന്നും തന്നെയില്ലായിരുന്നു. അതിൽ നിന്നും 'ആടുജീവിതത്തിൽ' വന്നു നിൽക്കുമ്പോൾ ഒരുപാട് പ്രകടമായ വ്യത്യാസങ്ങൾ നാം ദർശിക്കുന്നു. പേരുപോലെ തന്നെ വളരെ വ്യത്യസ്തമായ കഥയാണ് ഇതിൽ പറയുന്നത്. നമ്മൾ അനുഭവിച്ചിട്ടില്ലാത്ത ജീവിതമെല്ലാം നമുക്കു വെറും കെട്ടുകഥകൾ മാത്രമാണ് എന്നദ്ദേഹം നമ്മെ നേരത്തെ ഓർമ്മപ്പെടുത്തുന്നു. അതൊരു വലിയ ഓർമ്മപ്പെടുത്തൽ തന്നെയാണ്. ഇങ്ങനെയൊരു മുൻവിധി വച്ചുതന്നെ നോവൽ വായിച്ചവസാനിപ്പിക്കുമ്പോൾ അതൊരു കെട്ടുകഥമാത്രമല്ല എന്നു വിശ്വസിക്കാൻ വായനക്കാർ പലരും ബുദ്ധിമുട്ടേണ്ടി വരും.

നോവൽ ആരംഭിക്കുന്നിടത്തു തന്നെ നമുക്ക് ചില ആശയക്കുഴപ്പങ്ങൾ വന്നു ചേർന്നേക്കാം. 'നജീബ്' ആത്മഗതം നടത്തുന്ന രീതിയിലാണു നോവൽ പുരോഗമിക്കുന്നത്. സ്വമനസാലെ പോലീസിനു കീഴടങ്ങി ജയിലിൽ എത്തുകയാണയാൾ. അവിടെ അയാൾക്ക് തന്റെ പൂർവ്വകാലത്തെ അപേക്ഷിച്ച് സ്വർഗ്ഗതുല്യമായിരുന്നു. ഏതൊരു സാധാരണ മലയാളിയേയും പോലെ മറുനാട്ടിൽ പണിയെടുത്ത് കുടുംബം കരപറ്റിക്കുക എന്ന ലക്ഷ്യത്തോടെ അയാളും സുഹൃത്ത് ഹക്കീമും ഗൾഫിൽ എത്തിച്ചേരുന്നു. എന്നാൽ പിന്നീടങ്ങോട്ട് ചില നാടകീയ സംഭവങ്ങൾ അരങ്ങേറുകയാണ്. എയർപോർട്ടിൽ തന്നെ തേടിവന്ന അറബിക്കൊപ്പം അവർ യാത്രയാവുന്നു. സ്വപ്നങ്ങളിൽ കണ്ട ഗൾഫ് അവർ ആദ്യം കണ്ടുതുടങ്ങുന്നതിനൊപ്പംതന്നെ നേരം ഇരുട്ടി തുടങ്ങിയതോടെ അവരുടെ സ്വപ്നങ്ങൾക്ക് മങ്ങലേൽക്കുന്നതും നാം കാണുന്നു. അവസാനം അവർ എത്തിച്ചേരുന്നത് ഒരു വലിയ മസറയിലാണ്. (ആടുകളെ കൂട്ടത്തോടെ പാർപ്പിക്കുന്നിടം) അവിടെ അയാൾ വൃത്തിഹീനമായ പ്രാകൃതനു സമാനമായ ഒരാളെ കണ്ടെത്തുന്നു. അയാൾ അവനെ ഭീകരരൂപി എന്നു വിളിച്ചു. എന്നാൽ കാലം തന്നെ മറ്റൊരു ഭീകരരൂപിയാക്കുമെന്ന് അയാൾ ചിന്തിച്ചിരിക്കില്ല. ആടുകൾക്കൊപ്പം അയാൾ ജീവിതം തുടങ്ങി. അടിമയെപ്പോലെ അയാൾ പണിയെടുത്തു. ഒടുവിൽ മനുഷ്യനാണ് താനെന്ന് സ്വയം തിരിച്ചറിയാനാവാത്തവിധം അയാൾ

ആടുജീവിതത്തിൽ എത്തിപ്പെട്ടു.

മുന്നോട്ടുള്ള രംഗങ്ങളിൽ ഹക്കീമിനും മസറയിൽ പണിക്കു വരുന്ന ആഫ്രിക്കക്കാരനായ അയാളുടെ സുഹൃത്തിനുമൊപ്പം നജീബ് അറബിയിൽ നിന്നും രക്ഷപ്പെട്ടോടുന്നു. പടച്ചോന്റെ വറചട്ടിയെന്ന് അയാൾ സ്വയം വിശേഷിപ്പിച്ച മരുഭൂമിയിൽ ഒടുക്കം തനിച്ചാവുന്ന അയാൾ ആരാലോ കുറിക്കപ്പെട്ട വിധിക്കനുസൃതമെന്നോണം പുറംലോകത്തേക്ക് തിരികെയെത്തുന്നു. അവിടെ നിന്നും ജയിൽവാസം സ്വയം സ്വീകരിച്ച് അയാൾ ഇന്ത്യൻ എംബസി വഴി നാട്ടിലേക്കു തിരിക്കുന്നിടത്ത് നോവൽ അവസാനിക്കുന്നു.

കെട്ടുകഥയെ വെല്ലുന്ന ജീവിതമാണ് നാമിവിടെ കാണുന്നത്. ഇത് ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരേടല്ല. ചോര വാർക്കുന്ന ജീവിതം തന്നെയാണ് എന്നതാണ് ആടുജീവിതത്തെ പറ്റി എൽ. ശശിധരൻ അഭിപ്രായപ്പെടുന്നത്. കാവൽ നായയെപ്പോലെ തന്റെ യജമാനനെ സേവിക്കുന്ന നജീബിന് അറബി നൽകുന്നത് ക്രൂരമായ മർദ്ദനങ്ങളാണ്. തന്റെ (അർബാബിനു) യജമാനനു മേൽ നിറയൊഴിക്കാൻ ലഭിച്ച സുവർണാവസരം ഉപേക്ഷിക്കുന്നതിനു കാരണം ഇടിവെട്ടും മഴയുമുള്ള ഒരു രാത്രി എന്നെ രക്ഷിക്കാൻ നജീബുണ്ടല്ലോ എന്ന യജമാനന്റെ വാക്കുകൾ മാത്രമാണ്. ഇവിടെ അയാൾ വിശ്വസ്തനായ സേവകനാണ്. ആടുകൾക്കൊപ്പമുള്ള സഹവാസം അയാളെ ധാരാളം പഠിപ്പിക്കുന്നു. അതുവരെ തനിക്കന്യമായിരുന്ന ഒരുപാട് കണ്ടെത്തലുകൾ അയാൾ നടത്തുന്നു. തനിക്കു മുന്നിൽ ജനിച്ചുവീഴുന്ന ആട്ടിൻകുഞ്ഞിന് 'നബീൽ' എന്ന പേരുനൽകി ജനിക്കാനിരിക്കുന്ന തന്റെ കുഞ്ഞിനെയെന്നോണം അയാൾ ലാളിക്കുന്നു. ഇതെല്ലാം പരോക്ഷമായി ഒരു മനുഷ്യന്റെ ഒറ്റപ്പെടലിന്റെ മൂർദ്ധന്യാവസ്ഥയിൽ അയാൾ എത്തിച്ചേരുന്നതിന്റെ ഫലമായി ഉരുത്തിരിഞ്ഞ ജീവിതമാറ്റങ്ങളാണെന്ന് നമുക്കു കാണാവുന്നതാണ്.

ഗൾഫ് എന്നു കേൾക്കുമ്പോൾ സാധാരണഗതിയിൽ നമ്മുടെ ചിന്തയിലേക്കു ഇരച്ചുകയറുന്ന ചിത്രമല്ല നോവലിസ്റ്റ് ഇവിടെ അവതരിപ്പിക്കുന്നത്. ആധുനികതയുടെ ഉന്നതിയിൽ നിൽക്കുമ്പോഴും പ്രാകൃത ജീവിതം നയിക്കുന്ന അടിമ-ഉടമ വ്യവസ്ഥകൾ നിലനിൽക്കുന്ന ചിലയിടങ്ങൾ കൂടി അവിടെയുണ്ടെന്നതിന്റെ ഓർമ്മപ്പെടുത്തലുകൾ കൂടിയാണിത്. ജലം ജീവിതത്തിൽ എത്രത്തോളം പ്രധാനമാണെന്ന് ഈ നോവലിൽ നിന്നും മനസ്സിലാക്കാം. ജലം പാഴാക്കുന്നതിനെ സംബന്ധിച്ച് ബോധവത്കരിക്കപ്പെടേണ്ടവർ ഇതൊന്ന് വായിക്കുക തന്നെ വേണം. കുടിവെള്ളം ഇല്ലാത്ത അവസ്ഥയെ അത്രയും ഭീകരമായാണ് നോവലിൽ അവതരിപ്പിക്കുന്നത്. ഹക്കിം മരുഭൂമിയിൽ മരണപ്പെടുന്നത് വെള്ളമില്ലാതെ തൊണ്ടപൊട്ടി ഭ്രാന്തനായി ചൂടു മണൽ വാരിത്തിന്ന് ചോര ഛർദിച്ചാണ്. സ്വന്തം നാട്ടിലേക്കു തിരിക്കുമ്പോഴും മസറയിൽ നേരിട്ട ജീവിതാനുഭവങ്ങളെ മനസിൽ നിന്നും പറിച്ചെറിയുവാൻ അയാൾക്കാവുന്നില്ല. അത്രമേൽ ആ മസറയും അർബാബും അയാളുടെ ജീവിതത്തോട് താദാത്മ്യം പ്രാപിച്ചിരുന്നു.

ഒരു മനുഷ്യന് ഒരിക്കലും ചിന്തകളിൽ പോലും വന്നു ചേരാത്ത ഒന്നിനെയാണ് ജീവിതത്തിലൂടെ അനുഭവിച്ച് വാർന്നുപോകാതെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. ഇതുകൊണ്ടാണ് ഏതൊരു മലയാളിയും തന്റെ ജീവിതത്തിൽ ഒരു തവണയെങ്കിലും വായിച്ചിരിക്കേണ്ട പുസ്തകമാണിതെന്ന് ഞാൻ ഉറപ്പി ച്ചു പറയുന്നത്.

**Aswathy J.B.**
II BA Psychology





# VMH കഥ പറയുമ്പോൾ

ഇന്ന് നവതിയുടെ നിറവിൽ ഉദിച്ചു നിൽക്കുന്ന യൂസിയൻ കലാലയത്തിന്റെ ആത്മാവാണ് ഞാൻ. 1921 മുതൽ 42 വരെ പ്രഥമ പ്രിൻസിപ്പാളായിരുന്ന എ.എം.വർക്കി സാറിന്റെ ഓർമ്മക്കായ് അമ്പതുകളിൽ കോളേജിന്റെ പൈതൃക മന്ദിരമായ 'കച്ചേരി മാളികയുടെ' അഭിമുഖമായാണ് എന്നെ പണി കഴിപ്പിച്ചത്. തുടക്കത്തിൽ ഇന്നു കാണുന്ന മനോഹാരിതയൊന്നുമില്ലായിരുന്നു. ഓലമേഞ്ഞ മേൽക്കൂരയും അടച്ചുകെട്ടില്ലാത്ത അകത്തള വുമായിരുന്നു എന്റെ മുഖമുദ്ര!! എത്രയെത്ര ബാച്ചുകളാണെന്നോ എന്റെ അനുഭൂതിയിലലിഞ്ഞു ചേർന്നത്....

പണ്ടൊക്കെ ചുണക്കുട്ടന്മാരുടെ ബഹളമായിരുന്നു കോളേജ് മുഴുവൻ. കോളേജിന്റെ അഞ്ചു ഹോസ്റ്റലുകൾ മുഴുവൻ ഇളകി വന്നാലും അതിനെ താങ്ങി നിർത്താനുള്ള ശക്തിയെനിക്കുണ്ടായിരുന്നു. ആദ്യമൊക്കെ പ്രീഡിഗ്രി ക്ലാസ്റൂമായാണ് എന്നെ ഉപയോഗിച്ചു വന്നിരുന്നത്. ഇന്ന് കലാ-സാംസ്കാരിക രാഷ്ട്രീയ രംഗത്ത് തിളങ്ങി നിൽക്കുന്ന പലരും പ്രസംഗിക്കുവാനും ക്ലാസ്സെടുക്കുവാനും എന്റെ അടുക്കലെത്തിയിട്ടുണ്ട്. ഡോ.സുകുമാർ അഴീക്കോട്, കുറ്റിപ്പുഴ, ജി.ശങ്കരക്കുറുപ്പ്... നിരവധി കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ അതിൽ ചിലർ മാത്രം.

എസ്.സി.എമ്മിന്റേയും സോഷ്യൽ സർവീസ് ലീഗിന്റേയും നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്ന രണ്ടു വലിയ പരിപാടികളാണ് തൊണ്ണൂറുകളുടെ തുടക്കം വരെ കോളേജിനെ ഇളക്കിമറിച്ചത്. അതിനൊക്കെ ആതിഥേയത്വം വഹിക്കാൻ ഭാഗ്യം ലഭിച്ചത് എനിക്കായിരുന്നു. ഇവ കൂടാതെ വൈകുന്നേരങ്ങളിൽ നാടകപഠനവും പ്രസംഗമത്സരവും നടത്താൻ കുട്ടികൾ ഓടിയെത്തിയിരുന്നു. നിത്യചൈതന്യയതി, പി.സി.അലക്സാണ്ടർ, മലയാറ്റൂർ രാമകൃഷ്ണൻ എന്നിവരെപ്പോലെയുള്ള ഒരുപറ്റം നല്ല വിദ്യാർത്ഥികളെ സമൂഹത്തിനായി വാർത്തെടുത്തത് വൈകുന്നേരങ്ങളിലുള്ള ഈ പരിപാടികളായിരുന്നു.

1991 മുതൽ 95 വരെ കോളേജ് പ്രിൻസിപ്പാളായിരുന്ന സി.ജെ.തോമസ് സാറാണ് എന്നെ ഇന്നു കാണുന്ന രൂപത്തിലാക്കിയത്. അന്നു മുതൽ 'അരമതിലും തൂണും' എന്ന വിശേഷണം എനിക്കന്യമായി. 99 കളിൽ പ്രീഡിഗ്രി കോളേജിൽ നിന്ന് വേർപെടുത്തിയപ്പോൾ കോളേജിന്റെ സ്പന്ദനം തന്നെ നിലച്ചുപോയോ എന്നു ഞാൻ സംശയിച്ചു. പക്ഷേ ക്രിയാത്മകവും, സർഗ്ഗാത്മകവും ആയ കഴിവുകളുള്ള കുട്ടികൾ അന്നും ക്യാമ്പസിലുണ്ടായിരുന്നത് എന്നെ സന്തോഷിപ്പി ച്ചിരുന്നു.

രണ്ടായിരത്തിന്റെ തുടക്കത്തിൽ എന്നെ പൂർണ്ണസജ്ജമായ ഒരു ഹാളാക്കിമാറ്റി. കോളേജ് യൂണിയനും മറ്റു സാംസ്കാരിക വേദികളും അവരുടെ പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ എനിക്കു മുൻപിൽ വന്നു. ദയാവായ്പ്പോടെ ഞാൻ എല്ലാത്തിനും സാക്ഷ്യം വഹിച്ചു. പൂർവ്വവിദ്യാർത്ഥികൾക്ക് ഞാൻ ഗൃഹാതുരത്വമുണർത്തുന്ന ഒരു നല്ല ഓർമ്മയാണ്.... നവതിയും പിന്നിട്ട് യു.സി. മുന്നേറുമ്പോൾ വരാൻ പോകുന്ന ഒരു സുവർണ്ണ കാലത്തെയും പുതുതലമുറയെയും കാത്ത് ഞാൻ ഇവിടെ നിലകൊള്ളുന്നു.

**Nidish P.S.**
IIIrd BA Economics

കടപ്പാട്: ഡോ.എ.എം.ചാക്കോ
(മാനേജർ -യു.സി.കോളേജ് )



# യൂസിയൻ കാൽപ്പാടുകൾ – ചാപ്പൽ

1921–ൽ ആലുവയിൽ പെരിയാറിന്റെ തീരത്തെ കുന്നിൻ മുകളിൽ സ്ഥാപിതമായ യു.സി.കോളേജ് ഇന്ന് നവതിയുടെ നിറവിൽ നിൽക്കുകയാണ്. ഈ കലാലയത്തിലെ ഓരോ മൺതരിയിലും, കാറ്റിലും ചരിത്രത്തിന്റെ സ്പർശം ഉണ്ട്. കച്ചേരിമാളികയും, സി.സി.യും, ബി.ബി.സിയും, ഗാന്ധിമാവും, മാത്യു ബ്ലോക്കും, കോളേജ് ഗേറ്റുമെല്ലാം ചരിത്ര സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഈ കോളേജിന് തുടക്കം കുറിച്ചത് വന്ദ്യഗുരുനാഥൻമാരായ കെ.സി.ചാക്കോ, സി.പി.മാത്യു, എ.എം.വർക്കി, വി.എം.ഇട്ടിയവിരാ എന്നിവരായിരുന്നു. തുടർന്ന് ഈ പറഞ്ഞ സ്ഥാപകരും പിന്നീട് അവിടെ അദ്ധ്യാപകരായി ചേർന്ന വിവിധ സഭകളിൽപ്പെട്ട മറ്റ് അംഗങ്ങളും ചേർന്ന് ഒരു ഫെലോഷിപ്പ് രൂപീകൃതമായി. ഈ ഫെലോഷിപ്പാണ് യു.സി.യെന്ന കലാലയത്തെ വളർത്തിക്കൊണ്ടുവന്നത്.

ഒരു ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനമെന്നതിലുപരി, ക്രിസ്ത്യൻ മൂല്യങ്ങളിൽ അധിഷ്ഠിതമായ കലാലയമാണ് യു.സി. സ്നേഹവും, സാഹോദര്യവും അറിവുമാണ് അതിന്റെ മുഖമുദ്ര. നിർബന്ധിത മതവിദ്യാഭ്യാസം ഉൾപ്പെടാത്ത ഒരു ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനവും ഉണ്ടായിരുന്നില്ലാത്ത ഒരു കാലഘട്ടത്തിൽ മതേതര വിദ്യാഭ്യാസവും അക്രൈസ്തവരുടെ സമ്പൂർണ്ണ പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് നിർമ്മിക്കപ്പെട്ട ഈ കലാലയം അതിന്റെ സ്ഥാപകരുടെ ദീർഘവീക്ഷണത്തിന്റെ ഉത്തമ പ്രതിഫലനമാണ്. ഇന്നും ഈ കലാലയത്തിൽ തെറ്റാതെ നടന്നുവരുന്ന ഒരു പതിവാണ് ചാപ്പൽപ്രാർത്ഥനകൾ. കോളേജ് ചാപ്പൽ ആത്മീയതയുടെ വെൺമേഘമായി ഈ കലാലയമുറ്റത്ത് ഉയർന്നുനിൽക്കുന്നു. ഏതൊരു വിദ്യാർത്ഥിക്കും തുറന്ന മനസ്സോടെ എത്തുവാൻ കഴിയുന്ന ഒരിടം.

ഇന്നത്തെ ചാപ്പലിനു പുറകിൽ ചരിത്രമുറങ്ങിക്കിടപ്പുണ്ട്. കോളേജിന്റെ ആരംഭഘട്ടത്തിൽ ചാപ്പൽ പ്രർത്ഥനകൾ ഹോസ്റ്റലിലെ വിദ്യാർത്ഥികളെ ഒന്നിപ്പിക്കാനുള്ള ഒരു വേദിയായിരുന്നു. അന്ന് ചാപ്പലായി ഉപയോഗിച്ചിരുന്നത് ഇന്നത്തെ കച്ചേരിമാളികയുടെ മുന്നിലായി ഉണ്ടായിരുന്ന ഒരു എക്സ്റ്റൻഷൻ ബിൽഡിംഗായിരുന്നു കോളേജിന്റെ ഭരണത്തിൽ പങ്കാളികളായ മൂന്നു സഭകൾ അന്നുണ്ടായിരുന്നു.

1. **മലങ്കര സിറിയൻ കോൺഗ്രിഗേഷൻ**
2. **മലങ്കരമാർത്തോമ സഭ**
3. **സി.എസ്.ഐ.**- ഇന്ന് കേരളത്തിലെ നാല് സി.എസ്.ഐ. മഹാഇടവകകൾ ചേർന്ന സി.എസ്.ഐ.സഭ

കോളേജിന്റെ ആരംഭം മുതലേ ഈ സഭകളുടെ അംഗങ്ങൾ കോളേജിന്റെ ഭരണത്തിലും പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു. കോളേജുകളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ആത്മീയ പ്രചോദനം നൽകുന്നതിനായി മേൽപറഞ്ഞ സഭകളിലെ ഓരോ സഭയുടെയും ക്രമമനുസരിച്ച് ഞായറാഴ്ച രാവിലെ ആരാധന നടത്തിയിരുന്നു. പ്രസ്തുത ആരാധനകളിൽ അദ്ധ്യാപകരും, അനദ്ധ്യാപകരും അവരുടെ കുടുംബാംഗങ്ങളും സംബന്ധിച്ചിരുന്നു. ഇതു കൂടാതെ എല്ലാ സഭാവിഭാഗങ്ങളിലെയും വിദ്യാർത്ഥികൾ ഒന്നായി ചേർന്ന് സൺഡേ ഈവനിങ്ങ് വർക്ക്ഷിപ്പ് എല്ലാ ഞായറാഴ്ച്ചകളിലും നടത്തിപോന്നിരുന്നു. പ്രാദേശിക പ്രദേശങ്ങളിൽ ഈ സഭകൾക്കെല്ലാം ഇടവകകൾ രൂപീകരിക്കപ്പെട്ടപ്പോൾ ഓരോ സഭാവിഭാഗത്തിന്റേയും ആരാധനകൾ കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദങ്ങളായി ക്രമമായി നടക്കാറില്ല.

കഴിഞ്ഞ മൂന്നുനാലു ദശകങ്ങളിലായി എല്ലാ പ്രവൃത്തിദിവസവും കോളേജ് തുടങ്ങുന്നതിനു ഇരുപത് മിനിറ്റ് മുൻപേ (9.10 a.m) കോളേജിലെ എല്ലാ കുട്ടികൾക്കുംവേണ്ടി പ്രഭാത പ്രാർത്ഥന നടത്തിപ്പോരുന്നു. ഇതിൽ ജാതിമതഭേദമന്യേ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. എസ്.സി.എഫ് -ന്റെ മീറ്റിങ്ങുകളും മറ്റു കമ്മിറ്റി മീറ്റിങ്ങുകളും ചാപ്പലിൽ വച്ചാണ് സാധാരണ നടത്തിപോരുന്നത്. കോളേജിൽ ചില അവസരങ്ങളിൽ, ആദ്യകാലത്ത് പതിവില്ലായിരുന്നുവെങ്കിലും അടുത്ത കാലങ്ങളിൽ കോളേജിലെ എക്യുമെനിക്കൽ അന്തരീക്ഷത്തിനു യോജിച്ച രീതിയിലുള്ള ചാപ്ലെയിൻമാരെ നിയമിക്കാറുണ്ട്.

1941-ലാണ് ഇന്നു കാണുന്ന ചാപ്പലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അതിനായി Rev. Canon W.E.S. Holland ഏകദേശം 15000 രൂപ സംഭാവന നൽകുകയും ചെയ്തു. 1942 ജൂലൈ 19നു പുതിയ ചാപ്പലിൽ വെച്ച് ബിഷപ്പ് H. Paken Ham Walsh ആദ്യത്തെ ആരാധന നടത്തുകയും ഇതിൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുക്കുകയുമുണ്ടായി.

പ്രാർത്ഥനകളുടെയും ചാപ്പലിന്റെയും പ്രസക്തി ഇന്നത്തെ ആധുനിക സമൂഹത്തിലും മങ്ങുന്നില്ല എന്നതിന്റെ തെളിവാണ് ഇവിടെ നിന്നും പഠിച്ചിറങ്ങുന്നവരുടെ ഓർമ്മക്കുറിപ്പുകളും, നിറഞ്ഞുനിൽക്കുന്ന ചാപ്പലിന്റെ പടിക്കെട്ടുകളും പ്രാവിന്റെ കുറുകലുകളും.

**John M George, Kalyani Krishna**
II Bsc Botany


Manipal
Now get your MBA degree
without leaving your job
HIGHLIGHTS
MBA with 12 Specializations
Technology enabled learning in the form of EduNxt – Learn from anywhere anytime
Lateral Entry for Eligible & Experience Candidates
Recognized by MHRD, UGC and DEC
ISO 9001 Certified
University Certified Academic Counselor (Tutors)
EMI Facility (Conditions Apply)
Flexi Tutoring Facility (Conditions Apply)
Advance Courseware
Timely Delivery - On Time Examination/Result Declaration/Certification
Admissions Open
Sikkim Manipal University
Directorate of Distance Education
MBA
MSc IT
MCA
BBA
BCA


BOI Education Loans
Facilitating Higher Study
SHIKSHA SURAKSHA
Bank of India
INTEREST RATES SLASHED
Easy Home Loans @
10.00%*p.a
BOI Home Loans
Bank of India
Step into your new home today with Bank of India
At Bank Of India
Term Deposits Come With
Interesting Benefits
High interest rates
Best Savings Solution
LIMITED PERIOD
Bank of India Gift Card
The perfect way to celebrate
a special relationship.
Bingo the card for youth between 15 - 25 yrs.
Get Your
Bingo Card
at any
Bank of India
Branch
Bingo! And it's yours!
बैंक ऑफ़ इंडिया
Bank of India
Relationships beyond banking.

മിനിക്കഥ

# കുപ്പി



അമ്മയുടെ സ്നേഹോഷ്മളമായ മുലപ്പാലിനു പകരമായി അന്ന് അവനു കിട്ടിയത് പാൽ നിറച്ച ഒരു 'കുപ്പി' യായിരുന്നു. ബാല്യകാലത്ത് അവൻ കൂട്ടുകാരോടൊപ്പം കളിക്കുമ്പോൾ ആ വിദ്യാലയത്തിൽ കൂട്ടായിരുന്നതും കഴുത്തിൽ കെട്ടിത്തൂക്കപ്പെട്ട ഒരു 'കുപ്പി' യായിരുന്നു. തന്റെ പ്രണയിനിയുമൊത്ത് അവൻ സമയം 'ചെലവഴിക്കുമ്പോൾ' അവരിരുവരേയും ഉറ്റുനോക്കിയിരുന്നത് 'രണ്ടു സ്ട്രോകളിട്ട ' ഒരു കൂൾഡ്രിംഗ്സ് 'കുപ്പി'യായിരുന്നു. വിവാഹത്തിനു ശേഷം തന്റെ ഭാര്യയെ തല്ലാൻ അവനു ധൈര്യം കൊടുത്തതും മദ്യം നിറച്ച കളറുള്ള ഒരു 'കുപ്പി'യായിരുന്നു. അവസാനം ആശുപത്രിയിൽ മരണം കാത്ത് അവൻ കിടക്കുമ്പോൾ കൂട്ടായിരുന്നതും ഗ്ലൂക്കോസും രക്തവും നിറച്ച രണ്ട് 'കുപ്പി'കൾ തന്നെ....!!

**Nahas T.S.**
I BA Economics

# ഓർമ്മയിലെൻ യൂസി



നിഗൂഢ ആശയങ്ങളുടെ ചുരുൾക്കെട്ട്
നിവർത്താനാവാതെ പുൽത്തകിടിയിൽ
വിശ്രമിക്കുന്ന 'മഹാഗണിതം'
യൂസിയൻ പാരമ്പര്യത്തിന്റെ ധീര
തീരുമാനത്തിന്റെ പ്രതീകമായി
നിലകൊള്ളുന്ന 'ഗാന്ധിമാവ്'
മാറ്റത്തിന്റെ ശംഖൊലി ഇടിനാദമായ്
മുഴങ്ങുന്ന NR പടവുകൾ
സൗഹൃദങ്ങൾക്കും പ്രണയത്തിനും
തണൽ വിരിച്ചുതന്ന
സി.സിയും ബി.ബി.സിയും
സുഹൃദ് ബന്ധത്തിനപ്പുറം
സാഹോദര്യബന്ധം പഠിപ്പിച്ചു
തന്ന പ്രിയ 'ചാക്കോസ്'
"മറക്കില്ല യൂസി നിൻ ഓർമ്മകൾ
എന്റെ മനസിൽ......"

**Renjith S.**
II MA History



# മാസ്മരികതയുടെ കാണാപ്പുറങ്ങളിലേയ്ക്ക്

**പ**ത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടം മുതൽ ഭൂമിയെ ആഗോള ഗ്രാമമാക്കി മാറ്റാൻ കഴിഞ്ഞത് അഭിമാനാർഹമായ നേട്ടമാണ്. ഈ നേട്ടത്തിനു പിന്നിലെ സാങ്കേതികവിദ്യയുടെ നിർണ്ണായകമായ പങ്ക് വിസ്മരിക്കാനാവില്ല. സാങ്കേതികവിദ്യയുടെ വികാസം ഇരുപതാം നൂറ്റാണ്ടിനെ "സൈബർലോക"മെന്ന വിശേഷണം ചാർത്തുകയും ചെയ്തു. ഈ വിശേഷണം എത്രമാത്രം അനുയോജ്യമെന്ന് ഇവയുടെ വികാസപരമ്പരകൾ വ്യക്തമാക്കുന്നു.



മൊബൈൽ ഫോണുകളിലാരംഭിച്ച് കമ്പ്യൂട്ടർ ഇന്റർനെറ്റ് കടന്ന് ഓർക്കൂട്ടും ടിറ്ററും ഫെയ്സ് ബുക്കിലുമൊക്കെയൊതുങ്ങാതെ സാങ്കേതികവിദ്യ അനുദിനം പരിണാമങ്ങൾക്ക് വിധേയമായിത്തീരുന്നു. ദൈനംദിന ആവശ്യങ്ങൾക്ക് യന്തിരനെ ആശ്രയിക്കുന്നവരുടെ ഗണത്തിലേയ്ക്ക് നാം മാറിയിരിക്കുകയാണ്. എഫ്.എം., മെസേജ്, ചാറ്റിംഗ്, ക്യാമറ, നെറ്റ് തുടങ്ങിയ സൗകര്യങ്ങളടങ്ങിയ മൊബൈൽ ഫോണുകൾ സാധാരണക്കാരന്റെ കൈകളിലെ അവശ്യവസ്തുവായി മാറിക്കഴിഞ്ഞു. ജീവിതത്തിലെ ദൈനംദിന ആവശ്യങ്ങൾ വരെ നിയന്ത്രിക്കാൻ ഇന്ന് ഇവയ്ക്ക് സാധിക്കുന്നു എന്ന് പറയുമ്പോൾ ഇതിന്റെ ഉപയോഗം സാധാരണക്കാരിൽ എത്രമാത്രം സ്വാധീനം ചെലുത്തിയെന്ന് നിഷ്പ്രയാസം ചിന്തിക്കാനാവും. വ്യത്യസ്ത ഭാവത്തിലും രൂപത്തിലുമുള്ള കമ്പ്യൂട്ടറുകളും മൊബൈലുകളും നമ്മുടെ വിപണിയെ ആവേശഭരിതമാക്കിയിരിക്കുന്നു. കമ്പ്യൂട്ടർ ഇന്റർനെറ്റുകളുടെ ഉപയോഗം വിദ്യാർത്ഥികൾ മുതൽ ഉദ്യോഗസ്ഥതലത്തിലുള്ളവരുടെ വരെ നിത്യോപയോഗ വസ്തുവായി മാറിക്കഴിഞ്ഞു. ഇവയുടെ അനന്തമായ സാധ്യതകൾ കണ്ട് പ്രയോജനപ്രദമാക്കാൻ ശ്രമിക്കുന്ന ഒരു കൂട്ടം ആളുകളുടെ കഥകളാണ് വിക്കിലിക്സ്, 2-G സ്പെക്ട്രം വഴി പുറത്തു വന്നത്. ഈ സാങ്കേതികവിദ്യകൾ രാഷ്ട്രീയ സാഹചര്യങ്ങളെവരെ നിയന്ത്രിക്കുന്നുവെന്ന് അറിയുമ്പോഴാണ് ഇതിന്റെ മറ്റൊരു തലത്തിലുള്ള സ്വാധീനത്തെക്കുറിച്ച് നാം ശരിയായി തിരിച്ചറിയുന്നതും.

ലോകത്തെ ആഗോളഗ്രാമമാക്കി മാറ്റാൻ മാധ്യമലോകത്തെ സഹായിച്ച ഈ സാങ്കേതികവിദ്യയുടെ വൈഭവശേഷി തിരിച്ചറിയാൻ പിൻതിരിഞ്ഞ് നോക്കേണ്ടതില്ല. സൈബർ ലോകം നൽകുന്ന അനന്തമായ സേവനങ്ങൾക്കു പിന്നിൽ ദുരുപയോഗം ചെയ്യാനുള്ള സാധ്യതകളേറെയാണ്. മെസേജും മെയിലും ചാറ്റിങ്ങുമൊക്കെ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പത്രമാധ്യമങ്ങൾ വഴി നാം തിരിച്ചറിയാതെ പോകുമ്പോൾ ആ പ്രശ്നങ്ങളിലേക്ക് വീണ്ടുമൊരാൾ ചെന്നുപെടുകയാണെന്ന വസ്തുത പലരും മറന്നുപോകുന്നു. സാങ്കേതികവിദ്യ ഭീകരവാദത്തിനു വരെ ഉപയോഗിക്കപ്പെടുമ്പോൾ രാജ്യത്തിന്റെ സ്വകാര്യതയും മതേതരത്വവും നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ വരെ സൃഷ്ടിക്കപ്പെടുന്നു. ഇതിന്റെ ഉത്തമ ഉദാഹരണമാണ് 2009 നവംബർ മാസത്തിലുണ്ടായ മുംബൈ ഭീകരാക്രമണം. സാങ്കേതിക വിദ്യയുടെ പരമപ്രധാനമായ ധാർമ്മികതയെന്നത് ഇവയുടെ ദുരുപയോഗം തടയുക, ഇവയുടെ ഉപയോഗം രാജ്യത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നില്ലെന്ന്



ഉറപ്പുവരുത്തുക എന്നതാണ്.

ഭാരതജനതയ്ക്ക് സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ പകർന്നു നൽകാനായി അക്ഷീണം പ്രയത്നിച്ച ധിരുഭായ് അംബാനിയെപ്പോലെയുള്ളവരുടെ നാടാണ് ഇന്ത്യ. എന്നാൽ പിൻതലമുറക്കാരിൽ ചെന്നെത്തിയപ്പോൾ അവരുടെ മുൻപിൽ സാങ്കേതിക വിദ്യയുടെ കച്ചവടലക്ഷ്യങ്ങൾ മാത്രം. ദീർഘവീക്ഷണത്തോടെയുള്ള വിപണന സാധ്യതകൾ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ഭാരതത്തിലെ വിവിധ തലങ്ങളെ ബാധിച്ചുവെന്ന് പറഞ്ഞാൽ തെറ്റാകുമെന്ന് തോന്നുന്നില്ല. സാങ്കേതിക



വിദ്യയുടെ വിപണനത്തിലാരംഭിച്ച് കാർഷിക, ആരോഗ്യ, സാമ്പത്തിക മേഖലകളിൽ വരെ സൃഷ്ടിച്ച പ്രതിസന്ധികൾ ഏറെയാണ്.

സാങ്കേതിക വിദ്യയുടെ മറ്റൊരു മുഖം ദൃശ്യമായത് കലാലയങ്ങളിലാണ്. തന്മൂലം ഉപയോഗത്തിലും ദുരുപയോഗത്തിലും അവർ തന്നെ മുൻപന്തിയിൽ. നമുക്ക് ചുറ്റുമുള്ള സ്ത്രീ സമൂഹം അവയുടെ ഇരകളായി മാറ്റപ്പെടുകയാണ്. മോർഫിങ്ങിലൂടെ സ്ത്രീകളുടെ അശ്ലീല ചിത്രങ്ങൾ വഴി പണം സമ്പാദിക്കുന്നവരുടെ ഒട്ടനവധി കഥകൾ ഇതിനോടകം പുറത്തു വന്നിട്ടുണ്ട്. ഇങ്ങനെയൊക്കെ സംഭവിക്കുന്നുണ്ടെന്നറിഞ്ഞിട്ടും ആരും സാങ്കേതിക വിദ്യയെ ആശ്രയിക്കാതിരിക്കുന്നില്ല. ഒരു കൈപ്പിടിക്കുള്ളിൽ ഒട്ടനവധി സേവനങ്ങൾ നൽകുന്ന ഈ കൊച്ചുവീരനെ ആരും ഉപേക്ഷിക്കാത്തതിനു പിന്നിൽ അവ നമ്മുടെയിടയിൽ ചെലുത്തുന്ന സ്വാധീനമൊന്നുമാത്രമാണ്. വായന നശിക്കുന്നുവെന്ന ആക്ഷേപത്തിനു മറുപടിയായി വായന നശിക്കുന്നില്ലെന്നും വായനാനുഭവം സാങ്കേതിക വിദ്യയിലൂടെയും സാധ്യമാണെന്ന് വ്യക്തമാക്കുന്നു 'ബ്ലോഗുകൾ.'

സൈബർ ലോകം പല നിർണ്ണായകമായ മുഹൂർത്തങ്ങൾക്കും സാക്ഷിയാകേണ്ടി വന്നിട്ടുണ്ട്.



രാഷ്ട്രീയത്തിൽ സ്ഥാനഭ്രംശങ്ങൾക്കും ഭീകരാക്രമണങ്ങൾക്കും അതിലുമുപരി വ്യക്തികളുടെ വിലയും നിശ്ചയിച്ചിട്ടുമുണ്ട്. എന്തായിരുന്നാലും സാങ്കേതിക വിദ്യ മൂലം നേരിടുന്ന പ്രശ്നങ്ങൾക്ക് തടയിടാൻ ശ്രമിക്കുന്ന സൈബർ സെല്ലിനെ വെല്ലുന്ന ബുദ്ധിരാക്ഷസന്മാരുണ്ട്. പുത്തൻസാങ്കേതിക വിദ്യകളുൽപാദിപ്പിക്കുമ്പോൾ തന്നെ അവയെ നശിപ്പിക്കുന്ന വൈറസുകളെ നിർമ്മിച്ച് ആന്റിവൈറസുകളെ നൽകിക്കൊണ്ട് കച്ചവട സാധ്യത നിലനിർത്തുന്നവരാണ് നമുക്കു ചുററും.

സൈബർ ലോകം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ മാനുഷിക ജീവന്റെ ധാർമ്മികതയെ തല്ലിക്കെടുത്തുന്ന വിധത്തിൽ മാറ്റപ്പെടുമ്പോൾ ശാശ്വതമായ പരിഹാരം നിർദേശിക്കുവാൻ ഓരോ ഭരണകൂടത്തിനും സാധിക്കണം. അവയുടെ കടന്നാക്രമണങ്ങൾ രാജ്യത്തിന്റെ ഐക്യവും സമാധാനവും നഷ്ടപ്പെടുവാൻ ഒരിക്കലും ഇടയാകരുത്.

മനുഷ്യജീവന്റെ വിലയും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സാങ്കേതികവിദ്യയ്ക്കു കീഴിൽ തടയപ്പെടാൻ ഒരിക്കലും ഇടവരരുത്. സാങ്കേതിക വിദ്യകൾ മാസ്മരികത സൃഷ്ടിക്കുമ്പോൾ നാം അറിയാതെ പോകുന്ന ചില യാഥാർത്ഥ്യങ്ങൾ ഉണ്ട്. ആവശ്യങ്ങൾക്കനുസരിച്ച് പ്രയോജനപ്പെടുത്തുവാനും അനാവശ്യങ്ങൾക്ക് നിരുത്സാഹപ്പെടുത്താനുമുള്ള വിവേചനബുദ്ധി ഈശ്വരൻ മനുഷ്യനു നൽകിയ ഒരു വരദാനമാണ്. നമ്മുടെ നേട്ടങ്ങൾ സഹജീവികൾക്ക് ഉപദ്രവമാകാതിരിക്കുകയെന്നത് ഓരോ പൗരന്റേയും അടിസ്ഥാനപരമായ ധാർമ്മികതയാണ്. ധാർമ്മികതയിൽ അധിഷ്ഠിതമായ സാങ്കേതികവിദ്യയുടെ വികാസപരിണാമങ്ങൾ ഉണ്ടാകാൻ കരങ്ങൾ കോർത്ത് പ്രയത്നിക്കാം.

**Chrisma Baby**
III B.Sc Botany

# ചുങ്കക്കാരും വേശ്യകളും പിന്നെ മലയാളസിനിമയും!!!

"**അം**ഗീകാരങ്ങൾ എന്തിനെയും മഹത്‌വത്ക്കരിക്കുമത്രേ...." അങ്ങനെയെങ്കിൽ ദേശീയ - സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കി മുന്നേറുന്ന '**ആദാമിന്റെ മകൻ അബു**' വിലൂടെ മലയാള സിനിമയും മുന്നേറ്റത്തിന്റെ പാതയിലേക്ക് മടങ്ങിയെത്തുന്നു. മലയാള സിനിമയുടെ കൊഴിഞ്ഞുപോയ ആ വസന്തകാലത്തെ നിരൂപകർ സ്വപ്നംകണ്ട്തുടങ്ങിയിരിക്കുന്നുവീണ്ടും.

നമുക്കും ഒരു ചർച്ചയാവാം, അല്ലേ? മലയാള സിനിമ ശരിയായ പാതയിൽ ആണോ എന്ന് നമുക്കൊന്ന് അന്വേഷിക്കാം... 'ആർട്ട് ഹൗസ്' എന്ന് വിളിക്കപ്പെടുന്ന ചിത്രങ്ങളെ മാത്രമല്ല, കച്ചവട സിനിമകളേയും നമുക്ക് വിശകലനം ചെയ്യാം.




(കാര്യം ഞാൻ അത്തരം രണ്ട് വേർതിരിവുകളിൽ വിശ്വസിക്കുന്നില്ലെങ്കിലും). ചലച്ചിത്രകാരന്മാരും നിരൂപകരും ഒരേസ്വരത്തിൽ മലയാളസിനിമ തിരിച്ചുവരവിന്റെ പാതയിൽ ആണെന്ന് ആണയിടുന്നു. അതിൽ കുറച്ചൊക്കെ ശരിയുണ്ടു താനും. 'ട്രാഫിക്', 'പ്രാഞ്ചിയേട്ടൻ', 'ഇവിടം സ്വർഗ്ഗമാണ്', 'കുട്ടിസ്രാങ്ക്', 'പാലേരി മാണിക്യം', 'ഋതു', 'ഭ്രമരം' തുടങ്ങി ഒരുപിടി നല്ല ചിത്രങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തിൽ ഈ വിശ്വാസത്തിനു അടിവരയിടുന്നു. ഈ ശ്രേണിയിലേക്കാണു ആദാമിന്റെ മകന്റെ വരവ്. ഇപ്പറഞ്ഞതൊക്കേയും ഇതുപോലെ അങ്ങ് വിഴുങ്ങാൻ വരട്ടെ.... നമുക്ക് ഒന്ന് മാറ്റി




ചിന്തിച്ചാലോ? സത്യത്തിൽ മലയാള സിനിമ ആ പഴയ വസന്തകാലത്തിലേക്ക് തന്നെയാണോ പോകുന്നത്? നമുക്ക് ഒരു നിമിഷത്തേക്ക് ഈ വേഗമൊന്ന് കുറച്ച്, തിരിഞ്ഞു നോക്കി, ചിന്തിച്ച് നോക്കാം? എന്താ റെഡിയല്ലെ?

1980 കളെയാണ് സാധാരണയായി മലയാള സിനിമയുടെ വസന്തകാലമായി പറഞ്ഞ് പോരുന്നത്; അതിനു തക്കതായ കാരണവുമുണ്ട് താനും! 1980 കളിൽ എല്ലാതരം സിനിമകൾക്കുമുള്ള ഇടം ഉണ്ടായിരുന്നു. പത്മരാജന്റേയും ഭരതന്റേയും, ഐ.വി.ശശിയുടെയും മറുവശത്ത് അടൂരിന്റേയും അരവിന്ദന്റേയും ജോൺ എബ്രഹാമിന്റേയും ചിത്രങ്ങളുടെ നിറവിൽ മലയാള സിനിമ തലയുയർത്തി നിന്നിരുന്ന ആ കാലം! ഹും...... അതും ഒരു കാലം.! എന്നാൽ ഇന്നോ? സൂപ്പർ സ്റ്റാറുകൾക്ക് മുന്നിൽ ഓച്ഛാനിച്ച് നിൽക്കുമ്പോൾ 'എന്തുകഥ' 'ഏത് കഥ' ഫലമോ? പോക്കിരിരാജകൾ, ഹരിഹർ നഗറുകൾ, പുതിയ മുഖങ്ങൾ ഈ പേക്കൂത്തുകൾ കണ്ട് നാം കയ്യടിക്കുന്നു. എന്തു വസന്തം അല്ലേ!!!






പ്രത്യക്ഷത്തിൽ, രണ്ടുതരം സിനിമയുടെയും (Art and Commercial) ചുക്കാൻ പിടിച്ചിരുന്നവർ ഇന്ന് ക്ലീഷേ ആയി ചുരുങ്ങിയിരിക്കുന്നു. അത് ഈയിടെ മിക്ക ചിത്രങ്ങളിലും സാഹചര്യങ്ങൾക്ക് വശംവദയായി ഏകാകിയാവുന്ന നായികയുടേയും ക്ലൈമാക്സ് വരെ അവളെ കല്യാണം കഴിക്കാതെ സ്വന്തം വീട്ടിൽ സംരക്ഷിക്കുന്ന മഹാനായ നായകനെയും കാട്ടിത്തരുന്ന സത്യൻ അന്തിക്കാടായാലും (ഉദാ: രസതന്ത്രം, കഥ തുടരുന്നു). ബുള്ളറ്റുകൾക്ക് മൂർച്ച കുറഞ്ഞു എന്ന തോന്നൽ കൊണ്ടോ എന്തോ ബുള്ളറ്റ് 'ബൈക്ക്' ഉപയോഗിച്ചിട്ടും പൊളിയുന്ന ഷാജി കൈലാസ് ആയാലും മറുവശത്ത് ആർട്ട് സിനിമകളുടെ 'ഭീഷ്മർ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന അടൂർ ഗോപാലകൃഷ്ണൻ ആയാലും (നാല് പെണ്ണുങ്ങൾ എന്ന ചിത്രത്തിന്റെ അവസാനം അതിന്റെ പേര് ഇംഗ്ലീഷിൽ 'Four Womens' എന്ന് തെളിഞ്ഞപ്പോൾ അറിയാതെ ചിരി വന്നു -'Women' എന്നതേ Plural ആണ് എന്നറിയാത്ത ആ സംവിധായകനോട് സഹതാപവും). അടൂരിന്റെ ചിത്രങ്ങളുടെ ഇപ്പോഴത്തെ പേരുകളും ബഹുരസമാണ്. ചില കോമഡിഷോകൾ ചുണ്ടിക്കാട്ടും പോലെ അടുത്ത ചിത്രത്തിന്റെ പേര് 'ഒരു പെണ്ണും മൂന്നാണും' അല്ലെങ്കിൽ നാലാണും എന്നോ മറ്റോ ആയേക്കാം. ടി.വി.ചന്ദ്രനേയും ഈ ശ്രേണിയിൽ തന്നെ പെടുത്താം. ടിയാന്റെ പുതിയ ചിത്രമായ 'ശങ്കരനും മോഹനനും'. ഇതിലേക്ക് ഞാൻ ഇതിന്റെ അവസാനം വീണ്ടും വരാം. പിന്നെ ആദ്യ രണ്ട് ചിത്രങ്ങൾക്ക് ശേഷം നിരാശ മാത്രമെ പ്രിയനന്ദനും സമ്മാനിച്ചിട്ടുള്ളു.

ഇപ്പറഞ്ഞതിന്റെയൊക്കെയും ദുഃഖകരമായ മറുപുറം എന്നത് കഥയും കാമ്പുമുള്ള, അതിലുപരി പുതുമ നിറഞ്ഞ 'ടി.ഡി.ദാസൻ STD VI B' യും, 'ആത്മകഥ'യും, 'മകരമഞ്ഞും' പോലുള്ള ചിത്രങ്ങൾക്ക് പണപ്പെട്ടി കിലുക്കാനാവാതെ പോവുന്നതാണ്. ഇതിലും അതിശയോക്തിയുളവാക്കുന്നത് താരനിബിഡമായ ശ്യാമപ്രസാദിന്റെ 'ഇലക്ട്ര' റീലീസ് ചെയ്യാൻ തിയറ്റർ കിട്ടാത്തത്.

അപ്പോൾ നമ്മൾ പറഞ്ഞ് തുടങ്ങിയതിലേക്ക് തിരിച്ചുവരാം. സലീംകുമാറിന് ലഭിച്ച അവാർഡിനെക്കുറിച്ച് രണ്ടുവാക്ക് പറഞ്ഞ് കൊള്ളട്ടെ... ആ അവാർഡ് മലയാള സിനിമയെ രണ്ടുപടി പിന്നിലേക്കാണു തള്ളിവിട്ടത്! "എന്നെ തുറിച്ചു നോക്കി പല്ലിറുമ്മാൻ തുടങ്ങും മുമ്പ് സഹോദരാ ഞാൻ എന്റെ ഭാഗം ഒന്നു വിശദീകരിച്ചോട്ടെ...." എന്നെ സംബന്ധിച്ചിടത്തോളം അവാർഡ് എന്നത് സിനിമാ മേഖലയെ ഒരുപടി എങ്കിലും മുമ്പോട്ട് കൊണ്ടുപോകുന്നതായിരിക്കണം. തങ്ങളുടെ നല്ല പ്രായത്തിൽ ഈ അവാർഡുകൾ നേടിയത് ഇന്നത്തെ സൂപ്പർ താരങ്ങളിൽ ഒരു ഉത്തരവാദിത്വബോധം അന്നേ ഉണ്ടാക്കാനുതകുകയും അത് മലയാളസിനിമയെ ശരിയായ ദിശയിലേക്ക് നയിക്കുകയും ചെയ്തു. എന്നാൽ ഈ അവാർഡ് സലീം കുമാറിനെയോ മലയാളസിനിമയെയൊ എങ്ങും എത്തിക്കുന്നില്ല. സലീംകുമാറിൽ നിന്നും ഇനി 'പഴശ്ശിരാജ' യൊന്നും നമുക്ക് പ്രതീക്ഷിക്കാനാവില്ലല്ലോ. പിന്നെ, ഇപ്പറയുന്ന എനിക്ക് ഈ അവാർഡ് Gimmick കളികളോട് പണ്ടേ



താത്പര്യമില്ല. ലോകത്തിൽ ഇന്ന് ജീവിച്ചിരിക്കുന്നതിലും വെച്ച് ഏറ്റവും മികച്ച നടൻ എന്ന് ഞാൻ വിശ്വസിക്കുന്ന ജഗതി ശ്രീകുമാറിനോ, നെടുമുടിക്കോ, തിലകനോ കിട്ടാത്ത അവാർഡിനെ എനിക്കെന്തോ അംഗീകരിക്കാനാവില്ലൊട്ടും.

നിങ്ങളുടെ അറിവിലേക്ക്.... 2011 ൽ ഇതുവരെ (38 ചിത്രങ്ങൾ റിലീസ് ആയി; ഇതിൽ തന്നെ ഏതാണ്ട് മുപ്പതും Flop ആയി! 'കയം' എന്ന ചിത്രത്തിൽ തുടങ്ങിയ ഈ കൂപ്പുകുത്തൽ 'റേസ്', 'ആഗസ്റ്റ് 15', 'ഡബിൾസ്' എന്നിങ്ങനെ സഞ്ചരിച്ച് ടി.വി.ചന്ദ്രന്റെ വാണിജ്യപരീക്ഷണമായ 'ശങ്കരനും മോഹനനും' എന്ന ചിത്രത്തിൽ എത്തി നിൽക്കുന്നു. വാർത്താമാധ്യമങ്ങളിലൂടെ കേട്ടറിഞ്ഞ Theme ലെ പുതുമ ആസ്വദിക്കാൻ ഞാനും ഈ സിനിമ തിയറ്ററിൽ പോയി കണ്ടിരുന്നു. ഈ ചിത്രത്തെ Art വിഭാഗത്തിൽ പെടുത്താൻ പോലും പറ്റത്തില്ല; 'A real flop and hightime to say' ഞങ്ങളെ ഇങ്ങനെ വിഡ്ഢികളാക്കുന്നത് ഒന്ന് നിർത്തിക്കൂടെ മിസ്റ്റർ ചന്ദ്രൻ? താങ്കൾ ഞങ്ങളോട് ചോദിക്കുവാണോ, കഥാവശേഷനിൽ തുടങ്ങിയ എന്റെ ഈ പറ്റിക്കലിൽ നിന്നും നിങ്ങൾ (പ്രേക്ഷകർ) എന്നാണ് സ്വയം രക്ഷപ്പെടാൻ പോകുന്നത് എന്ന്.

ഇതിനേക്കാൾ നടുക്കുന്നതാണു "Drain of quality" അഥവാ 'മൂല്യശോഷണം'. രതിനിർവ്വേദം പോലൊരു ചിത്രത്തെ പത്മരാജന്റെ കാലത്തിൽ നിന്നും വിപരീതമായി അതിലെ കലാമൂല്യത്തിനു പകരം ശ്വേതാമേനോന്റെ ശരീരവടിവുകൾ കാണേണ്ടിവരുന്ന ശോചനീയാവസ്ഥ. തിയേറ്ററുകൾ ഒഴിഞ്ഞ് കിടക്കുന്നതിലും വേശ്യാലയങ്ങളായി പരിണമിക്കുന്നതിലും പൊളിച്ച് മാറ്റപ്പെട്ട് ഷോപ്പിംഗ്മാൾ ആവുന്നതിലും ഒട്ടും അതിശയോക്തിയില്ല. എന്നിട്ടും പെയ്യാൻ സാധ്യതയില്ലാത്ത ഒരു വേനൽമഴയ്ക്കായി നാം കാത്തിരിക്കുന്നു.

നല്ല സിനിമകൾ ചെയ്ത് കഴിവ്തെളിയിച്ച എം.ജി.ശശി (അടയാളങ്ങൾ), എം.പി. സുകുമാരൻ നായർ (രാമാനം), സോഹൻലാൽ (ഓർക്കുക വല്ലപ്പോഴും) എന്നിവർ ഒറ്റ ചിത്രം കൊണ്ട് അപ്രത്യക്ഷരായപ്പോൾ ബ്ലസി ചിത്രങ്ങളും വിരളമായിക്കൊണ്ടിരിക്കുന്നു. ഈ ജീർണ്ണാവസ്ഥയിൽ സ്ഥിരത പുലർത്തുന്നത് 'തിരക്കഥ', 'കേരളകഫേ', 'പാലേരിമാണിക്യം', 'പ്രാഞ്ചിയേട്ടൻ' എന്നിവ ചെയ്ത രഞ്ജിത്ത് മാത്രമാണ്. എന്നാൽ ഒരു 'വൺമാൻ ഷോ' മലയാള സിനിമയെ കരകയറ്റും എന്നുപറയുന്നത് തികച്ചും യുക്തിരഹിതമാവും. ഇപ്പോഴത്തെ മലയാള സിനിമയ്ക്ക് എൺപതുകളുമായി കിടപിടിക്കാൻ ആവുന്നില്ല എന്നു മാത്രമല്ല മറുവശത്ത് 'അങ്ങാടിതെരുവ്', 'മൈന', 'വെയിൽ', 'വാനം', 'സുബ്രഹ്മണ്യപുരം', 'പശങ്ക', 'കോ', 'ആടുകളം' തുടങ്ങി എണ്ണിയാലൊടുങ്ങാത്ത മിഴിവൊത്ത തമിഴ് ചിത്രങ്ങളുടെ ഏഴയലത്തും എത്താൻ സാധിക്കുന്നില്ല.

വ്യാജ സിഡി വിൽപനയും കൂടി വരുത്തിവയ്ക്കുന്ന ഈ പ്രതിസന്ധിയിൽ ഞാൻ ചലച്ചിത്രകാരന്മാരെ മാത്രമായി പഴിചാരുന്നില്ല. അപ്പോൾ, നല്ല സിനിമകളെ സ്നേഹിക്കുന്നവർക്കുവേണ്ടി നമ്മുടെ മുന്നിൽ നാല് വഴികളുണ്ട്.

1. അക്ഷമയോടെ നല്ല ചിത്രങ്ങൾക്കായി കാത്തിരിക്കുക
2. ഇപ്പോൾ കിട്ടുന്ന മേൽപ്പറഞ്ഞ ക്ലീഷേകളുമായി പൊരുത്തപ്പെട്ട് പോവുക
3. ഈ മുൾപ്പാതയിൽ പോരിട്ട് നല്ല ചലച്ചിത്രകാരന്മാരാവുക; അങ്ങനെ ഈ 'പുതിയ' വഴിക്ക് ചുക്കാൻ പിടിക്കുക
4. എപ്പോഴത്തേയും പോലെ കുത്തിയിരുന്ന് വിലപിക്കുക-എന്താചെയ്യാ... മലയാള സിനിമാപ്രേക്ഷകനായി പിറന്നതിന്റെ ഗതികേട്!!

**പിൻകുറിപ്പ്:** ശങ്കരൻ ഇപ്പോഴും തെങ്ങിൽതന്നെ! രതിച്ചേച്ചീടെ കുളിമുറിയിൽ ഒളിഞ്ഞ് നോക്കാൻ കയറിയതാണു പാവം! മോഹനൻ ഇപ്പോഴും നല്ല സിനിമകളും കാത്ത് ഇനിയും പൊളിച്ചു മാറ്റപ്പെടാത്ത ഏതോ ഒരു തിയറ്ററിൽ ഈച്ചയുമാട്ടി ഇരിപ്പുണ്ടാവണം. പാവം!

**Anand Krishnamoorthi**
III BA English



# Beware of Cyber Friendship



Every new innovation spawns an entire breed of users or abusers who exploit it to its excessive limits. We call these species of human beings maniacs and they are as old as the inventions themselves.

Friendships are a part of socialization and friends play a very important role in our lives. Today this is expanded to cyber friendships where people become friends through chatting and social networking sites like orkut, facebook, twitter etc. Today there are two worlds - the real world and the cyber world. In the real world we have the advantage of eye to eye contact and body language to help us communicate. We are costrained by social norms and morals. But the cyber world is different. We do not get any cues from facial expressions or body gestures. The social rules are just not applicable. We can hide behind our words and there are plenty of people who totally behave in a manner they would never do in reality.

Children might fall into traps through these cyber friendships. Cyber sex is very common today. In most of the rape cases reported recently, cyber links can be seen.

People think that modern communication technologies have solved all the problems in relationships, forgetting that nothing can replace the comfort of expressing one's feeling face to face. We never bother to visit our relatives and friends as we are content with chatting with them on the net.

Today in the name of cyber friendships, people are becoming netomaniacs who spend hours in front of the computer forgetting all their responsibilities. They live in mortal fear of being marooned on an island of ignorance while the informed goes by, all because they lost their net connection for a few minutes.

myspace
a place for friends

facebook

orkut

People say that they can have over a thousand friends through these social networking sites. Is that realistic? I don't think anybody can possibly have that many friends or may be the definitions of friend needs to be updated. If the love we feel for some people we know well on the internet is real enough then what do we love or who do we love? We love a person from the cyber world and not the corresponding real person. They might be similar but they could also be completely different from their real personalities.

If people are more comfortable with discussing their problems to a cyberfriend, when life becomes tough are they there to watch us cry, listen with a compassionate heart and give us a sincere hug as our tears shed? Definitely no. Only a real friend can do this; someone whom we have a real life relationship with and a person who has intimate knowledge of us. It takes people far too long in life to realize that the real world is outside their front door and it is not on twitter, myspace, facebook or orkut.

Methods of communication are meant to help us, not to make slaves of us. Human beings are the pride of God's creation. Let us keep it so and not allow a machine to usurp our place. We all should remember that we live in the real world, that we cannot change. We exist only as a binary code in the cyber world and so does everybody else. If a dog chews through the power chord, they all vanish and they are gone. The screen goes dark and interaction stops.

**Asna M. Nassrin**
III BA Psychology



# എന്റെ സുഹൃത്തിന്

ചിലപ്പോഴൊക്കെ നിന്റെ മൗനം
എന്നെ അലോസരപ്പെടുത്താറുണ്ടെന്ന്-
പറഞ്ഞപ്പോൾ
നീ പറഞ്ഞു അതെന്റെ മൂടുപടമാണെന്ന്
ഒരു നാൾ ഞാൻ
മുനിഞ്ഞുകത്തുന്ന തിരികെടുത്താനാഞ്ഞപ്പോൾ
നീ പല്ലിറുമ്മി
നിന്റെ വർദ്ധിച്ച നെഞ്ചിടിപ്പു കേട്ടു ഞാൻ
കാര്യമാരാഞ്ഞപ്പോൾ
നീയെന്നെ  ഇതു  പതിവെന്ന മട്ടിൽ ഒഴിവാക്കി
തുമ്പിയെക്കൊണ്ട് കല്ലെടുപ്പിച്ചപ്പോൾ,
അന്നു നീയെന്നെ വിലക്കിപ്പറഞ്ഞു
പരപീഢ പാപമാണെന്ന്
രാവിൽ പൊഴിഞ്ഞുവീണ പൂക്കളെ നോക്കി
അവയെ തഴുകിയ നീ...
തുടുത്ത മേഘക്കീറിനെ നോക്കി
പുഞ്ചിരികൊണ്ട നീ....
അല്ല സുഹൃത്തേ..., നീ തന്നെയോ ഇന്നിപ്പോൾ
കനത്ത മൗനത്തെ ഭഞ്ജിച്ച്,
വിളക്കിലെ തിരി തല്ലിക്കെടുത്തി,
തുമ്പിയുടെ ചിറകുകൾ കെട്ടിയിട്ട്,
പൂക്കളെ ചവിട്ടിച്ചതച്ച്
എന്റെ നേരെ വിരൽചൂണ്ടിയത്?

**Deepak Gopalakrishnan**
III BSc Physics

# ഊഹക്കച്ചവടം

പകലിന്റെ ശവകുടീരത്തിൽ
ദൃശ്യമായ സ്വപ്നങ്ങൾ
മൂടൽമഞ്ഞിൽ മറയുമെന്ന്
ഞാൻ ഊഹിക്കുന്നു
ഊഹങ്ങൾ ഭാവിശബ്ദമായാൽ
പിന്നീടൊരിക്കലും
അവയെ തിരയില്ല
അല്ലെങ്കിലും
സ്വപ്നം, സ്വപ്നാടകനെ
തോൽപ്പിക്കുന്നതിലെന്തു പുതുമ!
സ്നേഹം, വിലകുറഞ്ഞ ആഭരണമാകുമ്പോൾ
അത് വലിച്ചെറിയുന്നതിൽ
എന്ത് തെറ്റാ....
അവളുടെ
അനുസരണയില്ലാത്ത തലമുടി
ഭ്രാന്തമായ കടലിന്റെ
നിശ്വാസങ്ങളിൽ നിന്നുയരുന്ന
നുരകൾ പോലെയാണ്
വിപണിയെ പിടിച്ചുകുലുക്കാൻ
കണ്ണുനീരും മത്സരരംഗത്തുണ്ട്...
അപ്പോഴും
നാവിൽ മധുരം തുളുമ്പിയത്,
സുന്ദരമായ നുണ!
ബന്ധങ്ങളും ഊഹക്കച്ചവടത്തിന്റെ
ജീർണിച്ച വസ്ത്രം തേടുകയാണോ?

**Jibina A.S**
II MA Malayalam






# മലയാളഭാഷയും മലയാളിയും

*'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ*
*മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ"*

എന്നെഴുതിയ മഹാകവി വള്ളത്തോൾ നാരായണ മേനോന്റെ മഹിതപാരമ്പര്യമുള്ള മലയാളി ഇന്ന് മാതൃഭാഷയുടെ നിലനിൽപ്പിനായി സമരം ചെയ്യേണ്ട ദുരവസ്ഥയിലേക്ക് എത്തിപ്പെട്ടിരിക്കുന്നു. തികച്ചും ആശങ്കാവഹമായ ഒരു പരിവർത്തനം. ഇനിയുമൊരുപടി കൂടെ താഴാനില്ലാത്ത വിധം എത്രയും നാണംകെട്ട അവസ്ഥ! സ്വന്തം ഭാഷയെ ഇത്രമേൽ വിലകുറച്ചു കാണുന്ന ഒരു സമൂഹം ഇന്ത്യയിലെന്നല്ല മറ്റെവിടെയും കാണില്ല. വെറും ആശയവിനിമയോപാധി എന്നതിനപ്പുറം എത്രയോ ഉയരത്തിലാണ് ഭാഷയുടെ സ്ഥാനം! ഒരു ജനതയുടെ സ്വത്വത്തിന്റേയും സംസ്കാരത്തിന്റേയും മുദ്രയും ജീവിതവ്യവഹാരത്തിന്റേയും ആത്മാവിഷ്ക്കാരത്തിന്റേയും മുഖ്യോപാധിയും ഭാഷയാണ്. എന്നാൽ ആശയവിനിമയത്തിന് മലയാളിസമൂഹം പലപ്പോഴും പ്രഥമപരിഗണന കൊടുക്കുന്നത് ഒരു ഭാഷയ്ക്കാണെങ്കിലോ? മലയാളമുപയോഗിച്ചാൽ പിഴയൊടുക്കാൻ പ്രേരിപ്പിക്കുന്ന, മലയാണ്മയെ സ്നേഹിക്കാത്ത മലയാളി സ്വന്തം ഭാഷയുടെ നിലനിൽപ്പിനുതന്നെ വെല്ലുവിളി മുഴക്കിക്കൊണ്ടിരിക്കുന്നു. നവതിയാഘോഷങ്ങളുടെ ഭാഗമായി കോളേജിലെത്തിയ അനുഗ്രഹീത എഴുത്തുകാരൻ ശ്രീ. എം. ടി. വാസുദേവൻ നായർ ഉദ്ധരിച്ച വാക്കുകൾ ഇത്തരുണത്തിൽ മനസ്സിലേക്ക് കടന്നുവരികയാണ്. "കേരളത്തിൽ ഇംഗ്ലീഷില്ലാതെ മലയാളമില്ല... " ഒട്ടനവധി അസുലഭ സാഹിത്യകൃതികളെ നെയ്തെടുത്ത ഒരു സുന്ദരഭാഷ കലാശക്കൊട്ടിനൊരുങ്ങുകയാണോ?

ഭാഷാസ്നേഹികളായ പല പ്രശസ്ത വ്യക്തികളും വിവേകശാലികളായ ചില നയതന്ത്രജ്ഞരും മന്ത്രിമാരും ഭാഷയുടെ ക്ലാസിക്കൽ പദവിക്കായി മുറവിളിയുയർത്തുമ്പോൾ 'മലയാളം' വിദ്യാലയങ്ങളിൽ ഒരു ആവശ്യവിഷയമേ അല്ലാതാവുകയാണ്. വിദ്യാലയങ്ങളിൽ നിർബന്ധമില്ലാത്ത ഒന്നാംഭാഷയായും (മലയാളം, സംസ്കൃതം, ഹിന്ദി, അറബി എന്നിവയിലേതെങ്കിലും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്). കോളേജ് തലത്തിൽ രണ്ടാംഭാഷയായും മലയാളം തരം താഴ്ത്തപ്പെട്ടിരിക്കുന്നു. ചുരുക്കി പറഞ്ഞാൽ മലയാളം പഠിക്കാതെ തന്നെ ഒരാൾക്ക് മലയാളിയാകാമെന്നു സാരം. ഈ ദുരവസ്ഥയ്ക്കെതിരെ ചിലരെങ്കിലും പ്രതികരിക്കുന്നുണ്ട്. ഇതിനുദാഹരണമാണ് 2010 നവംബർ 29ന് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിന് മുന്നിൽ കോഴിക്കോട്ടെ മലയാള ഐക്യവേദി, കൊച്ചിയിലെ മലയാള സംരക്ഷണവേദി, തിരുവനന്തപുരത്തെ മലയാളസമിതി എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന പ്രകടനവും, ധർണ്ണയും. എഴുത്തുകാരും അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടുന്ന ഒരു സംഘം പങ്കെടുത്ത ആ മാതൃഭാഷാവകാശയോഗം മലയാളം നിർബന്ധിത ഒന്നാംഭാഷയാക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഇതെല്ലാം ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ മാത്രം.

വ്യക്തമായ ഒരുനയം പ്രഖ്യാപിക്കാതെ രാഷ്ട്രീയകക്ഷികളും ഒഴിഞ്ഞുമാറുകയാണ്. കക്ഷിരാഷ്ട്രീയമില്ലാതെ ഐക്യകേരളത്തിനുവേണ്ടി സമരം ചെയ്ത മലയാളി ഇന്ന് സ്വഭാഷയ്ക്കായി ഐക്യമലയാളി പ്രസ്ഥാനമുണ്ടാക്കി പ്രതികരിക്കേണ്ട അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. ഈ അതിദയനീയാവസ്ഥയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടതുണ്ട്. അതിനായി നാമേവരും ഒത്തുചേരണം, കൈ കോർക്കണം, പ്രതികരിക്കണം, മലയാളം പഠിച്ച തികഞ്ഞ ഒരു മലയാളിയായി.

**Vishnu Aravind**
II BSc Physics



# വിലയുള്ള കടലാസ് തുണ്ടുകൾ

ഏപ്രിൽ 11-ാം തീയതി ശനിയാഴ്ച സൂര്യൻ പടിഞ്ഞാറ് പോയി വിശ്രമിക്കാനുള്ള തയ്യാറെടുപ്പിലാണ്. ആ ദിനത്തിലെ മനുഷ്യന്റെ ക്രൂരതകൾ അതിഭയാനകമാണ് എന്ന് തോന്നുന്ന വിധത്തിലായിരുന്നു പതിവിലധികം ചുവന്ന് തുടുത്ത സൂര്യന്റെ ഭാവം. ഓരോ ദിവസവും ആ ചുവപ്പ് കൂടിക്കൂടി വരികയാണ്.

ഒരു പഴകിയ തുകൽ സഞ്ചിയും തോളിൽ തൂക്കി എവിടെ നിന്നോ നടന്നുവന്ന ആ വൃദ്ധൻ ബസ് സ്റ്റോപ്പിൽ നിലയുറപ്പിച്ചു. തല താഴ്ത്തി നിന്നിരുന്നെങ്കിലും അയാളുടെ ശ്രദ്ധ തനിക്കു സമീപത്തു നിന്നവരിലേക്കായിരുന്നു. അയാൾ തന്റെ വിറയ്ക്കുന്ന കൈകൾ കൊണ്ട് ആ സഞ്ചി മുറുക്കിപ്പിടിച്ചിരുന്നു. ഇടയ്ക്കെപ്പോഴോ അന്തമില്ലാത്ത റോഡിന്റെ വിദൂരതയിലേക്ക് അയാൾ കണ്ണോടിച്ചു. ബസ് വന്നപ്പോൾ ആദ്യം ചാടിക്കയറിയത് അയാളായിരുന്നു. ഞൊടിയിടയിൽ പരതി ഒരു സീറ്റ് കണ്ടുപിടിച്ച് അയാൾ അവിടിരുന്നു. തന്റെ സഞ്ചി ഒരു പിഞ്ചുകുഞ്ഞിനെയെന്ന പോലെ നെഞ്ചോട് ചേർത്ത് പിടിച്ചുകൊണ്ട് അയാൾ തന്റെ സഹയാത്രികനെ നോക്കി. യൗവ്വനത്തിലേക്ക് കാലെടുത്തുവച്ച ഒരു ചെറുപ്പക്കാരനായിരുന്നു അടുത്തിരുന്നത്. അധികനേരം അവനെ വിശകലനം ചെയ്യാൻ മെനക്കെടാതെ അയാൾ പുറത്തേക്ക് ശ്രദ്ധതിരിച്ചു. ബസ് മെല്ലെ നീങ്ങി തുടങ്ങിയിരുന്നു.

പുറത്തെ കാഴ്ചകളിലായിരുന്നില്ല അയാളുടെ ശ്രദ്ധ. മനസ് മറ്റെവിടെയോ ആയിരുന്നു. കണക്കു കൂട്ടലുകളിലെ പിഴവുകൾ അയാളെ അസ്വസ്ഥമാക്കിക്കൊണ്ടിരുന്നു. കൺപോളകളുടെ ബലക്കുറവുകൾ ബോധ്യമാക്കിത്തന്നുകൊണ്ട് ഉറക്കം അയാളെ തേടി വന്നു. പ്രായത്തിന്റെ വാർദ്ധക്യത്തിലും അയാൾ പരാജയപ്പെടാൻ തയ്യാറായിരുന്നില്ല. അതിനാൽ പുതിയ പ്രസരിപ്പോടെ അയാൾ ഉണർന്നിരുന്നു. സഞ്ചിയിൽ പിടിമുറുക്കി വീണ്ടും പുറത്തേക്ക് നോക്കിയിരുന്നു. ഇനിയും രണ്ടു മണിക്കൂർ യാത്രയുണ്ട്.

എന്തോ സ്വപ്നം കണ്ടാണ് അയാൾ ഞെട്ടിയുണർന്നത്. പുറത്തേക്ക് നോക്കി. സ്ഥലമെത്താറായെന്ന് ഉറപ്പിച്ചു. രണ്ടു മണിക്കൂർ പെട്ടെന്ന് പോയി. മടിയിലേക്ക് നോക്കി. അയാൾ ഞെട്ടിത്തരിച്ചു നിശ്ചലനായി. 'എന്റെ സഞ്ചി' സമീപത്തുണ്ടായിരുന്ന ചെറുപ്പക്കാരനുമില്ല. ബോധം നഷ്ടപ്പെടുന്നതുപോലെ തോന്നി. എന്തു ചെയ്യണമെന്നറിയാതെ പകച്ചു നിന്ന നിമിഷങ്ങൾ. ശരീരം വിയർത്തു. ഇടനെഞ്ചിൽ ഒരു വേദന. വലതുകരം കൊണ്ട് അയാൾ നെഞ്ചിൽ മുറുക്കിപ്പിടിച്ചു. പരാജയങ്ങളിൽ പതറാതെ നിന്ന ആ പോരാളി ഒടുവിൽ തോൽവി സമ്മതിച്ചു. അവകാശികളില്ലാതെ ആ ശരീരം വിദൂരതയിലേക്കു നോക്കി ചേതനയറ്റു കിടന്നു.

വഴിയോരത്തെ ഒരു സ്വകാര്യാശുപത്രി. രോഗികളേയും സന്ദർശകരേയും കൊണ്ടുള്ള ബഹളം. പൂർണ്ണാരോഗ്യവാന്മാരായി പുറത്തു പോകുന്നവരാരും സന്തുഷ്ടരല്ല എന്ന് അവരുടെ മുഖം വ്യക്തമാക്കുന്നു. എന്നിരിക്കലും അകത്തേക്കും പുറത്തേക്കുമുള്ള ജനപ്രവാഹത്തിന് യാതൊരുവിധ കുറവുമില്ല.

ആശുപത്രിയ്ക്കടുത്ത് ഭിക്ഷയാചിച്ചു നടന്ന ഭിക്ഷക്കാരന് ഒരു രൂപ നാണയം നൽകിക്കൊണ്ട് വൃദ്ധനു സമീപമിരുന്ന് ബസിൽ യാത്ര ചെയ്തിരുന്ന ആ ചെറുപ്പക്കാരൻ ആശുപത്രിയ്ക്കകത്തേക്ക് നടന്നു. ചുവന്ന് തുടുത്തു നിന്നിരുന്ന അവന്റെ കണ്ണുകളിൽ എന്തോ ഭയം ഒളിഞ്ഞിരുപ്പുണ്ടായിരുന്നു. നേർത്ത കൈവിരലുകൾകൊണ്ട് അവൻ ആ തുകൽ സഞ്ചി മാറോട് ചേർത്ത് പിടിച്ചിരുന്നു.

ഡോക്ടറുടെ മുറിയിൽ ചെന്നിരുന്നു. എ.സി.റൂമിലും അവൻ വിയർക്കുകയായിരുന്നു. തുകൽ സഞ്ചി തുറന്ന് ഒരു പൊതിയെടുത്ത് അവൻ മേശപ്പുറത്ത് വച്ചു. അതു തുറന്നു നൂറിന്റെ നോട്ടുകെട്ടുകൾ അവ ഡോക്ടറുടെ അടുത്തേക്ക് നീക്കി വച്ചിട്ട് അവൻ അവന്റെ അമ്മയുടെ ഓപ്പറേഷനെക്കുറിച്ച് തിരക്കി. ഡോക്ടർ മൗനം ഭഞ്ജിക്കാതെ എഴുന്നേറ്റ് പുറത്തേക്ക് നടന്നു. തെല്ലൊരു ജിജ്ഞാസയോടെ അവനും അനുഗമിച്ചു. മോർച്ചറിയിൽ നിന്നും നിറകണ്ണുകളോടെയാണ് അവൻ പുറത്തേക്ക് ഇറങ്ങിയത് ഭൂമിയിൽ അവനെ ഒറ്റയ്ക്കാക്കി അവന്റെ അമ്മയും പോയി. അവൻ വിങ്ങിപ്പൊട്ടി കരഞ്ഞു.

ഡോക്ടർ അവനെ സമീപിച്ച് ആ സഞ്ചി തിരിച്ചേൽപ്പിച്ചു. അവൻ അത് തുറന്ന് പണപ്പൊതി പുറത്തെടുത്തു. അതിന്റെ ഭാരം വീണ്ടും കുറഞ്ഞിരുന്നു സഞ്ചിക്കുള്ളിൽ ഒന്നു രണ്ടു പേപ്പറുകളും കുറച്ച് കല്ല്യാണക്കുറികളുമുണ്ടായിരുന്നു. സ്വന്തം മകളുടെ കല്ല്യാണത്തിനു വേണ്ടി ഒരച്ഛൻ സ്വരുകൂട്ടിയ പണമായിരുന്നു അതെന്ന് അവനറിഞ്ഞു. ആ പിതാവിന്റെ കണ്ണീരിന്റേയും വിയർപ്പിന്റേയും നനുത്ത ഗന്ധം അവനെ വേട്ടയാടി. അത് തിരിച്ചേൽപ്പിക്കണമെന്ന് അവന്റെ അമ്മയുടെ ആത്മാവ് അവനോട് പറയുന്നതായി തോന്നി. ദൃഢനിശ്ചയത്തോടെ അവനെഴുന്നേറ്റ് നടന്നു.

ഇരുട്ട് നിറഞ്ഞ വഴിയിലൂടെ നടന്നു നീങ്ങുമ്പോൾ ആശുപത്രി മുതൽ തന്നെ രണ്ടുപേർ പിന്തുടരുന്നത് അവനറിഞ്ഞിരുന്നില്ല. വിങ്ങുന്ന മനസ്സുമായി നടന്നു നീങ്ങുന്ന അവൻ ഒന്നും അറിഞ്ഞിരുന്നില്ല. അവരുടെ പിച്ചാത്തിപ്പിടിയിൽ അവന്റെ ജീവൻ പിടയാൻ തുടങ്ങുന്നതുവരെ അവന്റെ കൈയ്യിലെ സഞ്ചി കൈക്കലാക്കി അവർ ഇരുട്ടിന്റെ ആഴങ്ങളിലേക്ക് ഓടിയകന്നു.

രക്തം വാർന്നൊഴുകുമ്പോഴും അവസാന ശ്വാസത്തിനായി പിടയുമ്പോഴും അവന്റെ ചുണ്ടുകളിൽ പുഞ്ചിരിയായിരുന്നു. ജീവന്റെ വിലയുള്ള പേപ്പർ തുണ്ടുകളെക്കുറിച്ചോർത്ത്...

**Sivadas N.B.**
II B.Sc Maths

# ചങ്ങാത്തം

**Sibu Modayil**
Malayalam Dept.

മണിമലയാറിൻ തീരത്ത്
ജനിച്ചുകളിച്ചു വളർന്നിട്ടും
നിളയെപ്പറ്റി പാടാനല്ലോ
കമ്പം തോന്നിയത്

ഭഗവാൻനീരാട്ടില്ലാതെ
കവികൾ പാടാനില്ലാതെ
എല്ലിൻകൂടായ്ത്തീർന്നിട്ടും
ഒരു വരി പോലും കരഞ്ഞില്ല
നിളയ്ക്കുവേണ്ടി കണ്ണീർ തൂകും
മുന്നണിയിൽ ഞാൻ പിന്നണിയായി.

'അടുത്തിരിക്കുമനുജനെ നോക്കാ-
നക്ഷികളില്ലാത്തോൻ '
നൈൽനദി തേടിപ്പോയെന്നല്ലോ
കഥകൾ കേൾക്കുന്നു
അവരുടെ കഥനം കദനങ്ങൾ
കടൽ കടന്നിങ്ങേക്കരയെത്തി
അപ്പുറമിപ്പുറമെല്ലാം നോക്കി
അവരുടെ നിശ്വാസത്തോതിൽ
ഒരു നെടുവീർപ്പിട്ടു ഞാനും
തോളിൽ സഞ്ചി മുടിയും നീണ്ടു
മുഷിഞ്ഞ വേഷം മുനിയുടെ നോട്ടം
കള്ളി വെളിച്ചത്തായപ്പോൾ
തേടിപ്പോയീ ചെറു കാൽപ്പാടുകൾ
പുഞ്ചപ്പാടവുമാമ്പൽക്കുളവും
വളവുകളുള്ള വഴിത്താരകളും
(ഇപ്പോൾ മണ്ണിനടിയിലാണെങ്കിലും)
ഇത്തിരി നേരമിരുന്നവിടെ
കൂട്ടിരിക്കാൻ കൂടെ വിളിച്ചു
നമ്മുടെ കുട്ടികളെ
വന്നില്ലാരും
(ഒരുവൻ മുത്തശ്ശിയുടെ തൂങ്ങിയ മുലകളിൽ
പന്തടിക്കുന്നു.
മറ്റൊരുവൻ
മുത്തച്ഛന്റെ ഒട്ടിയ വയറിൽ
ചവുട്ടി നിൽക്കുന്നു.)
ഞങ്ങടെ വീട്ടിൽ
പൂച്ചേം കോഴീം ഉറ്റസുഹൃത്തുക്കൾ
അതിനാൽ ഞാനൊരെലിമാളത്തിൽ
വിരുന്നു പോകുന്നു.





# യൂസി കോളേജ്; ചരിത്രനിർമ്മിതികൾ

നവതിയുടെ നിറവിൽ യു.സി. കോളേജിനഭിമാനിക്കാൻ കുറേ ചരിത്രശേഷിപ്പുകളും പൈതൃകസ്മാരകങ്ങളുമുണ്ട്. 1921-22 അദ്ധ്യയന വർഷത്തിൽ കോളേജ് ആരംഭിച്ചത് തിരുവിതാംകൂർ രാജാവ് അനുവദിച്ച മംഗലപ്പുഴയ്ക്കടുത്തുള്ള പതിനഞ്ചേക്കർ കുന്നിലാണ്. (ഇതിന്റെ തീറാധാരത്തിന്റെ പകർപ്പ് കോളേജിൽ സൂക്ഷിച്ചിട്ടുണ്ട്.) കോളേജിന്റെ സ്ഥാപകർക്കു മുമ്പുള്ള ഈ പ്രദേശത്തിന്റെ ചരിത്രം അത്ര വ്യക്തമല്ല. ആദ്യത്തെ ബാച്ചിൽ തേർഡ് ഗ്രൂപ്പ് ഇന്റർമീഡിയറ്റിന് 68 വിദ്യാർത്ഥികളുണ്ടായിരുന്നു. 1921 ജൂണിൽ ക്ലാസുകളാരംഭിച്ചെങ്കിലും, മാളിക വിട്ടുകിട്ടിയപ്പോൾ മാസങ്ങൾ കഴിഞ്ഞു. അതിനാൽ ക്ലാസ്സുകൾ അടുത്തുള്ള സെമിനാരിയുടെ കെട്ടിടത്തിലാണ് തുടങ്ങിയതെന്നും മഴമൂലം ഇടിഞ്ഞുപൊളിഞ്ഞ അവസ്ഥയിലായിരുന്ന കച്ചേരിമാളിക വിട്ടുകിട്ടിയെങ്കിലും ക്ലാസ്സാരംഭിച്ചില്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. (ഇട്ടിയേരാ 1778:53) തിരുവിതാംകൂറിന്റെ വടക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന കോളേജിന് പിന്നീട് സഹായം നൽകിയത് കൊച്ചി ഗവൺമെന്റാണ് എന്നതും പ്രത്യേകം സ്മരണീയമാണ്.





### കച്ചേരിമാളിക

കച്ചേരിമാളിക എന്ന പേരിൽ തന്നെ അത് കോടതിയാണെന്നും, വിദേശീയ വാസ്തുശിൽപ മാതൃകയിലുള്ള 'മാളിക'യാണെന്നും വായിച്ചെടുക്കാം. പിന്നീട് ഇത് യു.പി.ബ്ലോക്ക് എന്നറിയപ്പെട്ടു. കോളേജ് ക്യാംപസിന്റെ മധ്യത്തിൽ രണ്ടുനിലയുള്ള ഈ കെട്ടിടസമുച്ചയം ഇന്നും നിലനിൽക്കുന്നു.

കോളേജിലെ ചരിത്രവകുപ്പിന്റെ ശ്രമഫലമായാണ് 1996-ൽ കേരളസംസ്ഥാന പുരാവസ്തുവകുപ്പ് കച്ചേരിമാളിക ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചത്. അന്ന് വി.എം.എച്ചിൽ നടത്തിയ എളിയ പരിപാടിയിൽ പ്രഖ്യാപനം നടത്തിയത് ആർക്കിയോളജി വകുപ്പു മന്ത്രി ടി.എം.ജേക്കബും സെക്രട്ടറി ഡോ. ഡി. ബാബു പോളുമാണ്. ഇതിൽ കൗതുകം, ശിലാഫലകം



മലയാളലിപിയുടെ പൂർവ്വരൂപമായ വട്ടെഴുത്തിലായിരുന്നു എന്നതാണ്. ഈ ഫലകവും സംരക്ഷണ സൂചക ബോർഡും ഇപ്പോഴും കാണാം. ഇന്ത്യയിൽ ഏതെങ്കിലും ഒരു കോളേജിലോ, വിദ്യാഭ്യാസസ്ഥാപനത്തിന്റെയോ ഉടമ സ്ഥതയിലുള്ള ഒരു സ്മാരകം സംരക്ഷിക്കപ്പെടുന്നതും ഒരു പുതുമയായിരുന്നു. സർക്കാർ അനുവദിച്ച ആറുലക്ഷം രൂപയ്ക്ക് ആർക്കിടെക്ചറൽ കൺസർവേഷൻ മാനദണ്ഡ ങ്ങൾക്കനുസരിച്ച് 1996-97ൽ ഈ സ്മാരകം പുനരുദ്ധരിച്ചു. പ്രതിവർഷം ഒരു ഗ്രാന്റ് ഇതിന്റെ സംരക്ഷണത്തിനായി നീക്കിവച്ചിട്ടുണ്ട്.

## ഗില്ലറ്റിൻ

കോളേജിലെ പൂർവകാലവിദ്യാർത്ഥികൾ താൽപര്യത്തോടെ അന്വേഷിക്കുന്ന ഒന്നാണ് മഹാഗണിത ത്തിന്റെ വലതുവശത്തായി കാണുന്ന കിണറിനടുത്തുള്ള ഒരു മുറിയും അവിടെ കുറ്റവാളികളെ ശിക്ഷിക്കാനുള്ള തൂക്കുമരവും. കോടതി പറവൂരിലേക്ക് മാറ്റുന്നതുവരെ ഇതുപയോഗിച്ചിരിക്കാമെന്ന് അനുമാനിക്കാം. തൊണ്ണൂറുകൾക്കു ശേഷമാണ് ഇത് അടച്ചുപൂട്ടിയത്. ഈ സ്മാരകങ്ങൾക്കൊപ്പം തന്നെ മറ്റു കെട്ടിടങ്ങളും ക്യാംപസിൽ അങ്ങിങ്ങായി കാണാം. എസ്.ഇ. ഹോസ്റ്റൽ (ഹോളണ്ട് ഹോസ്റ്റൽ) എൻ.ഇ. ഹോസ്റ്റൽ (ചാക്കോ ഹോസ്റ്റൽ) എന്നിവയാണ് കോളേജിൽ ആദ്യം പണി കഴിപ്പിച്ചത്. 1920 കളിൽ അധികം താമസിയാതെ ചാപ്പലിന്റെയും പണി പൂർത്തിയാക്കി. മിഷണറികളുടെ ഒപ്പം പെരിയാറിന്റെ മണ്ണിൽ വേരൂന്നിയത് ഒരു കോളേജ് മാത്രമല്ല. അവർ നട്ട തബേബിയവും മഴമരവും പിന്നെ മഹാഗണിയും അവയ്ക്കെല്ലാം ഒപ്പം അങ്ങിങ്ങായി കുറെ പഴയ കെട്ടിടങ്ങളും. അന്നും ഇന്നും ക്ലാസ്സുമുറികളേക്കാളും കുട്ടികളും കോഴ്സുകളും അംഗീകാരങ്ങളുമുണ്ടെന്നത് യു.സി.യുടെ അഭിമാനമാണ്.



## ആർക്കിയോളജിക്കൽ മ്യൂസിയം

ആദ്യമൊക്കെ മാനവിക വിഷയങ്ങളാണ് കോളേജിൽ പഠിപ്പിച്ചിരുന്നത്. ചരിത്രവിഭാഗം അറുപതുകളിൽ ബിരുദാനന്തരബിരുദകോഴ്സുകൾ തുടങ്ങി. അന്നത്തെ വകുപ്പദ്ധ്യക്ഷനായ ഡോ.എ.കെ.ബേബിയും പുതുതായി ക്യാംപസിലെത്തിയ ഒരുപറ്റം അദ്ധ്യാപകരും (പ്രധാനമായും പി.എം.രാജൻഗുരുക്കൾ, കെ.വി.കുഞ്ഞിക്കൃഷ്ണൻ, എ.കെ. അബ്ദുൾ കരീം) കുട്ടികളും ചേർന്നാണ് എൻ.ആറിലെ ഒരു ക്ലാസുമുറിയിൽ 1974-ൽ മ്യൂസിയം ആരംഭിക്കുന്നത്. തുടക്കത്തിൽ മൂന്നു നാഗരാജവിഗ്രഹങ്ങളാണ് മ്യൂസിയ ത്തിലുണ്ടായിരുന്നത്. മൂവാറ്റുപുഴക്കടുത്തുള്ള ഒരു കോൺവെന്റിൽ കെട്ടിടം പണിക്കിടെ കണ്ടുകിട്ടിയ ഇവ അന്ന് കോളേജിലെത്തിക്കുന്നത് അത്ര എളുപ്പമായിരുന്നില്ല. ഇന്ന് ഈ ദൃശ്യമന്ദിരത്തിന്റെ ശേഖരം എണ്ണൂറിലെത്തി നിൽക്കുന്നു. ഇത് ദക്ഷിണേന്ത്യയിലെ പ്രഥമ കോളേജ് പുരാവസ്തു, പൈതൃകമ്യൂസിയമാണ്. ഇന്ത്യയിൽ പുരാവസ്തുക്കൾ ഉദ്ഘനനം ചെയ്യുന്നതിനും ദൃശ്യമാക്കുന്നതിനും AMASAR ACT പ്രകാരം സ്വകാര്യ സ്ഥാപനങ്ങൾക്ക് ഒട്ടേറെ വിലക്കുകളുണ്ട്. എങ്കിലും നമ്മുടെ മ്യൂസിയം ഇവിടത്തെ പുരാവസ്തുക്കൾ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുകയും കുട്ടികൾക്ക് പഠനാവശ്യത്തിന് വിട്ടുകൊടുക്കുകയും ഗവേഷണ സൗകര്യങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ട്.

**Dr. Jenee Peter**

(വിശദാംശങ്ങൾക്ക് മ്യൂസിയം അഥവാ വെബ്സൈറ്റ് സന്ദർശിക്കുക)



# കിണറ്റിൻകരയിൽ ഇത്തിരിനേരം

പഴമയുടെ ഗന്ധവും പച്ചിലകളുടെ കിന്നാരക്കിലുക്കവും സൗന്ദര്യത്തിന്റേയും ആഭിജാത്യത്തിന്റേയും നഭസ്സിൽ ജ്വലിക്കുന്ന ഈ കലാലയത്തിന്റെ പടികൾ കയറുമ്പോൾ ഹൃദയം ഒരു നിമിഷം മിടിക്കാൻ മറന്നു പോകും. അത്രമാത്രം ഓർമകളാണ് ഓരോ മണൽ തരികളും നമുക്ക് സമ്മാനിക്കുന്നത്. ഇനിയും പൂർത്തിയാകാത്ത പുസ്തകതാളുകൾ പോലെ... പഴമയെ താലോലിക്കുന്ന പാരമ്പര്യത്തിന്റെ യശസ്സ് ചോർന്ന് പോകാതെ.. പുതിയ തിരകളെ നെഞ്ചിലേറ്റുന്ന കലാലയം!!

കഥ പറയുന്ന മരങ്ങൾക്കിടയിൽ പച്ചപ്പിന്റെ തലോടൽ ഏറ്റ് വാങ്ങി, സി.സി.യുടെ ഇതളുകളിൽ പ്രണയം നുകർന്ന്, എം.ബി. ബ്ലോക്കിന്റെ പടിവാതിലിൽ എത്തി നിൽക്കുമ്പോൾ മനസ്സിൽ ഒരു നിശ്വാസമാണ്. ആരും കൊതിക്കുന്ന യൂ.സി.യിലെ മായാജാലകം കണ്ടെത്തിയതിന്റെ ചക്കമരത്തിന്റേയും നിവർന്ന് നിൽക്കുന്ന ഒറ്റവരി തണൽ മരങ്ങളുടേയും ഇടയിൽ കുറുനിരകളാൽ സൗന്ദര്യം വിതുമ്പി നിൽക്കുന്ന പെൺകിടാവായ് എം.ബി. എന്നും അണിഞ്ഞൊരുങ്ങുന്നത് കാണുന്നത് തന്നെ കുളിരുണർത്തുന്ന ഒരു അനുഭൂതിയാണ്.

നവതിയുടെ കൊടുമുടിയിൽ ചിപ്പിക്കുള്ളിലെ പവിഴം പോലെ അമൂല്യനിധിയായ് യൂ.സി. നിൽക്കുമ്പോൾ, ഈ മായാജാല കവാടത്തിൽ അമ്പതിന്റെ നിറപ്പകിട്ടോടെ ഒരു കൊച്ചു സുന്ദരി കൂടിയൊരുങ്ങുന്നു. ആരും അതിശയിച്ച് പോകുന്ന സ്ഥാനം തട്ടിയെടുത്ത 'കിണർ'.

വർഷങ്ങളുടെ ഇതളുകൾ അടർന്ന് വീണപ്പോൾ യൂ.സി.യുടെ വിവിധ അംശങ്ങളാണ് മാറ്റത്തിന്റെ ചുവന്ന തിരശ്ശീലയ്ക്ക് സാക്ഷ്യം വഹിച്ചത്. ആ മാറ്റത്തിന്റെ ജീവിക്കുന്ന സ്മാരക ശിലയാണ് ആ കിണർ.

എഴുപതുകളിൽ ന്യൂ ഹോസ്റ്റൽ എന്ന് പേരുള്ള സർവാധിപത്യക്കാരായ ആൺസിംഹങ്ങളുടെ മടയായിരുന്നു ഇന്നത്തെ ഈ മൂന്നുകെട്ട്. മാത്യൂ ബ്ലോക്ക് എന്ന നാമത്തെ മെൻൽ ബ്ലോക്കാക്കിയിരുന്ന കാലം. കുടുസുമുറികളുടെ അടുക്കിയ വരാന്തയിൽ വിയർപ്പ്നാറ്റത്തിന്റേയും മടയിലെ ഭോജനത്തിന്റേയും ഭോജനത്തിനൊടുവിലെ മായാലോകത്തിന്റെ ശ്വാസം മുട്ടിക്കുന്ന ഗന്ധം തങ്ങി നിന്നിരുന്ന എം.ബി.! വലിച്ച് നീട്ടി... കോഴി കൂവിയ ഒരു പ്രഭാതം. "വെള്ളമില്ല... വെള്ളമില്ല... ഞങ്ങൾക്ക് വെള്ളം വേണം..." എന്ന നിലവിളി എങ്ങും മുഴങ്ങിയ ദിവസം. അൽപവസ്ത്രധാരികളായ്, കണ്ണിമചിമ്മാതെ തലയിൽ തോർത്തുടുത്ത് വള്ളിച്ചെരുപ്പുമണിഞ്ഞ് നിൽക്കുന്ന യുവകോമളന്മാർ ധീരനേതാവ് എന്തൊക്കെയോ പറയുന്നുണ്ട്. "സ്നേഹിതരെ നമ്മുടെ സമരം ഈ കോളേജിനെതിരെയല്ല ഇവിടുത്തെ മാനേജ്മെന്റിനെതിരെയല്ല. മറിച്ച് പഴകിത്തുരുമ്പിച്ച ഇവിടുത്തെ ഇരുമ്പു പൈപ്പുകളോടാണ്." ഈ പ്രസ്താവനക്ക് ഫലം ഉണ്ടായ അന്നാണ് എം.ബി.യിൽ ഇന്നും സൗന്ദര്യം വിതറുന്ന നമ്മുടെ 'കിണർ' ജന്മം കൊണ്ടത്. പുളിമരത്തിന്റേയും മാവിന്റേയും വേരുകളെ തന്നിലേക്കടുപ്പിച്ച്, സൗഹൃദത്തിന്റെയും പ്രണയത്തിന്റേയും ഏകാന്തയാമങ്ങളുടെ സൂചീചലനത്തിന് സാക്ഷ്യം വഹിച്ച് കിളികൊഞ്ചലുകളുടേയും നിശ്വാസങ്ങളുടേയും ഒത്തുചേരലിന്റേയും സ്വരം ശ്രവിച്ച്. സുഖം നുകർന്ന്... ഇന്നും കുളിരാർന്ന ഓർമ്മകൾ വിതറുന്നു ഈ ജലസ്രോതസ്സ്. ഇവളെ കൈവിരലുകൾ കൊണ്ട് ഒന്നു തലോടാത്ത, ഒന്ന് ചാരി നിൽക്കാത്ത ഓർമ്മകളിൽ മിന്നി മറയ്ക്കാത്ത ആരും ഉണ്ടാകില്ല. അത്രമേൽ നമ്മെ ആകർഷിക്കുന്നു ഈ കാന്തവലയം. ദ്രവിച്ച പൈപ്പുകൾക്ക് എതിരെ ശബ്ദമുയർത്തിയ യുസിയൻസിന് എഴുപതുകളിൽ താങ്ങായ് നിലനിന്ന്, അവരുടെ ജീവിതത്തിന് സാക്ഷിയായ് ഈ കരയും, ഈ കിണറും. ഇന്ന് ഇതാ തിരക്കേറിയ ഇരുപത്തിയൊന്നാം ആണ്ടിലും യുസിയൻ നടപ്പാത തേടിയെത്തുന്നതും ഈ കിണറ്റിൻ കരയിൽ തന്നെ.

എം.ബി.വാസികളും കാലപ്പഴക്കത്തിന്റെ രുചി കാത്ത് സൂക്ഷിക്കുന്നവരും ഒരിക്കലും മറക്കില്ല ഈ പഴമയുടെ രക്തസാക്ഷിയെ.... കാലഹരണപ്പെടുന്ന കെട്ടിടങ്ങളെ മറിച്ചെറിഞ്ഞ് കാലത്തിന്റെ അമ്പുകളെ കൂർപ്പിച്ച്, ലക്ഷ്യം വയ്ക്കുമ്പോൾ ഒന്നും ആരും മറക്കരുതേ... മണ്ണിട്ട് മൂടിയാലും, താഴ്‌വേരുകളെ ഇളക്കി മാറ്റാൻ ശ്രമിച്ചാലും മായാത്ത സത്യങ്ങൾ നിലനിൽക്കുന്നിടത്തോളം ഒരിക്കലും മായില്ല... മനസിന്റെ കോണിൽ എന്നും, അവളുണ്ടാകും. ആ കരയും... ആ കിണറും...'

"അടരുവാൻ വയ്യ നിൻ ഹൃദയത്തിൽ നിന്നെ-
നിക്കേതു സ്വർഗ്ഗം വിളിച്ചാലും
ഉരുകി നിന്നാത്മാവിൻ ആഴങ്ങളിൽ വീണു-
പൊലിയുമ്പോഴാണെന്റെ സ്വർഗ്ഗം
നിന്നിലലിയുന്നതേ നിത്യ സത്യം."

**Tanya Francis**
II BA Psychology

കഥ

# ചെന്നായ



ഒരു വൈകുന്നേരം. ഒരു കരച്ചിൽ കേട്ടാണ് ഞാൻ ഞെട്ടിയുണർന്നത്. അപ്പുറത്തെ തെങ്ങിൻതോപ്പിൽ നിന്നാണല്ലോ ഒരു ചെന്നായ ആട്ടിൻകുട്ടിയുടെ ദേഹത്തേക്ക് ചാടി വീണത്. കരച്ചിൽ ഞരക്കമായി മാറി. വെളുത്ത് ഭംഗിയുള്ള രോമങ്ങൾ രക്തത്തിൽ കുതിർന്ന് ചുവന്നു. ഒടുങ്ങാത്ത ആസക്തിയോടെ ചുടുചോര വലിച്ചീമ്പിക്കുടിച്ചു. കടിച്ച് കുടഞ്ഞു.

തിരിഞ്ഞ് ക്യാമറ ഫോൺ പോക്കറ്റിൽ തിരുകുന്നതിനിടയിൽ....

ആരും കണ്ടില്ല. ഭാഗ്യം. But, 5 മിനിറ്റേ ഉണ്ടായിരുന്നുള്ളല്ലോ....

സാരമില്ല, കുറച്ച് ദിവസത്തേക്ക് ഇതുമതി.

**Suifeena T.S.**
III B.Sc Chemistry

## സെന്റർ ഫോർ ദ സ്റ്റഡി ഓഫ് റിലീജിയൻ ആൻഡ് സൊസൈറ്റി വിത്ത് സി.പി. മാത്യു ചെയർ

വ്യത്യസ്തമതങ്ങളേയും സമൂഹത്തേയും കുറിച്ച് പഠിക്കാനും എക്യുമെനിസം പ്രായോഗികതലത്തിൽ വളർത്തിയെടുക്കാനും മൂല്യങ്ങളെ പരിപോഷിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ട്, നവതിയോട് അനുബന്ധിച്ച് ആരംഭിച്ചിരിക്കുന്ന സി.എസ്.ആർ.എസ്സിന്റെ ഉദ്ഘാടനം 2010 സെപ്തംബർ 6ന് മോസ്റ്റ് റവ.ഡോ.ഫീലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ഇതിന്റെ ഡയറക്ടറായി കോളേജ് ചാപ്ലയിൻ ജോണി ജോർജ്ജ് ചാർജെടുത്തു.



**എടത്തല സർവ്വീസ് സഹകരണ ബാങ്ക്**

**ക്ലിപ്തം നമ്പർ : 3430**

**(ഒരു ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്)**

H.O. എടത്തല നോർത്ത് (P.O), ആലുവ.

ഫോൺ : 0484 – 2837597

ബ്രാഞ്ചുകൾ: 1. നൊച്ചിമ NAD (P.O) ഫോൺ : 0484 – 2839357
2. പൂക്കാട്ടുപടി എടത്തല (P.O) ഫോൺ : 0484 – 2681597
3. ചൂണ്ടി എരുമത്തല (P.O) ഫോൺ : 0484 – 2836357

എം. കെ. അബു
പ്രസിഡന്റ്

ജോൺ പോൾ
സെക്രട്ടറി

# नई आँखें



बदल दी मानव ने, आँखें।
जो थे सत्-गुण संपन्न
सत्य, धर्म, करुणा की आँखें।
जो चमकते थे उजाले में।
पर बदल गए वे पुरानी आँखें
नई है आँखें, नये है दर्शन, बदलाव!
नई आँखें, जो खोज रही है सदा
प्रेम और नशे के अर्थ को।
वे लौकिक गरूड आँखें; नहीं हैं।
उसमें दया, मात्र अग्नि ही है।
जो लायक है जान लेने के।
मूँद रही है सदा वो आँखें।
मानव की ओर, जो सह रहे है।
पीडा, भूख और अत्याचारों को।
शंका में हूं; बदलेगा मेरा भी ?
नहीं बदलनी है वे पुरानी आँखें।

# एक और दिन जिंदगी से.....

एक और दिन, जिंदगी से गिर गई।
जैसे चमेली गिरती है; अपनी धड़ से ।
एक और दिन बीता, तुरंत ।
निकालने जा रहा हूं आत्मा को शरीर से
और सोने जा रहा हु सपनों के साथ।
शरीर शांत, पर आत्मा बाण जैसे।
तरह - तरह के सपनें बुरे और अच्छे।
पर अचानक! सुबह के मुर्गे ने बता दी।
एक नए सुंदर सवेरे की बात।
उड़ गया मैं; बढ गया मेरा उम्र।
एक और दिन जिंदगी से गई।
और पास हो रहा हुं मैं-
- उस शमशान के!



Firoz Muhammed S.
II B.Sc Zoology




# HARRY POTTER

"He'll be famous - a legend -wouldn't be surprised if today was known as Harry Potter Day in future there will be books written about Harry - every child in our world will know his name". [Prof. Mcgonagall in ***Harry Potter and Sorcerer's stone***]

Yes! Today almost every child and adult knows this name - 'Harry Potter'. That's the range of fascination created by J.K. Rowling over her readers. Whether it is the flair and originality or the complex and demanding plot, these novels about Harry Potter have all the makings of a classic. Reading about the acclaim for Harry Potter books, one can note that often they all say that they can't be put down and one is hooked to the last page!

My first introduction to Harry Potter was in my 5th standard through the film ***Harry Potter and Philosopher's Stone***. For a 10 year old, the film was amazing and breath taking. But to get hold of that classic, I had to wait for another 5 long years. It was then I got to realise the real attraction of the book which made me appreciate the talent of Ms. Rowling. As 'The Guardian' said, "It was a richly textured novel given lift-off by an inventive wit." Each and every feature of the novel mesmerised me. Particularly, the fine detailis of the characters to the last one, their setting up in the plot so that thay all fit so gracefully till the very last book of the series.

Harry Potter series consists of seven novels:

***Harry Potter and Philosopher's Sorcerer's Stone***
***Harry Potter and the Chamber of Secrets***
***Harry Potter and the Prisoner of Azkaban***
***Harry Potter and the Goblet of Fire***
***Harry Potter and the Order of the Phoenix***
***Harry Potter and the Half Blood Prince***
***Harry Potter and the Deathly Hallows***

## THEMES AND CHARACTERS

The first book focuses on the Harry Potter's discovery of his true identity as wizard. Thereafter he and his best friends Ron Weasley and Hermione Granger get involved in various adventures. All these adventures that happen in the 7 years of his schooling is the main content of the successive books. Also, he discovers the destiny of his life - to defeat Lord Voldmort.

Heritage, love, loyalty and betrayal are the dominant themes in this novel. Rowling's fully developed characters participate in events and react to conflicts and danger to develop the novel's plot. Recurring characters in the series represent extremes of good and evil. The battle between those two archetypal forces is the basic theme of the Harry Potter saga. After the first two books of the series with chapters numbering upto 18 the rest are bulky. It is also not a surprise that, despite those frames, the bulk of the novel is devoted almost entirely to an academic setting.

## LITERARY QUALITIES

Rowling's intricate writing style incorporates a variety of techniques which add texture and layers to her characters and settings. The Harry Potter Saga is told by an omniscient narrator in the form of an oral, tragic, comic ode to a hero. And although the stories are based on legends, mythology and fairytales, the hero and villians have characteristics that cross the cultures and time periods.

Rowling has invented jargon technique in the Harry Potter novels such as 'Quidditch' and bureaucratic names which blend the fantastical with the mundane, aiding reader's acceptance. Rowling realizes the power of names and chooses a designation that hints at the personality and traits of the character.

There have been many controversies from conservative groups. The claim made by them is that the books encompasses black evil magic and damages the minds of its young readers. Even though the story has been set up on a wizarding world, one couldn't find anything 'devilish' as argued. Young Wizards and witches in Hogwarts are just like any other 'Muggle' children - they study, play, work and of course involve in mischievous activities - that too like normal children. Although not blatantly didactic, the novel delivers several moral messages to readers. Moreover, there are many issues like resisting racism, need of team work etc, being discussed in the books.

The Harry Potter Books combine two powerful genres - the school story and magical fantasy but Rowling's treatment of these is almost entirely original. She doesn't avoid serious issues such as self - sacrifice and death, and the series has successfully crossed the boundary between adult's and children's books.

*Ref: Becham's Guide to Literature for Young adults*

**Anu G. Thambi**
II Bsc. Physics

# ഒന്നു ചോദിച്ചോട്ടെ?



ഒരിക്കൽ വാട്സൺ, ഷെർലക്ക് ഹോംസിനോട് ചോദിച്ചു. "അമേരിക്കയുടെ പ്രസിഡന്റ് ആരാണ്?" "അറിയില്ല" ഹോംസിന്റെ മറുപടി. മുറിയിലെ വിവിധ നിറത്തിലുള്ള കുപ്പികളിൽ രാസവസ്തുക്കളിട്ട് പരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു അദ്ദേഹം. "നമ്മുടെ ഗാലക്സിയുടെ പേരെന്താണ്?" "അറിയില്ല." "നെപ്പോളിയൻ ബോണപ്പാർട്ട് എവിടെ വെച്ചാണ് മരിച്ചത്?" "അറിയില്ല." എന്തിന് ഭൂമി സൂര്യനുചുറ്റും കറങ്ങുകയാണെന്നുള്ള സത്യം പോലും ഹോംസിനറിയില്ല. 'മണ്ടൻ'

ഹോംസ് ചോദിച്ചു "നിങ്ങളിത്രയും പറഞ്ഞില്ലേ? സൂര്യൻ ഭൂമിക്കുചുറ്റും കറങ്ങിയാലും, ഗ്യാലക്സി മാറിയാലും, നെപ്പോളിയൻ ജീവിച്ചാലും, അതൊന്നും എന്റെ ജോലിയുമായി ബന്ധമുള്ളതല്ല. എന്റെ ജോലി എങ്ങനെ നന്നായി ചെയ്യണമെന്ന് എനിക്ക് നന്നായറിയാം."

കഥ ആസ്വദിച്ചല്ലോ.... ഇനിയൊരു ചോദ്യം. ഹോംസ് പറഞ്ഞതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഇനി നമുക്ക് ഹോംസിൽ നിന്ന് നേരറിയാൻ സി.ബി.ഐ.യിലേയ്ക്കു വരാം. കാപ്ര ചോദിക്കുന്നു, "അഗ്നിയുടെ പ്രത്യേകതയെന്താണ്? എല്ലാം ശുദ്ധീകരിക്കുമെങ്കിലും സ്വയം അശുദ്ധമാകാതിരിക്കുന്നു, അഗ്നി യാഗ കർമ്മങ്ങളിൽ സാക്ഷിയാകുന്നു. ഹവിസ്സ് സ്വീകരിക്കുന്നു. അഗ്നയേ നമഃ." എന്നാൽ ഇവിടെ നിന്ന് ആലുവ യു.സി.കോളേജിലേക്കുള്ള ദൂരം ചോദിച്ചാൽ കുഴഞ്ഞതുതന്നെ.

സി.ബി.ഐ.വിട്ട് നമുക്കൊരു വിനോദയാത്രയ്ക്ക് പോവാം. അമേരിക്കയുടെ പ്രസിഡന്റ് ബുഷ് ആണെന്നറിയാം. ഉത്തരകൊറിയ അണുപരീക്ഷണം നടത്തിയോ എന്നറിയാം. എന്നാൽ ഒരു കിലോ വെളിച്ചെണ്ണയ്ക്ക് എന്താ വില? ഒരു കിലോ സവാളയ്ക്ക്, ഒരു യൂണിറ്റ് കറണ്ടിന് ഇപ്പോൾ എത്ര കൊടുക്കണം ചാർജായിട്ട്?

തീർന്നു! കാറ്റുപോയ ബലൂൺ പോലെയാവും. വലിയ വലിയ കാര്യങ്ങൾ മാത്രമല്ല. ചെറിയ ചെറിയ കാര്യങ്ങളും പഠിക്കേണ്ടതു തന്നെയാണ് കാലത്തിന്റെ ഒഴുക്കിൽ കറന്റ് അപ്ഡേറ്റാകാനും മറ്റുള്ളവരെ കാണിക്കാനും വേണ്ടി പാഠപുസ്തകത്തിലെ ജീവനറ്റ വരികൾ മസ്തിഷ്കത്തിലേയ്ക്ക് ചവയ്ക്കാനിട്ടു കൊടുക്കുന്നതിനു മുമ്പ് ഒന്നോർക്കുക. നാം മാർക്കിനു വേണ്ടി മാത്രമല്ല പഠിക്കുന്നത് അറിയാനും അറിയിക്കാനുമാണ്....

**Akhil S.Kumar**
I BA Psychology






# ജീവിതയാഥാർത്ഥ്യങ്ങളുടെ വിഷപ്പച്ച!!

**പോ**യ വർഷം പകർന്ന ദുരന്തങ്ങളുടെ ആശങ്കകൾ ബാക്കി നിൽക്കുമ്പോഴും നല്ല പ്രതീക്ഷയോടെ നാം ഈ പുതുവത്സരത്തേയും വരവേറ്റു. ലോകരാജ്യങ്ങളുടെ മുന്നിൽ നമ്മുടെ രാജ്യം വൻശക്തിയായി വളർന്നതിന്റെ തെളിവെന്നോണം, അമേരിക്കപോലുള്ള വൻശക്തികൾ ഇന്ത്യക്ക് യു.എൻ. സ്ഥിരാംഗത്വം നൽകുന്നതിന് അനുകൂലനിലപാട് എടുത്തത് ഓരോ ഇന്ത്യക്കാരനും അഭിമാനിക്കാവുന്ന കാര്യമാണ്. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നിവ ലോകത്തിന് മുന്നിൽ ചർച്ചാ വിഷയമായപ്പോൾ നമ്മുടെ ഈ കൊച്ചുകേരളവും ഈ വിഷയങ്ങളെക്കുറിച്ച് വളരെ ഗൗരവമായി ചർച്ച ചെയ്തു. പാരിസ്ഥിതിക വിഷയങ്ങളിൽ എൻഡോസൾഫാൻ പ്രശ്നം ഇപ്പോഴും വിവാദങ്ങളിൽ നിന്ന് വിവാദങ്ങളിലേക്ക് കുതിച്ചുകൊണ്ടേയിരിക്കുന്നു.

സ്വാർത്ഥനായ മനുഷ്യന്റെ പ്രവൃത്തികളുടെ അനന്തരഫലങ്ങൾ ഓരോ ജീവനിലേക്കും, എന്തിന് ഓരോ ജീവകോശത്തിലേക്കും ആഴ്ന്നിറങ്ങി അവയെ തീവ്രമായി മുറിവേൽപ്പിക്കുന്നു. അവൻ ശ്വസിക്കുന്ന വായുവും കുടിക്കുന്ന ജലവും കാൽച്ചുവട്ടിലെ മണ്ണും മലിനമായി തീർന്നിട്ടും അവന്റെ ആർത്തി ശമിക്കുന്നില്ല. അതുകൊണ്ട് തന്നെ ഇന്നു നാം ഉപയോഗിക്കുന്ന ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള വസ്തുക്കളിൽ ഒന്നുപോലും വിഷമുക്തമാണെന്ന് പറയാൻ നമുക്ക് കഴിയില്ല. കീടങ്ങളെ അകറ്റാൻ കീടനാശിനി ഉപയോഗിക്കാതെവയ്യ. ജൈവ കീടനാശിനികൾ ലഭിക്കുമെങ്കിലും അധിക ഉത്പാദനക്ഷമതയും വ്യാവസായിക ലാഭവും മോഹിച്ച് രാസകീടനാശിനികൾ വൻതോതിൽ ഉപയോഗിച്ചാലോ? അതും യാതൊരു നിയന്ത്രണവും സുരക്ഷാ സംവിധാനങ്ങളുമില്ലാതെ. തമിഴ്നാട്ടിൽ നിന്നുള്ള കറിവേപ്പിലയിൽ പോലും വൻതോതിൽ എൻഡോസൾഫാൻ കലർന്നിട്ടുണ്ടെന്നത് പരസ്യമായ രഹസ്യമാണ്.




1950-ൽ അമേരിക്കയിലാണ് ഈ കീടനാശിനി വികസിപ്പിച്ചെടുത്തത്. ബെയേഴ്സ് കമ്പനിക്കാണ് പേറ്റന്റ്. തേയിലക്കൊതുകുകൾ, ഇലതീനിപ്പുഴുക്കൾ, തണ്ടുതുരപ്പൻ, നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ എന്നിവയെ നശിപ്പിക്കുകയായിരുന്നു ലക്ഷ്യം. ഇന്ത്യയിൽ മഹാരാഷ്ട്രയിലെ പരുത്തിത്തോട്ടങ്ങളിലാണ് ആദ്യമായി ഉപയോഗിച്ചുതുടങ്ങിയത്. കശുമാവിൻപൂക്കളെ നശിപ്പിക്കുന്ന തേയില ക്കൊതുകുകളെ തുരത്താനാണ് സർക്കാർ ഉടമസ്ഥതയിലുള്ള കാസർകോട്ടെ 'കേരളാ പ്ലാന്റേഷൻ കോർപ്പറേഷൻ' 1970-കളുടെ മധ്യം മുതൽ ആകാശത്തുനിന്ന് എൻഡോസൾഫാൻ തളിക്കാനാരംഭിച്ചത്.



4700 ഹെക്ടറുണ്ട് പ്ലാന്റേഷൻ. അന്നു മുതൽ അവിടത്തെ പതിനൊന്നോളം പഞ്ചായത്തുകളിൽ ഈ മാരകവിഷം ജീവനാശിനിയായി പെയ്തിറങ്ങി. കണക്കുകൾ പ്രകാരം ഈ പ്രയോഗം 2000 ഡിസംബർ 26 വരെ തുടർന്നു. ഈ രണ്ട് ദശകത്തിലധികം കാലം കൊണ്ട് കാസർകോട് ഒരു ദുരന്തഭൂമിയായി മാറി. അമ്മയുടെ കൂടെ പിച്ച വച്ചും, കൂട്ടുകാരോടൊപ്പം ചിരിച്ചുകളിച്ചും ഓടി നടക്കേണ്ട കുഞ്ഞുങ്ങൾ അവിടെ ഒന്നു ചലിക്കാൻ പോലുമാകാതെ കിടക്കുന്നു. നിസ്സഹായതയിലെ നെടുവീർപ്പുകളും നിശബ്ദ തേങ്ങലുമാണ് ഇപ്പോൾ അവിടെയുള്ളത്. ജനിതക വൈകല്യങ്ങൾ, നാഡീവ്യൂഹത്തകരാറുകൾ, അംഗവൈകല്യങ്ങൾ, ഹോർമോൺ വ്യതിയാനങ്ങൾ, പ്രത്യുൽപാദനവ്യവസ്ഥയിലെ തകരാറുകൾ, മാനസിക വൈകല്യങ്ങൾ, ബുദ്ധിമാന്ദ്യം, കാൻസർ എന്നീ തീരാദുരിതങ്ങളാണ് എൻഡോസൾഫാൻ കാസർകോടിന് സമ്മാനിച്ചത്. വരും തലമുറയിലെ കുഞ്ഞുങ്ങളെപ്പോലും ഇത് മാരകമായി ബാധിക്കുമെന്നതാണ് വേദനാജനകമായ സത്യം.

എൻഡോസൾഫാൻ ദുരന്തത്തിൽ 2046 പേർ ദുരിതബാധിതരുടെ പട്ടികയിലുണ്ടെങ്കിലും യഥാർത്ഥ കണക്ക് ഇതിന്റെ പതിന്മടങ്ങുണ്ട്. എന്നാൽ വെറും 537 പേരാണ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 1000 രൂപ ധനസഹായം ലഭിക്കുന്നതിനുള്ള പട്ടികയിലുള്ളത്. പഠനങ്ങളും കണക്കെടുപ്പും പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്തു.

എൻഡോസൾഫാൻ പ്രശ്നത്തേക്കുറിച്ച് കേന്ദ്ര കൃഷിസഹമന്ത്രി കെ.വി.തോമസിന്റെ അനുകൂല പ്രതികരണം വൻ പ്രതിഷേധത്തിന് തിരി കൊളുത്തി. 2003 ൽ എൻഡോസൾഫാൻ നിരോധിക്കാൻ കേന്ദ്രം സംസ്ഥാനത്തിന് നിർദേശം നൽകി. 2004 ഡിസംബർ എട്ടിനു സംസ്ഥാന സർക്കാർ കേരളത്തിൽ എൻഡോസൾഫാൻ ഉപയോഗം നിരോധിച്ചു. എന്നാൽ ഇതിനിടയിൽ എത്രപേർ മരണത്തിനു കീഴടങ്ങി?

എന്നിട്ടും കേരളത്തിൽ ഇന്ന് വൻതോതിൽ ഈ മാരകവിഷം ഉപയോഗിക്കുന്നില്ലേ? പേറ്റന്റുടമയായ അമേരിക്ക, ജപ്പാൻ, കാനഡ, ബ്രസീൽ എന്നീ രാജ്യങ്ങളും ഇത് നിരോധിച്ചിട്ടും നാം എന്തുകൊണ്ട് ഇതിന് തയ്യാറാകുന്നില്ല. രാസകീടനാശിനികൾ വിതയ്ക്കുന്ന ദുരന്തങ്ങളെകുറിച്ച് 'റെയ്ച്ചൽ കാർസൺ' എന്ന പരിസ്ഥിതി ശാസ്ത്രജ്ഞ രചിച്ച 'നിശബ്ദ വസന്തം' (Silent Spring) എന്ന ഗ്രന്ഥം ലോകത്തെ പിടിച്ചു കുലുക്കുകയും ലോകജനതയുടെ കണ്ണുതുറപ്പിക്കുകയും ചെയ്തു.

എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് ഏകദേശം 17 വിദഗ്ധസംഘം പഠനം നടത്തി. ബാനർജി കമ്മിറ്റി, ദുബൈ കമ്മറ്റി (2004) ഡോ.പി.കെ.ശിവരാമൻ കമ്മിറ്റി (2003), കേരള സർക്കാർ നടത്തിയ ആരോഗ്യ സർവേ (2010), അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപേഷണനൽ ഹെൽത്ത് (NIOH) പെഡ്രയിലെ വാണി നഗറിലും മീഞ്ചയിലും നടത്തിയ എപ്പിഡെമിയോളജിക്കൽ പഠനമെന്നിവയിൽ എൻഡോസൾഫാൻ വിതയ്ക്കുന്ന പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങളെകുറിച്ച് വ്യക്തമാക്കുന്നു. മാത്രമല്ല,






ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് (ICMR), ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് എൻവയൺമെന്റ്, യു.എസ്. എൻവയൺമെന്റൽ പ്രൊട്ടക്ഷൻ ഏജൻസി (EPA)യും ഈ പഠനറിപ്പോർട്ട് ശരിവയ്ക്കുന്നു. മണ്ണിലും വെള്ളത്തിലും പുല്ലിലും എന്തിന് മനുഷ്യരുടെയും തവളകളുടെയും മറ്റു ജീവികളുടെയും രക്തത്തിൽ വരെ മാരകമായ തോതിൽ എൻഡോസൾഫാന്റെ അംശമുണ്ടെന്നായിരുന്നു സി.എസ്.ഇ. ഗവേഷകരുടെ കണ്ടെത്തൽ.

നിരക്ഷരരും ദരിദ്രരുമായ കർഷകരെയും സാധാരണക്കാരായ പ്ലാന്റേഷൻ തൊഴിലാളികളെയും മാത്രം പ്രതിക്കൂട്ടിൽ നിർത്തുന്നതിൽ അർത്ഥമില്ല. പ്ലാന്റേഷൻ കോർപറേഷന്റെ എൻഡോസൾഫാൻ ഉപയോഗത്തിൽ ചുക്കാൻ പിടിച്ച ഒട്ടേറെ സർക്കാർ കാർഷിക വകുപ്പ് ഉദ്യോഗസ്ഥർ ഇന്നും നിയമത്തിൽ വെളിച്ചത്തിലേക്ക് വരാതെ തിരശീലയ്ക്കു പിന്നിലുണ്ടെന്നതാണ് സത്യം.

വാദങ്ങളും വിവാദങ്ങളും ഉയരുമ്പോൾ "ഇനിയെന്ത്" എന്നത് ചർച്ചയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഈ അവസരത്തിൽ ശാസ്ത്രലോകം അംഗീകരിച്ചതും അല്ലാത്തതുമായ, ഇന്നും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കീടനാശിനികളെക്കുറിച്ച് ഒരു പുനരവലോകനം അനിവാര്യമാണ്. മാത്രമല്ല, ഡോക്ടറിന്റെ കുറിപ്പോടെ മരുന്നു വാങ്ങുന്നതുപോലെ രാസവളങ്ങളും കീടനാശിനികളും കാർഷിക വിജ്ഞാനത്തിലോ രസതന്ത്രത്തിലോ എന്റമോളജിയിലോ ബിരുദം നേടിയ (ഡിപ്ലോമയെങ്കിലും) ഒരാളുടെ കുറിപ്പുപ്രകാരമേ വിൽക്കുവാൻ സാധിക്കാവൂ എന്ന ആവശ്യവും മുന്നോട്ടു വയ്ക്കുന്നുണ്ട്.

ശാസ്ത്രത്തേയും അതിന്റെ സംഭാവനകളെയും നാം ബഹുമാനിക്കുകയും അതിൽ അഭിമാനിക്കുകയും വേണം. എന്നാൽ രാജ്യത്തിന്റെ 'പുരോഗതി' എന്ന വ്യാജേന വ്യക്തി സ്വാർത്ഥതയ്ക്കു മുന്നിൽ മുട്ടുമടക്കിയാൽ ഇതിലും വലിയ ദുരന്തം നാം അനുഭവിക്കേണ്ടി വരും. ഈ പ്രകൃതിയും അതിന്റെ സമ്പത്തും വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണെന്ന് നാം മറക്കരുത്. വരും തലമുറയിലെ കുഞ്ഞുങ്ങൾക്കെങ്കിലും വിഷംനുണയാതെ ജീവിക്കാൻ കഴിയട്ടെയെന്ന് പ്രതീക്ഷിക്കാം.

**Chitra Anandhan**
II Bsc Botany



# കൊടിമരങ്ങൾ

കൊടിമരങ്ങൾ..... അവരുടെ കൊടിമരങ്ങൾ
അന്നുരാവിലെ അവ അവിടെയില്ല.
പക്ഷെ നമ്മുടെ കൊടിയവിടെ
അരുണോദയത്തിന്റെ തിളക്കത്തിൽ
ഏകാന്തതയുടെ തുരുത്തിൽ
പാറുന്നുണ്ടായിരുന്നു.
കാറ്റുള്ള അവസരങ്ങളിലത്രയും
ഇതുപോലെ തന്നെ പാറി രസിച്ചിരുന്ന,
പകിട്ടില്ലാത്ത കൂറകൾ ഉയർത്തികെട്ടിയിരുന്ന
കൊടിമരങ്ങൾ...
അസ്വസ്ഥത പുത്തുലഞ്ഞ ഒരു ദിനമിരുണ്ട്
വെളുത്തപ്പോൾ അവ എവിടെപ്പോയി?
ആരുമൊന്നും അന്വേഷിച്ചില്ല
പക്ഷേ സത്യം രക്തം പോലവിടെ തളംകെട്ടി
കിടന്നിരുന്നു.
അരിഞ്ഞുകളഞ്ഞ നാവുകൾ പോലെ
കൊടിമരത്തിന്റെ കുറ്റികൾ ശബ്ദം ആവശ്യപ്പെട്ടു.
ഞങ്ങൾ നിശ്ശബ്ദതയുടെ ചാരായം നീട്ടി
പുസ്തകങ്ങൾ പഥ്യമാക്കിയ ചിതലുകളും,
വിഷപാനത്തിൽ പാമ്പ് മറഞ്ഞ് ബധിരരായവരും,
തിമിരബാധിത വൃദ്ധമിഴികളും,
പഞ്ചസാര തുവിപ്പാറും ശലഭങ്ങളും
ആ വഴി തലകകുനിച്ച് കടന്നുപോയി.
ആരുമൊന്നും അന്വേഷിച്ചില്ല.
സത്യം ഓടയുടെ ഗന്ധം പോലെ തങ്ങിനിന്നിരുന്നു.
കപടഅന്വേഷികളുടെ മിഴികളിൽ
ആനന്ദാതിരേകം അല്ലെങ്കിൽ
പ്രതികാരലോഹിതം.
ആരും നിലവിളിച്ചില്ല.
ആർക്കും കുറ്റബോധം
ക്ഷമിക്കണെ.... കുറ്റബോധം ഒരുതരത്തിലല്ലെങ്കിൽ
മറ്റൊരു തരത്തിൽ ഒരു ബോധമാണല്ലോ....
ആഹ്, അതൊക്കെയുണ്ടായിരുന്നെങ്കിൽ?
ഇടനാഴിയിലാകെ വായ്നാറ്റം.
കൊള്ളാം. പ്രതിഷേധം!
എങ്ങോ പോയ കൊടിമരങ്ങളിലെ
കൊടികൾ പോലെ പലതരം ദുർഗന്ധങ്ങൾ...
തീരെ ഉഷാറില്ലാത്ത ബഹളം.... പോരാ....
മതിലിനപ്പുറം പടയൊരുക്കത്തിന്റെ
ആക്രോശങ്ങൾ കേൾക്കുന്നുവെന്നതായി പ്രതീക്ഷ.
എരിഞ്ഞൊടുന്നവരുടെ സംവേദനങ്ങൾ...
ഒറ്റപ്പെടലിന്റെ തീക്ഷ്ണ വ്യഥകളിൽ
ആടിയുലഞ്ഞ കൊടിയെ
വൈകുന്നേരം ചായകുടിക്കുവാനിറങ്ങിയപ്പോഴാണ്
അടുത്തുനിന്ന് ശ്രദ്ധിച്ചത്.
അയ്യോ! ഇക്കൊടിയുടെ പകിട്ടെവിടെ?
തുന്നിച്ചേർത്തതൊക്കെയവിടെയുണ്ട്.
അക്ഷരങ്ങൾ പൊഴിഞ്ഞിട്ടില്ല.



എങ്കിലും വായിക്കുമ്പോൾ ഒരു പിശക് പോലെ...
ചിഹ്നമൊരു വ്രണം പോലെ...
സന്ധ്യാസമയം പാമ്പിനെ കയറായി കാണാം,
അതായിരിക്കും ..... മായ!
ഒരു വശം ചരിഞ്ഞ കവിതയുടെ
പ്രതിരോധ മന്ത്രവാദങ്ങളുടെ,
ചെറുവാനരരുടെ,
കൊടിക്കൂറ.....
ഇതിന്റെ മുന്നിൽ നിന്ന് ഞാൻ കവിതയെന്ന്
കരുതി ചിലത് വിളിച്ചുകൂവിയതും,
വെയിലത്ത് തണലായി തലയിട്ടതും
വഴിയായ വഴിയും
മതിലായ മതിലും
ഇതിന്റെ ചിത്രങ്ങൾ
ആവേശത്തോടെ, ആവുംവിധം
വരച്ചതെല്ലാമൊരു
നല്ല കാലമെന്നപോലെ ഞാനോർത്തു
പിഞ്ചിയ പ്രണയസ്മരണകൾ എല്ലാം
നല്ലകാലത്തിന്റെ അവശേഷിപ്പുകളാണല്ലേ?
ആകാശസീമകളിലെ ആനന്ദത്തേയും
വികലമരീചികകളുടെ മരുഭൂമിയേയും
അസ്വസ്ഥനായ് ഞാനിന്ന് താലോലിക്കുന്നു.
നിന്റെ അല്ലശാസനകൾ മനുഷ്യരെ
കാണുവാനുള്ള ദർശനം ചുഴ്ന്നെടുക്കുന്നു

അതധികം പറയണ്ട; എന്നിലാർക്കെന്ത്
താൽപര്യം?
നിന്റെ പോരായ്മ ഭാവി നികത്തുമാറാകട്ടെ.
പക്ഷെ, ചെറുവാനരരുടെ ഇരുമ്പഴികളിൽ
ഒയന്ന് മരവിച്ച ഞങ്ങളുടെ യൗവ്വനങ്ങൾ....
ഈ വസന്തം, അതിനി വരില്ലല്ലോ?
ഭീരുത്വം - ഞങ്ങളുടെ പിഴവ്
പഴിപറയുക കാലമേ....
പൂക്കളിറുത്താലും വസന്തമെത്താമെന്ന്
വിശ്വകവിയുടെ വിഡ്ഢിത്തം!
പൂവിന് പഴുതില്ലെങ്കിലെന്ത് വസന്തം?
എന്തായാലും കാലം കുറെ കഴിഞ്ഞപ്പോൾ
മാഞ്ഞ കൊടിമരങ്ങൾക്ക് പകരം
പുതിയവ തെളിഞ്ഞു...
കൂടുതൽ പളുപളുത്തത്.....
അവയുടെ ആസുരനൃത്തങ്ങളിൽ
പഴയകൊടി കൂടുതൽ വിവർണ്ണയായി.
ഞാനിതൊന്നും ഇപ്പോൾ അങ്ങനെ
ശ്രദ്ധിക്കാറില്ല.
ആ പൂങ്കാവനങ്ങൾ നിറയെ
ചോരപുരണ്ട പ്ലാസ്റ്റിക് പുഷ്പങ്ങൾ ആണ്.

**Basil P. Baby**
III B.Sc Botany





# Signature Analysis

A signature is unique in the same way that a fingerprint is. It represents the image that the writer wishes to show the world at any specific time. Many people use different signatures for different purposes. For instance, a small signature may be used when important documents or cheques are signed. Another type of signature may be used when a quick note is jotted down. A celebrity may use another type when signing autographs.

Signatures tell us a lot about a person's personality and how he projects himself to the world. Given below are some type of signatures.

**a) Embellished Signatures**

Embellished Signatures are the ones with whirls and loops in it. They show the person's desire for attention. The writer is showing off, and needs to be admired. Individuals with this type of signature are usually loud and noisy.

**b) Small Signatures:-**

A small signature displays inhibtion, especially if the letters are squeezed and written tightly together. Such writers are withdrawn and show a need for protection.

**c) Encircled Signatures**

Signatures which are encircled are indicate that writers wish to withdraw. They are afraid of the world and other people.

**d) Rounded Signatures:**

A rounded and legible signature shows signs of honesty and reliability. This writer may have right slanting writing, which displays an amiable and friendly nature and the ability to communicate and mix well with others.

**e) Underlined Signature:-**

Many executives will underline their signatures to add weight to their importance. Individuals who underline their signatures demonstrate a need to stamp their personality on the reader; this trait symbolises a healthy ego and self esteem.

**Sharanya V.**
II BA Psychology



# COLLEGE UNION INAUGURATION & COLLEGE DAY


















# Vibrant Moments of Union...



# Pulsatory Moments of Navathi
























# milou®

## FASHION FOR KIDS 0-12 YEARS

milou world's favorite kids wear brand from the heart of Switzerland for the age group of 0-12.

### LAUNCHED AT

**ALUVA** : milou **Payyapilly Building, Parur Junction, ALUVA. Tel : 0484 2606683**

### EXCLUSIVE SHOWROOMS

**TRIVANDRUM** : milou Safiyas Bldg., Near M G College, Paruthippara Junction, Trivandrum. **Tel : 0471 - 2532756**
**TRIVANDRUM** : milou Kumarapuram Road, Murinjapalam, Trivandrum. **Tel : 0471 - 4018873**
**KOLLAM** : milou Musaliar Building, (adj. Supreme Super Market),Chinnakada, Kollam. **Tel : 0474 - 3242526**
**KOTTAYAM** : milou Baby Planet, Sastri Road, Kottayam. **Tel : 0481-2568565**
**THIRUVALLA** : milou Marthoma Sabha Building, Scs Junction, Tiruvalla. **Tel : 0496 - 2736554**
**ERNAKULAM** : milou Opp. Bimbis, Jos Junction, Ernakulam, Kochi. **Tel : 0484-4030783**
**CALICUT** : milou Pavizham Arcade, M.M.Ali Road, Calicut.**Tel : 0495 - 2700016**
**CALICUT** : milou Near Corporation Bank, Cherooty Road, Calicut. **Tel : 0495 - 4011707**
**KALPETTA** : milou Grand Shopping Complex, Kalpetta. **Tel : 04936-348899**
**BATHERY** : milou City Tower, Gandhi Junction, Sulthan Bathery. **Tel : 0493 - 6224922**
**MUVATTUPUZHA** : milou M.V.M. Madaparambil Plaza, Kacherithazham, Muvattupuzha, **Tel : 0485 - 2830455**
**THODUPUZHA** : milou Sreevalsam Building, Temple Bye-pass, Thodupuzha. **Tel : 9447022087**
**PATHANAMTHITTA** : milou Panickantethu Building, Stadium Junction, Pathanamthitta.**Tel : 9349525750**
**IRINJALAKUDA** : milou Thomsons Arcade, Kodungallur Bus stop, Tana, Irinjalakuda-680121. **Tel : 0480 - 2827717**
**THRISSUR** : milou Marar Road, Near Chettiangadi Jn; Thrissur. **Tel : 0487 - 2442967**
**ADOOR** : milou Zion Plaza, Near Central Jn; K.P.Road, Adoor. **Tel : 0473 - 4214173**

**I DUNGAREES I LEGGINGS I SWEAT SHIRTS I CAPRI PANTS I DIVIDERS I TROUSERS I BERMUDAS I SHIRTS I T-SHIRTS I FROCKS I NEW BORN COLLECTION**

# जीवन की परीक्षाएँ



ये कैसी परीक्षाएँ
जिधर रोकर भी हँसना पड़ता है
आँखों में गम छिप तो जाती है
दिल मगर धीरे - धीरे रोता है

ये जिंदगी हमें किस मोड पर ले आ चुकी है।
ईर्ष्या में भी खुशी का दिखावा करना पड़ता है।
दूर हो गए वो दिन
जब भाई-भाई खुशी से गले लगते थे
जब खुशी से मेहमानों को भगवान के रूप
में स्वीकार करते थे ।
ये जिंदगी की कैसी परीक्षा है।

अंधकार प्रकाश को जीत लेता है।
नफरत प्रेम को हरा देता है।
असत्य सत्य को कैसे जीत लेता है?

ये ज़िदगी किस मोड पर आ गई है ?
कि मनुष्य चाँद तक पहुँच जाता है
लेकिन अपनों के घर जाने से इतराता है
ये समय का कैसा खेल है
कि प्रेम तक दिखावा बन चुका है।

अब जिंदगी चली जा रही है
इन काँटों भरे रास्तों में
गुलाब की खोज में
ये जिदंगी की कैसी परीक्षा है।



**Aswathi**
I M.Sc. Botany

# തിടുക്കവും ഒടുക്കവും

എന്നെ നീ മറന്നേക്കൂ, എന്നു പറഞ്ഞെന്റെ
കരളിലേയ്ക്കൊരുനുള്ളു
തീക്കനൽ കോരിയിട്ടവളകന്നു
എരിയുന്ന ചൂളയിൽ വെന്തുരുകി
അതുമെല്ലെയുതിർന്നു കിനാവിൽ
കയങ്ങളിൽ വീഴവെ
ഉരുകുന്ന മഞ്ഞിന്റെ നെറുകയിൽ
തീ പൂട്ടു.
മോർമ്മകൾ നിഴലുപോൽ
തളരാതെ പിൻതുടരുന്നു
ആകാശഗോളങ്ങൾ വ്യഥകൊണ്ടു മൂടി
പൊട്ടിത്തെറിച്ചു പേമാരിയും പെയ്തു
ഉപ്പിൽ കുതിർന്ന ചുടുകണ്ണീരറ്റു
കവിൾത്തടം അറിയാതലിഞ്ഞിടുമ്പോൾ
മഴത്തുള്ളി മണ്ണിൽ പിടഞ്ഞുമരിയ്ക്കുന്ന
നൊമ്പരം കാതിൽ മുഴങ്ങിടുന്നു.
നാളെ നീയൊരുവന്റെ കൈപിടിച്ചകലേയ്ക്കു
മറയുന്ന നിഴലുകൾ മിഴികളിൽ നിറയുന്നു
കരയെ പിരിഞ്ഞു തിരയാഴിയെ പുൽകുന്ന
നോവാകെ ഹൃത്തിൽ പടർന്നിടുന്നു
ഈ ലോകമെന്തെന്ന് നിന്നിലൂടറിയുമ്പോൾ
കൈവിട്ടു പോയൊരാ ജീവിതവും
കാലൻ കനിഞ്ഞിതാ കൈവന്നു ചേർന്നു
കല്ലിനെ പ്രണയിച്ചു കല്ലായ ഹൃദയത്തി
ലൊരു സ്നേഹസൗധം മെനഞ്ഞെടുത്തു
അതിലൂടെ ഒരുപാടു ദൂരം നടന്നുച്ച
വെയിലേറ്റു വാടിത്തളർന്ന മനസ്സുമായ്
എന്നിലെ പ്രണയംഅവൾക്കായ് ത്യജിച്ചു
ഞാനവളിലെ സൗഹൃദം പങ്കുവെച്ചു
ഓർമ്മയിൽ നിർലോപവല്ലഭമിപ്പൊഴും
മായാതെ മറയാതെ ബാക്കിനിൽപ്പൂ.



**Haridhas M.U.**
II BA Malayalam



# ഓർമ്മകളുടെ മഴപ്പെയ്ത്തുകൾ

**2006** ജൂലൈ 13 വ്യാഴാഴ്ച

അഞ്ചുവർഷം പിന്നിട്ടിട്ടും യു.സി. എന്ന പൈതൃകത്തിലേക്ക് കടന്നുവന്ന ദിവസത്തിന്റെ ഓർമ്മകൾക്ക് മങ്ങലൊട്ടുമില്ല. റാഗിങ് എന്ന കലാപരിപാടി നിരോധിക്കപ്പെട്ടിട്ടില്ലാത്ത യു.സി. ക്യാംപസ്. ചന്ദനക്കുറിയോ, മധുരമോ ഇല്ലാതെ AB2 ക്ലാസിലേക്കു നടന്നു കയറുമ്പോൾ ഇത്തിരി അമ്പരപ്പുണ്ടായിരുന്നു കാണണം. 'Oxford Reading and writing' എന്ന അറുകൊല 'Text Book' പഠിപ്പിക്കാൻ പാവം വാണി ടീച്ചർ. അങ്ങനെ കേരളത്തിലെ പ്രശസ്തമായ ഒരു കലാലയത്തിലെ എന്റെ വർഷങ്ങൾ ആരംഭിക്കുകയായിരുന്നു. കോളേജ്; വിശാലമായ ലോകം. വളക്കൂറുള്ള മണ്ണായിരുന്നു എനിക്ക് യു.സി.കോളേജ്. അഞ്ചു വർഷങ്ങൾക്കു ശേഷം പടിയിറങ്ങുമ്പോൾ ഞാനിതിനെ അമ്മയെന്നു വിളിക്കുന്നു....

ഈ ലോകത്തിൽ ഞാൻ ആയിരിക്കുവാൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന സ്ഥലങ്ങളിലൊന്നാണ് എന്റെ ഈ ക്യാംപസ്. സി.സിയും ബി.ബി.സിയും മഹാഗണിപ്പച്ചകളും പൂമരങ്ങളും പുസ്തകക്കൂട്ടങ്ങളും നിറഞ്ഞ സ്വകാര്യ ലോകം. കുറച്ചൊക്കെ ഭീതിയും കുറെയൊക്കെ തമാശകളും നിറഞ്ഞ ക്യാംപസിലെ ആദ്യദിനങ്ങൾ. NR ന്റെ സ്റ്റെപ്പുകൾ ഓരോന്നും മൂക്കുകൊണ്ട് തൊട്ട് എണ്ണിയ റാഗിങ്ങിന്റെ ആദ്യാനുഭവങ്ങൾ. (അന്ന് അതു ചെയ്യിച്ച സനീപ് ചേട്ടൻ ഇന്നില്ല. കാലത്തിന്റെ ഒഴുക്കിൽ സ്നേഹമുള്ള ഓരോർമ്മ മാത്രം.) കട്ടിക്കണ്ണട വച്ച് ലീലാതിലകം പഠിപ്പിക്കാനെത്തിയ അനൂപ് സാറിന്റെ ക്ലാസിൽ (ഇന്ന് എന്റെ അപ്പുവേട്ടൻ) ഭവ്യതയോടെ വായു പിടിച്ചിരുന്നത്. കക്ഷി HOD ആണ് എന്നായിരുന്നു ഞങ്ങളുടെയൊക്കെ ധാരണ. മെലിഞ്ഞ ഒരാളാണ് HOD എന്നായിരുന്നു ആകെയുള്ള അറിവ്. ഓട്ടൻതുള്ളൽ കളിച്ചുതകർത്ത വെൽക്കം പാർട്ടി, Truth shall make you free എന്ന ഓർമ്മപ്പെടുത്തലുകൾ, ഓർക്കുമ്പോൾ ഒരു ചാറ്റൽമഴ നെഞ്ചിലേക്ക് ചാഞ്ഞുപെയ്യുന്ന പോലെ.

യു.സി.യിലെ മഴയുടെ താളമറിഞ്ഞ ദിവസങ്ങൾ... സമരദിനങ്ങളിലൊന്നിൽ ഞാനും സനിലും കൂടി ക്യാംപസ് മുഴുവൻ ഓടി നടന്ന് മഴ നനഞ്ഞിട്ടുണ്ട്. എത്ര നനഞ്ഞാലും പനി പിടിക്കാത്ത പച്ചയിൽ കുതിർന്ന മഴപ്പെയ്ത്തുകൾ. 'മഴ ഇപ്പോഴും പെയ്തുകൊണ്ടിരിക്കുന്നു' എന്ന് വരുണിന്റെ മെസ്സേജുകൾ.... യാഥാർഥ്യങ്ങളുടെ വഴിയേ പോകുന്ന ഭാരം തലയിൽ കയറ്റി വയ്ക്കാതെ കണ്ണടച്ചിരുട്ടാക്കി അൽപ്പനേരമിരിക്കുമ്പോഴുള്ള enlightenment... sense of holiness... വ്യക്തിപരമായ അനുഭവിക്കലാണ് ഇതൊക്കെയും. കോളേജു കുന്നിറങ്ങാൻ സമയമാകുന്നു. ഇനി ആഴ്ചകൾ മാത്രം. താഴെ നിശ്ചയമില്ലാത്ത ഒരു ജീവിതത്തിന്റെ പെരുവഴി പരന്നു കിടക്കുന്നു.

ഞാൻ പോലും അറിയാതെ ഒരു രാഷ്ട്രീയക്കാരന്റെ കുപ്പായം എനിക്കു ചാർത്തിത്തന്ന 2006-2007 കലാലയ യൂണിയൻ തെരഞ്ഞെടുപ്പ്. ഉല്ലാസേട്ടനു വേണ്ടി പ്രചാരണത്തിനിറങ്ങിയ ഞാൻ രാഷ്ട്രീയക്കാരനായതു പെട്ടെന്നാണ്. ചൂടുപിടിച്ച പ്രസംഗങ്ങൾ, പ്രിൻസിപ്പാളിന്റെ കൂടെക്കൂടെയുള്ള ഓർമ്മപ്പെടുത്തലുകൾ, സംഭവബഹുലമായ ഇലക്ഷൻ, ഒടുക്കം 28 ദിവസം മാത്രം ആയുസുണ്ടായിരുന്ന ഒരു ക്യാംപസ് യൂണിയൻ, അതിന്റെ അമരക്കാരൻ ഞങ്ങളുടെ ജിന്റോ ചേട്ടൻ... ആ വർഷത്തെ കോളേജ് മാഗസിൻ സബ് എഡിറ്റർ ആയിരുന്നു ഞാനും. പക്ഷെ ആ മാഗസിൻ വലിയ വിവാദമായി. അക്ഷരത്തെറ്റുകളുടെ ലോകം തീർത്ത സമരപരമ്പരകൾ. അതായിരുന്നു 'miss u sweet dreams'. ക്യാംപസ് രാഷ്ട്രീയത്തിന്റെ ബാലപാഠങ്ങൾ പറഞ്ഞു തന്ന ഹോക്കികോർട്ട്. ഒരുപാട് വെയിലുകൊണ്ട് നിന്നിട്ടുണ്ട് ഇവിടെ. ആദ്യമൊക്കെ കേൾവിക്കാരനായി. പിന്നെപ്പിന്നെ പ്രാസംഗികനായി... വിയർപ്പിൽ കുതിർന്ന കഞ്ഞിമുക്കിയ ഖദറിന്റെ മണം. മഞ്ചാടിമരത്തിനടുത്തു കൂടെ പോകുന്ന ചാക്കോസിലേക്കുള്ള വഴി. ഒരുപാട് കവിതകൾ എഴുതിക്കൂട്ടിയിട്ടുണ്ട് ഇവിടെ വച്ച്. ഏകാന്തതയുടെ സംഗീതം ആസ്വദിക്കാൻ ശീലിച്ചത് ഇവിടെ നിന്നാണ്.

മഹാഗണികൾ ഇല പൊഴിക്കുന്ന, വയലറ്റുപൂക്കൾ നിറഞ്ഞ ക്യാംപസിലെ വേനലുകൾ... ഇലകളൊക്കെ പൊഴിച്ച് പൂത്തുനിറയുന്ന പേരറിയാപൂമരങ്ങൾ... ഓരോ പടിയിറക്കങ്ങൾക്കും പരവതാനി വിരിക്കുന്ന മൂകസാക്ഷികൾ.... കണ്ണീരിന്റെ നിറവും മണവും ഏറെ പരിചയം ഇവർക്കായിരിക്കും. ഇപ്പോഴും അത് പൂത്തുനിൽക്കുകയാകാം. ഇനി മടങ്ങാൻ ഞാൻ കൂടെ ഉണ്ടല്ലോ...

വേനൽ ചൂടറിയാതെ ആളൊഴിഞ്ഞ ലൈബ്രറിയിൽ തനിച്ചിരുന്ന് ആർത്തിയോടെ വായിച്ചുകൂട്ടിയ ദിവസങ്ങൾ. ഉറക്കം പെയ്യാൻ തുടങ്ങിയ ഒരുച്ചനേരത്താണ് ഇങ്ങോട്ടേക്ക് ആദ്യം വന്നത്. വായനയ്ക്കിടയിലെപ്പോഴോ മനസ്സിലേക്ക് ബഷീറും വിജയനും എം.ടി.യും മാധവിക്കുട്ടിയും കാഫ്കയും ദസ്തേയവ്സ്കിയും



മാർക്കേസും പൗലോ കൊയ്‌ലോയും കടന്നു വന്നു. പിന്നീട് ജീവിതം വായിക്കാൻ പഠിച്ചതും ഈ മുറിയിൽ നിന്നാണ്. ഒരുപാട് ലോകങ്ങളിലേക്കു തുറക്കുന്ന ഒറ്റവാതിൽ. അക്ഷരങ്ങളുടെ പരീക്ഷണശാല. പുസ്തക ക്കെട്ടുകളോടുള്ള സൗഹൃദത്തെ നീരസം കാട്ടാതെ പ്രോത്സാഹിപ്പിച്ച മറിയച്ചേച്ചി. (ഇപ്പോൾ സുവോളജി ലാബിലാണ് ജോലി) രണ്ടു ദിവസം ആ വഴി കാണാതാകുമ്പോൾ 'വായനകുറഞ്ഞോ?' എന്ന ശാസനാ സ്വരത്തിലുള്ള സ്നേഹം നിറഞ്ഞ ആശങ്കകൾ ഇന്നും ക്യാംപസിൽ കണ്ടു മുട്ടുമ്പോൾ ഞാൻ കേൾക്കുന്ന സ്നേഹാന്വേഷണങ്ങൾ. യൂസിയൻ സ്നേഹാനുഭവങ്ങളുടെ കൂട്ടത്തിൽ മായാത്ത ഒരു ചിത്രമാകുന്നു മറിയച്ചേച്ചിയും.

ഇംഗ്ലീഷ് ക്ലാസ്സുകളേക്കാൾ ഇഷ്ടം പ്രശാന്തിനോട് കത്തിവയ്ക്കുന്നതായിരുന്നു. ക്ലാസ്സ് മുറിയിൽ സോൾ ബെല്ലോയും വേർഡ്സ്‌വർത്തും അരങ്ങുതകർക്കുമ്പോൾ കാന്റീനിലെ ക്യാഷ് കൗണ്ടറിൽ ഞാനും പ്രശാന്തും അന്താരാഷ്ട്ര ചർച്ചകളിലായിരുന്നു.

**സൂര്യരശ്മികളിൽ മഴവില്ലു വിരിയുന്ന അതിന്റെ അകത്തളങ്ങൾ... ബൈബിളും ഗീതയും ഖുറാനും ടാഗോറും ആസ്തിക നാസ്തിക വാദങ്ങളും പറഞ്ഞുതന്ന ഗുരുകുലം.**

പച്ചപ്പുക്കയുടെ വിപണനമൂല്യത്തെപ്പറ്റി, പൊളിഞ്ഞുപോയ വിഖ്യാത പ്രണയങ്ങളെപ്പറ്റിയൊക്കെ. സുനിച്ചേട്ടനെ ഓർക്കുമ്പോളൊക്കെ മനസ്സറിയാതെ മൂളും. 'കവിതയിൽ കനലു വീണു കുതിർന്നു സർ'. ചിരിയുടെ മാലപ്പട ക്കങ്ങൾക്കിടയിലേക്ക് വന്നെത്തുന്ന പ്രദീപേട്ടൻ. തിരക്കൊഴിഞ്ഞ നേരങ്ങളിൽ കാന്റീനിലെ അടുക്കളയിൽ ഇരുന്ന് ഞങ്ങൾ ഒരുപാട് സംസാരിച്ചിട്ടുണ്ട്. സ്വന്തം വീട്ടിൽ എന്ന പോലെ ഭക്ഷണം വിളമ്പിത്തരുന്ന രാജൻ ചേട്ടൻ. 'മഹാരുചികളുടെ സർവ്വകലാശാല'. എന്റെ ആരോഗ്യ ത്തിന്റെ നല്ല ഒരു ശതമാനം രാജൻ ചേട്ടന്റെ ഭക്ഷണത്തിനവകാശപ്പെടാം. ഫൈനൽ ഇയറിൽ ഇലക്ഷ ൻ പ്രചരണം അവസാനിപ്പിച്ച് കാന്റീനിലിരിക്കുന്ന അരുണിന്റെ മടിയിലേക്കു തളർന്നു വീഴുമ്പോൾ ഗീതുവിന്റെ അലമുറയിട്ട കരച്ചിൽ 'ഇബ്രാഹിമേ ഓടി വാടാ... നമ്മുടെ മിഥുൻ ചേട്ടൻ പോയെടാ...' ഇന്ന് ഓർക്കുമ്പോൾ ചിരി തോന്നുന്നു. ഇവിടെയിരുന്ന് ഉണ്ടു തീർത്തത് ഭക്ഷണം മാത്രമല്ല ഒരുപാടു ജീവിതങ്ങളുടെ അഞ്ചുവർഷങ്ങൾ.

ക്യാംപസിനെ കൂടുതലറിഞ്ഞത് ആളൊഴിഞ്ഞ ദിവസങ്ങളിലായിരുന്നു. ജീവിതത്തെ ധീരമായി നേരിടൂ എന്ന് പറഞ്ഞുകൊണ്ട് സ്വർഗ്ഗത്തെ എത്തിപ്പിടിക്കാൻ എത്തിനിൽക്കുന്ന ഞങ്ങളുടെ ചാപ്പൽ. സൂര്യരശ്മികളിൽ മഴവില്ലു വിരിയുന്ന അതിന്റെ അകത്തളങ്ങൾ... ബൈബിളും ഗീതയും ഖുറാനും ടാഗോറും ആസ്തിക നാസ്തിക വാദങ്ങളും പറഞ്ഞുതന്ന ഗുരുകുലം. കണ്ണും മനസും നിറഞ്ഞ് മിനിടീച്ചർ പറഞ്ഞ വരികൾ. "പുൽക്കൊടി താഴ്‌വരകൾ കാതിൽ പറഞ്ഞു എന്നെ കല്ലെറിഞ്ഞവനൊരു സിദ്ധാർത്ഥനെന്ന കുട്ടി..." കല്ലിലും മണ്ണിലും കവിതയിലും നിറയുന്ന ഈശ്വരനെ തിരിച്ചറിയുന്ന രാസപരിണാമം. "Lord make me an Instrument of your peace" എന്ന പ്രാർത്ഥന മനസ്സിന്നും ഉരുക്കഴിക്കുന്നു. ഓർമ്മകൾ ഞാൻ പോലുമറിയാതെ അസീസിയിലെ ഫ്രാൻസിസ് എന്ന വിശുദ്ധനായ ധൂർത്തന്റെ അടുത്തേക്ക്... ഹൈഡ്രജൻ സൾഫൈഡിന്റെ മണമുള്ള ഒരുച്ച നേരത്ത് ചാപ്പലിനു മുന്നിൽ നിന്ന് ഞാനും രോഷ്ണി ടീച്ചറും മണിക്കൂറുകളോളം സംസാരിച്ചത് മരണത്തെയും ജീവിതത്തിന്റെ നിസാരതയെയും കുറിച്ചായിരുന്നു. പിന്നീട് മാസങ്ങൾക്കു ശേഷം ടീച്ചറിന്റെ മകൾ മരിച്ചു എന്ന വാർത്ത എന്നെ കൂടുതൽ ഭാരപ്പെ ടുത്തിയത് ഈ വർത്തമാനത്തിന്റെ ഓർമ്മകൊണ്ടാണ്.

അപ്പൂപ്പൻ താടികൾ ചേക്കേറുന്ന ബോട്ടണി ഡിപ്പാർട്ടുമെന്റിനു മുന്നിലെ കാട്ടെരിക്കിൻ ചെടി. വളർത്തുന്ന താടികളാണോ എന്നറിയില്ല. ആരും കാണാതെ കുറേയെണ്ണത്തിനെ പിടിച്ചുകൊണ്ട് പോയിട്ടുണ്ട് സിമ്യയും ഞാനുമൊക്കെ. മിത്രപുരം ഇപ്പോഴും ഒറ്റപ്പെട്ടവർക്കായി സ്നേഹത്തിന്റെ കണക്കുപുസ്തകം സൂക്ഷിക്കുകയാകാം... ആട് പട്ടിയായും പട്ടി പേപ്പട്ടിയായും മാറുന്ന ജാലവിദ്യ നടക്കുന്നതിവിടെയാണ്. പാലപ്പൂവിന്റെയും ശവം കത്തിക്കുന്നതിന്റെയും ഇടകലർന്ന ഗന്ധം ഓർമ്മകളെ പൊതിയുന്നു. ഹോളണ്ടിന്റെ അടുത്തുള്ള യക്ഷിപ്പാലകൾ ക്കിടയിലൂടെ ഞാനും ഉണ്ണിയും ഒരുപാട് നടന്നിട്ടുണ്ട്. ലക്ഷ്യമില്ലാത്ത യാത്രകൾ. ഇന്നു ഞാനൊറ്റയ്ക്ക് തിരിച്ചു നടക്കുന്നത് വെറുപ്പിന്റെ കുമ്പസാരക്കൂട്ടിൽ നിന്നും. ഓർമ്മകൾക്ക് നിന്റെ ചിരിയുടെ നിറം. "ഉണ്ടായിരിക്കാം പണ്ട് രണ്ടാത്മാക്കൾ അലഞ്ഞതിന്റെ പാടുകൾ...നമ്മളിൽ." നാരായണൻ സാറിന്റെ കണ്ണുവെട്ടിച്ച് NCC യിൽ നിന്നും



> **യൂസി സമ്മാനിച്ച ഏറ്റവും വലിയ സമ്പത്താണത്, എന്റെ സൗഹൃദങ്ങൾ. തർക്കത്തിലും വിതർക്കത്തിലുമായി വികസിക്കുന്ന സൗഹാർദ്ദത്തിന്റെ മാന്ത്രികരേഖകൾ.**

ചാടി NSS ൽ പ്രവർത്തിക്കുന്നത് ഒരു ത്രില്ലായിരുന്നു. രാഷ്ട്രീയത്തിന്റെ നിറം തിരിച്ചറിയാതെ ഞാനും അനീഷും സുഹൃത്തുക്കളായതും ഇവിടെ വച്ചാണ്. പടുലമായി സംസാരിക്കുകയും മൃദുലമായി പെരുമാറുകയും ചെയ്യുന്നവൻ. കാലം മനസിനു കുറുകേ രക്തം കൊണ്ടു വരച്ചിട്ട ഒരു ശരിയടയാളമാണവൻ. ആൾക്കൂട്ടത്തിൽ തനിച്ചാകുന്നവൻ.... പ്രിയസഖാവേ... നിലാവസ്തമിച്ചിട്ടില്ലാത്ത ഈ രാക്കാലത്ത് നഗരവീഥിയിൽ ഒറ്റപ്പെട്ടവനെപ്പോലെ നീ നടന്നു പോകുമ്പോൾ നിരാശയറിഞ്ഞിട്ടില്ലാത്ത നിന്റെ നിശ്ശബ്ദനൈരാശ്യം ഞാനറിയുന്നുണ്ട്. ഒരുപാട് സുഹൃത്തുക്കളെ നേടിത്തന്ന NSS മുന്നേറ്റങ്ങൾ. പുതിയ തലമുറയ്ക്കന്യമായ തീവ്രസ്നേഹത്തിന്റെ ഉഷ്ണമാപിനികൾ. കാത്തു നിൽക്കാൻ ആരുമില്ലാത്തവന് എല്ലാ യാത്രകൾക്കും ശേഷം കാത്തുനിൽക്കാനൊരാൾ... കലഹിക്കാനും പരിഭവം പറയാനും സങ്കടപ്പെടാനും അണച്ചുപിടിക്കാനും എനിക്കൊരു സുഹൃത്തിനെ ആവശ്യമുണ്ട്. യൂസി സമ്മാനിച്ച ഏറ്റവും വലിയ സമ്പത്താണത് എന്റെ സൗഹൃദങ്ങൾ. തർക്കത്തിലും വിതർക്കത്തിലുമായി വികസിക്കുന്ന സൗഹാർദ്ദത്തിന്റെ മാന്ത്രികരേഖകൾ. എതിർത്തു വാദിച്ചു തകർക്കുമ്പോളും സൗഹൃദത്തിന്റെ ചരടുകൾ മുറിയാതെ നോക്കുന്ന ഷിയാസ്, വൈശാഖ്... അങ്ങനെ നീളുന്ന പരമ്പരകൾ...

എന്നാലിന്നും എന്നും യു.സി. എന്ന സൗഹൃദക്കൂട്ടിൽ ഞാൻ ഒന്നാമനാക്കുന്ന പ്രിയ സുഹൃത്ത് ജിസ്റ്റോ. എം.ജി.യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിന്റെ ഭാഗമായി എറണാകുളം നഗരത്തിൽ ഞങ്ങൾ ഒരുമിച്ചുകൊണ്ട കൊതുകുകടിക്ക് കണക്കില്ല. സൗഹൃദത്തിന്റെ കരുതൽ. വിമർശനത്തിന്റെ മൂർച്ച: ഒക്കെയായിരുന്നു അവൻ. ഓർമ്മകൾ അയവിറക്കുമ്പോൾ മനസ്സറിയാതെ എഴുതിപ്പോകുന്നു. ഇത്ര ആഴത്തിലുള്ള സ്നേഹത്തെ അതിലും അഗാധമായ മൗനത്തിലൊതുക്കി വീണ്ടും വീണ്ടും എന്നിൽ അലിയുകയും നിറയുകയും ചെയ്യുന്ന പ്രിയ സുഹൃത്തേ കയറി ഇരിക്കൂ എന്നോ... ഇറങ്ങിപ്പോകൂ എന്നോ... പറയാൻ കഴിയാതെ ജീവിതത്തിൽ സ്ഥലം അനുവദിച്ചു കൊടുക്കുക മാത്രം ചെയ്യുന്ന ഒരു സഞ്ചാരിയുടെ മനസ്സോടെ ഞാനീ സൗഹൃദം ആസ്വദിക്കുന്നു..... മൗനത്തിന്റെ മലമുകളിൽ മഞ്ഞു വീഴുന്നുണ്ട്. കൂട്ടുയാത്രക്കാരാ നിനക്കും സ്വാഗതം. പിന്നെ പ്രിയപ്പെട്ട അസ്‌ലഫ്. യു.സി.യുടെ 'അസ്‌ലു' അവനുവേണ്ടി പ്രാർത്ഥിച്ചവരെയൊക്കെ നിരാശരാക്കിക്കൊണ്ട് ഒരു ദിവസം അവനിറങ്ങിപ്പോയി. കാലത്തിന്റെ കണക്കുകൾ മറികടന്ന് അവൻ ഓർമ്മയായിട്ട് വർഷം രണ്ടു കഴിയുന്നു.



'അടപലകകൊണ്ട് വാർത്തു കമഴ്ത്തിയവൾ
മഴയിലേയ്ക്കിറങ്ങിപ്പോയി
എന്നേക്കും ആറാതെ കിടക്കുമോ
ഈ വീടിന്റെ വിശപ്പ്" എന്ന് മിനി ടീച്ചർ പറയുമ്പോളൊക്കെ ഞാനവനെ ഓർക്കും... മഴപ്പെയ്ത്തുപോലെ ചിരിക്കുന്നവൻ. ഓർക്കൂട്ടിന്റെ നീലജാലകത്തിൽ എന്നെ നോക്കി ചിരിക്കുന്ന അവന്റെ മുഖമുള്ള കുറിപ്പുകൾ. എന്നെയത് വല്ലാതെ അസ്വസ്ഥനാക്കുന്നു. സൗഖ്യവും ഉറക്കവും സമാന്തരങ്ങളിലൂടെ പരന്നൊഴുകി. ഒരു നിമിത്തം പോലെ എല്ലാം ശരിയായിരുന്നു. അവന്റെ സ്വപ്നങ്ങളിലൂടെ മരണം കടന്നു വന്നു. ഒരു ഉറക്കത്തിലൂടെ അവനെ ഞങ്ങളുടെ ഇടയിൽ നിന്നും മോഷ്ടിച്ചു കൊണ്ടുപോയി. ആരോടു പരാതിപ്പെടാൻ?. ചേച്ചിയും കൂട്ടുകാരിയും ഒക്കെയായി മാറിയ പെൺ സൗഹൃദങ്ങൾ, പലപ്പോഴും എന്റെ നിലപാടുകൾക്ക് കരുത്തുപകർന്ന കവിത, ഏതു ദുർഘടത്തിലും കൂട്ടുവരാൻ തയ്യാറായിരുന്ന അതുല്യ, ശാസനയുടെ സുഹൃദ് സാന്നിധ്യമായ നീലിമ; ഏതു മഹാദുരന്തത്തെയും മറികടക്കാൻ മാത്രം കരുത്തു പകരുന്നതായിരുന്നു അവളുടെ വാക്കുകൾ... ആൺ പെൺ വേലികളുടെ തടയില്ലാതെ സൗഹൃദം പങ്കുവച്ച കൂടിക്കാഴ്ചകൾ. പറയാൻ തുടങ്ങിയാൽ വാക്കുകൾ പോരാതെ വരും.

ജീവിതവുമായി എന്നെ ബന്ധപ്പെടുത്തുന്നത് ഏതാനും സ്നേഹങ്ങളാണ്. ഈ സ്നേഹബന്ധങ്ങളുടെ കെട്ടുകളഴിച്ചാൽ പിന്നെ എന്റെ മരണമാണ്. എന്റെ ഇളം തലമുറയിലെ സൗഹൃദത്തിന്റെ പാറാവലികൾ. കുസൃതി മാറാത്ത കുഞ്ഞനിയനെപ്പോലെ എന്നോടിടപെടുന്ന ജോൺസൺ, ഏതു സംഘർഷത്തിലും എന്നെ തണുപ്പിക്കാൻ, എന്റെ ഗൗരവത്തിന്റെ ആവരണങ്ങൾ എടുത്തു മാറ്റാൻ അവനു നിമിഷങ്ങൾ മതിയായിരുന്നു. മീറ്റ് ദ കാൻഡിഡേറ്റിനുള്ള പ്രസംഗം പഠിക്കാത്തതിന് ഞാനവനെ പുറംവഴി തൊഴിച്ചിട്ടുണ്ട്. പാവം. ഹോക്കി ടൂർണമെന്റിന്റെ പേരും പറഞ്ഞ് വീട്ടിൽ നിന്നുമിറങ്ങി ചെയർമാനായി മടങ്ങിയ ബേസിൽ, രാഷ്ട്രീയത്തിന്റെ വേലിക്കെട്ടുകൾ മറികടന്ന് ഒരു ജ്യേഷ്ഠനെപ്പോലെ എന്നെ സ്നേഹിച്ച ശരത്. ഒരു ജന്മത്തിന്റെ സ്നേഹമുണ്ടായിരുന്നു അവന്റെ ഓരോ വാക്കിലും... ഇളമുറയിലെ കുട്ടിക്കൂട്ടങ്ങൾ... സ്നേഹിക്കപ്പെട്ട് തൃപ്തിയാകുന്നു.... മരച്ചില്ലകൾക്കിടയിലൂടെ ഞാനും കണ്ണനും ഡിമ്പിളും നടന്നു തീർത്ത ദൂരങ്ങൾ, പറഞ്ഞുതീർത്ത ഉച്ചഃപാന്തുകൾ... നേർത്ത വേദന സമ്മാനിക്കുന്ന ഓർമ്മകൾ.. സൊറ പറഞ്ഞു തീരാത്ത സായാഹ്നങ്ങൾ... ലബീബിന്റെ മടിയിൽ തലവച്ചുകിടന്ന് കവിത ചൊല്ലിക്കൂട്ടിയ സന്ധ്യകൾ... പണ്ട് നാടുവിട്ടുപോയ അമ്മായിയുടെ മകളുടെ കല്യാണം ആർഭാടമായി

**കറുപ്പിലും, വെളുപ്പിലും ഉള്ള ഈ അക്ഷരങ്ങൾ ഓർമ്മകളുടെ ഫ്ളാഷ്ബാക്കാണ്. സൗഹൃദത്തിന്റെ കണക്കുപുസ്തകം, വിശപ്പിന്റെ തീവ്രഗന്ധം, മുല്ലപ്പൂക്കളുടെ മണം.**

ആഘോഷിക്കുന്ന ടാഗോറിലെ നട്ടുച്ചകൾ, ബൈട്രുവും രഞ്ജുവും ഞാനും ഗാന്ധിമാവും മാത്രമുള്ള ഫോട്ടോ സെഷനുകൾ... വാക്കുകളിൽ അഗ്നി സംവഹിക്കുന്ന ടിൻസി ടീച്ചറുടെ പ്രഭാത സന്ദേശങ്ങൾ... അർഹിക്കാത്ത സ്നേഹത്തിന്റെ ഈ ഊട്ടുമേശകൾ എന്നെ ഓർമ്മപ്പെടുത്തുന്നു. എത്രയോ പേരുടെ സുകൃതമാണ് ജീവിതം...

അഞ്ചു വർഷങ്ങൾകൊണ്ട് ഞാനെന്റെ ഗുരുസാന്നിധ്യം അറിയുകയാണ്. എന്നെ ഞാനാക്കുന്നതിൽ രാസത്വരകമായി മാറിയ വന്ദ്യ ഗുരുക്കന്മാർ... പിന്തിരിഞ്ഞു നോക്കുമ്പോൾ നിറയെ ചിരിക്കുന്ന വി.ജെ.സാറിന്റെ മുഖം ആദ്യമെത്തുന്നു. St. Varghese John എന്ന് ഞങ്ങൾ കളിയായി പറയുമായിരുന്നങ്കിലും, പലപ്പോഴും ആ വിശുദ്ധി ഞങ്ങൾ തൊട്ടറിഞ്ഞു. കുട്ടികളുടെ മനസറിഞ്ഞ അധ്യാപകൻ. എത്ര വലിയ സംഘർഷമാണെങ്കിലും കുട്ടികളെ മെരുക്കാനുള്ള 'മാതംഗലീല' അദ്ദേഹത്തിനു മനഃപാഠമായിരുന്നു. സ്നേഹത്തിനു മുന്നിൽ ഏതു കല്ലും അലിയും സുഹൃത്തേ... ഒരു സമരദിനത്തിൽ കാര്യസാധ്യത്തിനായി ജിനോ പറഞ്ഞിട്ടുണ്ട്. "സാറേ, സാറ് ഞങ്ങൾക്ക് അപ്പനെപ്പോലെയാണ് " എന്ന്. എന്നാൽ യൂസിയൻ ജീവിതത്തിൽ ആ തമാശ കാര്യമാകുന്നത് പലവട്ടം ഞങ്ങൾ കണ്ടു. കോളേജിൽ നിന്നു പോയിട്ടും കൂടിക്കാഴ്ചകളിലെന്നും പിതൃവാത്സല്യത്തോടെ അദ്ദേഹമെന്നെ ശ്രവിച്ചു സ്വീകരിച്ചു. തലമുറകൾക്കിടയിലുള്ള വിടവുകളെ സ്നേഹം കൊണ്ട് നികത്തി ഒരു ബ്ലോട്ടിംഗ് പേപ്പർ പോലെ എന്റെ ചിലമ്പലുകളെ സ്വീകരിച്ച് ഒന്നിനും വേണ്ടിയല്ലാതെ എന്നെ സ്നേഹിച്ച മനുഷ്യൻ.... കസാൻദ് സാക്കീസിലൂടെ എന്റെ വായനാവഴികൾക്ക് ഒരു 'യു' ടേൺ സമ്മാനിച്ച മിനി ടീച്ചർ, എലി ഹിൽസിലെ SCF ഓർമ്മകൾ, ഒരേട്ടന്റെ വാത്സല്യം തന്ന വിധുമാഷ്, ഓർമ്മപ്പെടുത്തലുകളുമായി കൂടെ നടന്ന സജുസാർ, അറിവിന്റെ ഹിമാലയ സാനുക്കളിലേക്ക് കൈപിടിച്ചു നടത്തിയ അജു സാർ, മറ്റദ്ധ്യാപകർ... മുൻവിധികളെ തകർത്തു തരിപ്പണമാക്കുന്ന ക്ലാസ്സാണ് ഞങ്ങളുടെ മാർക്കോസ് സാറിന്റേത്.... സാറിന്റെ 'ജ്ഞാനപ്പാന' ക്ലാസ്സ് എന്റെ യൂസിയൻ ജീവിതത്തിലെ ഒരു ക്ലാസിക്കാണ്.

യൂസിയിലെ ക്ലാസ്സ് മുറികൾ; ജീവിതത്തിനു മീതെ പോക്കുവെയിൽ വീഴാൻ തുടങ്ങുമ്പോൾ ഒരിക്കലെങ്കിലും ഈ ക്ലാസ് മുറിയിലേക്ക് തിരിച്ചു നടക്കേണ്ടിവരും. കറുപ്പിലും വെളുപ്പിലും ഉള്ള ഈ അക്ഷരങ്ങൾ ഓർമ്മകളുടെ ഫ്ളാഷ്ബാക്കാണ്. സൗഹൃദത്തിന്റെ കണക്കുപുസ്തകം, വിശപ്പിന്റെ തീവ്രഗന്ധം, മുല്ലപ്പൂക്കളുടെ മണം. NR-24; മനം മയക്കുന്ന ഒരു സൗന്ദര്യമുണ്ട് ആ ക്ലാസ്സിന്. പ്രാവുകളുടെ കുറുകലും കേട്ട് പച്ചയുടെ മണമുള്ള ഈ മുറിയിൽ ഇരുന്ന് കവിത പഠിക്കുക രസമാണ്. ഓർമ്മകളിലേക്ക് മ്യൂസ് ടീച്ചറിന്റെ എൻട്രി ഇവിടെ നിന്നാണ്. ഗുരുസ്മരണകളിലെ മാതൃസാന്നിധ്യമാകുന്ന പ്രിയപ്പെട്ട മ്യൂസ് ടീച്ചർ. വെള്ള സാരിയുടുത്ത്, നിറഞ്ഞ ചിരിയുമായി ക്ലാസ് മുറിയിലേക്കും, ജീവിതത്തിലേക്കും ടീച്ചർ കടന്നുവന്നു. 'വളരെ ചെറിയ മോഹങ്ങൾ' എന്ന റോസ് മേരിയുടെ കവിതയ്ക്ക് ഞാനെഴുതിയ ആസ്വാദനം, അതിന്റെ പേരിൽ അന്നു നടന്ന മൂന്നാം പാനിപ്പട്ട് യുദ്ധം.... അവിടെ നിന്നാണ് മ്യൂസ് ടീച്ചറുമായുള്ള സൗഹൃദത്തിന്റെ തുടക്കം. വിശന്നു പൊരിയുന്ന ഉച്ചനേരങ്ങളിൽ ക്വാർട്ടേഴ്സിൽ ഇരുന്ന് ടീച്ചർ വിളമ്പുന്ന ഭക്ഷണം ഒരുപാടുണ്ടിട്ടുണ്ട് ഞാനും രമേശും സാംസ്ക്കുവും (പ്രവീൺ ചേട്ടന് മോനു ഉണ്ടാക്കിയ ഇരട്ടപ്പേരാണ് സാംസ്ക്കു) ഒക്കെ. വൈകുന്നേരങ്ങളിൽ കപ്പയും കാപ്പിയും സാഹിത്യ ചർച്ചകളുമായി ടീച്ചറുടെ കൂടെ ചെലവഴിച്ച ദിവസങ്ങൾ..... ഒരു വൈകുന്നേരത്തെ ചർച്ചാവിഷയം ആത്മഹത്യയായിരുന്നു. ചർച്ചതീർന്ന് 8 മണിക്ക് ഞങ്ങൾ പിരിഞ്ഞു. രാത്രി ഇരുട്ടിവെളുത്തത് ലൈബ്രറിയിലെ രാജൻചേട്ടന്റെ മരണവാർത്തയുമായാണ്. പുസ്തകക്കൂട്ടിലെ കിളി പറന്നു പോയിട്ട് വർഷം നാലാകുന്നു...' 'ഇസ്പേഡുറാണി' എന്ന പുസ്തകത്തിന്റെ അണിയറയൊരുക്കങ്ങൾ... നിന്റെ നഗരത്തിൽ വന്ന് നിന്നെ കാണാതെ മടങ്ങുക... ഓർമ്മകളിൽ ചോര പൊടിയുന്നു... ഗുരുകാരുണ്യത്തിന്റെ വലിയ നിരത്തുകളെ ഓർമ്മപ്പെടുത്തുന്ന എന്റെ ചിന്തകളുടെ മൂർച്ചകൂട്ടുന്ന അദ്ധ്യാപിക. ഇതിലധികം ഞാനെന്തു പറയാൻ... അറിവുകൾക്കപ്പുറത്തെ തിരിച്ചറിവുകളുടെ നിറവ്. അദ്ധ്യാപകർ... സനാഥത്വത്തിനുമുകളിൽ വാത്സല്യത്തിന്റെ ഗൃഹാതുരത്വമുണർത്തുന്ന സാമീപ്യമായി അവർ നിറഞ്ഞു. പ്രതിബന്ധങ്ങൾക്കു മുകളിൽ കാലം പ്രതിഷ്ഠിച്ച വാഗ്ദാനമായി ശിഷ്യത്വത്തിനു തണലേകുന്ന മാതൃപിതൃ പരമ്പരകൾ ഭാവിയിലേക്കു ചാഞ്ഞു കിടക്കാൻ തുടങ്ങിയത് അവരിലൂടെയാണ്.

മനസ്സിനെ ഭ്രമിപ്പിക്കുന്ന യൂസിയുടെ സൗന്ദര്യം സിസിയുടെ നടവഴികളിൽ പേരറിയാമരങ്ങളുടെ പച്ചപ്പിൽ, വാകപൂക്കുന്ന വേനൽപ്പകർച്ചകളിൽ ഞാനത് ഒരുപാടറിഞ്ഞിട്ടുണ്ട്. അതുകൊണ്ടാകാം ഞാനിന്നും വല്ലാത്ത അഭിനിവേശത്തോടെ ഈ ക്യാംപസിനെ പ്രണയിക്കുന്നത്. പ്രണയം ഒരു പകുതി ബാക്കിവയ്ക്കലാണെന്ന് എന്നെയിതോർമ്മപ്പെടുത്തുന്നു. പ്രിയപ്പെട്ട യൂസീ ഇന്നു ഞാൻ തിരികെ നടക്കുകയാണ്. നാം കണ്ടു മുട്ടിയ നിയതിഘട്ടത്തിലേക്ക്... അവിടെ നിന്നു വേർപിരിയാം. ഏറ്റവും വിലപിടിച്ചതിനെ മനുഷ്യനൊരിക്കലും സ്വന്തമാക്കാനാകില്ല. നാമെല്ലാത്തിനെയും തൊട്ടു കടന്നു പോകുക മാത്രമാണല്ലോ... ഇവിടെ ഞാനൊരു പുരോഹിതൻ. പ്രപഞ്ചത്തിന്റെ ബലിപീഠത്തിൽ സ്ഥലകാല



ങ്ങൾക്കപ്പുറത്ത് ജീവിതത്തെ വാഴ്ത്തി വിഭജിച്ചു കൊടുക്കേണ്ടവൻ. ഉദ്വേഗത്തോടെ ഓഫീസിലേക്കു കയറിച്ചെല്ലുന്ന സമരദിനങ്ങൾ, വാഗാ അതിർത്തിയിലെന്നപ്പോലെ തിരിഞ്ഞുനിന്ന് അന്യോന്യം എതിർത്ത് മുദ്രാവാക്യം വിളിക്കുന്ന meet the candidate യോഗങ്ങൾ... മുദ്രാവാക്യം അതിരുകടക്കുമ്പോൾ ഓഫീസിൽ നിന്നും ധരണീന്ദ്രൻചേട്ടന്റെ വിളിവരും. ചെന്നാൽ ചെവിക്കു പിടിച്ച് ഒരു തിരുമ്മും ചീത്തയും ഉറപ്പാണ്. അതറിഞ്ഞുകൊണ്ട് ഓടിച്ചെല്ലുന്നതിലും ഉണ്ടായിരുന്നു ഒരു സുഖം. പൗലോസ് ചേട്ടന്റെ കളിയാക്കലുകൾ, അശോകൻ ചേട്ടന്റെ മിമിക്സ് പരേഡ്, പിന്നെ സോണിച്ചേട്ടന്റെ നിറഞ്ഞ ചിരി... അതിലുണ്ടായിരുന്നു എല്ലാം...

ക്യാംപസ് സ്റ്റേജുകൾ സ്വന്തമാക്കിയ ആർട്ട്സ് ദിനങ്ങൾ. ഇംഗ്ലീഷ് കവിതാപാരായണത്തിനു പേരു നൽകിയിട്ട് സ്വന്തം കവിത പാടിയ ജിനോയെ നോക്കി അന്തംവിട്ടിരുന്ന ആൻസി ടീച്ചറുടെ മുഖം ഇന്നും ഓർമ്മയിലുണ്ട്. കോളേജ് സ്റ്റാഫ് കൗൺസിലിന് ഒരു ചെറിയ താങ്ങ് താങ്ങിക്കൊണ്ട് ഞങ്ങൾ നടത്തിയ നാടകം (മർക്കോസ് സാറായി അഭിനയിച്ചത് ഞാനായിരുന്നു) 'ഫിലിമേച്ചർ' എന്ന ക്യാമ്പ്... നിലാവുതേടിയുള്ള യൂസിയിലെ രാത്രി യാത്രകൾ... ലോകം മുഴുവൻ ഇന്നെന്റെ തലയിലാണ് എന്ന മട്ടിൽ ഓടി നടക്കുന്ന കോളേജ് ഡേ ആഘോഷങ്ങൾ.... തർക്കിച്ചു തകർക്കുന്ന സെമിനാറുകൾ; അന്നൊക്കെ സെമിനാറിന്റെ പേരും പറഞ്ഞ് സെന്റ് സേവിയേഴ്സിൽ പോകാൻ കിട്ടിയിരുന്ന അവസരവും പാഴാക്കിയിരുന്നില്ല. ഷിനു ചേട്ടന്റെ പുസ്തകം എന്ന സ്വപ്നം പൂവണിഞ്ഞ ദിവസം... ഓർമ്മകളുടെ മഴ ചിന്നം പിന്നം പെയ്യുകയാണ്....

ഉദ്ഘാടനങ്ങൾക്ക് ഫിലിംസ്റ്റാറിനെ തേടിയുള്ള പാച്ചിലുകൾ. ഒരിക്കൽ പഴയ നടൻ മധുവിനെ വിളിച്ച് അങ്ങേരെത്താണ്ട് ഒ.കെ. പറഞ്ഞ സമയം. ഒ.കെ.യുടെ ആക്കം കൂട്ടാൻ ശ്യാമിന്റെ കമന്റ്, സാർ, സാറിന്റെ സിനിമകൾ വിജയിപ്പിച്ചത് ഞങ്ങൾ കുട്ടികളാണ്. അതുമറക്കരുത്. അതോടെ അദ്ദേഹം No പറഞ്ഞു. കോളേജ് ഡേ ആഘോഷിക്കാൻ വരുന്ന കുട്ടികൾക്ക് സർപ്രൈസ് ഒരുക്കാൻ ഉറക്കമിളക്കുന്ന തലേരാത്രികൾ, മാഫിയാ ശശി മാറി നിൽക്കുന്ന വിധത്തിലുള്ള സംഘട്ടനങ്ങൾ, പായസം കുടിച്ച് മത്തുപിടിക്കുന്ന ഓണാഘോഷങ്ങൾ... ഇങ്ങനെ ഓരോ ഓർമ്മകളും ജീവിതത്തിന്റെ സംഗീതം കണ്ടെത്താൻ എന്നെ സഹായിക്കുന്നു.

പ്രണയം.... അതൊരു നീറ്റലാണ്. ക്യാംപസിനോടല്ലാതെ തോന്നിയ രണ്ടു പ്രണയങ്ങളും ഹിമാലയൻ അബദ്ധങ്ങളായിരുന്നു. ഓർമ്മകൾ എന്നെ നോക്കി കൊഞ്ഞനം കുത്തുന്നു. ഈ വഴി അധികം പോകുന്നത് ആരോഗ്യത്തിനു ഹാനികരം. തിരിച്ചു നടക്കാം. അനന്തമായി നീണ്ടുകിടക്കുന്ന കൽപ്പടവുകൾ പോലെ ജീവിതം ഇനിയും ഒരുപാട് ബാക്കി. (എന്ന് എന്റെ വിശ്വാസം അതെന്നെ രക്ഷിക്കട്ടെ) ഓരോ പടവിനും മുകളിൽ മറ്റൊന്ന് എപ്പോഴും കാണായി വരുന്നു. എവിടെനിന്ന് പിൻവാങ്ങുന്നുവോ അതാണ് മനുഷ്യന്റെ അവസാനത്തെ പടവ്. ഈ പടവിൽ നിന്ന് ഞാനും പ്രാർത്ഥിക്കുന്നുണ്ട്. ദൈവമേ എന്നോടു ക്ഷമിക്കുക... പിൻവാങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**ഏറ്റവും വിലപിടിച്ചതിനെ
മനുഷ്യനൊരിക്കലും സ്വന്തമാക്കാനാകില്ല.
നാമെല്ലാത്തിനെയും തൊട്ടു
കടന്നുപോകുക മാത്രമാണല്ലോ...**

പ്രിയപ്പെട്ട യൂസീ ഒരിക്കൽക്കൂടി നിനക്കെഴുതുകയാണു ഞാൻ... ഞാനായി മാത്രം. ഇതുവരെ ഞാനെന്താണ് നിനക്ക് തന്നിട്ടുള്ളത്? കുറേ അക്ഷരങ്ങൾ. കാറ്റൂതിയ കനൽ ജ്വലിച്ച കുറേ അക്ഷരങ്ങൾ. അതിൽ കൂടുതലൊന്നും തരാൻ കൈവശമില്ലായിരുന്നു. ദിവസങ്ങളെ നൂറ്റാണ്ടുകളായി ഭാരപ്പെടുത്തിയ ഒരു സൗഹൃദമാണ് നീ എനിക്ക് തന്നത്. സന്തോഷമാണ് കാരണം നീ എനിക്ക് ഉൽസവം പോലെ ആയിരുന്നല്ലോ... നീണ്ടു നിൽക്കില്ല എന്നറിഞ്ഞിട്ടും നാം ഉത്സവങ്ങളെ സ്നേഹിക്കുന്നു. സ്വയം മറക്കുന്നു. ഉത്സവപ്പറമ്പ് പിന്നിട്ടാലും നമുക്ക് മനസിൽ ഉത്സവം സൂക്ഷിക്കാമല്ലോ....

ഇനി നമുക്ക് സൂക്ഷിക്കേണ്ടത് ഒരു ഇടദൂരമാണ് അതെന്നും സൂക്ഷിക്കാൻ ബാധ്യസ്ഥനാണ് ഞാൻ എന്ന ഓർമ്മപ്പെടുത്തലാണ് നീയെനിക്കു നൽകുന്നത്. നൊമ്പരവും നിസംഗതയും കൂടിക്കലർന്ന മനസ്സോടെ ഞാൻ എന്നെ തന്നെ ഓർമ്മപ്പെടുത്തുന്നു... പടിയിറങ്ങുകയാണെന്ന് തെല്ലതുരത്തോടെ അതിലേറെ ആരാധനയോടെ ഞാൻ മൗനിയാകുന്നു. എനിക്കതിന് കഴിയുന്നല്ലോ....!

സ്നേഹിച്ചിട്ടും സ്വന്തമാക്കാൻ കഴിയാതിരിക്കുക, സ്വന്തമെന്ന് വിളിക്കാൻ കഴിയാതിരിക്കുക, സഞ്ചാരിയുടെ സ്വാതന്ത്ര്യത്തിന്റെ നൊമ്പരവും വിലയുമാണത്. മോഹിപ്പിക്കുന്നതൊന്നും സ്വന്തമാക്കാൻ കഴിയാതെ പ്രിയപ്പെട്ടതെല്ലാം വിട്ടു കൊടുത്തുകൊണ്ട്.... പിന്നെയും ചിരിക്കാനും പ്രാർത്ഥിക്കാനും ഒക്കെക്കഴിയുക എന്ന ബലി നിനക്കും വേണ്ടിക്കൂടി ഞാനർപ്പിക്കുമ്പോൾ എവിടെയൊക്കെയോ ജീവിതനിയോഗം പൂർത്തിയാകുന്നു. അസിധാരാവ്രതം പോലെ ഒന്ന്....

"ആൾത്തിരക്കേറുമീ വാഹനമെന്നെയൊരു
പാഴ്ച്ചുമടായിങ്ങിറക്കിവയ്ക്കേ..."

ഇനി പിൻമടക്കമാകാം.... ഓർമ്മയുടെ സായന്തന വെളിച്ചത്തിൽ ഒരുവട്ടം കൂടി കണ്ടു മുട്ടുവാൻ ശുഭയാത്ര നേർന്നു പിരിയാം..... മനസ്സ് ഇപ്പോഴും എന്തിനെന്നറിയാതെ NR-23 ലെ രണ്ടാമത്തെ ബഞ്ചിൽ കയറി ഇരിക്കുന്നു, മ്യൂസ് ടീച്ചർ നിർത്താതെ സംസാരിച്ചുകൊണ്ടിരിക്കുന്നു..........

**Midhun Murali**
II MA Malayalam

## UCC achieves the rare honour of being the first college in India to procure an A grade in the third cycle of NAAC reaccreditation

राष्ट्रीय मूल्यांकन एवं प्रत्यायन परिषद
विश्वविद्यालय अनुदान आयोग का स्वायत्त संस्थान

**NATIONAL ASSESSMENT AND ACCREDITATION COUNCIL**

*An Autonomous Institution of the University Grants Commission*

# Certificate of Accreditation

*The Executive Committee of the*
*National Assessment and Accreditation Council*
*on the recommendation of the duly appointed*
*Peer Team is pleased to declare the*
*Union Christian College*
*Aluva, affiliated to Mahatma Gandhi University, Kerala as*
*Accredited*
